
# ദൈവജനത്തിന്റെ ആത്മഗീത



ജോർജ്ജ്. കെ. ജോർജ്ജ്

www.malankaralibrary.com

# ദൈവജനത്തിന്റെ ആത്മഗീത

www.malankaralibrary.com

(Malayalam)
**Deiva Janathinte Athma Geetha.**
(Essays on the Psalms)
**By George K. George, Thottam.**

Published by
**DEEPIKA BOOK HOUSE,**
KOTTAYAM, KERALA.

First Published September 1970
Copies 1500

Printed at
DEEPIKA PRESS, KOTTAYAM
Price 3.00

Nihil obstat:
**Rev. Dr. J. M. Pathrapankal C.M.I., D.D., S.T.L.**
**Professor of Sacred Scripture**
**Dharmaram College, Bangalore.**
3-9-1970.

Imprimatur:

**† Sebastian Vayalil Bishop of Palai**

Bishop's House
Palai
21-10-1970.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ദൈവജനത്തിൻെറ

# ആത്മഗീത

ജോർജ്ജ് കെ. ജോർജ്ജ് തോട്ടം

പ്രസാധകർ

ദീപിക ബുക്കുഹൗസ്

കോട്ടയം

വില 3 ക.

www.malankaralibrary.com

# ഉള്ളടക്കം


ഒരു ജനതയുടെ ആത്മഗീത ....

1 ദൈവജനത്തിന്റെ ഗാനങ്ങൾ 1

2 പശ്ചാത്തലം, സാഹിത്യരൂപങ്ങൾ 16

3 സങ്കീർത്തനങ്ങൾ—ക്രിസ്തീയ ഗീതങ്ങൾ 25

4 എബ്രായ കാവ്യം 35

5 സ്തുതിഗീതങ്ങൾ 45

6 അർത്ഥനാഗാനങ്ങൾ I 66

7 അർത്ഥനാഗാനങ്ങൾ II 83

8 കൃതജ്ഞതാസ്തോത്രങ്ങൾ 106

9 തീർത്ഥകഗാനങ്ങൾ 120

10 യാഹ്‌വെയുടെ രാജത്വഗീതങ്ങൾ 141

11 രാജകീയ കീർത്തനങ്ങൾ 155

സാഹിത്യ രൂപങ്ങളുടെ വിഭജനം 173

പദസൂചിക 174

BIBLIOGRAPHY 178


www.malankaralibrary.com

# ഒരു ജനതയുടെ ആത്മഗീത .....

മരുഭൂമികളുടേയും അലകടലുകളുടേയും ആലിംഗനത്തിലമന്ന, ഏറെ തരിശായ ഒരു കൊച്ചു രാജ്യം; ശക്തരും ക്രൂരഹൃദയരും വിഗ്രഹാരാധനക്കാരുമായ അയൽക്കാർ; വരൾച്ചയും പട്ടിണിയും പകർച്ചവ്യാധികളും പടയോട്ടങ്ങളും പ്രവാസവും മററുംമൂലം തളന്ന അജ്ഞരും അജ്ഞാതരുമായ കുറെ പ്രാകൃതമനുഷ്യർ; ഇവയോടൊപ്പം ദൈവത്തിൻെറ വലിയൊരു വാഗ്ദാനംമാത്രം കൈമുതലാക്കി, നൂററാണ്ടുകളോളം ചരിത്രത്തിൻെറ ഒഴുക്കിനെതിരെ നീന്താൻ ഉജ്ജ്വലശ്രമം നടത്തിയ ഒരു ജനതയുടെ, പ്രതീക്ഷകളിലും മോഹഭംഗങ്ങളിലും കണ്ണീരിലും പുഞ്ചിരിയിലുംനിന്ന് ഉരുത്തിരിഞ്ഞ ആത്മഗീതങ്ങളാണ് സങ്കീർത്തനങ്ങൾ.

ദൈവത്തിൻെറ പ്രീതിക്കു പാത്രീഭൂതമായ 'തെരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ' ജയഭേരി,

ദൈവത്തിൻെറ രക്ഷണീയ കൃത്യങ്ങളും മഹത്വവും കണ്ടു മതിമറന്ന സമൂഹത്തിൻെറ സ്തുതിഗീതങ്ങൾ,

ദൈവമയച്ച ദുരന്തങ്ങളുടെ തീച്ചൂളയിൽ നീറിദഹിക്കുന്ന ഹതഭാഗ്യരുടെ ദീനരോദനങ്ങൾ,

ദൈവശിക്ഷയും പരാജയങ്ങളുമേററ് അനുതാപത്തോടെ ദൈവത്തിങ്കലേക്കു തിരിയുന്ന ജനത്തിൻെറ ദാരുണവിലാപങ്ങൾ,

ദൈവമേകിയ രക്ഷയ്ക്കും സഹായങ്ങൾക്കും നന്ദിയേകുന്ന കരളുകളുടെ കൃതജ്ഞതാബാഷ്പങ്ങൾ,

ദൈവത്തിൻെറ വിശുദ്ധഭവനത്തെ ലക്ഷ്യമാക്കി നടന്നുനീങ്ങുന്ന വിശ്വാസികളുടെ ആഹ്ലാദാരവങ്ങൾ,

ദൈവസന്നിധിയിൽ ഭക്ത്യാദരങ്ങളോടെ സ്തബ്ധരായിനിന്ന ഭക്തരുടെ ഹൃദയത്തുടിപ്പുകൾ,

www.malankaralibrary.com

ദൈവത്തിൻെറ രാജത്തത്തെ പാടിപ്പുകഴ്ത്തുന്ന പ്രജ
കളുടെ ആരാധനാസ്തുതികഠം,

ദൈവരാജ്യം സമാഗതമാവുന്ന നല്ല നാളയെപ്പററി
യുള്ള സുന്ദരസ്വപ്നങ്ങഠം...

അതാണു സങ്കീർത്തനങ്ങഠം... ഒരു ജനതയുടെ ഐതിഹാസിക ചരിത്രം അവയിലുണ്ടു്. യുഗങ്ങളുടെ ഹൃദയവികാരങ്ങഠം അവ ഉഠംക്കൊള്ളുന്നു. ദൈവവും മനുഷ്യനും പങ്കുചേർന്ന രക്ഷാകരസംരംഭത്തിൻെറ ഐതിഹാസികമായ കഥയാണു് അവയ്ക്കു പറയാനുള്ളതു്. ഉദാത്തമായ തത്ത്വചിന്തയല്ല, മനംമയക്കുന്ന മധുരസംഗീതമല്ല, കല്പിതഭാവന സൃഷ്ടിച്ച കാവ്യഭംഗിയല്ല, ഒരു ജനതയുടെ ഊഷ്മള വികാരങ്ങളും ഉഠംത്തുടിപ്പുകളും മാത്രമാണവ. അക്കാരണംകൊണ്ടുതന്നെ അവയിൽ തത്ത്വചിന്തയും സംഗീതവും കാവ്യാത്മകതയുമൊക്കെ കണ്ടെന്നുവരാം. പക്ഷേ, അവയുടെ ലക്ഷ്യം ഇതൊന്നുമല്ലെന്നു് ഓർമ്മിക്കുക.

ശാസ്ത്രവിജ്ഞാനവും തത്ത്വചിന്തയുടെ പ്രസരവും, സമകാലീന സംസ്കാരങ്ങളും തീണ്ടാത്ത ഒരു അപരിഷ്കൃതജനതയുടെ, തികച്ചും അശാസ്ത്രീയവും പുരാതനവുമായ വീക്ഷണങ്ങളും വിശ്വാസങ്ങളുമേ ഈ ഗാനങ്ങളിലുള്ളു. പക്ഷേ അവയിൽ ഒരു പ്രപഞ്ചം നിറഞ്ഞുനില്ക്കുന്നു. മനുഷ്യൻ ഇന്നുവരെ അനുഭവിച്ചറിഞ്ഞിട്ടുള്ള എല്ലാ അനുഭൂതികളുടെയും മുഖമുദ്രകഠം അവയിൽ തെളിഞ്ഞു കാണാം. ദൈവവും മനുഷ്യനും തമ്മിലും വ്യക്തിയും സമൂഹവും തമ്മിലുമുള്ള എല്ലാബന്ധങ്ങളുടെയും ആകെത്തുകയാണു് ഈ കാവ്യങ്ങഠം. എല്ലാത്തരക്കാരായ ആളുകളേയും നാം അവയിൽകണ്ടെത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യജീവിതത്തിൻെറ ഏററവും വസ്തുനിഷ്ഠവും ആത്മാർത്ഥവും വ്യക്തിഗതവുമായ സുന്ദരാവിഷ്കരണമാണിവ. ഏതുയുഗത്തിലെ മനുഷ്യനും സ്വീകാര്യമായ പ്രാർത്ഥനകളാണവ. ദേവാലയചടങ്ങുകഠംക്കും, കുടുംബപ്രാർത്ഥനകഠംക്കും, വ്യക്തിപരമായ പ്രാർത്ഥനയ്ക്കും ഇത്ര യോജിച്ച ഗാന സമാഹാരമില്ല.

www.malankaralibrary.com

എങ്കിലും, സങ്കീർത്തനങ്ങളെന്നു കേരംക്കുമ്പോരം, ജീർണ്ണിച്ച പുറംചട്ടയും പൊടിയണിഞ്ഞ താളുകളുമുള്ള ഒരു പഴം പുസ്തകത്തിൻെറ രൂപവും അതിനുള്ളിലെ കേരംക്കാൻ ഇമ്പമില്ലാത്ത ഒഴുക്കൻ പാട്ടുകളുടെ ശീലുകളും, കാലഹരണപ്പെട്ട ഏതാനും പഴംകഥകളും സദുപദേശങ്ങളുമൊക്കെയാണു് മിക്കവരുടെയും ഭാവനയിൽ പൊന്തിവരിക. എന്തു ചെയ്യാം! ജീവിതസ്പർശിയായ ആ ഭാവാത്മകഗാനങ്ങളെ കാവ്യഭംഗിയോടെ വിവർത്തനം ചെയ്യാനോ, ഇമ്പമുള്ള സംഗീതം നല്കാനോ, അവയുടെ അമൂല്യമായ അർത്ഥസമ്പത്തു വെളിപ്പെടുത്താനോ ആരും ശ്രമിക്കാത്തിടത്തോളം കാലം ഈ ശോചനീയസ്ഥിതി തുടരും. സങ്കീർത്തനങ്ങളെ വിവർത്തനം ചെയ്തു ഗാനരൂപത്തിലാക്കാൻ ചില്ലറ ശ്രമങ്ങരം നടന്നിട്ടുണ്ടെങ്കിലും അവയിൽ മിക്കതും തികച്ചും അപര്യാപ്തമാണെന്നു മാത്രമല്ല, ഈ സുന്ദരഗാനങ്ങളുടെ കാവ്യഭംഗിയെ ചോർത്തിക്കളയുന്നുണ്ടുതാനും. ഒന്നുകിൽ പരിഭാഷ ലളിതസുന്ദരമാവുമ്പോരം സംഗീതം മോശം, അല്ലെങ്കിൽ സംഗീതം മികച്ചതും പരിഭാഷ വിരസവും. ചലച്ചിത്രങ്ങരംക്കായി ചില അക്രൈസ്തവ കലാകാരന്മാർ സങ്കീർത്തനങ്ങളേയും ഇതര ബൈബിരംഭാഗങ്ങളേയും ആസ്പദമാക്കി രചിക്കുന്ന സുന്ദരഗാനങ്ങരം നമ്മെ ലജ്ജിപ്പിക്കേണ്ടതാണു്. ആരാധനക്രമത്തിൽ ഇത്രയേറെ പ്രാധാന്യമുള്ള ഈ ഗീതങ്ങളെ ലളിതവും മനോഹരവുമായ ഗാനങ്ങളാക്കാൻ നാം ശ്രദ്ധിക്കണം.

അതോടൊപ്പം തന്നെ അവയുടെ അർത്ഥം മനസ്സിലാക്കേണ്ടതും അത്യാവശ്യമാണു്. ഇതിലേക്കു് സങ്കീർത്തനങ്ങളുടെ രചനാ പശ്ചാത്തലം, ഘടന, പ്രധാന ആശയങ്ങരം എന്നിവയെപ്പററി തെല്ലൊരു ഗ്രാഹ്യമെങ്കിലും കൂടിയേതീരൂ. മലയാളത്തിൽ ഇതിനായി ഇന്നുവരെ കാര്യമായ ശ്രമമൊന്നും നടന്നിട്ടില്ലല്ലോ. ആരാധനക്രമവും നമസ്കാരക്രമവുമൊക്കെ മാതൃഭാഷയിലായപ്പോരം പ്രത്യേകിച്ചും, സങ്കീർത്തനങ്ങളെപ്പററി നാം കൂടുതൽ അറിയേണ്ടതാണു്. ഇതിനുള്ള ഒരു വിനീതശ്രമമാണു

www.malankaralibrary.com

ഈ ചെറുഗ്രന്ഥം. ഡ്രൈവേഴ്സ്, മൊവിൻകൽ, ഹോററ എന്നീ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളെ ആസ്പദമാക്കിയാണു് ഇതിനു രൂപം കൊടുത്തിട്ടുള്ളതെന്ന വസ്തുത എടുത്തുപറയട്ടെ. വിശദാംശങ്ങളിൽ ഡ്രൈവേഴ്സിൻെറ കൃതിയോടാണു കൂടുതൽ സാധർമ്മ്യം.

ബൈബിളിലെ പദങ്ങളുമായി അധികം പരിചയമില്ലാത്ത വായനക്കാർക്കുവേണ്ടി ഒരു ചെറിയ പദസൂചിക ചേർത്തിട്ടുണ്ടു്. ബൈബിൾ വിദ്യാർത്ഥികളുടെ ഉപയോഗത്തിലേക്കായി കൊടുത്തിട്ടുള്ള റഫറൻസുകളും ഫുട്ട്നോട്ടുകളും സാധാരണവായനക്കാർ ശല്യമായി പരിഗണിക്കരുതേ എന്നു് അഭ്യർത്ഥിക്കുന്നു. സങ്കീർത്തനങ്ങളിൽ നിന്നുള്ള ഉദ്ധരണികൾക്കു് ഹീബ്രുനമ്പരാണു് ഉപയോഗിച്ചിരിക്കുന്നതെന്ന കാര്യം പ്രത്യേകം മനസ്സിൽ വയ്ക്കുമല്ലോ.

കടപ്പാടുകൾ വാക്കുകളിൽ ഒതുക്കാമെന്നു വ്യാമോഹിക്കുന്നില്ല. എങ്കിലും, ബൈബിളിൻെറ പച്ചപ്പുൽമേടുകളിലേക്കു് എന്നെ കൈപിടിച്ചാനയിക്കുകയും, സങ്കീർത്തനങ്ങളുടെ സത്തയും സൗന്ദര്യവും പകർന്നേകുകയും ചെയ്ത എൻെറ അഭിവന്ദ്യ ഗുരുഭൂതൻ റവ. ഫാ. ലൂസിയാൻ്ലെഗ്രാൻ, കയ്യെഴുത്തു പ്രതി സദയം പരിശോധിക്കയും തിരുത്തുകൾ നിർദ്ദേശിക്കയും ചെയ്ത റവ.ഫാ. മക്കാറിയോസു് പാത്രപാങ്കൽ,സി.എം.ഐ., ഡി.ഡി., ഫ്എൽ.എസ്സ്.ററി. എന്നിവരുടെ സഹായങ്ങൾ എടുത്തു പറയാതിരിക്കാൻ വയ്യാ.

ബാംഗളൂർ.
15–8–1970.

ജോർജു് കെ. ജോർജു്

www.malankaralibrary.com

# I

# ദൈവജനത്തിന്റെ ഗാനങ്ങൾ

## ബൈബിളിന്റെ ഹൃദയം

നമ്മുടെ മുമ്പിലിരിക്കുന്ന ബൈബിൾ എടുത്ത് ഏതാണ്ട മദ്ധ്യഭാഗത്തായി തുറക്കുക; സങ്കീർത്തന സമാഹാരമാണ് അപ്പോൾ പ്രത്യക്ഷപ്പെടുക. അതായത്, ബൈബിളിന്റെ ഹൃദയഭാഗത്താണ് അതിന്റെ സ്ഥാനം—ഇതു തികച്ചും ആകസ്മികമാവാം. പക്ഷേ, യഥാർത്ഥത്തിൽ ബൈബിളിന്റെ ഹൃദയമാണ സങ്കീർത്തനങ്ങൾ. ഇസ്രായേലിന്റെ ജീവിതം മുഴുവൻ അതിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. ബൈബിളിലെ ഇതരഗ്രന്ഥങ്ങൾ നമുക്കു ലഭ്യമല്ലെങ്കിൽത്തന്നെ, ഈ ഗാനസമാഹാരത്തിലൂടെ മാത്രം ദൈവജനത്തിന്റെ ആത്മാവിനെ കണ്ടെത്താനാവും. ഇസ്രായേലിന്റെ ചരിത്രം അതിൽ സമഗ്രമായി

www.malankaralibrary.com

വിവരിക്കപ്പെട്ടിരിക്കുന്നു. അവരുടെ മതവികാരങ്ങളും ജീവിതവീക്ഷണവും ആദ്ധ്യാത്മികാനുഭൂതികളും ഇത്ര സുന്ദരമായി മറ്റൊരു ഗ്രന്ഥവും ഒപ്പിയെടുത്തിട്ടില്ല. ദൈവഭയത്തിൽ അധിഷ്ഠിതമായ ജീവിതത്തിനു ഇസ്രായേലിനെ ഉൽബോധിപ്പിച്ച പ്രവാചകന്മാരുടെ കാഹളനാദവും, അതിനുവേണ്ട പ്രായോഗിക നിർദ്ദേശങ്ങളും ഉപദേശങ്ങളും വാരിവിതറിയ മഹാശയരുടെ വിജ്ഞാനവും വിവേകവും, അതിൽ ഉടനീളം പരന്നുകിടക്കുന്നു. ഭാവിയിലെ ദൈവരാജ്യത്തെപ്പറ്റിയുള്ള മോഹനസ്വപ്നങ്ങൾ അതിനു കാവ്യഭംഗിയും സംഗീതമാധുരിയും പകരുന്നു. ഒററവാക്കിൽപ്പറഞ്ഞാൽ, ദൈവജനത്തിന്റെ എല്ലാ അനുഭവങ്ങളുടേയും അനുഭൂതികളുടേയും അറിവിന്റേയും സത്താണത്.

സാഹിത്യമാനദണ്ഡങ്ങൾ വച്ചുനോക്കിയാലും സങ്കീർത്തനങ്ങളുടെ സ്ഥാനം അസൂയാർഹമാണ്. പ്രാചീന വിശ്വസാഹിത്യത്തിലെ മാസ്റ്റർപീസുകളിൽ ഒന്നായ ഈ ഗാനസമാഹാരത്തിന്, ആധുനിക കവിതകളെ വെല്ലുവിളിക്കത്തക്ക അർത്ഥവ്യാപ്തിയും കാവ്യഭംഗിയും ഭാവനയും പ്രതീകാത്മകതയും ജീവിതമൂല്യങ്ങളുമുണ്ട്. ഇത്രമാത്രം ജീവിതസ്പർശിയായ കാവ്യങ്ങൾ വിരളമാണ്. അതിനു കാരണം അവ വ്യക്തിഗതാനുഭവങ്ങളിൽനിന്നും ഉയിർക്കൊണ്ടു എന്നതാണ്.

ഈ സുന്ദരഗീതങ്ങളുടെ അർത്ഥസൗഷ്ഠവം ആസ്വദിക്കുംമുമ്പ്, അവയ്ക്കു ജന്മമേകിയ ജനതയുടെ ചരിത്രവും, ജനന പ്രക്രിയയും, ബൈബിളിൽ അതിനുള്ള സ്ഥാനവും വിലയിരുത്താൻ ശ്രമിക്കാം.

## ഇസ്രായേൽ തന്റെ കഥപറയുന്നു:

ആയിരത്താണ്ടുകൾക്കപ്പുറം ദൈവം മെസപ്പൊട്ടേമിയയിലെ വിഗ്രഹാരാധകരുടെ ഇടയിൽനിന്ന് എബ്രഹാമിനെ ക്ഷണിച്ചു, വീടും നാടും ഉപേക്ഷിച്ച തന്നെ അനുഗമിക്കുവാൻ. യാതൊരു വിശദീകരണവും ആവശ്യ

www.malankaralibrary.com

പ്പെടാതെ അയാൾ അനുസരിച്ചു. സംപ്രീതനായ ദൈവം, തൻെറ ഹിതമനുസരിച്ചു ജീവിക്കുന്നപക്ഷം അയാളുടെ സന്തതികളെ വലിയൊരു ജനതയാക്കുമെന്നു വാഗ്ദാനംചെയ്തു; ഒരു ഉടമ്പടിവഴി അതിനെ അരക്കിട്ടുറപ്പിച്ചു. ദൈവജനമായ ഞങ്ങളുടെ ഐതിഹാസിക ചരിത്രം അവിടെ ആരംഭിക്കുന്നു. അതു് ഓരോ മനുഷ്യൻെറയും രക്ഷയുടെ കഥകൂടിയാണു്.

എബ്രഹാമിൻെറ വിളിക്കു വ്യക്തമായ ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. നൂററാണ്ടുകൾമുമ്പു്, മനുഷ്യൻ തൻെറ ഔദ്ധത്യം വഴി ദൈവവുമായുള്ള ഉററബന്ധം വിച്ഛേദിക്കുകയും പ്രപഞ്ചത്തെ സ്രഷ്ടാവിൽനിന്നു് വേർപെടുത്തുകയും ചെയ്തു. പുത്തനൊരു സൃഷ്ടികർമ്മംതന്നെ വേണ്ടിയിരുന്നു അതിനെ വീണ്ടും ക്രമീകരിക്കാൻ. സുദീർഘമായ ഒരു പരിണാമപ്രക്രിയ ദൈവം അതിനായി ആസൂത്രണംചെയ്തു. ഭൂമിയിൽ തിന്മകൾ പെരുകിയപ്പോൾ ജലപ്രളയത്തിലൂടെ അവിടന്നു് അതിനെ കഴുകി വെടിപ്പാക്കി. ബാബേൽ ഗോപുരം ഉയരുകയും തകരുകയും ചെയ്തു. പാപവും ശിക്ഷയും തുടർന്നുകൊണ്ടേയിരുന്നു. മനുഷ്യൻ വിഗ്രഹാരാധനയിലും അസന്മാർഗ്ഗികതയിലും മുന്നേറി. അത്തരമൊരു സ്ഥിതിയിലാണു്, തൻെറ രക്ഷാപദ്ധതിയിൽ പങ്കുചേരാൻ എബ്രഹാമിനെ ദൈവം ക്ഷണിച്ചതു്.

അദ്ദേഹത്തിൻെറ പുത്രനായ യാക്കോബിനോടും വാഗ്ദാനം ആവർത്തിക്കപ്പെട്ടു. ദൈവം യാക്കോബിനെ ''ഇസ്രായേൽ'' എന്നു പുനർനാമകരണം ചെയ്തു; അദ്ദേഹത്തിൻെറ പന്ത്രണ്ടു പുത്രന്മാരിലൂടെ ഞങ്ങളുടെ ഗോത്രങ്ങൾക്കു് അസ്ഥിവാരമുറപ്പിച്ചു; ഈജിപ്തിലെ അടിമത്തത്തിൽ നിന്നു് അവിടന്നു ഞങ്ങളെ മോശയും അഹറോനും വഴി രക്ഷിച്ചു; ചെങ്കടലിലൂടെ കൈപിടിച്ചു കടത്തി; സീനായ്പർവ്വതത്തിൽവച്ചു ഞങ്ങൾക്കു പ്രത്യക്ഷനായി ഉടമ്പടിചെയ്തു പ്രമാണങ്ങൾ നല്കി; അതനുസരിക്കുന്നപക്ഷം ഞങ്ങളെ പരിപാലിക്കാമെന്നു ഉറപ്പുനല്കി; പക്ഷേ, ഞങ്ങൾ അവിടത്തേ പരീക്ഷിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

യാഹ്വെ[1] ഞങ്ങളെ മുറസ്സു ശിക്ഷിച്ചെങ്കിലും ഞങ്ങരം നല്ലവരാവാൻ കൂട്ടാക്കിയില്ല.

പാലസ്തീനയിൽ താമസമുറപ്പിച്ച ശേഷവും ദൈവഹിതം മാനിക്കാതെയുള്ള ജീവിതം തുടന്നു. താമസിയാതെ ഞങ്ങളും ഒരു രാജാവിനെ ആവശ്യപ്പെട്ടു. വിസമ്മതത്തോടെ യാഹ്വെ അതിനു സമ്മതിച്ചു. സാമ്രാജ്യം സ്ഥാപിച്ച ദാവീദിൻേറയും ദൈവാലയം നിമ്മിച്ച സോളമൻേറയും കാലം ഞങ്ങളുടെ ചരിത്രത്തിൻെറ സുവണ്ണകാലമായിരുന്നു. സോളമൻെറ അവസാനകാലം ദുരന്തപര്യവസായിയായിരുന്നു. ബ്രഹ്മാണ്ഡസുന്ദരമായ ദേവാലയം പണികഴിപ്പിച്ച രാജാവുതന്നെ അതിൽ വിഗ്രഹങ്ങരം സ്ഥാപിച്ചു. അദ്ദേഹത്തിൻെറ മരണശേഷം സാമ്രാജ്യം രണ്ടായി പിളന്നു: ജെറുസലേം തലസ്ഥാനമാക്കിയ യൂദായും, സമാരിയ് കേന്ദ്രമാക്കിയ ഇസ്രായേലും. അധികാരമോഹികളുടെ കൊട്ടം പാതകങ്ങളും, ഇരുരാജ്യങ്ങളും തമ്മിലുള്ള കലഹങ്ങളും, വിദേശാക്രമണങ്ങളും ഞങ്ങളെ തകത്തുകളഞ്ഞു. ദേശത്തിൻെറ നല്ലൊരു ഭാഗം ശത്രുക്കളുടെ കയ്യിലായി.

ഇതിലും എത്രയോ ദയനീയമായിരുന്നു ആദ്ധ്യാത്മികസ്ഥിതി. യാഹ്വേയുടെ പക്കലേക്കു ഞങ്ങളെ നയിക്കേണ്ട രാജാക്കരംതന്നെ പേഗൻ ദൈവങ്ങളെ ആരാധിക്കയും യാഹ്വെയുടെ ഭക്തരെ പീഡിപ്പിക്കയും ചെയ്തു. ധമ്മനീതികരം കാററിൽപ്പറത്തിക്കൊണ്ട് അവർ അവിടത്തെ വെല്ലുവിളിച്ചു. നല്ലവരായ രാജാക്കന്മാർ വളരെ വിരളമായിരുന്നു. നവീകരണത്തിനായി അവർ നടത്തിയ ഒററപ്പെട്ട ശ്രമങ്ങരം ഫലമണിഞ്ഞില്ല. പ്രവാചകരുടെ താക്കീതുകരം അവഗണിക്കപ്പെട്ടു. അവസാനം അവർ ഭയപ്പെട്ടതുതന്നെ സംഭവിച്ചു. യാഹ്വെ ഞങ്ങളെ ശത്രുക്കരംക്ക് ഏല്പിച്ചുകൊടുത്തു. സമരിയയും (721) ജറുസലേമും (ബി. സി. 587) വീണുതകന്നു. ദൈവാലയം ഒരു നാശക്കൂമ്പാരമായി മാറി.

---

1. യാഹ്വെ: ദൈവത്തിൻെറ പേരു്.
'യാവെ' എന്നു വായിക്കുക. 'ഹ്' പ്രായേണ നിശബ്ദമാണു്.

www.malankaralibrary.com

ശത്രുക്കൾ ഞങ്ങളെ ബാബിലോണിയയിലേക്കു കൊണ്ടുപോയി. അടിമത്തത്തിന്റെ വേദനാനിർഭരമായ അനുഭവങ്ങൾ ഞങ്ങളുടെ കണ്ണു തുറപ്പിച്ചു. എല്ലാം ഞങ്ങൾക്കു മനസ്സിലായി. അനുതാപത്തോടെ ഞങ്ങൾ യാഹ്‌വെയുടെ പക്കലേക്കു തിരിഞ്ഞു. ബാബിലോണിലെ നദീതീരങ്ങളിൽ ഞങ്ങളുടെ വിലാപഗാനങ്ങൾ ഉയൎന്നു. യാഹ്‌വെ അതു ശ്രവിച്ചു; അവിടുന്നു ഞങ്ങളെ പലസ്തീനായിലേക്കു തിരിച്ചുകൊണ്ടുവന്നു. ജെറുസലേമും ദേവാലയവും വീണ്ടും ഉയൎന്നു. അവിടെ യാഹ്‌വേയുടെ സ്തുതികൾ വീണ്ടും മുഴങ്ങിക്കേട്ടു. രാജാവിന്റെ അഭാവത്തിൽ, ദേവാലയം ഞങ്ങളുടെ എല്ലാ പ്രവൎത്തനങ്ങളുടെയും കേന്ദ്രബിന്ദുവായി. അതിനെ വട്ടമിട്ടു രാഷ്ട്രം വീണ്ടും തഴച്ചു വളൎന്നുതുടങ്ങി.

എന്നാൽ ഒരു കാര്യം ഞങ്ങൾക്കു ബോദ്ധ്യമായി: ദൈവത്താൽ അയയ്ക്കപ്പെട്ട ശക്തനായ ഒരു വിമോചകനു മാത്രമേ യാഹ്‌വെയുടെ സാമ്രാജ്യം സ്ഥാപിക്കാനാവൂ. ചുരുക്കം ചിലർ ഒരു ആദ്ധ്യാത്മിക സാമ്രാജ്യം വിഭാവന ചെയ്തെങ്കിലും, മിക്കവരുംതന്നെ ഭൗതിക വിജയത്തെയാണു സ്വപ്നംകണ്ടതു്. പേർഷ്യയുടേയും ഗ്രീസിന്റേയുമൊക്കെ മേൽക്കോയ്മയിൽ കഴിയുമ്പോഴും ഒരു നല്ല നാളയെ ഞങ്ങൾ വിഭാവനചെയ്തു[1]. ഈ സുദീർഘമായ ചരിത്രത്തിന്റെ പല ഘട്ടങ്ങളിലായി ഞങ്ങളുടെ നൊമ്പരങ്ങളും സന്തോഷങ്ങളും മോഹങ്ങളും ഭക്തിവികാരങ്ങളുമൊക്കെ ഗാനധാരകളായി വാർന്നൊഴുകി. അതാണു നിങ്ങളുടെ മുമ്പിലിരിക്കുന്ന സുന്ദരമായ ഗാനസമാഹാരം: സങ്കീൎത്തനങ്ങൾ.

---

1. ഇസ്രായേലിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകൾ

പൂൎവ്വപിതാക്കൾ 1900–1700
ഈജിപ്ത്യൻ അടിമത്തം 1600–1250
പുറപ്പാടു്, മരുഭൂമിവാസം— 1250–1200
ന്യായാധിപർ 1200–1035
രാജഭരണം: ഏകസാമ്രാജ്യം: 1035–935
ഇസ്രായേൽ: 935–732
യൂദാ: 935–587

www.malankaralibrary.com

## സങ്കീർത്തനങ്ങൾ ജനിക്കുന്നു

ആരാധനക്രമ സംബന്ധമായ ഉപയോഗത്തിനു വേണ്ടി രചിക്കപ്പെട്ട ഗാനസമാഹാരങ്ങൾ പലപ്പോഴും പ്രസിദ്ധീകരിക്കപ്പെടാറുണ്ട്. ഒരു സുപ്രഭാതത്തിൽ അതു നമ്മുടെ കയ്യിലെത്തുന്നു, നാമതു് ഉപയോഗിക്കുന്നു. അതിന്റെ രചനയിൽ നമുക്കു യാതൊരു പങ്കുമില്ല. ഏതോ അനുഗൃഹീത കവി കുറേ നാളം കൊണ്ടു തന്റെ അനുഭൂതികൾക്കു രൂപംകൊടുത്തുണ്ടാക്കിയ ശില്പമാണതു്. ഏതാണ്ടിതുപോലെ, ഇസ്രായേലിന്റെ ആരാധനയ്ക്കായി ഒരു പ്രത്യേക വ്യക്തി എഴുതിയ ഒരു ഗാനസമാഹാരമാണു് സങ്കീർത്തനങ്ങളെന്നു തെറ്റിധരിക്കരുതേ. നൂറ്റാണ്ടുകൾ തന്നെ, നൂറുകണക്കിനു വ്യക്തികളും ഒരു ജനപദവും ചേർന്നു് കൊരുത്തെടുത്ത ഗാനങ്ങളാണവ– ഇസ്രായേൽ ഹൃദയ രക്തത്തിൽ തൂലിക മുക്കി എഴുതിയ ആത്മഗാനങ്ങൾ.

വികാരങ്ങൾക്കു വേലിയേറ്റമുണ്ടാകുമ്പോഴൊക്കെ കാവ്യത്തിലൂടെ അവയ്ക്കു കാവ്യാവിഷ്കരണം നല്കി ആശ്വാസം തേടാൻ ആഗ്രഹിക്കുന്ന ജനമാണു് ഇസ്രായേൽ. അവരുടെ പൊട്ടുന്നനവേയുള്ള ആത്മപ്രചോദിതമായ കാവ്യരചനാ പ്രവണതയ്ക്കു് ധാരാളം ഉദാഹരണങ്ങൾ ബൈബിളിലുടനീളം കാണാം: മോശ, മറിയാം, ഡബോറ, ജൂഡിത്തു്, എസ്തർ, ജോനാസു്, തോബിയാസു്, ദാനിയൽ, ജോബു്, ജെറമിയാസു് എന്നിവരുടെ ഗാനങ്ങൾ മുതൽ പുതിയനിയമത്തിലെ സക്കറിയാസിന്റേയും പരിശുദ്ധ കന്യകയുടേയും സ്തോത്രഗീതങ്ങൾ വരെ. ഇസ്രായേൽക്കാർ സ്വകാര്യ ഉപയോഗത്തിനും പൊതു ആരാധന

---

ദേവാലയനാശം, ബാബിലോണിയൻ പ്രവാസം: 587
വിമോചനം: 538
ദേവാലയപ്രതിഷ്ഠ: 515
ഗ്രീക്കു് പേർഷ്യൻ മേധാവിത്വം: 538–333; 333–63

റോമൻ മേധാവിത്വം
ബി. സി. 63 മുതൽ
ജെറുസലേമിന്റെ സമ്പൂർണ്ണ നാശം: എ.ഡി. 70.

www.malankaralibrary.com

സ്ലമായി ധാരാളം ഗാനങ്ങാം രചിച്ചിരുന്നു. ക്രമേണ ഈ ഗാനങ്ങളുടെ ചെറു സമാഹാരങ്ങാം പ്രത്യക്ഷപ്പെടാൻ തുടങ്ങി.

ദാവീദുരാജാവിൻെറ കാലം മുതൽ ദൈവാരാധനയ്ക്കായി ഗീതങ്ങാം രചിക്കുന്ന പതിവിനു പ്രചുരപ്രചാരം സിദ്ധിച്ചു. അദ്ദേഹം ഗായകസംഘങ്ങാം രൂപീകരിക്കുകയും സംഘടിതമായ ഗാനരചനയ്ക്കു നേതൃത്വം നൽകുകയും ചെയ്തു. അന്നുവരെ ഉണ്ടായിരുന്ന പല ഗാനങ്ങളും ശേഖരിച്ച് വേണ്ടത്ര ഭേദഗതികളും കൂട്ടിച്ചേർക്കലുകളും നടത്തിയതിനും പുറമേ, അദ്ദേഹം പല ഗാനങ്ങളും രചിക്കയും രചിപ്പിക്കയും ചെയ്തിട്ടുണ്ടാവണം. കൂടാതെ പേഗൻ സ്തോത്രഗീതങ്ങളെ വേണ്ടവിധം അനുരൂപപ്പെടുത്തി യാഹ്വെയെ സ്തുതിക്കാൻ ഉപയോഗിച്ചിരുന്നു. 29-ാം സങ്കീർത്തനം കാനാനിലെ ബാൽദേവൻെറ സ്തോത്രമായിരുന്നെന്നും അതിനെ ഇസ്രായേൽ ഭേദഗതിചെയ്ത് തങ്ങളുടെ ഒരു സങ്കീർത്തനമാക്കി മാററിയതാണെന്നും പണ്ഡിതർ അഭിപ്രായപ്പെടുന്നു.[1]

ദാവീദിൻെറ പ്രസ്തുത യത്നങ്ങാം, ദേവാലയനിർമ്മിതിക്കുശേഷം പിൻതലമുറകാം പൂർവ്വാധികം ഊർജ്ജസ്വലതയോടെ തുടർന്നുവന്നു. പല ഗാനസമാഹാരങ്ങളും കാലക്രമേണ രൂപംകൊണ്ടു. അവയിൽ പലതും സ്വകാര്യ വ്യക്തികാം രചിച്ചവയാണ്. പക്ഷേ എബ്രായ വീക്ഷണമനുസരിച്ച് ഓരോ കവിയും സ്വന്തം വികാരങ്ങളേക്കാാം പ്രാധാന്യം നല്കി ആവിഷ്കരിക്കുക ദൈവജനത്തിൻെറ അനുഭൂതികളാണ്.[2] ഇത്തരം സ്വകാര്യ പ്രാർത്ഥനകളെ, സമൂഹത്തിൻെറ ഉപയോഗത്തിനായി വേണ്ട ഭേദഗതികാം ചെയ്ത്, പൊതുപ്രാർത്ഥനാസമാഹാരങ്ങളിൽ ചേ

---

1. സങ്കീർത്തനങ്ങളിലെ ആശയങ്ങളിലും പദപ്രയോഗങ്ങളിലും പേഗൻ സ്വാധീനം ഗണ്യമായുണ്ട്. Ref:
Les Psaumes: Pp. 46–53.
Osterley: The Psalms. Vol I. Pp. 37 ff.

2. 4—ാം അദ്ധ്യായം കാണുക.

www.malankaralibrary.com

ത്തിരുന്നു. കൂടാതെ ആരാധനക്രമപരമായ ആവശ്യങ്ങൾക്കായി ഗായകസംഘവും പുരോഹിതരും രചിച്ചിരുന്ന ഗാനങ്ങളുമുണ്ടായിരുന്നു. കാലക്രമേണ ഈ ഗാനങ്ങളെ ശേഖരിച്ച് കാലോചിതമായ കൂട്ടിച്ചേർക്കലുകളോടെ സമാഹർത്താക്കൾ പ്രസിദ്ധീകരിക്കുന്നു. അത്തരം ശേഖരങ്ങൾക്ക് സ്വതസിദ്ധമായ ചില സ്വഭാവവിശേഷങ്ങൾ കാണുന്നതിന്റെ രഹസ്യമിതാണ്.

ഉദാഹരണത്തിന് 42-83 സങ്കീർത്തനങ്ങൾ നോക്കൂ.[1] ഈ ശേഖരത്തിന്റെ മുഖ്യ സവിശേഷത അതു ദൈവ നാമമായി 'യാഹ്വെ' എന്നതിനു പകരം 'എലോഹിം' എന്ന് ഉപയോഗിക്കുന്നു. അതിനർത്ഥം അവ ഒരു പ്രത്യേക സമാഹാരമായിരുന്നു എന്നാണല്ലൊ. അവയിൽ ത്തന്നെ മൂന്ന് ഉപവിഭാഗങ്ങൾ കാണാം: കോറായുടെ പുത്രന്മാരുടേതു് (42 49), ആസ്ഫായുടേതു് (50;–73 83,), ദാവീദിന്റേതു് (51–72.).3–41 സങ്കീർത്തനങ്ങൾ ദാവീദിന്റെ കർത്തൃത്വം അവകാശപ്പെടുന്നു. ശേഷിച്ച സങ്കീർത്തനങ്ങൾ (83–150) ഒരൊററ സമാഹാരമാണെന്നു പറയാൻ വയ്യാ. അതിൽ അവരോഹണഗാനങ്ങൾ (120–134), ഹല്ലേൽ ഗീതങ്ങൾ (104–107, 111–117, 135, 146–150) തുടങ്ങിയ പല ഉൾപ്പിരിവുകളും കാണാം. ചുരുക്കത്തിൽ പല സാഹചര്യങ്ങളിലും കാലഘട്ടങ്ങളിലുമായി രചിക്കപ്പെട്ട ഗാനങ്ങൾചേർന്ന് ചെറു സമാഹാരങ്ങൾ രൂപംകൊണ്ടു. അവകൂടിച്ചേർന്നു കുറേക്കൂടി വലിയ ശേഖരങ്ങളായി.[2] ഇവയെ അവസാനത്തെ സമാഹർത്താവ് ഇന്നു നാം കാണുന്നരൂപത്തിൽ കൂട്ടിയിണക്കി. അതു് മൂന്നാം ശതകത്തിനു മുമ്പായിട്ടാണ് എന്നല്ലാതെ കൃത്യമായ തീയതി പറയാനാവില്ല. ഓരോ ഘട്ടത്തിലും ഭേദഗതികളും

---

1.J. Ellis. Men and Message of the O. T. Pp. 112-113.

2. I. ദിനവൃത്താന്തം: 16/4–7; 25/1-2; നെഹ: 11/17,22 എന്നീ ഭാഗങ്ങൾ ഹെസക്കിയാ രാജാവിന്റേയും (721–639 ബി. സി.) നെഹമിയായുടേയും (445—433 ബി.സി.) സങ്കീർത്തന സമാഹാരങ്ങളെപ്പററി സൂചന നൽകുന്നു.

www.malankaralibrary.com

കൂട്ടിച്ചേർക്കലുകളും മുറയ്ക്കു നടന്നിരുന്നു. ഇങ്ങനെ നൂററാണ്ടുകൾകൊണ്ടു് ദൈവജനം കോർത്തെടുത്തതാണു് ഈ ഗാനമാലിക.

ഇസ്രായേലിൽ ഈ 150 ഭക്തഗാനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു ധരിക്കരുതു്. നൂറുകണക്കിനു ഗാനങ്ങൾ അവർ രചിച്ചിരുന്നു. എന്നാൽ ദൈവനിവേശിതങ്ങളായതു് ഈ ഗാനങ്ങൾ മാത്രമാണു്. ബി. സി. രണ്ടാം ശതകത്തിനുശേഷവും ധാരാളം സങ്കീർത്തനങ്ങൾ രചിക്കപ്പെട്ടിരുന്നു. എന്നാൽ അവയൊന്നും ദൈവനിവേശിത ഗ്രന്ഥത്തിന്റെ ഭാഗമായില്ല.

## രചനാകാലം

സങ്കീർത്തനങ്ങളുടെ ജനനകാലത്തെപ്പററി നിശ്ചിതമായി ഒന്നും പറയാനാവില്ല. രാജഭരണത്തിനു മുമ്പുമുതൽ രണ്ടാം ശതകംവരെയുള്ള സുദീർഘകാലഘട്ടത്തിലാണു് അവ രൂപംകൊണ്ടതു്. ഏതാനും സങ്കീർത്തനങ്ങൾ ചരിത്ര സംഭവങ്ങളെപ്പററി പ്രതിപാദിക്കുന്നതിനാൽ തങ്ങളുടെ രചനാ കാലത്തെപ്പററി സൂചനകളെങ്കിലും നൽകുന്നുണ്ടു്. (19,46,48,59,70,80....). ജെറുസലേമിന്റേയും ദേവാലയത്തിന്റേയും നാശത്തിന്റെ വങ്ങൽ ഏററവയാണു് 51,74,79,102 എന്നീ സങ്കീർത്തനങ്ങൾ. പ്രവാസത്തിൽനിന്നു മടങ്ങിയെത്തുമ്പോൾ നടക്കുന്ന കൃതജ്ഞതാപ്രകടനം (85,126), ജെറുസലേം മതിലുകളുടെ പുനർനിർമ്മാണം (147) എന്നിവയെ പരാമർശിക്കുന്ന ഗാനങ്ങളുടെ കാലം ഏതാണ്ടു തീർച്ചയാണു്. ദേവാലയത്തിന്റെ പുനർനിർമ്മാണത്തിനുമുമ്പു രചിക്കപ്പെട്ടവയാണു് മേൽപ്പറഞ്ഞ സങ്കീർത്തനങ്ങളെല്ലാം.

ഇതിൽനിന്നും ഒരു കാര്യം വ്യക്തമാണു്: പ്രവാസശേഷം നിർമ്മിച്ച ദേവാലയത്തിലെ ആരാധനക്രമത്തിനായി രചിക്കപ്പെട്ടതാണു് സങ്കീർത്തന സമാഹാരം എന്ന വാദം പൊള്ളയാണു്. അതിനു മുമ്പുതന്നെ ഈ സമാഹാരത്തിലെ അനേകം ഗാനങ്ങൾ ജന്മമെടുത്തുകഴിഞ്ഞി

www.malankaralibrary.com

രുന്നു. അവയിൽ പലതും രാജഭരണകാലത്തു രചിക്കപ്പെട്ടു. ദാവീദിൻെറ കാലത്തിനു മുമ്പുപോലും ഉത്ഭവിച്ചവയാവും ചില ഗാനങ്ങൾ. ഇസ്രായേലിൽ പാരമ്പര്യത്തിനു് അതിയായ പ്രാധാന്യമുണ്ടായിരുന്നു. അവർ പ്രാർത്ഥനാ ഗാനങ്ങളെല്ലാം വാമൊഴിയായി പിൻതലമുറകൾക്ക പകന്നിരുന്നു. ഓരോ തലമുറയും കാലോചിതമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. ഇങ്ങനെ പൈതൃകമായി ലഭിച്ച ഗാനങ്ങൾ സങ്കീർത്തനസമാഹാരത്തിൽ ഉണ്ടാവാം. പക്ഷേ, അതിൻെറ പ്രാഗ്രൂപം നിർണ്ണയിക്കാനാവില്ലെന്നുമാത്രം.

സങ്കീർത്തനങ്ങളുടെ രചനാകാലത്തെപ്പററി പരാമർശിക്കുമ്പോൾ നാം മനസ്സിൽ വയ്ക്കേണ്ട പ്രധാന പരിഗണന അവയുടെ പരിണാമസ്വഭാവമാണു്. പല സങ്കീർത്തനങ്ങളും ഇന്നത്തെ രൂപത്തിൽ എത്തിയതു് നൂററാണ്ടുകൾ കൊണ്ടാണു്. കാലക്രമേണ ജീവിതസാഹചര്യങ്ങളും മതവീക്ഷണവും അഭിവൃദ്ധിപ്പെടുന്നതനുസരിച്ചു് ഈ ഗാനങ്ങൾക്കു് അനുരൂപണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും നടത്തുക ഇസ്രായേൽക്കാരുടെ പതിവായിരുന്നു. ഉദാഹരണത്തിനു് ഒരു സ്വകാര്യവ്യക്തിയുടെ കൃതജ്ഞതാഗാനം എടുക്കുക. തനിക്ക ലഭിച്ച അനുഗ്രഹത്തിനു നന്ദിപറയാൻ അയാൾ രചിച്ച ഗാനം പിൽക്കാലത്തു് ചിലർ സമൂഹത്തിൻെറ കൃതജ്ഞതാഗാനമായി രൂപാന്തരപ്പെടുത്തുന്നു. അപ്പോൾ പല ഭേദഗതികളും വരുമല്ലൊ. കുറേക്കാലം കഴിഞ്ഞു് സാമ്രാജ്യപ്രതീക്ഷകൾ അസ്തമിക്കുകയും ജനം മെസയാനിക യുഗത്തിലേക്ക കണ്ണുയക്കുകയും ചെയ്യുന്നു. അപ്പോൾ ഈ ഗാനങ്ങളിൽ മെസയാനിക യുഗത്തിൽ ദൈവജനത്തിനു സിദ്ധിക്കുന്ന വിജയത്തെപ്പററിയുള്ള പരാമർശനങ്ങൾ ചേർത്തു് അതിനു നന്ദിപറയുന്നു. കാരണം പൂർവ്വകാല വിജയത്തിനു് സമകാലിക ജീവിതത്തിൽ അർത്ഥമില്ല എന്നതുതന്നെ. രാജഭരണകാലത്തെ രാജകീയ ഗീതങ്ങൾ മെസയാനികമായി പിൽകാലത്തു രൂപാന്തരപ്പെടുന്നു.

ഇങ്ങനെ സജീവമായ ഒരു പ്രക്രിയ വഴി നൂററാണ്ടുകൾകൊണ്ടു ദൈവം നിവേശിപ്പിച്ചു് എഴുതിച്ചതാ

www.malankaralibrary.com

ണ് സങ്കീർത്തനങ്ങൾ. തന്മൂലം പല സങ്കീർത്തനങ്ങളുടേയും രചനാകാലത്തെ കൃത്യമായി നിർണ്ണയിക്കാൻ ശ്രമിക്കുക പാഴ്‌വേലയാണ്.

## തലമുറകളുടെ പൈതൃകം.

സങ്കീർത്തനങ്ങളുടെ ജനനകാലത്തെക്കുറിച്ച് ഇത്രയുമെങ്കിലും അനുമാനിക്കാൻ കഴിഞ്ഞു. എന്നാൽ അവയുടെ കർത്താക്കളായ ഭാവനാശാലികൾ ആരെന്നു നിർണ്ണയിക്കുക അങ്ങേയററം ദുഷ്കരമാണ്. പല സങ്കീർത്തനങ്ങളുടെയും തലവാചകത്തിൽ, ദാവീദ്, സോളമൻ, കോറായുടെയും അസ്ഫായുടെയും പുത്രന്മാർ എന്നിവരാണ് മുഖ്യരചയിതാക്കളായി പ്രത്യക്ഷപ്പെടുക.[1] പക്ഷേ, ഇതത്ര ശരിയല്ല. ദാവീദിൻെറ കാര്യംതന്നെ എടുക്കാം. 84 സങ്കീർത്തനങ്ങൾ അദ്ദേഹത്തിൻെറ പേരിലുണ്ട്. അവയിൽ പലതും സോളമൻ പണിയിച്ച ദൈവാലയത്തിൻെറ പശ്ചാത്തലത്തിൽ പിറന്നവയാണ്.[2] മററു ചിലവ പ്രവാസം (14/7), ജെറുസലേമിൻെറ നാശം (51/20), യൂദായിലെ നഗരങ്ങളുടെ തകർച്ച (69/36) എന്നീ പിൽക്കാല സംഭവങ്ങളെ പരാമർശിക്കുന്നു.

ദാവീദ് തൻെറ പാപത്തിനു[3] പരിഹാരം ചെയ്യുമ്പോൾ രചിച്ചതെന്നു പരമ്പരാഗതമായി വിശ്വസിക്കുന്ന 51-ാം സങ്കീർത്തനം 587—നു ശേഷം രചിക്കപ്പെട്ടതാണ്. പുതുക്കി പണിയുന്ന മതിലുകൾ (20), ജെറമിയായുടേയും ഐസയായുടേയും ചിന്താ സ്വാധീനം, യാഗബലികളേപ്പററിയുള്ള നൂതനവീക്ഷണം (16), പാപവിമോചനം

---

1. ബൈബിളിൽ കാണുന്നപ്രകാരം രചയിതാക്കൾ ദാവീദ്: (73), സോളമൻ: (2), അസ്ഫാ: (12), കോറയുടെ പുത്രന്മാർ: (11), ഹെന്നാൻ (1), എത്താൻ (1), മോശ (1) എന്നിവരാണ്.

2. 23/6, 24/3, 52/10, 63/3, 65/2,

3. ഉറിയായുടെ വധവും, അയാളുടെ ഭാര്യയുമായുള്ള അവിഹിത വേഴ്ചയും.

www.malankaralibrary.com

നവ്യസൃഷ്ടികർമ്മമാണെന്ന ആശയം (10) എന്നിവയൊക്കെ ഈ വസ്തുതയിലേക്ക വിരൽ ചൂണ്ടുന്നു.

ഇത്തരുണത്തിൽ നാം പുരാതന പൗരസ്ത്യരുടെ ഒരു സ്വഭാവവിശേഷം കണക്കിലെടുക്കണം. അന്നത്തെ എഴുത്തുകാരിൽ മിക്കവരും തങ്ങളുടെ കൃതികളെ മഹാന്മാരും പ്രശസ്തരുമായ വ്യക്തികളുടെ പേരുവച്ചാണ് പ്രസിദ്ധീകരിക്കുക. ജനപ്രീതിയും ആശയപ്രചാരവും നേടാനുള്ള എളുപ്പമാർഗ്ഗമാണല്ലൊ അതു്. അതല്ലെങ്കിൽ ഒരു മഹാശയന്റെ ശിഷ്യഗണവും അവരുടെ ശിഷ്യന്മാരും എഴുതുന്നതെല്ലാം അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ പഠനങ്ങൾക്ക് അവർ കാലോചിതമായ മാററങ്ങൾ വരുത്തുകയും ധാരാളം കൂട്ടിച്ചേർക്കലുകൾ നടത്തുകയും ചെയ്താലും അവ അദ്ദേഹത്തിന്റെതന്നെ കൃതികളായി കണക്കാക്കുന്നു. ഏശയ്യാ പ്രവാചകന്റെ ശിഷ്യന്മാർ പിൽക്കാലത്തു് ചേർത്തവയാണ് 40–66 അദ്ധ്യായങ്ങൾ. പഞ്ചഗ്രന്ഥിയുടെ കാതലിനമാത്രം രൂപംകൊടുത്ത മോശയുടെപേരിൽ അതിന്റെ സമ്പൂർണ്ണ കർത്തൃത്വം ആരോപിക്കപ്പെടുന്നു.

ദാവീദാണ് ഇസ്രായേലിൽ ഗാനരചനയ്ക്കും ദേവാലയ സംഗീതത്തിനും ഔദ്യോഗികമായ അംഗീകാരവും പ്രോത്സാഹനവും നല്കിയതു്. അദ്ദേഹം ഏതാനും സങ്കീർത്തനങ്ങൾ രചിക്കയും, പഴയ ഗാനങ്ങൾ സമാഹരിക്കയും ചെയ്തു. പിൽക്കാലത്തു് മററു സങ്കീർത്തകർ ഈ ശേഖരത്തിൽ ചേർത്ത ഗാനങ്ങളും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. കുറേക്കാലംകൂടി കഴിഞ്ഞു് ഈ ഗാനങ്ങൾക്ക് ഉപാദ്ധ്യായർ കാലോചിതമായ പല ഭേദഗതികളുംനടത്തി. ഈ കൂട്ടിച്ചേർത്ത ഭാഗങ്ങളും ദാവീദിന്റെ കൃതിയുടെ ഭാഗമായി മാറി. ഈ അർത്ഥത്തിലാണ് 'ദാവീദിന്റെ സങ്കീർത്തനങ്ങൾ' എന്ന പ്രയോഗം മനസ്സിലാക്കേണ്ടതു്. സോളമനും, ദേവാലയ ഗായകരായ അസ്ഫായും, കോറായുടെ പുത്രന്മാരും ഏതാണ്ടിതേ രീതിയിൽ സങ്കീർത്തന കർത്താക്കളാണ്. അവരും ചുരുക്കം ചില ഗാനങ്ങൾ രചിച്ചു; പിൽക്കാലത്തു മററു പലരും അവ

www.malankaralibrary.com

രുടെ പേരിനോടു ബന്ധിക്കപ്പെട്ടു. ഈ പരിണാമപ്രക്രിയമൂലം സങ്കീർത്തനങ്ങളുടെ കർത്താക്കരം ആരെന്നു നമുക്കു നിർണ്ണയിക്കാനാവില്ല. സങ്കീർത്തനങ്ങളുടെ സാമൂഹ്യസ്വഭാവം പരിഗണിക്കുമ്പോരം, ഈ അജ്ഞത സാരമില്ലെന്നു കാണാം. ആ വ്യക്തികളെപ്പററി അറിയാതെതന്നെ ഇവയുടെ കരരംത്തുടിപ്പു ശ്രവിക്കാനാവും. കാരണം നൂററാണ്ടുകരംകൊണ്ടു് ഒരു സമൂഹം രൂപപ്പെടുത്തിയ കൃതികളാണവ.

## സങ്കീർത്തനങ്ങരം ഇന്നു്

ഇസ്രായേലിൻെറ ആത്മഗീതങ്ങളുടെ സമാഹാരം അവരുടെ വിശുദ്ധ ലിഖിതങ്ങളുടെ ഭാഗമായി മാറി. ക്രൈസ്തവർ പഴയ നിയമത്തെ അതേപടി തങ്ങളുടെ മതഗ്രന്ഥമായി സ്വീകരിച്ചപ്പോരം അതു് അവരുടേതുമായിത്തീർന്നു. ഹീബ്രൂമൂലത്തേക്കാരം ഗ്രീക്കുപരിഭാഷയായ സപ്തതി (LXX)ക്കാണു് ക്രൈസ്തവരുടെ ഇടയിൽ കൂടുതൽ പ്രചാരം ലഭിച്ചതു്. അതു മൂലഗ്രന്ഥത്തിൽ സാരമല്ലാത്ത ചില ഭേദഗതികരം വരുത്തി; മുഖ്യമായും ക്രമനമ്പരിൽ. ഹീബ്രൂമൂലത്തിൽ ഒററയായി കിടന്ന സങ്കീർത്തനങ്ങളെ LXX വിവർത്തകർ രണ്ടായി വിഭജിക്കയും (116, 147); രണ്ടായിരുന്നവയെ സംയോജിപ്പിച്ചു് ഒന്നാക്കുകയും (9+10, 114+115) ചെയ്തു.[1] തന്മൂലം രണ്ടും തമ്മിൽ നമ്പരിൽ യോജിക്കുന്നില്ല. കത്തോലിക്ക വിവർത്തനങ്ങളിൽ ഭൂരിഭാഗവും ഗ്രീക്കുനമ്പർ ഉപയോഗിക്കുന്നു.

---

1.

| ഹീബ്രൂ | | ഗ്രീക്കു് | ഹീബ്രൂ | | ഗ്രീക്കു |
|---|---|---|---|---|---|
| 9 | = | 9/1-21 | 116/1-9 | = | 11 |
| 10 | = | 9/22-39 | 116/10-19 | = | 11 |
| 114 | = | 113/1-8 | 147/1-11 | = | 14 |
| 115 | = | 113/9-26 | 147/12-20 | = | 147 |

www.malankaralibrary.com

| ഹീബ്രു | ഗ്രീക്കു് | ഹീബ്രു | ഗ്രീക്കു് |
|---|---|---|---|
| 1–8 | 1–8 | 116 | (114<br>(115 |
| 9 )<br>10) | 9 | 117–146 | 116–145 |
| 11–113 | 10–112 | 147 | (146<br>(147 |
| 114)<br>115) | 113 | 148–150 | 148–150 |

ഈ വിഭജനം എപ്പോഴും ഓൎമ്മിച്ചിരിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് ഹീബ്രു നമ്പർ ഗ്രീക്കിനേക്കാൾ ഒന്നു മുമ്പിലാണെന്ന പൊതുനിയമം ഓൎമ്മയിൽ വയ്ക്കുക.[1] ആധുനിക പരിഭാഷകളെല്ലാംതന്നെ ബ്രാക്കററിൽ എങ്കിലും ഹീബ്രു നമ്പർ നൽകുന്നതിനാൽ ഈ വൈഷമ്യം പരിഹൃതമാവുന്നു. സങ്കീൎത്തനങ്ങളിലെ വാക്യങ്ങളുടെ നമ്പരിലും ഇവ തമ്മിൽ അല്പം വിയോജിക്കുന്നതായി കാണാം. സങ്കീൎത്തനത്തിന്റെ തലക്കെട്ടിനെ ഒരു വാക്യമായി കരുതി അതിനും നമ്പർ നൽകുന്നു ഗ്രീക്കു വിവൎത്തനങ്ങൾ. (ഉദാ: 48,49,51,53,58,89 എന്നിങ്ങനെ നിരവധി.) ഹീബ്രു തലവാചകത്തിനു അക്കമിടാതെ വാക്യങ്ങൾക്കു മാത്രം ക്രമനമ്പർ നൽകുന്നു. ഇവിടെ ഹീബ്രു ഒരുപടി പിറകിലാണു്. ഉദ്ധരണികൾ തേടിപ്പിടിക്കുമ്പോൾ ഈ രണ്ടു പ്രത്യേകതകളും കണക്കിലെടുക്കണം.[2]

സങ്കീൎത്തന സമാഹാരത്തെ അഞ്ചു പുസ്തകങ്ങളായി വിഭജിച്ചിരിക്കുന്നു: 1–41; 42–72, 72–89, 90–106, 107–150 എന്നിങ്ങനെ. പഞ്ചഗ്രന്ഥിയോടു സാമ്യപ്പെട്ട

1. ഇതൊരു ഏകദേശ നിയമമാണു്. അപവാദങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ.

2. ഈ കൃതിയിലെ ഉദ്ധരണികൾ ഹീബ്രു നമ്പരിലാണു്. ഗ്രീക്കു—ലത്തീൻ വിവൎത്തനങ്ങളും അവയുടെ പരിഭാഷകളും ഉപയോഗിക്കുന്നവർ സങ്കീൎത്തനത്തിന്റെ നമ്പർ ഒന്നുകൂട്ടിയും വാക്യത്തിന്റെ നമ്പർ ഒന്നു കുറച്ചും നോക്കേണ്ടിവരുന്നു. ഉദാഹരണത്തിനു്, ഹീബ്രുവിലെ 70/5 ഗ്രീക്കിൽ 69/6 ആണെന്നു സാരം.

www.malankaralibrary.com

ത്താൻ നടത്തിയ ഒരു വിഭജനമാണിതു്. ആദ്യത്തെ നാലു പുസ്തകങ്ങൾക്ക ഓരോ ഉപസംഹാരവും കാണാം. 150–ാം സങ്കീർത്തനം സമാഹാരത്തിൻെറ മുഴുവൻ ഉപസംഹാര മാണു്.

## പേരുകൾ[1]

'സങ്കീർത്തനങ്ങൾ' അഥവാ Psalms എന്ന പേരിൻെറ ഉത്ഭവം, 'Psalmos' എന്ന ഗ്രീക്ക പദത്തിൽനിന്നാണു്. ഹീബ്രുവിൽ ഇതിനു തുല്യമായിട്ടുള്ള 'മിസ്മോർ' എന്ന വാക്കിൻെറ അർത്ഥം, 'തന്ത്രികളുള്ള ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ഗാനം.'

ഹീബ്രുമൂലത്തിൽ 'സ്തോത്രഗീതങ്ങളുടെ പുസ്തകം[2]' എന്ന നാമധേയമാണു് ഈ സമാഹാരത്തിനുള്ളതു്. ഇതിനും പുറമെ ഏതാനും ഉപവിഭാഗങ്ങൾക്ക പ്രത്യേകം പേരുകൾ കാണാം: മിസ്മോർ (സങ്കീർത്തനം)—57 എണ്ണം; ഷീർ (ഗാനം)—30 മാഷ്കിൽ (ജ്ഞാനഗീതം)—13. മിക്ത്താം (പരിഹാരഗാനം)—6 ഷിഗായിയോൺ (വിലാപം)—7 തെഹില്ലാ(സ്തുതിഗീതം)—1 തെഫില്ലാ(അർത്ഥന)—5

സംഗീതവിധിപ്രകാരമുള്ള നിർദ്ദേശങ്ങളും തലക്കെട്ടിൽ പ്രത്യക്ഷപ്പെടുന്നു. ഗായകസംഘനേതാവിനു് (55) ഉയർന്ന രാഗം (39) തന്ത്രികൾ ഉപയോഗിച്ചുള്ളവ (6) സംഗീത പ്രമാണിയ്ക്കു് (3) എന്നിങ്ങനെ പോകുന്നു പ്രസ്തുത വിഭാഗങ്ങൾ.[3] ഏതാനും സങ്കീർത്തനങ്ങളുടെ രാഗം സൂചിപ്പിക്കാൻ ചില പ്രസിദ്ധ ഈരടികളും (ഉദാ: നശിപ്പിക്കരുതേ....57–59,75) രാഗങ്ങളും (ലില്ലികളുടെ: 45;69;

1. Osterley Op. cit Vol. I Pp–9–19.
2. Sepher Tehellim (The Book of hymns of Praise.)
3. ഇതര വിഭാഗങ്ങൾക്കു് 5, 46, 7, 8 എന്നിവ കാണുക.

www.malankaralibrary.com

നിയമത്തിലെ ലില്ലി 60, 80, മാഹലാത്ത്....53; 88; വിദൂരസ്ഥരുടെ ഇടയിൽ മിണ്ടാത്ത പ്രാവ്....56,) തലക്കെട്ടിൽ ചേർത്തിട്ടുണ്ട്. ഇവ പലതും പിൽക്കാലത്തു കൂട്ടിചേർത്തതാണ്.

# II

# പശ്ചാത്തലം; സാഹിത്യരൂപങ്ങൾ.

സങ്കീർത്തനങ്ങളെ പദാനുപദം വിശകലനം ചെയ്ത്, ഓരോ വാക്കിലും കഴിയുന്നത്ര അർത്ഥങ്ങളും, പ്രതീകാത്മകതയും, ക്രിസ്തുവിനേയും സഭയേയും പററിയുള്ള പരാമർശങ്ങളും കണ്ടുപിടിച്ചാൽ, അവയെ പൂർണ്ണമായും ഗ്രഹിച്ചുകഴിഞ്ഞു എന്നൊരു ധാരണ നൂററാണ്ടുകളോളം നിലനിന്നിരുന്നു, ക്രൈസ്തവവൃത്തങ്ങളിൽ. സെൻറ് അഗസ്റ്റിനെപ്പോലുള്ള പ്രതിഭാശാലികരംപോലും ഈ സങ്കേതം അവലംബിച്ചിരുന്നു. അപ്രധാന ഭാഗങ്ങളേയും പദപ്രയോഗങ്ങളേയുംപോലും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ച് അമിതാർത്ഥം കണ്ടുപിടിക്കുകയായിരുന്നു ഫലം. വാസ്തവത്തിൽ ഈ സമ്പ്രദായം വല്ലാത്തൊരു അനർത്ഥംതന്നെയായി പരിണമിച്ചു.

ഭാഗ്യവശാൽ 19-ാം ശതകത്തിന്റെ അവസാനം, സുപ്രസിദ്ധ ജർമ്മൻ ബൈബിരം പണ്ഡിതനായ ഹെർമൻ ഗുങ്കൽ ഇതിനു വിരാമമിട്ടു.[1] സങ്കീർത്തനങ്ങളുടെ രചനാപശ്ചാത്തലവും സാഹിത്യരൂപവും കണക്കിലെടുക്കാതെ അവയെ മനസ്സിലാക്കാനാവില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ബൈബിളിലെ ഏതൊരു ഗ്രന്ഥത്തെയും

1. H. Gunkel

www.malankaralibrary.com

വിലയിരുത്തുന്നതിനു് അതിന്റെ സാഹിത്യരൂപം[1] ഏതെന്നു നിർണ്ണയിച്ചിട്ടു്, പ്രസ്തുതരൂപത്തിന്റെ പ്രത്യേക മാനദണ്ഡം ഉപയോഗിക്കണമെന്ന തത്വം അതിനകം[2] അംഗീകരിക്കപ്പെട്ടിരുന്നു. സങ്കീർത്തനങ്ങളിൽത്തന്നെ പല ഉൾപ്പിരിവുകൾ ഉള്ളതിനാൽ ഓരോ വിഭാഗത്തിന്റേ യും സ്വഭാവ വിശേഷങ്ങൾ അനുസരിച്ചു് വിലയിരുത്തൽ നടത്തണം. കൂടാതെ അവ രചിക്കപ്പെട്ട സാഹചര്യങ്ങളും അവയുടെ പ്രചോദനഹേതുക്കളും രചയിതാക്കളുടെ ലക്ഷ്യ വും അവർ ഉദ്ദേശിച്ച അർത്ഥവും എന്തെന്നു് അന്വേഷിക്ക ണം. ഇവയുടെ വെളിച്ചത്തിൽ മാത്രമേ സങ്കീർത്തനങ്ങ ളുടെ അഴകും അർത്ഥവ്യാപ്തിയും ആധുനികരായ നമുക്കു് വ്യക്തമാകൂ. ഇന്നിന്റെ വിജ്ഞാന നിലവാരത്തിൽ നിന്നു താഴേക്കിറങ്ങി, ഇസ്രായേലിന്റെ ബുദ്ധിയും ഹൃ ദയവും കടം വാങ്ങിയശേഷം ഈ ഗാനങ്ങളെ വായിച്ചി ല്ലെങ്കിൽ അവ നിർജ്ജീവങ്ങളായി തോന്നും. രചയിതാ വിന്റേയും ഇസ്രായേൽ ജനതയുടേയും ആത്മാവിനെ ക ണ്ടെത്താതെ അവയുടെ തുടിപ്പുകൾ എങ്ങനെ ശ്രവിക്കാ നാവും?

ആദ്യമായി ചെയ്യേണ്ടതു്, സങ്കീർത്തനങ്ങളെ സാ ഹിത്യലക്ഷണങ്ങളനുസരിച്ചു് തരം തിരിക്കുകയാണെന്നു ഗുങ്കൽ അഭിപ്രായപ്പെടുന്നു. പല സങ്കീർത്തനങ്ങൾക്കും പൊതുവായ ഒരു രചനാരീതിയും ചട്ടക്കൂടും ദൃശ്യമാണു്. അവയെ ഒരു സാഹിത്യരൂപമായി കണക്കാക്കാം. ഉദാ ഹരണമായി, അർത്ഥനാഗീതങ്ങൾ തമ്മിൽ പ്രമേയ ത്തിലും ഘടനയിലും വളരെ സാമ്യമുണ്ടു്. അവയെ ഒരു ഗണമായി തരംതിരിക്കാം. ഇത്തരം പൊതു വിഭാഗങ്ങ ളായി സങ്കീർത്തനങ്ങളെ തരംതിരിക്കുക. വ്യക്തിയുടെ അർത്ഥന, സമൂഹാർത്ഥന, കൃതജ്ഞതാഗാനങ്ങൾ, സ്തുതിഗീ തങ്ങൾ, തീർത്ഥകഗാനങ്ങൾ, സീയോന്റെ ഗാനങ്ങൾ,

1 Literary Form.

2 Pius XII : Divino Afflante Spiritu No. 43

www.malankaralibrary.com

ജ്ഞാനോപദേശ ഗാനങ്ങൾ എന്നീ വകുപ്പുകളാണ് ഗുങ്കൽ നിർദ്ദേശിച്ചതു്.[1]

## ഉത്ഭവപശ്ചാത്തലം.[2]

അടുത്തതായി അദ്ദേഹം ശ്രദ്ധതിരിച്ചതു് ഓരോ വിഭാഗത്തിൻേറയും രചനാ പശ്ചാത്തലത്തിലേക്കാണ്. ഒരു സാഹിത്യസൃഷ്ടിയെ ശരിയായി വിലയിരുത്തണമെങ്കിൽ അതു പൊട്ടിമുളച്ച ജീവിതസാഹചര്യത്തിലേക്ക കണ്ണയച്ചേ മതിയാവൂ. പ്രാചീന കൃതികളുടെ കാര്യത്തിൽ ഇതു് തികച്ചും അനുപേക്ഷണീയമാണ്. ആ ഗാനങ്ങൾ കൊരുത്തെടുത്ത ഹൃദയങ്ങളുടെ നൊമ്പരങ്ങളും, സ്വപ്നങ്ങളും, സന്തോഷങ്ങളും, ജീവിത വീക്ഷണവും, മതവിശ്വാസങ്ങളും, വിജ്ഞാന നിലവാരവും നാം അന്വേഷിച്ചറിയണം. ചരിത്ര സാംസ്കാരിക മത പശ്ചാത്തലങ്ങളാണ് ഇവയുടെ മാററു നിർണ്ണയിക്കുക. രോഗീവിലാപത്തിൻെറ വികാരതീവ്രത അളക്കണമെങ്കിൽ, അന്നത്തെ രോഗികളുടെ ശോചനീയസ്ഥിതി, സമൂഹത്തിൽ അവക്കുണ്ടായിരുന്ന ദയനീയസ്ഥാനം, രോഗം പാപശിക്ഷയാണെന്ന വിശ്വാസം, മരണാനന്തര സൗഭാഗ്യത്തെപ്പററിയുള്ള അജ്ഞത, രോഗവിമുക്തിക്കായും അതിനുശേഷവുമുള്ള കർമ്മാനുഷ്ഠാനങ്ങൾ, എന്നിവയെപ്പററി ഒരു ഏകദേശരൂപമെങ്കിലും വേണം. സ്തുതിഗീതങ്ങൾ ആലപിക്ക

---

1. പില്ക്കാലത്തു മററു പണ്ഡിതർ പലതരം വിഭജനങ്ങൾ നിർദ്ദേശിച്ചു. ഉദാ:
   1) ആഹ്ലാദഗാനങ്ങൾ, ശോകഗാനങ്ങൾ, പ്രതീക്ഷാഗാനങ്ങൾ....
   2) ഭാവഗീതങ്ങൾ, സ്തോത്രങ്ങൾ, വിലാപഗാനങ്ങൾ....
   3) ചരിത്രഗീതങ്ങൾ, ജെറുസലേമിനെപ്പററിയുള്ള ഗീതങ്ങൾ, മെസയാനിക ഗീതങ്ങൾ....

2 The concrete setting (Sitz–im–leben.) ഒരു കൃതി ജനിക്കുന്ന സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം. ഈ ഘടകങ്ങളെല്ലാം കർത്താവിനേയും സ്വാധീനിക്കുകയും കൃതിയുടെ രൂപം നിർണ്ണയിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

ന്ന ഇസ്രായേൽക്കാരൻെറ രോമാഞ്ചവും ആഹ്ലാദവും മനസ്സിലാക്കണമെങ്കിൽ, ദൈവവും സ്വജനവുമായുള്ള ബന്ധവും, ദൈവത്തെപ്പററി ഇസ്രായേലിനുള്ള വീക്ഷണവും, എത്ര വ്യക്തിഗതമാണെന്നു് അറിഞ്ഞേതീരൂ. പ്രദക്ഷിണഗാനം നമ്മുടെ ചുണ്ടിൽ തത്തിക്കളിക്കുമ്പോഠം കരഠം തുടിക്കാത്തതിനു കാരണം, ദൈവവുമായുള്ള ഈ ബന്ധത്തേയും ദേവാലയത്തിൻെറ ഗാംഭീര്യത്തേയും പാവനതയേയുംപററി, ഇസ്രായേൽക്കാരനുള്ള അവബോധം നമുക്കില്ലാത്തതാണു്. മുഴത്തിനു മൂന്നു് എന്ന കണക്കിനു ദേവാലയങ്ങളുള്ള നമുക്കു് ദേശത്തെ ദേവാലയത്തിൽ ആണ്ടിൽ ഒന്നോ രണ്ടോ തവണമാത്രം പോകുന്ന യഹൂദഭക്തരുടെ ഭക്തിതീക്ഷ്ണത മനസ്സിലാകാത്തതിൽ അത്ഭുതമില്ല. ഇങ്ങനെ ഓരോ ഗണത്തിൻേറയും പശ്ചാത്തലം മനസ്സിലാക്കിക്കഴിഞ്ഞാൽപ്പിന്നെ, നീണ്ട വ്യാഖ്യാനങ്ങഠം കൂടാതെതന്നെ അവയിലെ ഓരോ സങ്കീർത്തനത്തേയും നിഷ്പ്രയാസം ഗ്രഹിക്കാനാവും.

## കവി: സമുദായത്തിൻെറ വക്താവു്.

സങ്കീർത്തനകർത്താക്കളേയും അവരുടെ ജീവിതസാഹചര്യങ്ങളേയുംപററി ഒന്നും അറിയാതെതന്നെ, സാമൂഹ്യപശ്ചാത്തലത്തിൽനിന്നുമാത്രം, നമുക്കു് ആവശ്യമായ വെളിച്ചം ലഭിക്കുന്നു എന്നതാണു് മറെറാരു സവിശേഷത. ഇസ്രായേലിൽ 'വ്യക്തി' സമൂഹത്തിൻെറ ഒരു ഭാഗം മാത്രമായേ വീക്ഷിക്കപ്പെട്ടിരുന്നുള്ളു. വ്യക്തിത്വത്തിനു് കണക്കിലേറെ അംഗീകാരമുള്ള ഈ യുഗത്തിലെ മനുഷ്യനു് അതു ദുർഗ്രഹമാണു്. സമുദായ നന്മയ്ക്കുവേണ്ടി വ്യക്തികളുടെ താൽപര്യങ്ങളെല്ലാം ബലികഴിക്കേണ്ടിയിരുന്നു. കാവ്യരചനയേയും ഈ നിയമം ബാധിച്ചിരുന്നു. സ്വകാര്യ വ്യക്തിയെന്നതിനേക്കാഠം, ജനത്തിൻെറ വക്താവായിട്ടാണു് കവി പാടുക. അയാഠം സ്വാനുഭൂതികഠം ആവിഷ്കരിക്കുക ദൈവജനത്തിൻെറ അനുഭൂതികളുടെ

www.malankaralibrary.com

ഭാഗമായിട്ടാണ്. മററുള്ളവരുടേതിനേക്കാളേറെ വികാരതീവ്രത സ്വഹൃദയത്തിൽ തളംകെട്ടിനിന്നാൽത്തന്നെ അയാരം അതിനെ ഒന്നാകെ ഗാനധാരയിലൂടെ തുറന്നുവിടില്ല; പരമ്പരാഗതമായ ചട്ടക്കൂട്ടിൽ ഒതുങ്ങി നില്ക്കുത്തക്കവിധമേ അവയെ അവതരിപ്പിക്കു. കവിയുടെ വ്യക്തിത്വത്തേക്കാരം സമൂഹത്തിൻെറ ഹൃദയത്തുടിപ്പുകളാണ് കവിതയിൽ ദൃശ്യമാവുന്നത്. അതിനാൽ കവിയെപ്പററി അധികമൊന്നും അറിയാതെ തന്നെ കാവ്യത്തിൻെറ രചനാപശ്ചാത്തലം മനസ്സിലാക്കാനാവും.

## ദൈവാരാധന – മുഖ്യപശ്ചാത്തലം

ഇസ്രായേൽ, മതത്തെ വട്ടമിട്ടുവളന്ന രാഷ്ട്രമായിരുന്നതിനാൽ, അതിൻെറ ജീവിതത്തിൻേറയും പ്രവത്തനത്തിൻേറയും കേന്ദ്രം ദേവാലയമായിരുന്നു. ദൈവാരാധനയാണ് സങ്കീത്തനങ്ങളുടെ മുഖ്യപശ്ചാത്തലം. ജീവിതവും മതവും തമ്മിലുള്ള അവിഭാജ്യബന്ധത്തെപ്പററി ബോധവാന്മാരായിരുന്ന ഇസ്രായേൽജനം തങ്ങളുടെ സുഖദു:ഖങ്ങരം ദൈവവുമായി പങ്കിടാൻ ഏത്തുമായിരുന്നു. കൂടാതെ ആണ്ടുവട്ടത്തിലെ തിരുനാളുകരം സാഘോഷം കൊണ്ടാടുന്നതിലും അവർ ശ്രദ്ധ പതിച്ചു. ഈ അവസരങ്ങളിലെല്ലാം പ്രാത്ഥനകരം മിക്കവാറും ഗാനരൂപത്തിലായിരുന്നു. ആ സങ്കീത്തനങ്ങളിലൂടെ അവർ ദൈവത്തിൻെറ മഹൽകൃത്യങ്ങരം അനുസ്മരിക്കയും ''പുനജ്ജീവിപ്പിക്കയും'' ചെയ്തു. ഇസ്രായേലിൻെറ ചരിത്രത്തിൽ ദൈവം പ്രവത്തിച്ചിട്ടുള്ള അത്ഭുതകൃത്യങ്ങളെപ്പററി പാടുമ്പോരം, അവ പുനരവതരിപ്പിക്കപ്പെടുന്നതായും, തങ്ങരം അതിൽ ഭാഗഭാഗക്കുകളാവുന്നതായും വിശ്വാസികരംക്കു അനുഭവപ്പെട്ടു. സീനായിൽ യാഹ്‌വെ പ്രത്യക്ഷപ്പെടുന്നതിനെ വണ്ണിക്കുമ്പോരം ആ ദൈവീകസാന്നിദ്ധ്യം തങ്ങരം നേരിട്ട് അനുഭവിക്കുന്നതാ

www.malankaralibrary.com

യി അവർ വിശ്വസിച്ചു.[1] അങ്ങനെ തങ്ങളും തങ്ങളുടെ വസരത്തിൽ ദൈവത്താൽ രക്ഷിക്കപ്പെടുന്നതായി അവർ വിശ്വസിച്ചു. ഇങ്ങനെ ദൈവവുമായി തികച്ചും വ്യക്തിഗതവും പ്രത്യക്ഷവുമായ സമ്പർക്കത്തിൽ ഏർപ്പെടാൻ ഈ ഗാനങ്ങൾ അവരെ സഹായിച്ചു. ഒരുവിധത്തിൽ ഇതിനെ നമ്മുടെ കൂദാശകളുമായി താരതമ്യപ്പെടുത്താമെന്നു തോന്നുന്നു. ക്രിസ്തു നമുക്കായി സംസ്ഥാപിച്ച രക്ഷ, നൂററാണ്ടുകൾക്കുശേഷം കൂദാശകളിലൂടെ ഓരോ വ്യക്തിയിലും സാധിതമാവുന്നു. നാമിന്നു് ആ 'രഹസ്യങ്ങ'ളിലൂടെ ജീവിക്കുകയാണു്. ഏതാണ്ടതുപോലെ പൂർവ്വീകർ നേടിയ രക്ഷയും അനുഗ്രഹങ്ങളും, അവയെ സജീവമായി അനുസ്മരിക്കുന്ന വ്യക്തികൾ യാഹ്വെയിൽനിന്നു നേരിട്ടു സ്വീകരിച്ചിരുന്നു. അവർ അറിയാതെതന്നെ 'ഇന്നു്' 'നമ്മെ' 'നമ്മൾ' മുതലായ പ്രയോഗങ്ങൾ ചരിത്ര വിവരണത്തിൽ കടന്നുകൂടുന്നതു് ഈ ഓർമ്മയുടെ തള്ളൽകൊണ്ടാണു്.

ആരാധനക്രമത്തിലൂടെ ദൈവം തൻെറ ഉടമ്പടിയും വാഗ്ദാനങ്ങളും അനുദിനം നവീകരിച്ചിരുന്നു; തങ്ങളുടെ കർത്തവ്യത്തെപ്പററി അതു് അവരെ അനുസ്മരിപ്പിച്ചു. യാഹ്വേയോടു തങ്ങൾക്കുള്ള അവഗാഢമായ ബന്ധത്തിൽനിന്നു പ്രചോദനമുൾക്കൊണ്ടു് അവർ പാടി, സ്തുതിക്കാനും യാചിക്കാനും നന്ദിയേകാനും. ഇങ്ങനെ മിക്ക സങ്കീർത്തനങ്ങളും ദൈവാരാധനയുടെ പശ്ചാത്തലത്തിലാണു് ഉയിർക്കൊണ്ടതു്. അനുദിന ദേവാലയ കർമ്മങ്ങൾ, തിരുനാളുകൾ, തീർത്ഥാടനങ്ങൾ, ബലികൾ എന്നിവയുടെ സമയത്തു് ആലപിക്കാനായി രാജാവോ, പ്രവാചകനോ, പുരോഹിതനോ, കവിയോ സാധാരണ ഭക്തരോ

---

1 ഒരുപക്ഷേ ദേവാലയത്തിലെ അന്തരീക്ഷവും ഇതിനു സഹായിച്ചിരിക്കാം. ധൂപപടലം മേഘത്തേയും വാദ്യഘോഷം ഇടിമുഴക്കത്തേയും, വായിക്കപ്പെടുന്ന ദൈവവചനം യാഹ്വെയുടെ അരുളപ്പാടിനേയും ചുററുമുള്ള ജനം സീനായിലെ ഇസ്രായേൽ സമൂഹത്തേയും അനുസ്മരിപ്പിച്ചിരിക്കാം.

www.malankaralibrary.com

രചിച്ച ഗാനങ്ങളാണു് സങ്കീർത്തനങ്ങൾ. അവയിൽ നല്ലൊരു പങ്കു് തികച്ചും സ്വാഭാവികമായി പൊന്തിവന്ന നിമിഷകവിതകളാണു്. ക്രമേണ മററുള്ളവർ അതു് ഉപയോഗിക്കുകയും പരമ്പരാഗതമായ ഗാനശേഖരത്തിൽ ചേർക്കുകയും ചെയ്തു. ഓരോ അവസരത്തിനും അനുയോജ്യമായ ഗാനങ്ങൾക്കു് പ്രമേയത്തിലും ഘടനയിലും ചില പൊതുസ്വഭാവവിശേഷങ്ങൾ ഉണ്ടായിരുന്നു. അവ കാലക്രമേണ ആ വിഭാഗത്തിൻെറ ചട്ടക്കൂടായിമാറുന്നു. പിന്നീടു രചിക്കപ്പെടുന്ന ഗാനങ്ങളെല്ലാം ആ മാതൃകയിൽ വേണമെന്ന നിബന്ധന പ്രാബല്യത്തിൽ വരികയും ചെയ്തു.[1]

ആരാധനക്രമത്തിലല്ലാതെ ജനിച്ച സ്വകാര്യ സങ്കീർത്തനങ്ങളും ഇല്ലാതില്ല. വ്യക്തികളുടെ[2] അർത്ഥനാഗാനങ്ങളാണു് ഇവയിൽ പ്രധാനം. ജീവിതദുഃഖങ്ങളും ദുരിതങ്ങളുമേററു് മനംപൊട്ടിയ വ്യക്തികൾ, തങ്ങളുടെ വേദനകൾക്കും കൃതജ്ഞതാവികാരങ്ങൾക്കും ഗാനത്തിലൂടെ രൂപമേകി. അതു കേൾക്കാനിടയായവർ അതിൻെറ കാവ്യസൗന്ദര്യത്തിലും ആശയപൗഷ്കല്യത്തിലും ആകൃഷ്ടരായി അതേററു വാങ്ങി ഉപയോഗിച്ചു തുടങ്ങി. ഏറെത്താമസിയാതെ ദേവാലയ ഗായകസംഘം അതു സ്വീകരിച്ചു് പൊതു ഉപയോഗത്തിനു വേണ്ട ഭേദഗതികളോടെ ഔദ്യോഗിക ഗാനശേഖരത്തിൽ ചേർക്കുകയും ചെയ്തു.[3]

---

1 ഉദാഹരണമായി, സ്തുതിഗീതങ്ങൾക്കെല്ലാം ആമുഖം (സ്തുതിനിർദ്ദേശം), ദൈവമഹത്വവർണ്ണന, മുതലായ നിശ്ചിതഘടകങ്ങൾ വേണമെന്ന നിർബ്ബന്ധമുണ്ടായിരുന്നു.

2 എല്ലാ സങ്കീർത്തനങ്ങൾക്കും ദൈവാരാധനാപശ്ചാത്തലം ഉണ്ടെന്നു ശഠിക്കുക അതിശയോക്തിയാണു്. അവയിൽ ഭൂരിഭാഗത്തിനും ഉണ്ടെന്നുമാത്രം. ഓരോ സാഹിത്യരൂപത്തിലുംപെട്ട ഗാനങ്ങളെപ്പററി ആരാധനാപശ്ചാത്തലത്തിൽ പ്രതിപാദിക്കുന്നതുകൊണ്ടു് അതിൽപ്പെട്ട സങ്കീർത്തനങ്ങൾക്കെല്ലാം ഈ പശ്ചാത്തലമുണ്ടെന്നു് തെററിധരിക്കരുതു്. ആരാധനയുമായി ബന്ധപ്പെട്ടവയെപ്പററി പഠിക്കുമ്പോൾ, ബന്ധപ്പെടാത്തവയെപ്പററിക്കൂടി പരാമർശിക്കുന്നതു സൗകര്യാർത്ഥമാണു്.

3 ഉദാഹരണത്തിനു് 51, 69, 30 എന്നിവ കാണുക.

www.malankaralibrary.com

അങ്ങനെയാണ് അവ ബൈബിളിൽ സ്ഥാനം പിടി ക്കുക.

കാലക്രമേണ സങ്കീർത്തന രചയിതാക്കൾ ആരാ ധനക്രമത്തിൽ അധിഷ്ഠിതമായ പരമ്പരാഗത സമ്പ്രദാ യം വിട്ട് പുത്തൻ സങ്കേതങ്ങൾ പരീക്ഷിക്കാൻതുടങ്ങി. പല സാഹിത്യരൂപങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയ സങ്കീ ർത്തനങ്ങൾ (118), പ്രവചന സങ്കീർത്തനങ്ങൾ, ജ്ഞാനോ പദേശ സങ്കീർത്തനങ്ങൾ, 'അകാരാദി' സങ്കീർത്തനങ്ങൾ എന്നിവ അത്തരം കൃതികളാണ്. ഭക്തിയേക്കാൾ അ ർത്ഥത്തിനും കാവ്യശില്പത്തിനും മുൻതൂക്കം നൽകുന്ന സാ രോപദേശ സങ്കീർത്തനങ്ങളിൽ, ആരാധനാ പശ്ചാത്തലം അത്ര വ്യക്തമല്ലല്ലൊ. അവ ഈ കാലഘട്ടത്തിൽ രചിക്ക പ്പെട്ടവയാണ്. പ്രവാചകന്മാരുടേയും വിജ്ഞാനികളുടേ യും സ്വാധീനം പല സങ്കീർത്തനങ്ങളിലും പ്രകടമാണ്.

വിവിധ വിഭാഗങ്ങളിൽപ്പെട്ട സങ്കീർത്തനങ്ങൾ ഏ വയെന്ന് തിരിച്ചറിയാൻ ഗ്രുങ്കൽ മൂന്നു ലക്ഷണങ്ങൾ നി ർദ്ദേശിക്കുന്നു:

1) ഒരേ ജീവിതസാഹചര്യത്തിൽനിന്നും ആരാധ നക്രമപശ്ചാത്തലത്തിൽനിന്നും ജനിച്ചവളന്നവയും,

2) ആശയത്തിലും (ഉള്ളടക്കം) ഭാവത്തിലും സാമ്യമു ള്ളവയും,

3) രചനയിലും ഘടനയിലുമുള്ള സാമ്യമുള്ളവയും, ഒരേ വിഭാഗത്തിൽപെടുന്നു. ഉദാഹരണമായി കൃതജ്ഞതാ ഗാനങ്ങളെല്ലാംതന്നെ ദേവാലയത്തിൽ വച്ചുനടക്കുന്ന കൃതജ്ഞതാചടങ്ങിൻെറ പശ്ചാത്തലമുള്ളവയാണ്. അ വയുടെ ഉള്ളടക്കം ഒന്നുതന്നെ (ദൈവവിശ്വാസം, കൃതജ്ഞത, സ്തുതി). ഘടനയിലും രചനാ രീതി യിലും നിശ്ചിത രൂപം കാണാം. (പ്രഖ്യാപനം, സ്തുതിക്കാൻ ക്ഷണം, ദുരന്തവിവരണം, ദൈവസഹായ ത്തിൻെറ കഥ, നന്ദിപ്രകടനം, ശ്രോതാക്കൾക്കുള്ള ഉപദേ ശം). സ്തുതിഗീതങ്ങൾ, അർത്ഥനാഗാനങ്ങൾ, കൃതജ്ഞ താസ്തോത്രങ്ങൾ, തീർത്ഥകഗാനങ്ങൾ, യാഹ്വെയുടെ

www.malankaralibrary.com

രാജത്വഗീതങ്ങൾ, രാജകീയ കീർത്തനങ്ങൾ, എന്നീ ആറു മുഖ്യഗണങ്ങളായിട്ടാണ് നാം ഇവയെ വിഭജിക്കുക.[1] ഓരോന്നിന്റേയും സാമൂഹ്യ സാംസ്കാരിക മത പശ്ചാത്തലം, രചനാരീതി (ഘടന), ക്രിസ്തീയ മൂല്യം, പ്രമുഖ ചിന്താവിഷയങ്ങൾ എന്നിവയെ വിശകലനം ചെയ്യാൻ ശ്രമിക്കാം. അപ്പോൾ നീണ്ട വ്യാഖ്യാനങ്ങൾ കൂടാതെതന്നെ ഏതു സങ്കീർത്തനത്തെയും എളുപ്പം മനസ്സിലാക്കാനാവും. അതുതന്നെയാണ് ഗ്രന്ഥകലിന്റെ സമ്പ്രദായത്തിന്റെ ഏററവും വലിയ സവിശേഷതയും.

---

1 ജെറുസലേം ബൈബിളിൽ, സ്തോത്രങ്ങൾ, പ്രാർത്ഥനകൾ (അർത്ഥന, പ്രതീക്ഷ, നന്ദി) സാരോപദേശഗാനങ്ങൾ പ്രവാചകസങ്കീർത്തനങ്ങൾ, അവസാനകാലങ്ങളെപ്പററിയുള്ള (eschato logical) ഗാനങ്ങൾ, (യാഹ്വെയുടെ രാജത്വം, സീയോന്റെ സ്തുതികൾ, മെസയാനിക സങ്കീർത്തനങ്ങൾ.) എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. Les Psaumes: Pp. 59-61. അർത്ഥന, ശരണം, നന്ദി, സാരോപദേശം, പ്രവചനപരം എന്നീ വിഭാഗങ്ങളാണ്, കിസനേ നിർദ്ദേശിക്കുക. Kissane, Op. cit. Vol I Pp Xii ff.

www.malankaralibrary.com

# III
# സങ്കീർത്തനങ്ങൾ: ക്രീസ്തീയഗീതങ്ങൾ.[1]

ക്രൈസ്തവമതഗ്രന്ഥമായ ബൈബിളിൽ സങ്കീത്തനങ്ങൾക്ക പ്രമുഖസ്ഥാനമുണ്ടു്. ആരാധനക്രമത്തിലുടനീളം, വിശിഷ്യ, ദിവ്യബലിയിൽ അവയെ നിർലോഭം ഉപയോഗിക്കുന്നു. സഭയുടെ ഔദ്യോഗിക പ്രാത്ഥനയായ കാനോനാ നമസ്കാരത്തിൻെറ കാതലായ ഭാഗം ഈ ഗാനങ്ങളാണു്. ഇത്രയേറെ പ്രാധാന്യവും പ്രാമാണ്യവും ഈ പ്രാചീനഗീതങ്ങൾ അർഹിക്കുന്നുണ്ടോ എന്നു പലരും സംശയിച്ചേക്കാം; അത്തരമൊരു സന്ദേഹം ന്യായയുക്തംതന്നെ. നൂററാണ്ടുകൾക്കുമുമ്പു മരിച്ചു മണ്ണടിഞ്ഞ ഏതാനും യഹൂദർ രചിച്ച ഗാനങ്ങളെക്കാൾ എത്രയോ അത്ഥസമ്പുഷ്ടിയും കാവ്യഭംഗിയുമുള്ള ഗാനങ്ങൾ ക്രൈസ്തവർ രചിച്ചിരിക്കുന്നു. എന്നിട്ടുമെന്ത്യേ സഭ സങ്കീത്തനങ്ങളെ ഇത്ര വിലമതിക്കാൻ? ക്രൈസ്തവജനവുമായി ഈ ഗാനങ്ങൾക്കുള്ള അവഗാഢബന്ധം മനസ്സിലാക്കുന്നതുവരെ ഇത്തരം ചോദ്യങ്ങൾ പൊന്തിവരാതിരിക്കില്ല.

## കാലഹരണപ്പെട്ട പ്രാർത്ഥനകൾ?

സങ്കീത്തനഗ്രന്ഥം കൈയിലെടുക്കുന്ന ക്രൈസ്തവക്കു് പലേ കാരണങ്ങൾകൊണ്ടു് അതുമായി ഇണങ്ങിച്ചേരാൻ തെല്ലൊരു വൈഷമ്യം നേരിടാറുണ്ടു്. ശതാബ്ദങ്ങൾക്കപ്പുറം പിറന്നുവളന്ന ആ ഗാനങ്ങൾ കാലഹരണപ്പെട്ടവയല്ലേ എന്ന സംശയമാണു് ആദ്യം. നമുക്കു് അപ

1 A. Gelin: Psalms are our Prayers. CH. 4
Osterley: Op. cit. Vol I Pp. 94 ff, 106 ff.

www.malankaralibrary.com

രിചിതവും അഗ്രാഹ്യവുമായ പദപ്രയോഗങ്ങൾ ധാരാളം. (ഉദാ: നീതിമാന്റെ കൊമ്പ്, അനുഗ്രഹത്തിന്റെ പാനപാത്രം, എണ്ണയൊലിക്കുന്ന താടി.) സത്യം, നീതി, സമാധാനം, അരൂപി, ആത്മാവ്, മഹത്വം, പാതാളം എന്നിങ്ങനെ ചിരപരിചിതമായ പദങ്ങൾക്ക് ഇസ്രായേൽ നൽകുന്ന വിചിത്രമായ അർത്ഥങ്ങൾ നമ്മെ കുഴയ്ക്കും. മൂലകൃതിയുടെ പല ഭാഗങ്ങളും പകർത്തിയെഴുത്തുകാരുടെ അശ്രദ്ധമൂലം വികലമായിരിക്കുന്നു; തന്മൂലം ചിലേടത്ത് അർത്ഥം വ്യക്തമല്ല. വിവിധ കയ്യെഴുത്തുപ്രതികളും വിവർത്തനങ്ങളും തമ്മിൽ അമ്പരപ്പിക്കുന്ന വിത്യാസമുള്ളതിനാൽ ശരിരൂപം ഏതെന്നു നിർണ്ണയിക്കാനാവില്ല. പല വിവർത്തനങ്ങളും മൂലകൃതിയുടെ സൗന്ദര്യം ചോർത്തിക്കളഞ്ഞിരിക്കുന്നു.

പല ഗാനങ്ങളുടേയും പശ്ചാത്തലം പിടികിട്ടാത്തതിനാൽ അർത്ഥം ഗ്രഹിക്കുക വളരെ പ്രയാസമാണ്. ചരിത്ര വസ്തുതകൾ ഉൾക്കൊള്ളുന്നവയിൽത്തന്നെ സംഭവങ്ങളുടെ പരസ്പരബന്ധവും ക്രമവും താറുമാറായിരിക്കുന്നു. തന്മൂലം അവയെ നന്നായി മനസ്സിലാക്കാനാവില്ല.

ഇതിനേക്കാളുമേറെ അസ്വീകാര്യമാണ്, അവ കാഴ്ചവയ്ക്കുന്ന കാലഹരണപ്പെട്ട ഭക്തിയും ആരാധനക്രമ പശ്ചാത്തലവും. 'ഞാൻ' എന്നാരംഭിക്കുന്ന പ്രാർത്ഥനകൾ 'നമ്മൾ' 'ഞങ്ങൾ' എന്നായി മാറുന്നതു കാണുമ്പോൾ അതിനു കാരണമറിയാതെ നാം അതിശയിച്ചുപോവും. ഇസ്രായേൽക്കാരന്റെ സമൂഹാവബോധം പ്രാർത്ഥനയിലും കതിരിട്ടു നില്ക്കുകയാണെന്നു നമുക്കറിയില്ല. ദൈവജനത്തിന്റെ ഭാഗമെന്ന നിലയിലാണ് അയാൾ പ്രാർത്ഥിക്കുക. സ്വകാര്യപ്രാർത്ഥനയ്ക്കും വ്യക്തിഗതഭക്തിക്കും അമിതപ്രാധാന്യം കല്പിക്കുന്ന നമുക്ക് ഈ പ്രാർത്ഥനകൾ രുചിച്ചെന്നു വരില്ല. സങ്കീർത്തനങ്ങളിലെ സ്തുതികളും വർണ്ണനകളിലുമൊക്കെ കൃത്രിമത്വം ചുവയ്ക്കുന്നതായും അനുഭവപ്പെടാം. ഈ പ്രപഞ്ചത്തിനപ്പുറത്തേയ്ക്ക് അവ കണ്ണുയയ്ക്കുന്നില്ല എന്നതാണു മറ്റൊരു പരാധീനത. ഐഹിക

www.malankaralibrary.com

സുഖസമൃദ്ധിയും ഭൗതികാനുഗ്രഹങ്ങളുമാണ് അവ തേടുക. ആദ്ധ്യാത്മികതലത്തിലേയ്ക്ക് പറന്നുയരാൻ അവയ്ക്കു മിക്കപ്പോഴും കഴിയുന്നില്ല. ക്രൈസ്തവരായ നമുക്ക് ഇത് അംഗീകരിക്കാനാവില്ല. ഇതിലും അക്ഷന്തവ്യം അവ ഉൾക്കൊള്ളുന്ന പകയും വിദ്വേഷവുമാണ്. ശത്രുക്കൾക്കു നാശം വരുത്താൻ പ്രാർത്ഥിക്കയും അവരെ ശപിക്കയും ചെയ്യുന്ന 'പ്രാർത്ഥനകളുടെ' ധാർമ്മികതയുമായി നാം എങ്ങനെ പൊരുത്തപ്പെടും? ഇത്തരം നിരവധി ചോദ്യങ്ങൾ നമ്മുടെ മുമ്പിൽ ഉയരുക സ്വാഭാവികമാണ്.

## പഴയനിയമവും ക്രിസ്തുവും

ഈ പ്രശ്നങ്ങൾക്കെല്ലാം ഉത്തരം ക്രിസ്തുവാണ്. പഴയനിയമത്തിന്റേയും പുതിയനിയമത്തിന്റേയും പരസ്പരബന്ധം മനസ്സിലാവുമ്പോൾ ഇവ താനേ കൊഴിഞ്ഞു വീഴുന്നു. ദൈവം മാനവരക്ഷയ്ക്കായി തയ്യാറാക്കിയ പദ്ധതി മന്ദഗതിയിലുള്ള ഒന്നായിരുന്നു. രാജ്യരാമാനം എബ്രഹാമിനേയും സന്തതികളേയും ക്രൈസ്തവനിലവാരത്തിലേയ്ക്ക് ഉയർത്താനല്ല അവിടുന്നു തിരുമനസ്സായത്. സുദീർഘമായ പരിണാമത്തിലൂടെ അവർ സ്വയം ഉയർത്തിക്കൊണ്ടു വരണമെന്നാണ് ദൈവഹിതം. വിഗ്രഹാരാധനയുടേയും അസാന്മാർഗ്ഗികതയുടേയും ചെളിക്കുണ്ടിൽ നിന്നു് അവിടുന്നു് അവരെ മെല്ലെ കൈകൊടുത്തു് ഉയർത്തി; അവരുടെ ആദ്ധ്യാത്മിക വളർച്ചയനുസരിച്ചു ഭക്ഷണം നല്കി. ഭൗതികസാമ്രാജ്യത്തിനു വേണ്ടിയുള്ള അവരുടെ ദാഹം ഇല്ലാതാക്കിയശേഷം, ആത്മീയമായ വിമോചനത്തിനുള്ള തൃഷ്ണ പകന്നു. കാലത്തിന്റെ പൂർണ്ണതയിൽ ഇസ്രായേലാകുന്ന ചെടി പുഷ്പിച്ചു. അതിന്റെ ഏക കുസുമം ക്രിസ്തുവായിരുന്നു. അവിടുന്നു നിയമത്തെ പൂർണ്ണതയിലെത്തിക്കയും ദൈവജനത്തെ അനുയോജ്യമായ ആദ്ധ്യാത്മിക നിലവാരത്തിൽ പ്രതിഷ്ഠിക്കയും ചെയ്തു. അവിടുന്നു നല്കിയ രക്ഷയുടെ പതാകയുമായി രക്ഷിക്കപ്പെട്ട ജനം സ്വർഗ്ഗത്തെ ലക്ഷ്യമാക്കി നീങ്ങുക

www.malankaralibrary.com

യാണു്. ഇങ്ങനെ മൂന്നു ഘട്ടങ്ങളാണു് രക്ഷാചരിത്രത്തിനുള്ളതു്:—ക്രിസ്തുവിനു മുമ്പു്, ക്രിസ്തുവിൽ, ക്രിസ്തുവിനു ശേഷം.

പഴയനിയമം ക്രിസ്തുവിനായി വഴിയൊരുക്കുന്നു. അതിൻെറ ഏകലക്ഷ്യം അവിടത്തേക്കു ജന്മമേകുകയാണു്. പറുദീസയിൽ ദൈവം വിതച്ച വാഗ്ദാനത്തിൻെറ വിത്തു പൊട്ടിമുളച്ച ചെടിയാണു പഴയനിയമം; ക്രിസ്തു അതിൻെറ ഏകപുഷ്പവും. അതിൻെറ പരാഗത്തിൽനിന്നു പൊട്ടിമുളച്ചതാണു് ദൈവജനമായ സഭ. അങ്ങനെ ക്രിസ്തുവിൻെറ പൂർവ്വകാല ചരിത്രമാണു് പഴയനിയമം; അതിൻെറ സത്തും സംഗ്രഹവുമെന്നനിലയിൽ സങ്കീർത്തനങ്ങളും. സങ്കീർത്തനങ്ങളിൽ പൊട്ടിമുളച്ച വിശ്വാസങ്ങൾ ക്രിസ്തുവിൽ ഫലമണിയുന്നു. തന്മൂലം സങ്കീർത്തനങ്ങൾ വായിക്കുമ്പോൾ, പഴയനിയമകാലത്തു് അവയ്ക്കുണ്ടായിരുന്ന അക്ഷരാർത്ഥം മാത്രം തേടിയാൽ പോരാ: അവ ക്രിസ്തുവിൽ എങ്ങനെ പൂർണ്ണതയിലെത്തുന്നെന്നും, ക്രിസ്തുവിലൂടെ നമ്മിൽ എങ്ങനെ അന്വർത്ഥമാകുന്നെന്നും പരിശോധിച്ചേ മതിയാവൂ. കാരണം അവ നമ്മുടെ പൂർവ്വചരിത്രം കൂടിയാണു്. നാം ജീവിക്കുന്ന സഭയും, സങ്കീർത്തനങ്ങൾക്കു ജന്മമേകിയ ഇസ്രായേലും ദൈവജനംതന്നെ. പൂർവ്വപിതാക്കന്മാരുടെ കാലത്തു സമാരംഭിച്ച ദൈവ—മനുഷ്യസമ്പക്കം പൂർണ്ണത പ്രാപിക്കുക ക്രിസ്തു മനുഷ്യവർഗ്ഗത്തിൻെറ സ്വന്തമായതോടെയാണു്. രക്ഷയുടെ ഈ മഹാരഹസ്യത്തെ എത്രയേറെ മനസ്സിലാക്കുന്നുവോ, അത്രയുംകൂടി സങ്കീർത്തനങ്ങൾക്കു നമ്മോടുള്ള ബന്ധവും അവയുടെ ക്രിസ്തീയമൂല്യവും വ്യക്തമാവും.

## ക്രിസ്തുവിൻെറ പ്രാർത്ഥനകൾ

ക്രിസ്തുവിൻെറ പ്രാത്ഥനകളെന്ന നിലയിൽ സങ്കീർത്തനങ്ങൾക്കു ക്രിസ്തീയമൂല്യം അവകാശപ്പെടാനാവും. ഏതൊരു യഹൂദനേയുംപോലെ യേശുവും അവയെ സ്വകാര്യപ്രാർത്ഥനയ്ക്കും പൊതുപ്രാത്ഥനകൾക്കും ഉപയോഗി

www.malankaralibrary.com

ച്ചിരുന്നു. നസ്രസിലെ ഭവനത്തിൽ ബാലനായ യേശുവിനെ മടിയിലിരുത്തി, ദിവ്യജനനി ആ സുന്ദരഗാനങ്ങളുടെ ഇമ്പമുള്ള ഈരടികൾ ചൊല്ലിക്കൊടുത്തിട്ടുണ്ടാവും. തിരുക്കുടുംബപ്രാർത്ഥനകളിലും, തീർത്ഥാടനങ്ങളിലും ദേവാലയകർമ്മങ്ങളിലും അവിടന്ന് സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. സിനഗോഗു ശുശ്രൂഷകളുടെ അവസരത്തിലും രാത്രിയിലെ ഏകാന്തപ്രാർത്ഥനകളിലും ഉപയോഗിക്കപ്പെട്ടിരുന്നതും ഈ ഗാനങ്ങൾതന്നെ.

സങ്കീർത്തനങ്ങളുമായി ക്രിസ്തുവിനുണ്ടായിരുന്ന ഈ ചിരപരിചയം അവിടത്തെ വാക്കുകളിൽനിന്നു പ്രസ്പഷ്ടമാണ്. അവിടന്നു സങ്കീർത്തനശകലങ്ങൾ ധാരാളമായി ഉദ്ധരിച്ചിരുന്നു.[1] അതിനു പുറമെ സങ്കീർത്തനങ്ങളിലെ പ്രത്യേക പദപ്രയോഗങ്ങൾ എത്ര തവണ ഉപയോഗിച്ചിരിക്കുന്നു എന്നു നിർണ്ണയിക്കുക പ്രയാസം.[2]

അവസാനത്തെ അത്താഴത്തിൽവച്ച് യൂദാസിൻെറ വഞ്ചന അവിടത്തേ ചുണ്ടിൽനിന്നും ഉയർത്തിയതു് മർദ്ദിതനായ നിരപരാധിയുടെ പ്രാർത്ഥനയാണ്: ''എൻെറ അപ്പം ഭക്ഷിച്ചവൻ എനിക്കെതിരായി കുതികാൽ ഉയർത്തി'' (യോഹ: 13/18; സങ്കീ: 41/9). ഗത്സമനിയിലെ കദനത്തിൻെറ ആഴമളന്നു കാട്ടുന്നതു് 42-ാം സങ്കീർത്തനത്തിലെ ഒരു കൊച്ചുവാചകമാണ്: ''എൻെറ അത്മാവ്

1 സുവിശേഷങ്ങളിൽ കാണുന്ന പ്രകാരം ക്രിസ്തു പഴയനിയമത്തെ പ്രത്യക്ഷമായി (അതായതു് ''വി. ഗ്രന്ഥം പറയുന്നു'' എന്ന പ്രയോഗത്തോടെ) 30 തവണയും പരോക്ഷമായി (ഉദ്ധൃതവാക്യം എവിടെനിന്നാണെന്നു പറയാതെ) 47 തവണയും ഉദ്ധരിക്കുന്നു: പഞ്ചഗ്രന്ഥി (19+14) ഐസയാസ് (5+8) സങ്കീർത്തനങ്ങൾ (3+17) ദാനിയൽ (1+6) സക്കറിയാ (2+3). സങ്കീർത്തനങ്ങൾക്ക മൂന്നാം സ്ഥാനമുണ്ടെന്നതു് ശ്രദ്ധേയമാണ്. പഞ്ചഗ്രന്ഥിയും ഐസയാസും വളരെയേറെ പ്രചാരത്തിലിരുന്ന ഗ്രന്ഥങ്ങളാണെന്ന വസ്തുത കണക്കിലെടുത്താൽ, സങ്കീർത്തനങ്ങളുടെ സ്ഥാനം അസൂയാവഹംതന്നെ.

2. A. George–in 'A la Contre de Dieu:' Memorial Albert Gelin. Le Puy, Lyon 1961. Pp. 298–308.

www.malankaralibrary.com

മരണകരമായ ദു:ഖത്തിൽ ആണ്ടുപോയിരിക്കുന്നു.'' (മത്താ: 26/38, മക്കോ: 14/34). അവസാനമായി, കുരിശിൽ തൂങ്ങിക്കിടക്കുമ്പോഴം, അവിടത്തെ ഹൃദയസ്പൃശിയായ വാക്കുകളും സങ്കീർത്തനങ്ങളിൽ നിന്നാണു്. ''എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടു് അങ്ങെന്നെ കൈവെടിഞ്ഞു?'' (22/1). ''അങ്ങയുടെ കൈകളിൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു.'' (31/5). ഒരു വ്യക്തിയുടെ ജീവിതത്തിലെ നിർണ്ണായക നിമിഷത്തിൽ അയാളുടെ നാവിൽ തികട്ടിവരിക ഏററവും പരിചിതമായ പ്രാർത്ഥനയാവുമല്ലോ.

## ക്രിസ്തുവിനേക്കുറിച്ചുള്ള പ്രാർത്ഥനകൾ

പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ എഴുതപ്പെട്ടവയാണല്ലൊ സങ്കീർത്തനങ്ങളും. തന്മൂലം രചയിതാക്കൾ അറിയാതെതന്നെ, അവ ഉൾക്കൊള്ളുന്ന ഭാവിയിലെ രക്ഷകനെപ്പററിയുള്ള സൂചനകൾ, പില്ക്കാല വെളിപാടിന്റെ വെളിച്ചത്തിൽ നമുക്കു വ്യക്തമാകുന്നു. ഉത്ഥാനശേഷം ക്രിസ്തു ശിഷ്യരോടു ചോദിച്ചു: ''എന്നെപ്പററി മോശ എഴുതിയിരിക്കുന്നതും, പ്രവാചകന്മാരുടെ ദീർഘദർശനങ്ങളും, സങ്കീർത്തനങ്ങളുമെല്ലാം നിറവേറേണ്ടിയിരിക്കുന്നു എന്നു് നിങ്ങളോടുകൂടെ ഇരുന്നപ്പോൾത്തന്നെ ഞാൻ പ്രവചിച്ചിട്ടുള്ളതല്ലേ?'' (ലൂക്കാ: 24/46) എന്നു്. ഇതിനർത്ഥം പ്രവചനങ്ങളെപ്പോലെതന്നെ സങ്കീർത്തനങ്ങളും അവിടത്തേപ്പററി സംസാരിക്കുന്നു എന്നാണല്ലോ.

ക്രിസ്തുനാഥൻതന്നെ, താനാരെന്നും, തന്റെ ദൗത്യം എന്തെന്നും വിവരിക്കുവാൻ സങ്കീർത്തനങ്ങൾ ഉദ്ധരിക്കുന്നു. ഫരിസേയരുമായുള്ള വാദപ്രതിവാദത്തിൽ 110-ാം സങ്കീർത്തനമുദ്ധരിച്ചു്, വിശകലനം ചെയ്തു്, താൻ എങ്ങനെ ദാവീദിന്റെ കർത്താവാണെന്നു് അവിടന്നു കാണിക്കുന്നു (മത്താ: 22/41-46). 'പണിക്കാർ ഉപേക്ഷിച്ച കല്ലു് മൂലക്കല്ലായിത്തീർന്നു'' (മത്താ: 21/42; സങ്കീ: 118/22.) എന്ന വാക്യവും അവിടന്നു് തന്നെപ്പററി

www.malankaralibrary.com

ഉദ്ധരിക്കുന്നു. ഓശാന ഞായറാഴ്ച 'ദൈവനാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ' എന്ന സങ്കീർത്തനവാക്യം പാടി തന്നെ സ്തുതിച്ച ബാലന്മാരെ ക്രിസ്തു നീതീകരിച്ചു (മത്താ: 23/39; സങ്കീ. 118/26.). വിചാരണവേളയിൽ തൻെറ ദൈവികതത്വത്തെപ്പററി മഹാപുരോഹിതനോടു പറയുന്നതും 110—ാം സങ്കീർത്തനത്തെ പരാമർശിച്ചാണ് (മത്താ: 26/64; സങ്കീ 110/1).

സങ്കീർത്തനങ്ങൾ ക്രിസ്തുവിൽ നിറവേറി എന്നു മനസ്സിലാക്കിയ സുവിശേഷകർ അതെങ്ങനെയെന്നു ചൂണ്ടിക്കാണിക്കുന്നു. ''നിൻെറ ഭവനത്തിന്മേലുള്ള ശുഷ്കാന്തി എന്നെ ഗ്രസിച്ചുകളഞ്ഞു'' എന്ന സങ്കീർത്തനശകലം ക്രിസ്തുവിൽ നിറവേറിയതായി അവർ പ്രസ്താവിക്കുന്നു. (സങ്കീ. 69/9 യോഹ: 2/17). അവിടുന്നു കുരിശിൽ തൂങ്ങുമ്പോൾ ജനം പരിഹസിക്കുന്നതും (22/7, 18) ഭടന്മാർ വസ്ത്രങ്ങൾക്കു ചിട്ടിയിട്ടു ഭാഗിക്കുന്നതും, (22/18) കുടിക്കാൻ ചൊറുക്കാ നൽകുന്നതും (69/21) സങ്കീത്തനങ്ങൾ നിറവേറാനാണെന്ന് അവർ സ്ഥാപിക്കുന്നു. പത്രോസ് ശ്ലീഹാ (നട:2/27) 15—ാം സങ്കീത്തനമുദ്ധരിച്ച് ക്രിസ്തുവിൻെറ ഉയിപ്പിനെപ്പററി പ്രസംഗിക്കയും ചെയ്തു. വി: പൗലോസിൻെറ ലേഖനങ്ങളിൽ, സങ്കീത്തനങ്ങൾ എങ്ങനെ ക്രിസ്തുവിൽ നിറവേറിയെന്നു സൂചിപ്പിക്കുന്നുണ്ട്.[1]

## ക്രിസ്തുവിനോടുള്ള പ്രാർത്ഥനകൾ

ക്രിസ്തുവിനോടുള്ള പ്രാത്ഥനകൾക്കൂടിയാണു സങ്കീത്തനങ്ങൾ. ഓശാന ദിനത്തിൽ സങ്കീത്തന വാക്യം വഴി, തന്നെ പുകഴ്ത്തിയ യഹൂദ ബാലന്മാരുടെ പ്രവൃത്തിയെ ക്രിസ്തു മറെറാരു സങ്കീത്തന ശകലമുദ്ധരിച്ചു അംഗീകരിച്ചു:[2] ''കുഞ്ഞുങ്ങളുടേയും മുലകുടിക്കുന്നവരുടേയും അധരങ്ങളിൽനിന്നു നീ സ്തോത്രഗീതം മുഴക്കി'' എന്ന

1 എബ്രാ: 1/10, 1/13 റോമ: 15/11, 1 കോറി. 45/25...
2 സ്തുതിയും പ്രാർത്ഥനയാണല്ലോ.

www.malankaralibrary.com

ഈ വാക്യം ഉദ്ധരിച്ചതിൻെറ ലക്ഷ്യം സ്തുതി തനിക്കുള്ളതാണെന്നു് പ്രഖ്യാപിക്കുകയാണല്ലൊ. ആദിമസഭ ക്രിസ്തുവിനോടു പ്രാർത്ഥിക്കുമ്പോൾ സങ്കീർത്തനങ്ങൾ ഉപയോഗിച്ചിരുന്നു. ''ക്രിസ്ത്യാനികൾ ക്രിസ്തുവിനോടു്, ദൈവത്തോടെന്നപോലെ സ്തുതിഗീതങ്ങൾ ആലപിച്ചിരുന്ന''തായി പ്ലിനി, റോമൻ ചക്രവർത്തിക്കയച്ച കത്തിൽ കാണുന്നു. ഇവ സങ്കീർത്തനങ്ങളാണെന്നു് അനുമാനിക്കാം. എബ്രായർക്കുള്ള ലേഖനത്തിൽ ആരംഭത്തിൽ ഈ മനോഭാവത്തിൻെറ വ്യക്തമായ പ്രതിഫലനം കാണാം. 102—ാം സങ്കീർത്തനം, യാഹ്വേയ്ക്കു സമർപ്പിക്കുന്ന സ്തുതിവചസ്സുകൾ (25—26), ഈ ലേഖനം ക്രിസ്തുവിനു നൽകുന്നു (1/10—11.). ആദിമസഭയുടെ ഈ വിശിഷ്ട പാരമ്പര്യം നാമും തുടരണം. ക്രിസ്തുവിനോടു പ്രാർത്ഥിക്കുമ്പോൾ അവിടത്തെ ഇഷ്ടഗാനങ്ങൾ ഉപയോഗിക്കുക എത്ര അർത്ഥഗർഭമാണു്!

## പുനഃപാരായണം

പഴയനിയമത്തിൻെറ വിവിധ ഘട്ടങ്ങളിലും, ക്രിസ്തുവിലും, ക്രിസ്തുവിനുശേഷവും സങ്കീർത്തനങ്ങൾക്കു സിദ്ധിക്കുന്ന വിവിധ അർത്ഥങ്ങൾ കണ്ടുപിടിക്കുമ്പോൾ മാത്രമേ അവയെ വേണ്ടവിധം മനസ്സിലാക്കാനും ഉപയോഗിക്കാനുമാവൂ. ഇതിനു് 'പുനഃപാരായണം'[1] എന്നു പറയുന്നു.

ഏതാനും ഉദാഹരണങ്ങൾ ഇതു വ്യക്തമാക്കും.

22—ാം സങ്കീർത്തനം (1—27): ''എൻെറ ദൈവമേ, എൻെറ ദൈവമേ, എന്തുകൊണ്ടു് എന്നെ കൈവെടിഞ്ഞു?''

ഒന്നു്: ദുരിതമനുഭവിക്കുന്ന ഒരു സാധു മനുഷ്യൻ രചിച്ച ഹൃദയഭേദകമായ വിലാപഗാനമാണിതു്. തനിക്കു അനുഭവിക്കേണ്ടിവന്ന കാരാഗൃഹവാസവും (17—19),

1· Re-Reading (Re-Lecture) Fr. A. Gelin ആണു് ഈ സമ്പ്രദായത്തിൻെറ ഉപജ്ഞാതാവു്. cfr. A. Gelin. Sacra Pagina, I, 1959 Pp-313-315.

www.malankaralibrary.com

തന്മൂലം ഉണ്ടായ രോഗവും ക്ഷീണവും (15—16), ജനങ്ങളുടെ പരിഹാസവും (7—8) അയാൾ ഹൃദയവ്യഥയോടെ വിവരിക്കുന്നു. എന്നാൽ അയാൾ ദൈവത്തിൽ സുദൃഢമായ ശരണമർപ്പിക്കുകയും അനതിവിദൂരഭാവിയിലെ വിമോചനവും, തുടർന്നു താൻ ദേവാലയത്തിൽ ബലിയർപ്പിക്കുന്ന രംഗവും ഭാവനയിൽ കണ്ടു ചിത്രീകരിക്കുന്നു. രണ്ട്: സ്വകാര്യപ്രാർത്ഥനയ്ക്കായി അയാൾ രചിച്ച ഈ പ്രാർത്ഥനയുടെ വികാര തീവ്രതയും ആദ്ധ്യാത്മികസമ്പത്തും മററുള്ളവരെ ആകർഷിക്കുന്നു. അവരും അതുപയോഗിക്കുന്നു. കാലക്രമേണ പല ഭക്തരിലുംനിന്നു് അതു കേട്ട ദേവാലയഗായകസംഘം അതിനെ ഔദ്യോഗിക ഗാന സമാഹാരത്തിൽ ചേർത്തു. അതു് കൃതജ്ഞതാചടങ്ങുകൾക്കു് ഉപയോഗിക്കുന്ന ദേവാലയഗീതമായി മാറി. മൂന്നു്: (28 32). പ്രവാസശേഷം മെസയാനിക[1] പ്രതീക്ഷകൾ മൊട്ടിടുന്ന കാലഘട്ടത്തിൽ പ്രവാചകർ പീഡിതനായ മെസയാസിൻെറ ചിത്രം വരച്ചുകാട്ടുന്നു (ഏശയ്യാ 52—53). അവരുടെ സ്വാധീനവലയത്തിൽപ്പെട്ട ഭക്തന്മാർ ഈ സങ്കീർത്തനത്തെ ദുഖിതനായ മെസയാസിൻെറ ഗാനമായി കരുതുന്നു. 28—32 വാക്യങ്ങൾ അവർ ചേർക്കുന്നതാണു്. പീഡാസഹനത്തിനുശേഷം മെസയാസു് സ്ഥാപിക്കാൻ പോകുന്ന സാർവ്വത്രിക സാമ്രാജ്യത്തെപ്പററിയുള്ള വിവരണമാണതു്. ഈ നാലു വാക്യങ്ങൾ ആദ്യഭാഗവുമായി പൊരുത്തപ്പെടാത്തതിൻെറ കാരണമിതാണു്. നാലു്: ആ രക്ഷകൻ വന്നു. 21—ാം സങ്കീർത്തനം മെസയാസിൻെറ ഗാനമായി സമകാലീന യഹൂദർ കണക്കാക്കിയിരുന്ന വിവരം ക്രിസ്തുവിനു് അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണു് അവിടന്നു കുരിശിൽവച്ചു് അതാലപിക്കുക.[2] നിരാശയുടെ രോദനത്തെക്കാൾ താൻ ആരാണെന്നുള്ള പ്രഖ്യാപനമാണതു്. അവിടത്തെ ഉത്ഥാനം വഴി ആ സാർവ്വത്രിക സാമ്രാജ്യം സ്ഥാപിക്കപ്പെട്ടു. അഞ്ചാമതൊരു ഘട്ടംകൂടി നമുക്കു ചേർക്കാം. ദുരിതമനുഭവിക്കുന്ന

1. Messianie – മെസയാസിനെപ്പററിയുള്ളതു്.
2. മത്താ: 27/46.

www.malankaralibrary.com

ഓരോ ക്രൈസ്തവനും ഈ ഗാനം പാടാനാവും. നൊമ്പരത്തോടൊപ്പം ക്രിസ്തീയമായ പ്രതീക്ഷയും വിശ്വാസവും ഇത്ര ഭംഗിയായി പ്രകടിപ്പിക്കുന്ന ഗാനം എവിടെനിന്നു ലഭിക്കാനാണു്? നോക്കൂ, അജ്ഞാതനായ ഒരു സാധു തടവുകാരൻെറ രോദനം എവിടെവരെ എത്തിയിരിക്കുന്നു!

## 47-ാം സങ്കീർത്തനം

ഒന്നു്: ഇസ്രായേൽ ജനത്തെ പടയൊരുക്കത്തിനു ക്ഷണിക്കുന്ന ഗാനം; രാജാവിൻെറ കൊടിക്കീഴിൽ അണിനിരക്കാൻ ഗോത്രങ്ങൾക്കു് ഉൽബോധനം. യാഹ്വെയുടെ ആസ്ഥാനമായ പേടകവുമായി അവർ നീങ്ങുന്നു. അതായതു് യാഹ്വെ അവരെ നയിക്കുന്നു.

രണ്ടു്: പ്രവാസശേഷം, രാജഭരണം നാമാവശേഷമായതോടെ ഈ ഗാനത്തിൻെറ അർത്ഥം നഷ്ടപ്പെട്ടു. തന്മൂലം ''നമ്മുടെ ദൈവത്തിനു സ്തുതി (സങ്കീർത്തനം) പാടുവിൻ. ദൈവം ജനപദങ്ങളെ ഭരിക്കുന്നു.'' (7b–8a) എന്നീ ഭേദഗതികൾ ചേർത്തു് യാഹ്വെയുടെ രാജത്വത്തെപ്പററി പരാമർശിക്കുന്ന ഗാനമാക്കി മാററി. പേർഷ്യൻ അടിമത്തം ഉണർത്തിയ സ്വാതന്ത്ര്യദാഹമാണു പശ്ചാത്തലം. രക്ഷകൻ ജനതകളെയെല്ലാം കീഴടക്കി തങ്ങളെ രക്ഷിക്കുമെന്നാണു പ്രതീക്ഷ. ആദ്യഘട്ടത്തിൽ കീഴടക്കപ്പെടേണ്ടതു് ഒരു പ്രത്യേക ശത്രുരാജ്യം മാത്രമായിരുന്നു. മാത്രമല്ല 'സങ്കീർത്തനം പാടുക' എന്ന ഉപദേശം യുദ്ധകാഹളത്തിൻെറ മാറെറാലിയുമായി ചേരുകയില്ലല്ലോ.

മൂന്നു്: സപ്തതി വിവർത്തകർ ഹീബ്രൂ മൂലത്തിലെ 'ജനങ്ങൾ', (ഗോത്രങ്ങൾ)1, 'പുറജാതികൾ' എന്ന രണ്ടു ഭിന്ന പദങ്ങൾ പരിഭാഷപ്പെടുത്തുക 'ജനതകൾ' എന്ന ഒററ

---

1. Goyim: (പുറജാതികൾ) Ammim (ജനങ്ങൾ= ഇസ്രായേൽ ഗോത്രങ്ങൾ) എന്നിവയ്ക്കു് Ethne=Nations (ജനപദങ്ങൾ) എന്ന പൊതുപദം.

www.malankaralibrary.com

പ്പദം ഉപയോഗിച്ചാണ്. അതായത്, ഇസ്രായേലും പുറജാതികളും തമ്മിലുള്ള വ്യത്യാസം അവർ നീക്കം ചെയ്യുന്നു. ആ കാലഘട്ടത്തിന്റെ പ്രവണതയാണത്. മെസയാസ് ലോകത്തിനു മുഴുവൻ രക്ഷയേകുമെന്നാണു വിശ്വാസം.

നാല്: 'പുറജാതികളായ' നമ്മെ ക്രിസ്തു രക്ഷിച്ചു. നമുക്കായി നമ്മുടെ രാജാവു നേടിത്തന്ന വിജയത്തിൽ ആഹ്ളാദിക്കയും അവിടത്തേയ്ക്കു സ്തോത്രമാലപിക്കയും ചെയ്യാം.[1]

എല്ലാ സങ്കീർത്തനങ്ങൾക്കും പഴയനിയമത്തിൽത്തന്നെ പല ഘട്ടങ്ങൾ കാണുകയില്ല. എന്നാൽ മിക്കതിനും, മൂലാർത്ഥത്തിനും പുറമെ ക്രിസ്തുവിലും നമ്മുടെ ജീവിതത്തിലും ഉള്ള അർത്ഥങ്ങൾ കണ്ടുപിടിക്കാനാവും. അങ്ങനെ ചെയ്യുമ്പോൾ മാത്രമേ അവ നമ്മുടെ വ്യക്തിഗത പ്രാർത്ഥനകളായി പകരുകയുള്ളൂ.

# IV

# എബ്രായ കാവ്യം

സങ്കീർത്തനങ്ങളുടെ കാവ്യഭംഗിയും, അർത്ഥസമ്പത്തും അനുഭവിക്കണമെങ്കിൽ നാം ഹീബ്രു കവിതയെപ്പററി അല്പമെങ്കിലും അറിഞ്ഞിരിക്കണം. ഉള്ളിന്റെ ഉള്ളിൽനിന്നും ഉത്ഭവിച്ചൊഴുകിയ സുന്ദരാനുഭൂതികൾ എങ്ങനെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും കവിതയുടെ മേന്മ.

1. 2, 73, 111, 95, 98—100 എന്നീ സങ്കീർത്തനങ്ങൾക്കു പുനഃ പാരായണം സാദ്ധ്യമാണ്.

www.malankaralibrary.com

ഇസ്രായേൽ പൊതുവെ കാവ്യത്തിൽ കമ്പമുള്ള, ധ്യാനനിരതരായ ജനതയാണ്. അവരുടെ നൈസർഗ്ഗിക കാവ്യസിദ്ധിയുടെ ഉദാഹരണങ്ങളായി ബൈബിളിലെ പല 'നിമിഷ കവിതകളും' ചൂണ്ടിക്കാണിക്കാനാവും. കാര്യമായ വിദ്യാഭ്യാസയോഗ്യതയില്ലാത്ത, നസ്രസിലെ ഒരു ഗ്രാമീണപെൺകൊടിയായ കന്യകാമാതാവിന്റെ സുന്ദരഗാനംതന്നെ നോക്കു (ലൂക്കാ: 1/47–55). ശാസ്ത്രീയമായ അപഗ്രഥനത്തിനും താത്വികവിശകലനങ്ങൾക്കും വിമുഖരായിരുന്ന ആ ജനം തത്വചിന്തയുടെ അഗാധതലങ്ങളിലേക്ക് ഊളിയിട്ടിറങ്ങുന്നതിനുപകരം കാവ്യാനുഭൂതിയുടേയും സംഗീതധാരയുടേയും ചിറകുകളിൽ അനുഭൂതികളുടെ ഉന്നതസീമകളിലേയ്ക്കു് പറന്നുയരാൻ ആഗ്രഹിച്ചു. ഭാവനാത്മകവും രൂപാത്മകവുമായ രീതിയിൽ അവർ തങ്ങളുടെ ചിന്തകൾ ആവിഷ്കരിക്കുന്നു. അനുദിന ജീവിതസംഭവങ്ങളെ സാമാന്യബുദ്ധിയുടെ കുഴൽക്കണ്ണാടിയിലൂടെ നോക്കിക്കണ്ടു് പ്രായോഗികമായ ഒരു ജീവിതവിജ്ഞാനീയത്തിനു അവർ രൂപമേകി. വെറും ഉപരിപ്ലവമായി മാത്രമല്ല, തികഞ്ഞ മമതയോടും ആത്മാർത്ഥതയോടുംകൂടെ സ്വാനുഭവങ്ങളും അനുഭൂതികളും മററുള്ളവരുമായി പങ്കിട്ടെടുക്കാൻ ഇസ്രായേൽക്കാർ തയ്യാറായിരുന്നു. സ്വന്തം ജയാപജയങ്ങളും തെററുകുററങ്ങളും തുറന്നുപറയാൻ പ്രേരിപ്പിക്കുന്ന തികഞ്ഞ ആത്മാർത്ഥത ബൈബിളിൽ ഉടനീളം, വിശിഷ്യ സങ്കീർത്തനങ്ങളിൽ കവിഞ്ഞുതുളുമ്പുന്നതു കാണാം.

യുക്തിപൂർവ്വകമായ ക്രമത്തിൽ ആശയങ്ങൾ അവതരിപ്പിക്കുന്നതിനുപകരം അവർ അപ്പോഴപ്പോൾ തോന്നുന്ന രീതിയിൽ, സ്വാഭാവികമായി തികട്ടിവരുന്ന ക്രമത്തിൽ, ആശയാവിഷ്കരണം നടത്തുന്നു. അനാവശ്യമായ ആവർത്തനത്തിനും, ആശയങ്ങളുടെ കൂടിക്കുഴയലിനും ഇതു കാരണമാകുന്നു. തന്മൂലം അടുക്കും ചിട്ടയുമില്ലാത്ത ചിന്തകൾ സങ്കീർത്തനങ്ങളിലും പരക്കെ കാണാം.

ഗഹനമായ ആശയങ്ങളെപ്പോലും കാവ്യത്തിന്റെ

www.malankaralibrary.com

നറുംതേനിൽ മുക്കിയെടുക്കാനാണ് അവക്കിഷ്ടം. ഗുരുക്കന്മാർ ശിഷ്യരെ പഠിപ്പിക്കുക ഗാനാത്മകമായ ഗദ്യത്തിലൂടെയാണ്. താളവും പ്രാസവുമുള്ള വാക്യങ്ങളെ നീട്ടിച്ചൊല്ലിക്കൊടുത്തു പഠിപ്പിക്കും. ശിഷ്യർ അതേറ്റുപാടി ഹൃദിസ്ഥമാക്കും. ക്രിസ്തു ശിഷ്യരെ പഠിപ്പിച്ചിരുന്നതും ഈ രീതിയിലാണെന്ന് അനുമാനിക്കാം.[1]

അടുത്തകാലംവരെ ബൈബിളിലെ എബ്രായ കവിതയെപ്പററി പണ്ഡിതക്ക് അധികമൊന്നും അറിഞ്ഞുകൂടായിരുന്നു. പാശ്ചാത്യ കാവ്യമാനദണ്ഡങ്ങൾ ഉപയോഗിച്ച് അതിനെ വിലയിരുത്താൻ ശ്രമിച്ചവർ പാടേ പരാജയപ്പെട്ടു. പ്രസ്തുത കവിതയ്ക്ക് പ്രത്യേക ലക്ഷണങ്ങളോ കാവ്യനിയമങ്ങളോ ഇല്ലെന്നുപോലും അഭിപ്രായപ്പെട്ടവരുണ്ട്. ഭാഗ്യവശാൽ, 1928—ൽ ഉത്തരസിറിയായുടെ തീരപ്രദേശത്തുള്ള ഉഗാറിററ് നഗരത്തിൽനിന്നും കുഴിച്ചെടുത്ത ഏതാനും പദ്യശകലങ്ങൾ സെമിററിക് കവിതയെപ്പററി നൂതനമായ അറിവുകൾ കാഴ്ചവച്ചു. ബി.സി. 1450-നും 1350-നും ഇടയ്ക്കു എഴുതപ്പെട്ട ഈ കവിതകൾ ദേവീദേവന്മാരെപ്പററിയുള്ള പുരാണങ്ങളും ഇതിഹാസങ്ങളും ഉൾക്കൊള്ളുന്നു. സെമിററിക് കവിതയും വൃത്തബദ്ധമാണെന്ന്, ബൈബിൾ പദ്യവുമായി ഇവയ്ക്കുള്ള സാദൃശ്യത്തിൽ നിന്നു വ്യക്തമായി. രണ്ടിന്റേയും മുഖ്യസ്വഭാവം സമാനതയാണ് (parallelism). ബൈബിൾ പദ്യത്തിന്റെ പ്രധാന സങ്കേതം ഇതാണെന്നാണ് റോബർട്ട് ലോത്തിന്റെ അഭിപ്രായം. വിശ്വസാഹിത്യത്തിൽ ഒരിടത്തും ഈ വിദ്യ ഇത്രമാത്രം പൂർണ്ണതപ്രാപിച്ചിട്ടില്ലപോലും.

ഹീബ്രു കവിതയിൽ വൃത്തങ്ങൾ വിരളമാണ്. 'കീനാ' എന്ന ഒരു വൃത്തം മാത്രമേ വ്യക്തമായിട്ടുള്ളു. പക്ഷേ ഈ കുറവു പരിഹരിക്കാൻ പ്രാസവും സ്വരഘാതവും (Accent) സഹായിച്ചിരുന്നു. ഒരു പദ്യത്തിലെപാദങ്ങളിലുള്ള പദങ്ങളുടെ എണ്ണം എതാണ്ടു സമമാണ്. ഉച്ചാ

1 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ഉദാഹരണം. യോഹ: 6, 15 എന്നീ അദ്ധ്യായങ്ങളും കാണുക.

www.malankaralibrary.com

രണത്തിനു് അതിയായ പ്രാധാന്യമുണ്ടായിരുന്നതിനാൽ സ്വരാക്ഷരങ്ങൾ ദീർഘിപ്പിച്ചും ലോപിപ്പിച്ചും പാദങ്ങളുടെ സമതുലനത സാധിക്കാം. അക്ഷരപ്രാസം നിലവിലിരുന്നെങ്കിലും 'അർത്ഥ' പ്രാസത്തിനാണു കൂടുതൽ പ്രാധാന്യം.

ഹീബ്രുകാവ്യത്തിന്റെ മൗലികമായ ഘടകം പാദമാണു്. രണ്ടോ മൂന്നോ വാക്കുകളേ ഒരു പാദത്തിൽ കാണുകയുള്ളു. രണ്ടു മുതൽ നാലുവരെ പാദങ്ങൾ ചേർന്നാൽ ഒരു പദ്യമായി; സാധാരണയായി രണ്ടു പാദങ്ങളേ കാണു. ഇവയെ ഇതരഭാഷകളിലേക്കു വിവർത്തനം ചെയ്യുമ്പോൾ, കൂടുതൽ വാക്കുകൾ വേണ്ടിവരുന്നതിനാൽ കാവ്യഭംഗി ചോർന്നുപോവുകയും ഘടനാസൗകുമാര്യം അപ്രത്യക്ഷമാവുകയും ചെയ്യുന്നു. കർത്താവായും കർമ്മമായും വരുന്ന സർവ്വനാമങ്ങളേയും സമുച്ചയങ്ങളേയും ഉപസർഗ്ഗങ്ങളേയും ക്രിയാപദത്തിന്റെ മുമ്പുംപിമ്പുമായി കൂട്ടിച്ചേർത്തു് ഒററവാക്കായി വാർത്തെടുക്കാൻ ഹീബ്രുവ്യാകരണത്തിനു കഴിയും. ഉദാ: 'പക്ഷേ ഞാൻ അവനെ പ്രശംസിച്ചു' എന്ന ചെറുവാചകം ഒരൊററ വാക്കാണു് ഹീബ്രുവിൽ.

ഹീബ്രുപദ്യങ്ങൾക്കു് ഈണവും സമതുലനതയും നൽകുന്ന സ്വരഘാതങ്ങളും (Accents) തർജ്ജമയിൽ അപ്രത്യക്ഷമാവും. പ്രാസഭംഗിയുള്ള പദങ്ങളും അവയുടെ പരിഭാഷകളും തമ്മിൽ കാര്യമായ സാമ്യം കാണുകയില്ല. ഈ പരാധീനതകൾ കണക്കിലെടുത്തുകൊണ്ടു് വിവർത്തനങ്ങളുടെ സഹായത്തോടെ ഹീബ്രുകവിതയെപ്പററി ചിലതൊക്കെ മനസ്സിലാക്കാൻ ശ്രമിക്കാം.

എബ്രായകാവ്യത്തിന്റെ മുഖ്യസവിശേഷത 'സമാനത' [1] യാണെന്നു കണ്ടല്ലോ. ആദ്യപാദത്തിലെ

---

1. Parallelism എന്ന വാക്കിനെ പരിഭാഷപ്പെടുത്താൻ യുക്തമായ പദം കിട്ടാത്തതുകൊണ്ടു് തമ്മിൽ ഭേദമായ 'സമാനത' ഉപയോഗിക്കുന്നു. സ്ഥിര സമാനത (Constant parallelism) ഭിന്ന സമാനത (Varied parallelism) സമാനാർത്ഥ സമാനത (synonimous parallelism) വിരുദ്ധാർത്ഥ സമാനത (antithetic) വികസ്വരാർത്ഥസമാനത (progressive or climatic or sythentic.)

www.malankaralibrary.com

(Strophe) വാക്കുകളും രണ്ടാമത്തേതിലെ (ചിലപ്പോൾ മൂന്നാമത്തേതിലെയും) വാക്കുകളും തമ്മിലുള്ള 'തുല്യത'യാണു സമാനതയ്ക്കു നിദാനം. ഇതു രൂപത്തിലോ അർത്ഥത്തിലോ ചിലപ്പോൾ രണ്ടിലുമോ ആവാം. ഘടനയുടെ തുല്യതയനുസരിച്ച് സ്ഥിരസമാനത, ഭിന്നസമാനത എന്നു രണ്ടു വിഭാഗങ്ങളുണ്ട്. അർത്ഥമനുസരിച്ച് സമാനാർത്ഥം, ഭിന്നാർത്ഥം, വികസ്വരാർത്ഥം എന്നും തരംതിരിക്കാം.

## സ്ഥിര സമാനത

ഇരു പാദങ്ങളിലെയും പദങ്ങളുടെ എണ്ണവും ക്രമവും തുല്യമാവുമ്പോൾ സ്ഥിരസമാനതയായി.

'അവൻെറ കണ്ണുകൾ/ വീഞ്ഞിനേക്കാൾ/ കറുത്തതാണ്'
അവൻെറ പല്ലുകൾ/ പാലിനേക്കാൾ/ വെളുത്തതാണ്. (ഉൽ: 49/12)

ശാന്തമായ/ മറുപടി/ കോപത്തെ/ നീക്കുന്നു
കഠിനമായ/ വാക്കുകൾ/ കോപത്തെ/ തട്ടിയുണർത്തുന്നു. (സുഭാ: 15/1)

## ഭിന്നസമാനത

സ്ഥിരസമാനതയുടെ മുഖ്യപരാധീനത, ആവർത്തനത്തിൽനിന്ന് ഉത്ഭവിക്കുന്ന വിരസതയാണ്. കാവ്യത്തിൽ പ്രത്യേകിച്ചും അതിരുകടന്ന ആവർത്തനം അസഹനീയമാണല്ലൊ. അതിനു കവി ചില പൊടിക്കൈ പ്രയോഗിക്കുന്നു. വാക്കുകളുടെ സ്ഥാനം മാററുകയാണ് ആദ്യത്തെ വിദ്യ.

1 2
അതിനാൽ രാജാക്കളേ/ വിജ്ഞരായിരിക്കുക,
2 1
സൂക്ഷിച്ചിരിക്കുക/ ഭൂമിയിലെ ഭരണാധികാരികളേ
(സങ്കീ. 2/10)

www.malankaralibrary.com

രണ്ടിലേറെ വാക്കുകൾ ഉള്ളപ്പോൾ കൂട്ടിക്കലർത്തൽ എളുപ്പമായി.

1 2 3
അവരെ കൊല്ലും/ ഒരു സിംഹം/ കാട്ടിൽനിന്നുള്ള
2 3 1
ചെന്നായ്/ മരുഭൂമിയിലെ/ അവരെ നശിപ്പിക്കും[1]
(ജെറ 5/6)

അല്പംകൂടി വിഷമകരമായ മറെറാരു രീതി രണ്ടാം പാദത്തിൽ ചില വാക്കുകൾ ഉപേക്ഷിക്കുകയാണ്.

1 2 3
കർത്താവേ/ ജനങ്ങളുടെ മദ്ധ്യത്തിൽ/ ഞാൻ അ
ങ്ങയെ സ്തുതിക്കും
2 3
ജനപദങ്ങളുടെ ഇടയിൽ/ ഞാൻ സ്തുതിപാടും
(സങ്കീ: 57/9)
1 2
എന്തെന്നാൽ അങ്ങയുടെ സ്നേഹം/ മേഘങ്ങളോളം
3
വലുതാണ്.
1 2
അങ്ങയുടെ വിശ്വസ്തത/ ആകാശത്തോളവും./ (57/10)

രണ്ടാം പാദത്തിൽ കുറവുവരുന്നതുമൂലം അർത്ഥപുഷ്ടിക്ക് കോട്ടം ഭവിക്കാതിരിക്കാൻ പകരം വേറെ വാക്കുകൾ ചേർക്കാറുണ്ട്. ഉപേക്ഷിച്ച വാക്കിൻെറ തുല്യാർത്ഥമുള്ള വാക്ക് ഉപയോഗിക്കുകയോ, ഭിന്നാർത്ഥമുള്ളവ പ്രയോഗിച്ച് അർത്ഥവ്യാപ്തി വർദ്ധിപ്പിക്കുകയോ ചെയ്യാം.

1 2 3
എന്നാൽ ഞാൻ/ അങ്ങയുടെ ശക്തിയെ/ പ്രകീർത്തിക്കും
4 2 3
പ്രഭാതത്തിൽ/ അങ്ങയുടെ കാരുണ്യം/ ഞാൻ
ഉൽഘോഷിക്കും. (59/16)

---

1. ഹീബ്രുക്രമത്തിലാണ് ഈ പദ്യത്തിലെ വാക്കുകൾ. 'കാട്ടിൽനിന്നുള്ള സിംഹം', 'മരുഭൂമിയിലെ ചെന്നായ്' എന്നു ചേർത്തുവായിക്കുക.

www.malankaralibrary.com

1 2 3
ഞങ്ങളുടെ പാപങ്ങളെ/ അങ്ങയുടെ മുമ്പിൽ/ അങ്ങുവച്ചു.
1 2
ഞങ്ങളുടെ രഹസ്യകുററങ്ങളെ/ അങ്ങയുടെ മുഖത്തിൻെറ
4
പ്രകാശത്തിലും

ഈ ഉദാഹരണങ്ങളിൽ കൂട്ടിച്ചേർത്ത വാക്കു് അർത്ഥ വികസനത്തിനുവേണ്ടിയുള്ളതാണു്. പദ്യത്തിൻെറ ഘടനയിലുള്ള സമാനതയെപ്പററി ഇത്രയും. എന്നാൽ ഇതിനേക്കാൾ കൂടുതൽ പ്രാധാന്യം അർത്ഥത്തിനായിരുന്നു എന്നു പറഞ്ഞല്ലോ. ഇതിനെ അടിസ്ഥാനമാക്കി സമാനതകളെ മൂന്നായി വിഭജിക്കാം.

(1) സമാനാർത്ഥ സമാനത: രണ്ടു പാദങ്ങളിലേയും ആശയം ഒന്നുതന്നെ. എന്നാൽ ആവർത്തനപ്രേമിയായ കവി, സഹൃദയനു മുഷിച്ചിൽ വരാത്തവിധം ഒരേ ആശയത്തെത്തന്നെ വിഭിന്ന പദങ്ങളുടെ കുപ്പായമണിയിക്കുന്നു.

കർത്താവേ നിൻെറ കൂടാരത്തിൽ ആരുവസിക്കും?
നിൻെറ വിശുദ്ധനഗരിയിൽ ആരുവിശ്രമിക്കും?
(15/1)
എൻെറ ദൈവമേ എൻെറ നിലവിളി കേൾക്കേണമേ
എൻെറ പ്രാർത്ഥന ശ്രവിക്കേണമേ (61/1)

ചിലപ്പോൾ രണ്ടുപദ്യങ്ങൾ ചേർത്താവും സമാനത നൽകുക. ആദ്യത്തേതിലെ പാദങ്ങളുടെ അർത്ഥം രണ്ടാമത്തേതിലെ പാദങ്ങൾ ആവർത്തിക്കുന്നു.

1. ബധിരനെപ്പോലെ ഞാൻ കേൾക്കാതിരുന്നു.
2. ഊമനെപ്പോലെ ഞാൻ വാ തുറക്കാതിരുന്നു.
3. ഞാൻ കേഴ്‌വിയില്ലാത്തവനെപ്പോലെയായി
4. അധരങ്ങളിൽ പ്രതിവാദമില്ലാത്തവനെപ്പോലെയായി. (38/14–15)

www.malankaralibrary.com

രണ്ടു പദ്യങ്ങളേയും പൊതുവിൽ എടുത്താൽ അവ തമ്മിൽ സമാനതയുണ്ടു്; അതിനും പുറമേ, ഒന്നും മൂന്നും രണ്ടും നാലും തമ്മിലും.

2.വിരുദ്ധാൎത്ഥ സമാനത: ആദ്യപാദത്തിലേതിനു നേരെ വിപരീതമായ ആശയം രണ്ടാം പാദത്തിനുള്ളപ്പോഠം വിരുദ്ധാർത്ഥസമാനതയാവും. കവി ആദ്യപാദത്തിൽ പ്രകടിപ്പിക്കുന്ന ആശയത്തെ വ്യക്തമായി ശ്രോതാവിൻെറ മനസ്സിൽ പതിക്കാൻ ഈ ഭിന്നത സഹായിക്കും.

'ചിലർ രഥങ്ങളിലും മററുചിലർ കുതിരകളിലും
ആശ്രയിക്കുന്നു,
ഞങ്ങളാകട്ടെ ദൈവമായ കൎത്താവിൽ ശക്തി കണ്ടെത്തുന്നു'—(20/8)

'ദുഷ്ടൻെറ വേദനകഠം നിരവധിയാണു്.
പക്ഷേ കൎത്താവിൽ ആശ്രയിക്കുന്നവനെ കാരുണ്യം
വലയം ചെയ്യും.' (32/10)

ഇവയിൽ രണ്ടിലും ദൈവത്തിലുള്ള ശരണമാണു പ്രമേയം. അക്കാലത്തെ വലിയ ശക്തിയായ അശ്വസൈന്യത്തോടു്, ദൈവശക്തിയെ താരതമ്യപ്പെടുത്തുമ്പോഠം, ശ്രോതാവിനു് അതു നന്നായി ഗ്രഹിക്കാനാവും. ദുഷ്ടൻെറ സ്ഥിതിയോടു ശിഷ്ടൻേറതിനെ താരതമ്യപ്പെടുത്തുമ്പോഠം, അതിനെപ്പററി കൂടുതൽ ബോദ്ധ്യം തോന്നുമല്ലോ.

3.വികസ്വരാർത്ഥ സമാനത: ഇതിനെ യഥാൎത്ഥത്തിൽ സമാനതയെന്നു വിളിക്കാനാവില്ല. ആദ്യപാദത്തിലെ ആശയം ആവൎത്തിക്കപ്പെടുന്നില്ല; അതിനെ കൂടുതൽ വികസിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. തന്മൂലം 'സംശ്ലേഷണ' സമാനത എന്നതിനുപകരം വികസ്വരാർത്ഥ സമാനത എന്നു ഇതിനെ വിളിക്കാനാണു പല പണ്ഡിതന്മാരും നിർദ്ദേശിക്കുക. ആദ്യത്തെ രണ്ടു വിഭാഗങ്ങളിലും പെടാത്തവയെല്ലാം ഇതിൽ ഉഠംപ്പെടുത്താം. പാദങ്ങഠം തമ്മിൽ അൎത്ഥംവഴി ദൃഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു.

ഞാൻ ഇരുഠംചൂഴ്ന്ന താഴ്വരകളിലൂടെ നടന്നാലും
ഒരു ഭയവും എനിക്കില്ല; കാരണം അങ്ങു് എന്നോ
ടൊപ്പമുണ്ടു്. (45/4)

www.malankaralibrary.com

നീ നന്മയെ സ്നേഹിക്കയും തിന്മയെ വെറുക്കുകയും ചെയ്യുന്നു, അതിനാൽ നിന്റെ കർത്താവായ ദൈവം നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു,
നിന്റെ സഖാക്കളേക്കാൾ സമുന്നതനായി. (45/8).

ഇവിടെ സമാനതയില്ലെന്നു വ്യക്തമാണല്ലൊ. പക്ഷേ കവിയുടെ ചിന്താസരണി തുടരുകയാണ്, രണ്ടും മൂന്നും പാദങ്ങളിൽ. ആശയപുരോഗതിയാണ് ഇവിടെ പ്രധാനം. വിഭിന്നങ്ങളായ ആശയങ്ങളെ തമ്മിൽ സുദൃഢം ബന്ധിപ്പിക്കാൻ, ചോദ്യോത്തരം (119/9 താരതമ്യം (118/8) ഉദ്ദേശ്യവിശകലനം (34/16) എന്നിങ്ങനെ പല മാർഗ്ഗങ്ങളുണ്ട്.

സമാനതയുടെ ഏററവും അപൂർണ്ണവും പ്രാകൃതവുമായ രൂപം ഒരു വാചകത്തെ രണ്ടുപാദത്തിലായി പിരിച്ചെഴുതുകയാണ്.

പണിക്കാർ ഉപേക്ഷിച്ച കല്ല്
മൂലക്കല്ലായി തീർന്നു. (118/22)

മിക്ക പദ്യങ്ങളെയും ഘടനയും അർത്ഥവുമനുസരിച്ച ഒരേസമയം രണ്ടു വിഭാഗങ്ങളിൽ ഉൾപ്പെടുത്താമെന്നതാണു മറെറാരു സവിശേഷത, ഉദാഹരണമായി ഒരേ പദ്യം തന്നെ ഘടനയനുസരിച്ച സ്ഥിരസമാനതയും, അർത്ഥപ്രകാരം വിരുദ്ധാർത്ഥസമാനതയുമാവാം.

ശാന്തമായ/ മറുപടി/ കോപത്തെ/ നീക്കുന്നു,
പക്ഷേ കഠിനമായ/ വാക്കുകൾ/ കോപത്തെ/
തട്ടിയുണർത്തുന്നു.

ഇതുപോലെതന്നെ ഒരേ കാവ്യഭാഗത്തിൽത്തന്നെ പലതരം സമാനതകൾ കാണാം. 114–115 സങ്കീർത്തനങ്ങൾ മാതൃകയായി സ്വീകരിച്ച് അപഗ്രഥിക്കുക നന്നായിരിക്കും. എല്ലാത്തരം സമാനതകളും അവയിൽ സുലഭമായുണ്ട്. ഇവിടെ നമുക്ക് ഒരു ഗദ്യഭാഗംതന്നെ ഉദാഹരണമായി എടുക്കാം.

ആകാശമേ കേൾക്കു, ഭൂമിയേ ശ്രവിക്കു
കർത്താവ് അരുൾ ചെയ്യുന്നു: (വികസ്വരാർത്ഥം)

www.malankaralibrary.com

ഞാൻ സന്താനങ്ങളെ പോററിവളർത്തി
പക്ഷേ അവർ എനിക്കെതിരായി തിരിഞ്ഞു
(വിരുദ്ധാർത്ഥം. സ്ഥിരം)

കാളക്കു് തൻെറ യജമാനനെ അറിയാം
കഴുതക്കു തൻെറ ഉടമസ്ഥൻെറ തൊഴുത്തും അറിയാം
(സമാനാർത്ഥം. സ്ഥിരം.)

എന്നാൽ ഇസ്രായേൽ എന്നെ അറിയുന്നില്ല
എൻെറ ജനം എന്നെ മനസ്സിലാക്കുന്നില്ല.
(സമാനാർത്ഥം. സ്ഥിരം)

ഗദ്യത്തിൽപ്പോലും എത്ര കലാഭംഗിയോടെയാണു് പുനരുക്തികരം പ്രയോഗിച്ചിരിക്കുന്നതെന്നു നോക്കൂ. പക്ഷേ കണക്കററ ആവർത്തനത്തിൻെറ ആവശ്യം നമുക്കു മനസ്സിലാവില്ല. പ്രാചീനകാലത്തു് വാമൊഴിയായി ഗദ്യവും പദ്യവും പ്രചരിച്ചിരുന്നതുകൊണ്ടു് ഈ സമ്പ്രദായം അനുയോജ്യമായിരുന്നു. വാസ്തവത്തിൽ നാം ഇതിനു കൃതജ്ഞരായിരിക്കണം. പകർത്തെഴുത്തിൻേറയും വിവർത്തനത്തിൻേറയും വൈകല്യങ്ങരംകൊണ്ടു് ചില പദങ്ങളുടെ അർത്ഥം നശിച്ചുപോയാൽ തന്നെ മറേറപ്പദത്തിൽ നിന്നു് അതിൻെറ അർത്ഥം തേടിപ്പിടിക്കാനാവും. കൂടാതെ പ്രധാനപ്പെട്ട ആശയത്തെ നമ്മുടെ ശ്രദ്ധയിൽ പതിക്കാനും ആവർത്തനങ്ങരംക്കു കഴിയും.

നിർഭാഗ്യവശാൽ തർജ്ജമകരം വായിക്കുന്ന നമുക്കു ഹീബ്രു കാവ്യത്തിൻെറ അർത്ഥപ്രാസം മാത്രമേ അനുഭവവേദ്യമാകുന്നുള്ളു. അതിൻെറ ചൈതന്യമായ താളവും ഈണവും വൃത്തവും പ്രാസവുമൊക്കെ ചോർന്നുപോയാലും, മൗലികഘടകമായ സമാനതയുടെ വെളിച്ചത്തിൽ സങ്കീർത്തനങ്ങളുടെ കാവ്യഭംഗി വളരെയൊക്കെ ആസ്വദിക്കാനാവും.

www.malankaralibrary.com

# V

# സ്തുതിഗീതങ്ങൾ

ഈശ്വരാരാധനയുടെ ഏററവും ഉൽകൃഷ്ടമായ രൂപം സ്തുതിയാണ്. സ്വാത്ഥതയേക്കാരം യഥാത്ഥഭക്തിയാണ് അതിൽ അന്തർലീനമായിരിയ്ക്കുക. നാം അത്ഥനയിലൂടെ ദാനങ്ങരം ആവശ്യപ്പെടുന്നതും, ലഭ്യമായ നന്മകാംക്കു് നന്ദിയേകുന്നതും സ്വാത്ഥതയാൽ പ്രചോദിതരായാണ്. ദൈവിക സമ്പക്ത്തിൽനിന്നു് ഉരുത്തിരിയുന്ന അഭൗമ വികാരാനുഭൂതികളും ആന്തരിക പ്രചോദനവും ചേന്നു് ജന്മമേകുന്ന ആരാധനാരൂപമാണ് സ്തുതി. ഈശ്വരസാന്നിദ്ധ്യത്തിൽ മനുഷ്യന്റ സ്വന്തം അല്പത്വത്തേയും ഈശ്വരന്റെ അനന്തവും അവണ്ണനീയവുമായ മഹത്വത്തേയും വിശുദ്ധിയേയുംപററി ബോധമുദിക്കുന്നു. ഒപ്പംതന്നെ തന്റെ കനത്ത കൃതഘ്നതയെ കണക്കിലെടുക്കാതെ സമൂഹത്തിനും തനിയ്ക്കും അന്നുവരെ അവിടന്നു നൽകിയിട്ടുള്ള ദയാധിക്യവും കാരുണ്യവും മനസ്സിൽ തികട്ടിവരിക സ്വാഭാവികമാണ്. ഒരുകണക്കിൽ പ്രാത്ഥനകളെല്ലാം സ്തുതിഗീതങ്ങരംതന്നെ. അവയെല്ലാം ദൈവത്തിന്റെ ശക്തിയെ അംഗീകരിയ്ക്കുകയും പരോക്ഷമായിട്ടെങ്കിലും അവിടത്തെ സ്തുതിയ്ക്കുകയും ചെയ്യുന്നുണ്ടു്.

ഏതൊരു മതത്തിന്റെയും ആരാധനക്രമത്തിലെ കാതലായ ഭാഗമാണ് സ്തുതി. തങ്ങളുടെ ദൈവത്തിന്റെ ശക്തിയും, മഹത്വവും, അപദാനങ്ങളും വണ്ണിയ്ക്കുന്നവയാണ് സ്തോത്രഗീതങ്ങരം. മിക്ക മതങ്ങളിലേയും സ്തോത്രഗീതങ്ങരം അതിഭാവന നിറഞ്ഞവയാണ്. ഇസ്രായേലിന്റെ സ്തുതിഗീതങ്ങളിൽ ഈ പ്രവണത താരതമ്യേന കുറവാണെന്നു പറയാം. അവയിൽ മിക്കവയും രൂപംകൊണ്ടതു് ദേവാലയ പശ്ചാത്തലത്തിലാണ്. അവിടെ ദൈവവുമായി അഭിമുഖദർശനത്തിനെത്തിയവരുടെ ഭക്തവികാരങ്ങളുടെ സുന്ദരാവിഷ്കരണമാണവ. യാഹ്‌വെ സ്വജനത്തിന്റെ രക്ഷയ്ക്കായി അത്ഭുതകൃത്യങ്ങരം നിവ്വഹിയ്ക്കു

www.malankaralibrary.com

മ്പോളെല്ലാം സ്തുതിഗീതങ്ങളിലൂടെ തങ്ങളുടെ കൃതജ്ഞതയും സ്നേഹാദരങ്ങളും അവർ പ്രകടിപ്പിച്ചിരുന്നു. മോശ (പുറ:15/8–1) മറിയാം(പുറ:15/21) ഡബോറാ (ന്യായാ:5) ജൂദിത്തു് (16/1) എന്നിവരുടെ ഗീതങ്ങൾ ഇപ്രകാരം സ്വാത്മ പ്രചോദിതങ്ങളായി നിർമ്മിച്ചവയാണു്.

## 'കർത്താവിൻ തിരുഭവനത്തിൽ'......

തിരുനാളാഘോഷങ്ങളുടെ അവസരത്തിലാണു് തീർത്ഥാടകരിൽ ഏറിയപങ്കും ദേവാലയത്തിലെത്തുക. ആ ദിവസങ്ങളിൽ ദേവാലയപ്രവേശനം, ബലികൾ, യാഗഭോജനം, പ്രദക്ഷിണങ്ങൾ എന്നിവയുടെ സമയത്തു് ഇടതടവില്ലാതെ സ്തുതിഗീതങ്ങൾ ഉയന്നുകൊണ്ടിരിക്കും. വിശേഷ വസ്ത്രങ്ങളുമണിഞ്ഞു് കുതൂഹലചിത്തരായി അണയുന്ന ജനസമൂഹത്തോടൊപ്പം അവരെനിയന്ത്രിക്കുന്ന പുരോഹിതർ, ലേവ്യർ, ഗായകസംഘങ്ങൾ, വാദ്യഘോഷക്കാർ എന്നിവരും സന്നിഹിതരായിരുന്നു. ജനങ്ങൾ നിഷ്ക്രിയരായ കാഴ്ചക്കാരല്ല. അവർ ഗായകസംഘത്തോടൊപ്പം പാടുകയും, ആചാരക്രമമനുസരിച്ചു് കൈവിടർത്തി നില്ക്കുക (28/2,77/2), കുനിയുക, സാഷ്ടാംഗം പ്രണമിക്കുക (5/7,29/3,77/2), മുട്ടിന്മേൽനില്ക്കുക (95/6),നൃത്തം ചവിട്ടുക (150/4), മുതലായ ചേഷ്ടകൾ യഥാസമയം അനുഷ്ഠിക്കുന്നു. ചെണ്ട, കുഴൽ, തന്ത്രികൾ, സാരംഗി, വിപഞ്ചി, കിന്നരം (32/3) വീണ, തപ്പു്, കാഹളം (81/3), കൈത്താളം (150/5) മുതലായ സംഗീതോപകരണങ്ങൾ ഒരു നാദപ്രപഞ്ചംതന്നെ സൃഷ്ടിച്ചിരുന്നു. വാദ്യമേളക്കാർക്കു് ഗായകസംഘനേതാവു നല്കിയിരുന്ന നിർദ്ദേശങ്ങൾ കാലക്രമേണ സങ്കീർത്തനത്തിൻെറ ഭാഗമായി മാറുകപോലും ചെയ്തിട്ടുണ്ടു് (150/3–6). ഗായകസംഘം പാടുമ്പോൾ ജനം പല്ലവി പാടുക പതിവായിരുന്നു. ''എന്തെന്നാൽ അവിടത്തെ കാരുണ്യം നിത്യമാണു്'' എന്ന പല്ലവി സാധാരണമാണു്.

ഗായകസംഘം: കർത്താവുനല്ലവനാകയാൽ അവിടത്തേ സ്തുതിക്കുവിൻ.

ജനം: എന്തെന്നാൽ അവിടത്തെ കാരുണ്യം....

www.malankaralibrary.com

ഗായകസംഘം: ദേവാധിദേവനായ ദൈവത്തെ സ്തുതിപ്പിൻ
ജനം: എന്തെന്നാൽ അവിടത്തെ കാരുണ്യം...........
(136/1–2)

118–ാം സങ്കീർത്തനത്തിൽ ''അവിടത്തെ സ്നേഹം അനന്തമാണ്'' എന്ന് ജനം പാടുന്നു. ചിലപ്പോൾ ഗായകസംഘം രണ്ടായി തിരിഞ്ഞ് ഒന്നിടവിട്ട പാദങ്ങൾ ആലപിച്ചിരുന്നു (135/19–20). ഗാനത്തിന്റെ താളത്തിനൊത്ത് ജനങ്ങൾ കയ്യടിക്കുകയും (47/1), ആഹ്ലാദാരവങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇതിൽ പ്രധാനം 'ഹല്ലേലുയ്യാ' 1 ആയിരുന്നു. പുരോഹിതർ 'ഹല്ലേലു' എന്നു പാടുമ്പോൾ ജനം 'യാ–ആ–ആ....' എന്നു നീട്ടിപ്പാടും. 'ആമേൻ', 'അവിടത്തെ കൃപ അനന്തമാണ്'' എന്നീ മറുപടികളും അവരുടെ കണ്ഠങ്ങളിൽനിന്ന് ഇരമ്പിപ്പൊന്തിയിരുന്നു. അകംനിറയെ അലയടിച്ചുയന്ന ആമോദത്തിന്റെ ബഹിർസ്ഫുരണമായിരുന്നു ആ വിളികളും കരഘോഷവുമെല്ലാം. ആഹ്ലാദവും സംഗീതധ്വനിയും ഒപ്പം തന്നെ ദൈവസന്നിധിയിലെ ഭക്തിദ്യോതകമായ അന്തരീക്ഷവും ഒത്തിണങ്ങിയ ഈ പശ്ചാത്തലത്തിൽവേണം നാം സ്തുതിഗീതങ്ങളെ വിലയിരുത്താൻ.

## 'നാഥനെ വാഴ്ത്തിപ്പാടിടുവിൻ'

ദൈവത്തെ സ്തുതിക്കാനായി രാജാവോ, സങ്കീർത്തകനോ, ഗായകസംഘനേതാവോ, പുരോഹിതനോ ജനത്തിനു നൽകുന്ന ക്ഷണത്തോടുകൂടിയാണ് സ്തോത്രം ആരംഭിക്കുക. അതു പലരൂപത്തിലാവാം.

---

1. ഹല്ലേലു = നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. + യാ= യാഹ്വെ= ദൈവമേ.... ''ദൈവമേ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു'' അഥവാ, ''ദൈവമേ നിനക്കു സ്തുതി'' എന്നർത്ഥം. 111,112, 104, 105–7, 106, 113, 135, 146–50.

2. ആമ്മേൻ = അതു സത്യമാണ്; 'സത്യമായും'(അങ്ങനെയാണ്.)–41/14, 72/19, 89/53, 106/48.

www.malankaralibrary.com

നവ്യ ഗാനമാലപിയ്ക്കുവിൻ (96) സ്തുതിയ്ക്കുവിൻ (113,117)
നന്ദിപറയുവിൻ (32,105) പുകഴ്ത്തുക(99/5)
കുമ്പിട്ടാരാധിയ്ക്കുക (29/2) വാഴ്ത്തുക(96/2)
കരഘോഷം മുഴക്കുക, ആർപ്പിടുക, തന്ത്രികാംമീട്ടുക....
നമുക്കു ഗാനമാലപിയ്ക്കാം (11/24, 79/13)
ഞാൻ കർത്താവിനെ പുകഴ്ത്തും. (116/1)[1]

തുടന്നു ദൈവത്തെ സ്തുതിയ്ക്കുവാൻ ക്ഷണിക്കപ്പെട്ടവരെ പേരെടുത്തുപറയുകയാണ്. ഇസ്രായേൽ മാത്രമല്ല പ്രപഞ്ചം മുഴവൻ അവിടത്തെ സ്തുതിക്കണമെന്നാണ് സങ്കീർത്തകരുടെ ആഗ്രഹം. ദൈവാലയത്തിൽ സന്നിഹിതരായവർ (135/2), കർത്താവിന്റെ ദാസന്മാർ (113/1), കർത്താവിന്റെ വിശുദ്ധന്മാർ (145/10), നീതിമാന്മാർ (33/1), ദൈവഭയമുള്ളവർ (22/24), ഇസ്രായേൽഗോത്രം (118/2), യാക്കോബിന്റെ പുത്രന്മാർ (105/6), അഹറോന്റെ ഗോത്രം (118/3), രാജാക്കളും പ്രഭുക്കളും (22/8 ,96/1,148/11), മൃതർ (22/30), മാലാഖമാർ (103/20, /148/2), ഭൂമണ്ഡലം മുഴുവനും (33/8, 98/4), മൃഗങ്ങൾ (148/10), പ്രകൃതിവസ്തുക്കൾ, (96/11), സൂര്യചന്ദ്രനക്ഷത്രാദികൾ (148/3), സ്വന്തം ആത്മാവ് (104/1,146/1), എന്നിങ്ങനെ പ്രപഞ്ചത്തിലെ അചേതന വസ്തുക്കൾവരെ ക്ഷണിയ്ക്കപ്പെടുന്നു.

അടുത്തതായി പുകഴ്ത്തപ്പെടേണ്ട വ്യക്തിയെപ്പററിയാണ് പരാമർശനം. സംശയമെന്യേ യാഹ്വെയെത്തന്നെ. അവിടന്നല്ലാതെ സ്തുതിയ്ക്ക് അഹ്തയുള്ള മററാരുമില്ലല്ലോ. എന്നാലും ആ സത്യം എടുത്തുപറഞ്ഞ് അവിടത്തെ ചില വിശേഷണങ്ങൾ ചേർത്തു വർണ്ണിച്ചാലേ സങ്കീർത്തകനു തൃപ്തിയാവൂ. അത്യുന്നതൻ (92/1), ഇസ്രായേലിന്റെ പരിശുദ്ധൻ (71/22), നമ്മുടെ രാജാവ്, നമ്മുടെ ശക്തി ദുർഗ്ഗം, നമ്മുടെ സ്രഷ്ടാവ് എന്നിവയെല്ലാമായ

1 അവസാനത്തെ രണ്ട് ഉദാഹരണങ്ങൾ നിർദ്ദേശ രൂപത്തിലല്ല. പ്രഥമ പുരുഷനിലും ആവാം ഉത്തമം ക്ഷണം.

www.malankaralibrary.com

ദൈവത്തേയും അവിടത്തെ കരുണ, ശക്തി, സ്നേഹം, അത്ഭുതകൃത്യങ്ങൾ, മഹത്വം, വിശുദ്ധി എന്നീഗുണങ്ങളേയും പാടിപ്പുകഴ്ത്താൻ സങ്കീർത്തകൻ ആഹ്വാനം ചെയ്യുന്നു. ഇതോടെ ഉപക്രമഭാഗം അവസാനിയ്ക്കുകയായി. ഈ മൂന്നു ഘടകങ്ങളും എല്ലാ സ്തോത്രഗീതങ്ങളുടെ ആരംഭത്തിലുംകണ്ടെന്നു വരില്ല. സമ്പൂർണ്ണമായ മുഖവുരയുടെ ഒരു നല്ല ഉദാഹരണം 149–ാംസങ്കീർത്തനമാണ് (1–2).

കർത്താവിനു പുതിയൊരു ഗാനവും
ഭക്തന്മാരുടെ സഭയിൽ അവിടത്തെ സ്തുതിയും പാടുവിൻ
ഇസ്രായേൽ തൻെറ സ്രഷ്ടാവിൽ സന്തോഷിയ്ക്കട്ടെ
സീയോൻെറ മക്കൾ തൻെറ രാജാവിനെപ്രതി ആനന്ദിയ്ക്കട്ടെ....

ഉപക്രമമില്ലാത്ത സ്തുതിഗീതങ്ങളും ഉണ്ട് (8,19,76). അവ നേരിട്ട് വിഷയ വർണ്ണനയാരംഭിയ്ക്കുന്നവയാണ്.

## 'എന്തെന്നാൽ അവിടത്തെ കാരുണ്യം നിത്യമാണ്...'

സ്തോത്രങ്ങളുടെ കാതലായഭാഗം ദൈവത്തിൻെറ മഹത്വത്തേയും അത്ഭുതകൃത്യങ്ങളേയുംപററിയുള്ള വിവരണങ്ങളാണ്. ഈ ഭാഗത്തെ ഉപക്രമവുമായി ബന്ധിയ്ക്കുവാൻ 'എന്തെന്നാൽ' [1] എന്ന ഘടകപദത്തോടെയാണ് ആരംഭം (47/2;135/4;147/1....)

ദൈവം സ്തുതി അർഹിയ്ക്കുന്നതു് സ്രഷ്ടാവും രക്ഷകനുമെന്ന നിലയിൽ അവിടന്ന് ഇസ്രായേലിനുവേണ്ടി ചെയ്ത പ്രവൃത്തികൾ മൂലമാണ്. ഇസ്രായേലിൻെറ ആത്മകഥ, അതിൻെറ ഒരു അംഗമായ സങ്കീർത്തകൻ വികാരവായ്പോടെ, രോമഹർഷത്തോടെ വിവരിയ്ക്കുകയാണ്. സ്തോ

---

1. Because, For....ദൈവത്തെ സ്തുതിക്കാനുള്ള ആഹ്വാനത്തിനു കാരണം എന്തെന്ന് വിശദീകരിക്കുകയാണിവിടെ. 33/3–9, 90/3–5.

www.malankaralibrary.com

ത്രുഗീതങ്ങളെ ഇതര സങ്കീർത്തനങ്ങളിൽനിന്നും വിഭിന്ന മാക്കുന്ന മുഖ്യസവിശേഷതകളിലൊന്നു് ഈ വിവരണങ്ങളാണു്. വെറുമൊരു കാഥികനോ ഗായകനോ അല്ല സങ്കീർത്തകനെന്നു് നാം കണ്ടു. പ്രസ്തുത സംഭവങ്ങളുമായി വൈകാരിക സാത്മ്യം പ്രാപിച്ചു് അവയിൽ ഭാഗഭാക്കാകുന്ന വിശ്വാസിയാണു് അയാൾ. ചിലപ്പോൾ ചരിത്രത്തിലെ ചില പ്രത്യേക സംഭവങ്ങൾ മാത്രം പ്രതിപാദിക്കപ്പെടുന്നു. (ജോർദാൻ നദി കടന്നതിൻെറ വിവരണമാണു് 114–ാംസങ്കീർത്തനം.)മററുസങ്കീർത്തനങ്ങൾ രക്ഷാചരിത്രത്തെ പൊതുവായി വിവരിക്കുന്നു.[1]

## ചരിത്രം ചുരുൾ വിടർത്തുന്നു

യാഹ്വെയുടെ മഹദ്കൃത്യങ്ങളിൽവച്ചു് ഏററവും അവിസ്മരണീയമായതു് ഈജിപ്തിൽനിന്നുള്ള മോചനവും തുടർന്നു് മരുഭൂമിയിലൂടെയുള്ള പ്രയാണവും, സീനായ് ഗിരിശൃംഗത്തിലെ ദിവ്യദർശനവും ഉടമ്പടിയും, കാനാൻ ദേശം കീഴടക്കിയതുമാണു്. പൂർവ്വപിതാവായ എബ്രഹാമിനോടു് യാഹ്വെ ചെയ്ത വാഗ്ദാനമാണു് ഇതിനൊക്കെ നിദാനം (105/8). അദ്ദേഹത്തിൻെറ സന്തതികളായ ഇസഹാക്കിനേയും യാക്കോബിനേയും ഔസേപ്പിനേയും ദൈവം പരിപാലിച്ചു (105/11–23). ഇസ്രായേലിൻെറ രക്ഷ വാസ്തവത്തിൽ ആരംഭിക്കുന്നതു് ഈജിപ്തിൽനിന്നുള്ള വിമോചനത്തോടെയാണു്. യാഹ്വെ ആരാണെന്നു് ആ അത്ഭുതകരമായ അനുഭവം അവരെ മനസ്സിലാക്കി. അവിടുന്നു അവക്കുവേണ്ടി പ്രവർത്തിച്ച പ്രതിഭാസകരമായ പ്രവൃത്തികൾ (78/12,43–51; 105/26–36; 135/8–9;136/10) ഇസ്രായേൽ എങ്ങനെ

---

1. വിവരണങ്ങൾ ചിലപ്പോൾ ഉത്തമപുരുഷനിലാവാം. ഉദാ: 89/8–12,74/13–17. യാഹ്വെയുടെ ഗുണഗണങ്ങൾ നേരിട്ടു വിവരിക്കുന്നതിനു പകരം പേഗൻ ദേവന്മാരുമായി താരതമ്യപ്പെടുത്തി, അവിടത്തെ മഹത്വം എടുത്തുകാണിക്കുന്ന രീതിയും കാണാം. (115/4–6)

www.malankaralibrary.com

മറക്കാനാണ്. കരുത്തരായ ഈജിപ്ഷ്യൻ ദൈവങ്ങൾ യാഹ്വെയുടെമുമ്പിൽ അടിയറവു പറഞ്ഞു; യുദ്ധവീരരായ ആ മനുഷ്യരെ പ്ലേഗുകൾ തകർത്തുകളഞ്ഞു.[1]

ഈ അത്ഭുതങ്ങളെക്കാളെല്ലാം ഇസ്രായേലിന്റെ ഹൃദയഭിത്തികളിൽ പതിഞ്ഞതു് രണ്ടു രംഗങ്ങളായിരുന്നു: ചെങ്കടൽ കടക്കലും സീനായ് ഉടമ്പടിയും. ഈജിപ്തിനെ ശിക്ഷിച്ച ദൈവം പ്രകൃതിയെ കീഴടക്കി സ്വജനത്തിനു പാതയൊരുക്കുന്നകാഴ്ച,[2] ഇസ്രായേലിനു സ്വദൈവത്തെപ്പറ്റി പുതിയൊരു ദർശനം പ്രദാനം ചെയ്തു. പ്രകൃതിയുടെയും അധിനാഥനാണ് യാഹ്വെ എന്ന് അവർ മനസ്സിലാക്കാൻതുടങ്ങി.

---

1. അവിടന്നു് ഇരുട്ടിനെ അയച്ചു്, നാടുമുഴുവൻ അന്ധകാരമയമാക്കി
അവിടന്നു് അവരുടെ ജലം രക്തമാക്കി;
അവരുടെ മത്സ്യങ്ങളെ നശിപ്പിച്ചു കളഞ്ഞു.
അവരുടെ നാടു് തവളകളെക്കൊണ്ടു നിറഞ്ഞു;
രാജാക്കന്മാരുടെ പള്ളിയറകളിൽപ്പോലും അവ സ്ഥലം പിടിച്ചു.
അവിടന്നു് കല്പിച്ചപ്പോൾ സംഖ്യാതീതമായ
ഈച്ചകളുടെ സമൂഹവും പേനും അവരുടെ നാട്ടിലെല്ലാം നിറഞ്ഞു.
മഴയ്ക്കുപകരം അവിടന്നു കന്മഴനല്കി.
അഗ്നിജ്വാലകൾ നാട്ടിലെങ്ങും വ്യാപിച്ചു.
അവരുടെ മുന്തിരിവള്ളികളും അത്തിവൃക്ഷങ്ങളും അവിടന്നു തകർത്തു;
നാട്ടിലെ വൃക്ഷങ്ങളും അവിടന്നു നശിപ്പിച്ചു.
അവിടന്നു കല്പിച്ചു; അനേക്ഷണം വെട്ടുക്കിളികളും അസംഖ്യം ചാഴികളുമെത്തി;
അവയാകട്ടെ അവരുടെ ദേശത്തുള്ള സകല സസ്യങ്ങളും
വയലിലെ ഫലങ്ങളും തിന്നു നശിപ്പിച്ചു.
അവിടന്നു് ഈജിപ്തുകാരുടെ എല്ലാ സന്താനങ്ങളുടേയും
ശിരസ്സായി നില്ക്കുന്ന കടിഞ്ഞൂലുകളെമുഴുവൻ ഇല്ലായ്മ ചെയ്തു – (105/26–36)

2. 66/6; 78/13; 106/7; 114/3; 136/13–15.

www.malankaralibrary.com

അവിടന്നു ചെങ്കടൽ രണ്ടായി വിഭജിച്ചു....
അതിൻെറ മദ്ധ്യത്തിലൂടെ അവിടന്നു് ഇസ്രായേ
ലിനെ നയിച്ചു....
ഫറവോനേയും അവൻെറ സൈന്യത്തേയും അവി
ടന്നു ചെങ്കടലിൽ താഴ്ത്തി....(136/13–15).

മരുഭൂമിയിലെ പ്രയാണത്തിൽ അവിടന്നു് അവരെ നേരിട്ടുനയിച്ചു; പകൽ മേഘത്തിൻെറ രൂപത്തിലും രാത്രി ജ്വലിക്കുന്ന അഗ്നിസ്തൂപത്തിൻെറ ആകൃതിയിലും (പുറ:13/21). അവക്കു വേണ്ടതൊക്കെ നിർല്ലോഭം നല്കി.

''അവരുടെ തണലിനായി അവിടന്നു് ഒരു മേഘ
ത്തെ വിരിച്ചുനിർത്തി;
രാത്രിയിൽ വെളിച്ചത്തിനായി അഗ്നിയും ജ്വലി
പ്പിച്ചു.
അവർ ചോദിച്ചപ്പോഠം അവിടന്നു് കാടപ്പക്ഷി
കളെ നല്കി;
സ്വർഗ്ഗത്തിൽനിന്നു് അപ്പം നല്കി അവരെ തൃപ്തി
പ്പെടുത്തി;
അവിടന്നു് പാറ പിളന്നു; വെള്ളം പുറപ്പെട്ടു;
അതു വരണ്ടഭൂമിയിലൂടെ നദിയായൊഴുകി''
(105/39–41).

ദൈവത്തിൻെറ ഈ ഔദാര്യത്തിനും പരിലാളനത്തിനും പകരമായി ഇസ്രായേൽ നല്കിയതു് അവിശ്വാസവും വിഗ്രഹാരാധനയുമായിരുന്നു. ദൈവാനുഗ്രഹത്തിൻെറ നീരുറവകളിൽ നീന്തിത്തുടിക്കുമ്പോഠംതന്നെ അവയിൽ പാപത്തിൻെറ വിഷംകലർത്താനുള്ള ഔദ്ധത്യം അവക്കുണ്ടായി. നന്ദിഹീനതയുടെ ആ പാപപങ്കിലചരിത്രം 106–ാംസങ്കീർത്തനം വിവരിക്കുന്നു. എങ്കിലും ദൈവം തൻെറ ഉടമ്പടിയെ അനുസ്മരിച്ചു് അവരോടു ക്ഷമിക്കുകയാണു്.

സീനായ് മലയിൽ വച്ചു് യാഹ്വെ സ്വജനവുമായി മഹത്തായ 'ഉടമ്പടി' ചെയ്തു; അവരുടെ രക്ഷ

www.malankaralibrary.com

കനം ബന്ധുവുമായി (ഗോയേൽ) [1] അവിടന്നു സ്വയം പ്രഖ്യാപിച്ചു; പകരമായി അവർ അനുവർത്തിക്കേണ്ട നിയമങ്ങൾ നൽകുകയും ചെയ്തു. മേലിൽ ഇസ്രായേലിൻെറ ഭാവി നേട്ടങ്ങൾക്കും കോട്ടങ്ങൾക്കും ജയാപജയങ്ങൾക്കും നിദാനമായിരിക്കും ആ ഉടമ്പടിയോടുള്ള അവരുടെ വിശ്വസ്തത.

യാഹ്‌വെ അവരേ ജോർദാനിലെ നീലജലപ്പരപ്പിലൂടെ കൈപിടിച്ചുകടത്തി വാഗ്ദാനദേശത്തേയ്ക്കു് ആനയിച്ചു (114); കാനാൻദേശത്തെ അവക്കായി പിടിച്ചടക്കി; ഗോതമ്പും വീഞ്ഞും സുഭിക്ഷമായി. പാപങ്ങൾക്കു് ശിക്ഷയായി ചിലപ്പോഴെല്ലാം അവരെ ശത്രുക്കൾക്കു് ഏല്പിച്ചുകൊടുത്തെങ്കിലും അനുതപിച്ചാലുടൻ സമുദ്ധരിക്കുക പതിവായിരുന്നു. സ്വന്തമായൊരു സാമ്രാജ്യവും രാജാവും അവക്കുണ്ടായി. ഈ അനുഗ്രഹങ്ങളെല്ലാം സങ്കീർത്തനങ്ങൾ വാചാലതയോടെ വർണ്ണിക്കുന്നു.

## സൃഷ്ടിയും പരിപാലനയും

യാഹ്‌വെ പ്രകൃതിശക്തികളെ പാവകളിപ്പിക്കുന്നതു് അവരെ അത്ഭുതപ്പെടുത്തി. സകല ചരാചരങ്ങളുടേയും സ്രഷ്ടാവും പരിപാലകനുമായി അവിടത്തേ അവർ പരിഗണിച്ചു.

"അവിടന്നു് ഭൂഗോളത്തെ ഇളകാതെ ഉറപ്പിച്ചുനിറുത്തിയിരിക്കുന്നു. (93/1)
സ്വശക്തികൊണ്ടു അവിടന്നു് സമുദ്രത്തെവിഭജിച്ചു
വെള്ളത്തിലുള്ള ദുഷ്ടജന്തുക്കളുടെ തല തകർത്തു.
ലെവിയാത്തൻെറ തല അങ്ങു തരിപ്പണമാക്കി;
സമുദ്രത്തിലെ ദുഷ്ടജീവികൾക്കു് അതിനെ ഭക്ഷണമാക്കി.
അങ്ങു് ഉറവകളും നീർച്ചാലുകളും തുറന്നുവിട്ടു;
മഹാനദികൾ വററിച്ചുകളഞ്ഞു.

1. ഗോയേൽ (goel) = സാധുക്കളായ ഇസ്രായേല്യക്കു് തങ്ങളുടെ അവകാശമായ സ്ഥാവരവസ്തുക്കൾ പുറജാതികൾക്കു വില്ക്കാൻ അനുവാദമില്ലായിരുന്നു. അവരുടെ അടുത്തചാർച്ചക്കാർ (ഗോയേൽ) അതുവാങ്ങി അവരെ കടത്തിൽനിന്നു് ഉദ്ധരിക്കാൻ ബാദ്ധ്യസ്ഥരായിരുന്നു.

www.malankaralibrary.com

പകൽ അങ്ങയുടേതാണ്; രാത്രിയും അങ്ങയു
ടേതാണ്
സൂര്യനേയും ചന്ദ്രനേയും അങ്ങാണ് നില
നിത്തുന്നതു്.
ഭൂമിയുടെ സീമകൾ അങ്ങു നിശ്ചയിച്ചു;
ശീതകാലവും ഉഷ്ണകാലവും അങ്ങുതന്നെ നിയമിച്ചു
74(13–17). (103/7–9; 73/13–14 എന്നിവയും
കാണുക.)

അവിടന്നു തൻെറ സൃഷ്ടികളെ പരിപാലിക്കുവാൻ അത്ഭു
താവഹമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടു്.

''അങ്ങു മൃഗങ്ങൾക്കുവേണ്ടി പുല്ലുമുളപ്പിക്കുന്നു.
ഭൂമിയിൽ അപ്പം ലഭിക്കുവാൻ, / മനുഷ്യരുടെ ഉപ
യോഗത്തിനായി സസ്യങ്ങൾനല്കി.
മനുഷ്യഹൃദയത്തെ ആഹ്ലാദിപ്പിക്കാൻ വീഞ്ഞും
ബലപ്പെടുത്തുവാൻ അപ്പവും
അവൻെറ മുഖത്തെ മിനുക്കുവാൻ എണ്ണയും
അവിടന്നു പുറപ്പെടുവിച്ചു. (104/14–15)[1]

അങ്ങനെ സൃഷ്ടിയും പരിപാലനയുംവഴി അവി
ടന്നു സകല ചരാചരങ്ങളുടേയും അധിനാഥനും രാജാവു
മായി വാഴുന്നു. ആ വാഴ്ച ആഗതമാകാനിരിക്കുന്ന സാർവ്വ
ത്രിക സാമ്രാജ്യത്തിൻെറ സ്ഥാപനത്തിൻെറ മുന്നോടി
മാത്രമാണ്. നിത്യവും അനന്തവിസ്തൃതവുമായ ദൈവ
രാജ്യത്തെ ഇസ്രായേൽ വിഭാവനചെയ്തു. (29/10;69/35
96/13). പൂർവ്വകാലാനുഭവങ്ങളോടൊപ്പം വർത്തമാനകാ
ലത്തു ലഭിക്കുന്ന പരിരക്ഷണയ്ക്കും ഭാവിയിൽ കാത്തി
രിക്കുന്ന ഭാഗ്യങ്ങൾക്കും ദൈവത്തിനു സ്തുതി പാടുന്നുണ്ടു്
സ്തോത്രഗീതങ്ങൾ.

<u>ഉപസംഹാരം:</u> സ്തുതിഗീതങ്ങൾക്കു് സാധാരണ
മായി നിശ്ചിത രൂപത്തിലുള്ള ഉപസംഹാരം കാണാ
റില്ല. ഉപസംഹാരമേയില്ലാതെ പൊടുന്നനവേ അവ
സാനിക്കുന്നവയും ഉണ്ടു്. ചിലതിൽ ആദ്യത്തെ ഈരടി
കൾ ആവർത്തിക്കുകയോ (8) അതിലേ ആശയംതന്നെ

1. 65/10–14–കാണുക.

www.malankaralibrary.com

വിഭിന്ന വാക്കുകളിൽ പ്രകടിപ്പിയ്ക്കുകയോ (103;/135, 136) ചെയ്തുകൊണ്ടാണു് അവസാനിപ്പിയ്ക്കുക.

കർത്താവിന്റെ ഭവനത്തിൽ, നമ്മുടെ കർത്താ
വിന്റെ ഭവനാങ്കണത്തിൽ നില്ക്കുന്നവരേ,
കർത്താവിന്റെ ദാസന്മാരേ, കർത്താവിന്റെ നാമ
ത്തെ സ്തുതിയ്ക്കുവിൻ 135/–12
ഇസ്രായേൽവംശമേ, കർത്താവിനെ വാഴ്ത്തുവിൻ
അഹറോൻ ഗോത്രമേ, കർത്താവിനെ വാഴ്ത്തുവിൻ
ലേവിവംശജരേ, കർത്താവിനെ വാഴ്ത്തുവിൻ;
കർത്താവിനെ ഭയപ്പെടുന്നവരേ, കർത്താവിനെ
വാഴ്ത്തുവിൻ. (135/19–20)

മുഖവുരയിൽ (1–2) പരാമർശിയ്ക്കപ്പെട്ടിരിക്കുന്ന ദേവാലയശുശ്രൂഷികളുടെ പേരുകൾ എടുത്തുപറഞ്ഞിരിയ്ക്കുകയാണു് ഉപസംഹാരത്തിൽ (19–20). ആശയം രണ്ടിലും ഒന്നുതന്നെയാണല്ലോ. തന്റെപ്രാത്ഥന സ്വീകരിക്കണമെന്നും(104/34;19/14)കാരുണ്യം തുടരണമെന്നും(138/8) ഇസ്രായേലിനു ശക്തിയും സമാധാനവും നല്കണമെന്നും മററുമുള്ള ചെറുപ്രാത്ഥനകളോടെ എതാനും സ്തോത്രങ്ങൾ സമാപിയ്ക്കുന്നു.

# ദൈവം ഇസ്രായേലിന്റെ കാഴ്ചപ്പാടിൽ[1]

## ദൈവസമത്ഥകമായ അനുഭവങ്ങൾ

ഇസ്രായേലിനു ദൈവത്തെപ്പററി ഉണ്ടായിരുന്ന അറിവും അനുഭവവും സ്തുതിഗീതങ്ങൾ നമ്മുടെ മുമ്പിൽ വച്ചുതരുന്നു. അവർ ദൈവത്തെ അറിഞ്ഞിരുന്നതു് രണ്ടു

1. Eichdrot – Theology of the O. T: Vol I.
E. Jacob: Theologie de l' Ancien Testament. Pp. 29f.
Van Imschoot: Theologie de l' Ancien Testament, Vol. I Pp. 37f 102
A. Gelin. Key Concepts of the O. T. Pp. 15–36 എന്നീ ഗ്രന്ഥങ്ങളിൽ ഈ വിഷയത്തെപ്പററി വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

www.malankaralibrary.com

നിലകളിലാണ്: സ്രഷ്ടാവും, രക്ഷിതാവും. ദൈവം രക്ഷിതാവാണെന്ന ആശയമാണ് അവക്കാദ്യം ലഭിക്കുക. ഗ്രീസിൻെറയോ ഭാരതത്തിൻെറയോ ഉദാത്ത തത്വചിന്തയോ ധിഷണനിലവാരമോ ഇല്ലാതിരുന്ന ഇസ്രായേൽ താത്വികാന്വേഷണങ്ങളും അപഗ്രഥനവും നിഗമനവും വഴിയല്ല അവിടത്തെ കണ്ടെത്തിയതു്. പട്ടിണിയും അടിമത്വവും യുദ്ധപരാജയങ്ങളുംകൊണ്ടു് തകന്നിരുന്ന, പ്രായേണ അജ്ഞരും അപരിഷ്കൃതരുമായ ആ ജനതയ്ക്കു് ദൈവം സ്വയം വെളിപ്പെടുത്തുകയാണ്. നേരിട്ടു ബുദ്ധിയെ പ്രകാശിപ്പിച്ചു് തൻെറ അസ്തിത്വവും സ്വഭാവവും അവക്കു പറഞ്ഞുകൊടുക്കാതെ, അവരുടെ അനുദിനജീവിതത്തിൽ ഇടപെട്ടു് മെല്ലെ സ്വയം അറിയിക്കുകയാണു യാഹ്‌വെ. പേഗൻജനത പ്രകൃതിശക്തികളിലൂടെ ദൈവത്തെ നേടിയതുപോലെയുമല്ല ഇസ്രായേൽ അവിടത്തെ അറിഞ്ഞതു്.

## 1) രക്ഷകനായദൈവം

അനുദിനജീവിതത്തിലെ അനുഭവാനുഭൂതികളിലൂടെ അവർ ദൈവത്തെ ദർശിക്കാൻതുടങ്ങി. ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള വിമോചനംമുതല്ക്കാണ് അവിടത്തെ പ്രവർത്തനങ്ങളെപ്പററി അവർ ബോധവാന്മാരാവുക. 'സജീവനായ' കർമ്മോന്മുഖനായ ഒരു പരാശക്തിയെ അവർ യാഹ്‌വെയിൽ കണ്ടു. സീനായിൽ വച്ചു മോശ അവിടത്തെനാമം ചോദിച്ചപ്പോഠം അവിടന്നു മറുപടിയേകി, 'യാഹ്‌വെ'—'അസ്തിത്വമുള്ളവൻ ഞാനാകുന്നു' എന്നാണതിൻെറയത്ഥം.[1] ഇസ്രായേലിൻെറ ഭാഷയിൽ 'അസ്തിത്വം' ജീവൻെറ നിലനിൽപ്പു,

---

1. യാഹ്‌വെ – YAHWEH (ഉച്ചാരണത്തിൽ 'യാവെ'). സീനായിലെ ജ്വലിക്കുന്ന മുൾപ്പടപ്പിൽ തനിക്കു പ്രത്യക്ഷനായ ദൈവത്തോടു മോശ അവിടത്തെ പേരു ചോദിച്ചപ്പോഠം ലഭിച്ചമറുപടിയാണ് 'യാഹ്‌വെ.' ഇതിൻെറ കൃത്യമായ അർത്ഥമെന്തെന്നു നിണ്ണയിക്കാനാവില്ല. I am who is (അസ്തിത്വമുള്ളവൻ ഞാനാകുന്നു.) I am who I am (ഞാൻ ഞാൻ തന്നെ. പേരുപറയാൻ

www.malankaralibrary.com

മാത്രമല്ല; ആ ജീവശ്ശക്തിയെ പ്രകടിപ്പിയ്ക്കുന്നതരത്തിൽ കർമ്മോന്മുഖമായി പെരുമാറുകകൂടിയാണു്. അതായതു് സജീവനായ, കർമ്മോന്മുഖനായ ഒരു വ്യക്തിയാണു താനെന്നു് അവിടന്നു സ്വയം പ്രഖ്യാപിയ്ക്കുന്നു. പില്ക്കാലസംഭവങ്ങൾ ആ സത്യത്തെ അസന്നിഗ്ദ്ധമായി തെളിയിച്ചു.

ഈജിപ്തിൽനിന്നുള്ള വിമോചനത്തിൽനിന്നും ഒരു കാര്യം അവർക്കു ബോദ്ധ്യമായി: യാഹ്‌വെ മററു ദേവന്മാരിലും ശക്തനാണു്. അന്നത്തെ ലോകത്തിലെ ഒരു വൻശക്തിയായിരുന്ന ഈജിപ്തിനെ അവിടന്നു തുരത്തി. അതിനർത്ഥം യാഹ്‌വെക്കെതിരായി ഈജിപ്ത്യൻജനതയെ സഹായിക്കാൻ പ്രശസ്തരായ അവരുടെ ദൈവങ്ങൾക്കുകഴിഞ്ഞില്ല (96/5;146/5). യാഹ്‌വെയുടെ ഈ ജീവശ്ശക്തിയാണു് വിഗ്രഹങ്ങളിൽനിന്നു് അവിടത്തെ വിഭിന്നനാക്കിയതു്. സൃഷ്ടികളിൽനിന്നും അവിടത്തേ വ്യത്യസ്തനാക്കിയതും മറെറാന്നല്ല. മനുഷ്യന്റെ ജീവൻ വെറുമൊരു നിഴലോ നിശ്വാസമോ (39/6—7) സ്വപ്നമോ പുൽക്കൊടിയോ പോലെയാണെങ്കിൽ, ദൈവീക ജീവനും സത്തയും അനന്തവുംഅനശ്വരവുമാണു്. തന്മൂലം അവിടന്നു് അനന്തശക്തനുമാണു്.

## 'ദേവന്മാരിൽ സമുന്നതൻ,

പക്ഷേ, നാം ഒന്നോർക്കണം: ആധുനികരായ നാം മനസ്സിലാക്കുന്ന അർത്ഥത്തിലുള്ള ഏക ദൈവവിശ്വാസം

---

മനസ്സിലെന്നു സാരം.) I am who am, I am because I am എന്നിങ്ങനെയൊക്കെ വിവർത്തനംചെയ്തു വ്യാഖ്യാനിക്കാം. പക്ഷേ ആദ്യത്തെ അർത്ഥമാണു കൂടുതൽ സ്വീകാര്യം. കാരണം അതിനർത്ഥം 'സജീവനായി, കർമ്മോന്മുഖനായി സ്ഥിതിചെയ്യുന്ന പരാശക്തിയാണു ഞാൻ' എന്നാണു്. പിന്നീടു പലപ്പോഴും അത്ഭുതപ്രവർത്തനങ്ങൾക്കു മുമ്പായി "ഇതു വഴി ഞാൻ യാഹ്‌വെയാണെന്നു നിങ്ങൾ അറിയും" എന്നു് അവിടന്നു പറയുന്നുണ്ടു്. (പുറ 7/15, 9/14, 14/4–8, എസക്കി: 13/23 27/6....) താൻ കർമ്മോന്മുഖനാണെന്നു അവിടന്നു തെളിയിക്കുന്നു. ഇതിൽ ആദ്യത്തെ അർത്ഥമാണു് അവിടന്നു ഉദ്ദേശിച്ചതെന്നു് നമുക്കു് അനുമാനിക്കാം.

www.malankaralibrary.com

ഇസ്രായേലിൽ ആദികാലത്തുകാണുകയില്ല. പില്ക്കാല പ്രവാചകന്മാരുടെകാലത്തു് അവർ ആ ഘട്ടത്തിലെത്തിച്ചേരും. സങ്കീർത്തനങ്ങൾ ഇതരദൈവങ്ങളുടെ അസ്തിത്വം നിഷേധിയ്ക്കുന്നില്ല (135/15f: 96/6;97/7;77/14). അവരേക്കാളെല്ലാം ശക്തനും, അവരുടെ സർവ്വാധികാരിയും, യഥാർത്ഥത്തിൽ ദൈവമെന്നപേരു അർഹിയ്ക്കുന്നവനുമായി യാഹ്‌വെ മാത്രമേയുള്ളു (96/4,97/9,135/4).

"എന്തെന്നാൽ കർത്താവു വലിയവനും ഏററവും സ്തുത്യർഹനും
സകലദേവന്മാരേക്കാളും ഭയാർഹനുമാകുന്നു." 96/4

യാഹ്‌വെയുടെ മറുനാമമായ 'എലോഹിം' എന്ന പദത്തിന്റെ അർത്ഥംതന്നെ 'പരമോന്നതനായ ദൈവം' (ദൈവങ്ങളിൽ വലിയവൻ) എന്നാണു്. അങ്ങനെ സകല ജനതകളേയും അവരുടെ ദേവന്മാരേയും അടക്കിവാണു് പ്രപഞ്ചത്തെ പരിപാലിക്കുന്ന അത്ഭുതവ്യക്തിയാണു യാഹ്‌വേ. "സങ്കീർത്തനങ്ങളിലെ ദൈവം സൃഷ്ടിയുടേയും, ജീവശക്തിയുടേയും, മഴയുടേയും, വെയിലിന്റേയും, സമ്പുഷ്ടിയുടേയും, ജൈവവികസനത്തിന്റേയും, യുദ്ധത്തിന്റേയും, നീതിയുടേയും, നിയമസമാധാനങ്ങളുടേയും ദൈവമാണു്. ചുരുക്കിപ്പറഞ്ഞാൽ ഇസ്രായേലിന്റെ ദൃഷ്ടിയിൽ പ്രപഞ്ചത്തിന്റെ മുഴുവന്റേയും ദൈവമാണു് അവിടന്നു്."[1]

## 'ബലവാനേ നീ പരിശുദ്ധൻ'

എന്നാൽ ജനനമരണങ്ങളും ലൈംഗിക വേഴ്ചകളുമുള്ള പേഗൻ ദേവന്മാരിൽനിന്നും അവിടന്നു തികച്ചും വ്യത്യസ്ഥനാണു്. ആദ്യമായിത്തന്നെ അവിടന്നു 'പരിശുദ്ധനാ'ണു്.[2] തിന്മയുടെ അഭാവവും നന്മയുടെ പൂർണ്ണതയും അത്യുജ്ജ്വലമായ പ്രഭാവവും മഹത്വവും അവിടത്തേ

1. Mowinekel. Op cit Vol I. Pp. 99 ff.
2. 22/4, 89/19, 99/5, 105/3, 119/4.

www.malankaralibrary.com

ഇതര ദേവന്മാരിലും മനുഷ്യരിലും നിന്നു് വിഭിന്നനാക്കി. ഒരു വമ്പിച്ച അഗ്നികുണ്ഡത്തിനരികിൽ നില്ക്കുമ്പോഴം നമ്മെ സ്തബ്ധരാക്കുന്ന ഭയവും അകൽച്ചയും ദൈവസാന്നിദ്ധ്യത്തിൽ പാപിയായ മനുഷ്യനുണ്ടാവുന്നു. മനുഷ്യനേയും ദൈവത്തേയും വേർതിരിക്കുന്ന ഈ അനന്തമായ വ്യത്യാസമാണു് ഇസ്രായേലിന്റെ ദൃഷ്ടിയിൽ 'വിശുദ്ധി'. സർവ്വശക്തനും ഉഗ്രപ്രതാപവാനും അദൃശ്യനുമായ യാഹ്‌വെ, പ്രകൃതിശക്തികളിലൂടെ സ്വയം വെളിപ്പെടുത്താറുണ്ടു്. അവിടത്തെ മഹത്വം അവർണ്ണനീയം തന്നെ. വിജ്ഞാനിയും വിവേകിയുമായ അവിടന്നു് (40/6, 104/24) അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. (77/2, 139/14). അവിടത്തെ വിചാരങ്ങളും ആലോചനകളും ചെയ്തികളും മഹത്തരങ്ങളാണു് (77/3; 145/3; 150/2). അവിടന്നു് എല്ലാം അറിയുകയും (139/1–5,) മനസ്സിന്റെ അഗാധതലങ്ങളോളം ചൂഴ്ന്നിറങ്ങി രഹസ്യവിചാരങ്ങൾപോലും ഗ്രഹിക്കയും ചെയ്യുന്നു. അവിടത്തെ സാന്നിദ്ധ്യം പ്രപഞ്ചമൊട്ടാകെ പരന്നുകിടക്കുന്നു. അതിൽ നിന്നും ഓടിയൊളിക്കാൻ ഒരു മനുഷ്യനും സാദ്ധ്യമല്ല (139/7–9).[1]

## പരിപാലകൻ

പക്ഷേ ഈ ഉഗ്രപ്രതാപൻ എത്ര ശാന്തനും കാരുണ്യവാനുമാണെന്നോ? അവിടന്നു് ഒരു സേച്ഛാധിപതിയല്ല; തന്നെ അനുസരിക്കുന്നവർക്ക് സ്നേഹനിധിയായ പിതാവാണു്. മനുഷ്യന്റെ ബലഹീനത അവനേക്കാളുമേറെ അവിടത്തേക്കറിയാം. അവൻ അനുതപിച്ചു്

---

1. ദൈവത്തിന്റെ അനന്ത വിജ്ഞാനത്തിന്റേയും, സർവ്വസാന്നിദ്ധ്യത്തിന്റേയും സുന്ദര വിവരണത്തിനു് 139-ാം സങ്കീർത്തനം മുഴുവൻ വായിക്കുക.

www.malankaralibrary.com

തന്നിലേക്ക തിരിച്ചുവരണമെന്നു മാത്രം അവിടന്നു് നിഷ്കർഷിക്കുന്നു. പ്രപഞ്ചത്തിലെ ഓരോ സൃഷ്ടിയേയും അവിടന്നു പരിപാലിക്കുന്നു.

അവിടന്നു് ആകാശം മേഘങ്ങൾകൊണ്ടു് ആവരണംചെയ്യുന്നു;
ഭൂമിക്കുവേണ്ടി മഴ ശക്തമാക്കുന്നു.
അവിടന്നു് മൃഗങ്ങൾക്കും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും ഭക്ഷണം നൽകുന്നു (147/8–9)
അവിടത്തെ ദയ ആകാശത്തോളവും
വിശ്വസ്തത മേഘങ്ങൾ വരേയും എത്തുന്നു.
അങ്ങയുടെ നീതി അങ്ങയുടെ പർവ്വതങ്ങൾ പോലെയും
ന്യായവിധികൾ അഗാധസമുദ്രം പോലെയുമാണു്;
കർത്താവേ അങ്ങയുടെ കൃപാവരം എത്ര അമൂല്യം!
മനുഷ്യർ അങ്ങേ നിഴലിൻകീഴിൽ ശരണം ഗമിക്കുന്നു...
ജീവന്റെ ഉറവ അങ്ങയുടെ പക്കലാണു്. 36/7–10.

ഇതാണു് ഇസ്രായേലിന്റെ 'രക്ഷകനായ ദൈവം.' നാം അനുദിനജീവിതത്തിന്റെ ദർപ്പണത്തിൽ ദർശിക്കുന്ന ഛായയും മറ്റൊന്നാണോ?

## 'രക്ഷകൻ പിറക്കുന്നു'

ക്രൈസ്തവരായ നാം ഇസ്രായേലിന്റെ ചരിത്രത്തിലേയ്ക്കു മടങ്ങിച്ചെന്നു് രക്ഷിതാവായ ദൈവം അവർക്കുവേണ്ടിചെയ്ത 'വിമോചന' കൃത്യങ്ങൾ കാണുന്നതു് നമ്മുടെ രക്ഷയുടെ ആദ്യപടിയായിട്ടാണു്. ക്രിസ്തുവിൽ സാധിതമായ മഹത്തായ വിമോചനത്തിന്റെ അടിവേരുകളാണവ. നമ്മുടെ രക്ഷയുടെ ഭാഗമായി ആ ചരിത്രസംഭവങ്ങളെ ദർശിച്ചുകൊണ്ടു് സ്തോത്ര സങ്കീർത്തനങ്ങൾ ആലപിക്കുമ്പോൾ, അവ സ്വന്തം രക്ഷയ്ക്കായി നാം ദൈവത്തിനു സമർപ്പിക്കുന്ന സ്തുതികളായി രൂപാന്തരപ്പെടും. ക്രിസ്തു നേടിത്തന്ന മഹത്തായ മോചനത്തെ പാടിസ്തുതി

www.malankaralibrary.com

സ്ലേണ്ടതു നമ്മുടെ കടമയാണ്. സെയിൻറ് പോൾ അതിനു നമുക്കു മാതൃകകാണിച്ചിരിക്കുന്നു എഫേസസു കാൎക്കുള്ള ലേഖനത്തിലെ (1/3–14) സ്തോത്രഗീതംവഴി. ലോകാവസാനത്തിൽ ക്രിസ്തു നമ്മെ നശ്വരപ്രപഞ്ചത്തിൻെറ അതൃത്തികൾകടത്തി വാഗ്ദാനദേശത്തേക്കു് ആനയിക്കുമ്പോൾ നമ്മുടെ വിമോചനം പൂൎത്തിയാവും. അവിടെവച്ചു് നിത്യകാലവും നാം രക്ഷകനായ ദൈവത്തിൻെറ സ്തോത്രങ്ങൾ ആലപിക്കുകയും ചെയ്യും (വെളി: 5/9–10; 15/3–4).

## സ്രഷ്ടാവായ ദൈവം

ആധുനിക മതഗ്രന്ഥങ്ങളിലൂടെ നാം ആദ്യമായി അറിയുന്നതു് സ്രഷ്ടാവായ ദൈവത്തേപ്പററിയാണല്ലോ. ഇസ്രായേലാവട്ടെ ഈ ആശയത്തിൽ എത്തിയതു് നൂററാണ്ടുകൾകൊണ്ടാണ്. യുദ്ധവീരനായ യാഹ്‌വെ അന്യജാതികളെ കീഴടക്കുന്നതുകണ്ടതോടെ അവിടത്തേ അധികാരം സാർവ്വത്രികമാണെന്നു അവർ മനസ്സിലാക്കി. അവിടത്തെ ഹസ്തം പ്രപഞ്ചശക്തികളെ പന്താടുന്നതു കണ്ടപ്പോൾമുതൽ അവിടന്നു് പ്രകൃതിയുടെ മുഴുവൻ അധിനാഥനാണെന്ന വിശ്വാസം മൊട്ടിട്ടുതുടങ്ങി.

'ഇല്ലായ്മയിൽനിന്നുള്ള സൃഷ്ടി' എന്ന ആശയം ഇസ്രായേലിനുണ്ടായിരുന്നില്ലെന്നുതോന്നുന്നു. അവരുടെ താഴ്ന്ന വിജ്ഞാനനിലവാരവും പേഗൻചിന്തയുടെ സ്വാധീനവുമാണ് ഇതിനുകാരണം. പ്രകൃതിയിലെ പ്രാഗ്‌രൂപത്തിലുള്ള പദാൎത്ഥങ്ങളെ യുദ്ധത്തിലൂടെ ദേവന്മാർ രൂപപ്പെടുത്തിയെന്ന മെസപ്പട്ടോമിയൻ വിശ്വാസം[1] അക്കാലത്തു പ്രബലമായിരുന്നു. എന്നാൽ അതു് അപ്പടി സ്വീകരിക്കാൻ ഇസ്രായേലിനു കഴിഞ്ഞില്ല. യാഹ്‌വെയോടു യുദ്ധംചെയ്യാൻ ആരുമില്ല. അവിടന്നു് ആഗ്രഹിക്കുന്ന നിമിഷം ഏതു ശക്തിയും കീഴ്പ്പെടും. അഗാധ സ

1. J. B. Pritchard. Ancient Near Eastern texts Pp. 90

www.malankaralibrary.com

മൃഗങ്ങളും ഭീകരജലജീവികളും അവിടത്തെ അനുസരിക്കുന്നു. അവിടത്തേയ്ക്കു നല്ലതെന്നു തോന്നിയ വിധത്തിൽ പ്രകൃതിയെ ക്രമീകരിച്ചു വികസിപ്പിക്കുകയും പരിപാലിക്കയും ചെയ്യുന്നു. (104/5–9; 147/7–9; 111/4–5....)

രക്ഷാകർമ്മത്തെപ്പോലെതന്നെ സൃഷ്ടികർമ്മവും ദൈവശക്തിയുടെ തെളിവായി അവർ കരുതി. പ്രപഞ്ചത്തെ മുഴുവൻ ക്രമീകരിച്ചു പരിപാലിയ്ക്കുന്ന ഈ 'സൃഷ്ടികർമ്മ' ത്തിൻെറ ലക്ഷ്യം മനുഷ്യനുമായുള്ള ഉടമ്പടിയായിരുന്നു. അതിനെ മുമ്പിൽകണ്ടുകൊണ്ടാണ് യാവേ ഈ സൃഷ്ടി പ്രക്രിയ നടത്തുക. പക്ഷേ ഇസ്രായേലിനെമാത്രമല്ല മാനവകുലത്തെയൊന്നാകെ രക്ഷിക്കയാണ് അവിടത്തേ ലക്ഷ്യം.

പില്ക്കാലത്ത് 'ഇല്ലായ്മയിൽനിന്നുള്ള സൃഷ്ടി' എന്ന ആശയം ഇസ്രായേലിൻെറ മനസ്സിൽ കടന്നുവന്നു.

''കർത്താവിൻെറ വചനത്താൽ ആകാശവും
അവിടത്തേ വായിലെശ്വാസത്താൽ വാനസൈന്യവുംസൃഷ്ടിക്കപ്പെട്ടു.
അവിടന്ന് അരുളംചെയ്തു; അങ്ങനെ സംഭവിച്ചു;
അവിടന്നു കല്പിച്ചു; അങ്ങനെ സ്ഥാപിതമായി.''
(33/6–9)
(19, 104, 148 എന്നിവയും കാണുക.)

ഇവിടെ വെറും പരിപാലനയല്ല; ഉൽപത്തിപുസ്തകം വിവരിക്കുന്ന തരത്തിലുള്ള, ദൈവം നേരിട്ട് നിഷ്പ്രയാസം ഇല്ലായ്മയിൽനിന്നു പ്രപഞ്ചത്തെ രൂപപ്പെടുത്തുന്ന പ്രക്രിയയാണു വിവക്ഷ.

## 'പ്രപഞ്ചം ദൈവമഹത്വം വിളംബരം ചെയ്യുന്നു'

പ്രാചീന മനുഷ്യർ സൃഷ്ടപ്രപഞ്ചത്തെ ഭയബഹുമാനാദികളോടെ വീക്ഷിക്കുകയും; അതിനെ പ്രീതിപ്പെടുത്താൻ ആരാധനയും ബലികളും നടത്തുകയും പതിവായിരുന്നു. ഇസ്രായേലാവട്ടെ അതിനെ തെല്ലും ഭയപ്പെ

www.malankaralibrary.com

ട്ടിരുന്നില്ല. യാഹ്വെ അതിനെ നിയന്ത്രിച്ചുഭരിക്കുന്നതിനാൽ വിശ്വാസിക്കു് ഒരിക്കലും ഭയത്തിനവകാശമില്ല. തൻെറ അജഗണത്തിനായി ആ നല്ല ഇടയൻ ഒരുക്കിയ മേച്ചിൽസ്ഥലമാണു സൃഷ്ടലോകമെന്നു് അവർ അനുഭവിച്ചറിഞ്ഞു.

അവരുടെദൃഷ്ടിയിൽ പ്രപഞ്ചം പ്രതിഭാസകരമായ ഒരു 'അത്ഭുതമായിരുന്നു'. വ്യക്തമായ ചില നിയമങ്ങളനുസരിച്ചു ചലിയ്ക്കുന്ന ചരാചരജാലമായല്ല, പ്രത്യുത ദൈവീകകല്പനകൾ അനുസരിച്ചു പ്രവർത്തിയ്ക്കുന്ന ശക്തിയായാണു് അവർ പ്രപഞ്ചത്തെ ദർശിക്കുക. അതിലെ ചലനങ്ങളെ നിയന്ത്രിക്കുന്നതു ദൈവത്തിൻെറ ഉത്തരവുകളാണു്; പ്രകൃതിനിയമങ്ങളല്ല. ദൈവത്തിൻെറ ജീവശ്ശക്തി നേരിട്ടു നിയന്ത്രിക്കുന്ന അത്ഭുത പ്രതിഭാസമാണു പ്രപഞ്ചം.

അതു ദൈവത്തിൻെറമഹത്വം വിളംബരംചെയ്യുന്നു. അവിടത്തെ അത്ഭുതകൃത്യങ്ങളിൽ ആദ്യത്തേതാണതു്; വരാനിരിയ്ക്കുന്ന വലിയൊരുവാഗ്ദാനത്തിൻെറ (ഉടമ്പടിയുടെ) മുന്നോടി. സൃഷ്ടജാലംമുഴുവൻ അവിടത്തെ മഹത്വത്തെപ്രകീർത്തിയ്ക്കുന്നു. അവരുടെ വീക്ഷണത്തിൽ ദൈവമഹത്വമെന്നാൽ അവിടത്തെ ആന്തരീകസത്തയായ 'വിശുദ്ധി'യുടെബാഹ്യാവിഷ്കരണം. സൃഷ്ടികളിലൂടെ അവിടന്നു തൻെറ സ്നേഹവും കരുണയും പരിപാലനാവൈഭവവും പ്രകടിപ്പിയ്ക്കുന്നു. അവിടന്നു 'സജീവനാ'1 ണെന്നു് ഓരോവസ്തുവും വിളിച്ചോതുന്നു. എരിയുന്ന മുൾപ്പടർപ്പിൻേറയും ശീതളമാരുതൻേറയും മററുംപ്രതീകങ്ങളിലൂടെ പിൽക്കാലത്തു മോശയ്ക്കും ഏലിയായ്ക്കുമൊക്കെ പ്രത്യക്ഷനാകുന്നതിൻെറ മുന്നോടിയാണു് പ്രപഞ്ചത്തിലൂടെയുള്ള ഈ പ്രത്യക്ഷം.

---

1· യാഹ്വെ = സജീവനായവൻ: സൃഷ്ടജാലം അവിടത്തെ കർമ്മോന്മുഖവും വ്യക്തിഗതവും സജീവവുമായ സത്തയ്ക്കു തെളിവാണല്ലോ·

www.malankaralibrary.com

## 'പുതിയ ആകാശവും പുതിയ ഭൂമിയും'

പ്രപഞ്ചത്തിലെ അചേതന വസ്തുക്കളിൽപ്പോലും ദൈവരാജ്യത്തിൻെറ നിഴലാട്ടം ദർശിക്കാൻ ക്രിസ്തുവിനു കഴിഞ്ഞു. ആഗതമാവുന്ന ദൈവരാജ്യത്തെ കൃഷിഭൂമിയോടും വിത്തിനോടും മുത്തിനോടും വലയോടുമൊക്കെ അവിടന്നു ഉപമിച്ചു. അന്തിമമായ ആ മോചനത്തെപ്പററി പ്രപഞ്ചമൊട്ടാകെ ഉൽഘോഷിക്കുകയാണ്.

ക്രിസ്തുവാണ് സൃഷ്ടികർമ്മത്തിൻെറ പൂർണ്ണത. ''എല്ലാ വസ്തുക്കളും അവനിലൂടെ സൃഷ്ടിക്കപ്പെട്ടു. സൃഷ്ടിക്കപ്പെട്ടവയിൽ അവനിലൂടെയല്ലാതെ ഒന്നും ഉണ്ടാക്കപ്പെട്ടില്ല.'' (യോഹ: 1/3). ''അവൻ സൃഷ്ടിയുടെ ആദ്യജാതനാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്തവും — ദൃശ്യവും അദൃശ്യവും–അവനിൽക്കൂടി അവനുവേണ്ടി സൃഷ്ടിക്കപ്പെട്ടു. അവൻ എല്ലാററിനും മുമ്പേ ഉള്ളവൻ. അവനിൽ ബന്ധിച്ചു നില്ക്കുന്നു.'' (കോളോ:1/15–17). ആദ്യസൃഷ്ടിയെ മനുഷ്യപാപം തച്ചുടച്ചു. പ്രപഞ്ചം അതിൻെറ കേന്ദ്രബിന്ദുവായ ദൈവത്തിൽനിന്നു അകന്ന് അനിയന്ത്രിതമായി പരിണമിച്ചു. അതിനെ പൂർവ്വസ്ഥിതിയിലാക്കാൻ ഒരു പുത്തൻ സൃഷ്ടികർമ്മംതന്നെ വേണ്ടിവന്നു. ക്രിസ്തു തൻെറ ഉത്ഥാനത്തിലൂടെ അതു സാധിച്ചു. തകർന്നടിഞ്ഞ ക്രമം പുനസ്ഥാപിക്കപ്പെട്ടു. പ്രപഞ്ചശക്തികളെ സംയോജിപ്പിക്കുന്ന കണ്ണിയാണ് അവിടന്ന്. ''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്തവും ഈശോമിശിഹായാകുന്ന ഏക കേന്ദ്രത്തിൽ പുനപ്രതിഷ്ഠിക്കണമെന്ന'' ''ദൈവത്തിൻെറ തിരുച്ചിത്തം'' (എഫേ:1/10) അങ്ങനെ നിറവേറി.

രക്ഷാകർമ്മത്തിൻെറ വിവിധഘട്ടങ്ങളിലായി ദൈവം ആ കൃത്യം നിർവ്വഹിച്ചുകൊണ്ടിരുന്നു (ആവർത്തനം 4/32). ഇസ്രായേലിൻെറ തെരഞ്ഞെടുപ്പുതന്നെ ഒരു സൃഷ്ടികർമ്മമായിരുന്നു. പക്ഷേ അതിലും മൌലികമായ, സമ്പൂർണ്ണമായ ഒരു നവ്യസൃഷ്ടിതന്നെ വേണ്ടിവന്നു അന്തിമ രക്ഷ സാധിക്കുവാൻ. (സങ്കീ:51/10; ജെറ:31/22; ഏശയ്യാ:45/8).

www.malankaralibrary.com

''ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു, പൂർവ്വകാര്യങ്ങൾ വിസ്മൃതമാകും; അവ വീണ്ടും അനുസ്മരിക്കപ്പെടുകയില്ല. ഞാൻ സൃഷ്ടിക്കുന്ന ഈ വസ്തുക്കളിൽ നിങ്ങൾ എന്നേക്കും ആനന്ദിക്കയും സന്തോഷിക്കയും ചെയ്യും. ഞാൻ ജെറുസലേമിനെ ആഹ്ലാദപ്രദയായും അതിലെ ജനങ്ങളെ ആനന്ദപ്രദരായും സൃഷ്ടിക്കുന്നു. ഞാൻ ജെറുസലേമിനെക്കുറിച്ചു സന്തോഷിക്കയും എന്റെ ജനത്തെക്കുറിച്ച് ആനന്ദിക്കയും ചെയ്യും''
(ഏശ: 65/17–19).

ഈ പുത്തൻജനത നാമാണ്. ജ്ഞാനസ്നാനം സ്വീകരിക്കുന്നവരെല്ലാം 'പുത്തൻ സൃഷ്ടികളായി' രൂപാന്തരപ്പെടുന്നു (2 കോറി:5/17; ഗലേ;6/15). പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞു്, ദൈവസാദൃശ്യത്തിൽ നന്മയിലും വിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഒരു പുത്തൻസ്വഭാവം സ്വീകരിക്കയാണു നാം (എഫേ4/24). ദൈവമഹത്വം വിളമ്പരംചെയ്യുന്ന പ്രകൃതിവസ്തുക്കളാണ് ഈ സൃഷ്ടികർമ്മത്തിനായി കൂദാശകളിൽ ഉപയോഗിക്കപ്പെടുന്ന പ്രതീകങ്ങളെന്ന വസ്തുതയും അർത്ഥഗർഭമാണ്.

അവസാനം ഇനിയും ആയിട്ടില്ല. ഈ ഘട്ടത്തിലും സൃഷ്ടജാലം അതിന്റെ പൂർണ്ണ മോചനവുംപ്രതീക്ഷിച്ചു നൊമ്പരത്തോടെകഴിയുകയാണ്. 'ഭാവിയിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന, ദൈവമക്കളുടെ ദർശനവും പ്രതീക്ഷിച്ചു്'' 'നാശത്തിന്റെ അടിമത്തത്തിൽനിന്ന് ദൈവമക്കളുടെപ്രാഭവപൂർണ്ണമായ സ്വാതന്ത്ര്യത്തിലേയ്ക്കു് ആനയിക്കപ്പെടാൻ' 'സൃഷ്ടവസ്തുക്കളൊക്കെയും അത്യാകാംക്ഷാപൂർവ്വം വിഷമംപൂണ്ടു് കാത്തിരിക്കുന്നു'[1] അതേ;അവിടന്നു വാഗ്ദാനംചെയ്ത പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിച്ചിരിക്കയാണുനാം. (2 പത്രോ:3/31;വെളി: 21/1,5).

---

1. റോമ: 8/21–22.

www.malankaralibrary.com

ഇസ്രായേലിന്റെ സ്തോത്രഗീതങ്ങൾ ആലപിക്കുമ്പോൾ രണ്ടു സൃഷ്ടികർമ്മങ്ങൾക്കാണു നാം ദൈവത്തെ പുകഴ്ത്തേണ്ടതു്; പ്രപഞ്ചസൃഷ്ടിക്കും അതിന്റെ പുനഃസൃഷ്ടിക്കും. രക്ഷകനായ ദൈവവുമായി കൂടുതൽ അടുക്കാൻ നമുക്കു ഭാഗ്യമുണ്ടായിട്ടുണ്ടു്; അന്തിമമായ വിമോചനം കാത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്തുതിഗീതങ്ങളിലൂടെ നമ്മുടെ രക്ഷയെ അനുസ്മരിക്കാം.

# VI

# അർത്ഥനാഗാനങ്ങൾ[1]

## I വ്യക്തിയുടെ അർത്ഥനകൾ

ദുരന്തങ്ങളുടെ അഗ്നികുണ്ഡത്തിൽ വെന്തെരിയുമ്പോൾ, നിർഭാഗ്യങ്ങളുടെ നീർച്ചുഴിയിൽ നട്ടംതിരിയുമ്പോൾ, മനുഷ്യൻ താനറിയാതെതന്നെ ദൈവസന്നിധിയിലേക്കു കൈക്കുമ്പിൾ നീട്ടുന്നു. സുഖസമൃദ്ധിയുടെ സ്വപ്നലോകത്തുനിന്നു് ദൈവത്തെ നിഷ്കരുണം നിരാകരിക്കാൻ അവനു മടിയില്ല. പക്ഷേ തകർന്നടിഞ്ഞ കിനാവുകളുടെ ശവകുടീരത്തിൽ തളർന്നിരിക്കുമ്പോൾ നൊമ്പരങ്ങളുടെ നനവാർന്ന നയനങ്ങൾ അവിടത്തെ പക്കലേക്കു് ഉയർന്നുപോവും. ഹൃദയരക്തത്തെ ബാഷ്പബിന്ദുക്കളാക്കി കരുണയാചിക്കുന്ന വിനീതനായ മനുഷ്യനെ നാമവിടെ കാണുന്നു. ദൈവാസ്തിത്വത്തെ വെല്ലുവിളിച്ചു,

1. അർത്ഥനാഗാനങ്ങളെ വ്യക്തിയുടെ അർത്ഥന(private petition) സമൂഹാർത്ഥന (communal supplication) എന്നു രണ്ടു പ്രധാന വിഭാഗങ്ങളായി തിരിക്കാം.

www.malankaralibrary.com

അവിടന്നു മരിച്ചുപോയി എന്നു ആത്ത്ഥപരിഹസിച്ച വാചാലങ്ങളായ നാവുകളോ ഇതെന്നു നാം അതിശയിച്ചേക്കാം. ദു:ഖത്തിൽ ദൈവത്തെ പഴിക്കുന്ന മനുഷ്യൻ സുഖത്തിൻെറ ഉത്തരവാദിത്വം അങ്ങിൽ ആരോപിക്കാൻ സൗകര്യപൂവ്വം മറന്നുപോവുന്നു.

മനുഷ്യസ്വഭാവത്തിൻെറ ഈ ശാശ്വതപ്രവണത ഇസ്രായേലിൻെറ ചരിത്രത്തിലും തെളിഞ്ഞുകാണാം. വേദനകളിലും യാതനകളിലും അവർ യാഹ്വെയെ തേടി; സുഖസമൃദ്ധിയിൽ വിഗ്രഹാരാധനയിലും പ്രമാണലംഘനത്തിലും മുഴുകിജീവിച്ചു. ദൈവത്തെ സഹായത്തിനു വിളിക്കുന്ന വ്യക്തിയുടേയും ദേശത്തിൻേറയും കദനനിർഭരമായ ശബ്ദമാണു് അത്ഥനാഗാനങ്ങളിൽ നാം ശ്രവിക്കുക. ഉടമ്പടിവഴി ഞങ്ങളുടെ ബന്ധുവും (ഗോയേൽ) രക്ഷിതാവുമായ ദൈവത്തെ, സഹജമായ മമതയോടെ അവർ വിളിച്ചപേക്ഷിച്ചു. മാനുഷിക പ്രതിരൂപങ്ങളിലൂടെ[1] ദൈവത്തെ ദശിച്ചിരുന്ന ഇസ്രായേൻ ഒരു മനുഷ്യനോടെന്ന വിധം തികഞ്ഞ സ്വാതന്ത്ര്യത്തോടെ അവിടത്തോടു സംസാരിക്കുന്നു. അത്യാപത്തിൽപ്പെട്ടയാാം രക്ഷയ്ക്കായി വിളിച്ചുകേഴുന്ന ധ്വനിയാണു് ഈ ഗാനങ്ങാംക്കുള്ളതു്. വ്യക്തിപരമായ അത്ഥനകാംക്കു പല ഉാംപ്പിരിവുകളുമുണ്ടു്. ആദ്യമായി അവയ്ക്കെല്ലാം പൊതുവെയുള്ള രൂപരേഖ പരിശോധിക്കാം.

## 1. അഭിസംബോധന

ദൈവത്തെ നേരിട്ടു് അഭിസംബോധന ചെയ്തുകൊണ്ടാണു് സങ്കീത്തകൻ പ്രലപനം ആരംഭിക്കുക. നാഥാ, സൈന്യങ്ങളുടെ കത്താവേ, എൻെറ ദൈവമേ, എൻെറ കത്താവായ ദൈവമേ, എന്നിങ്ങനെ തികച്ചും മമതാ പൂർണ്ണമായ വിളിയായിരുന്നു അതു്. ദൈവനാമം വിളിച്ചപേക്ഷിക്കുക വെറും അഭിസം

1. anthropomorphism—അശരീരിയായ ഈശ്വരനെ മനുഷ്യരൂപത്തിൽ സങ്കല്പിക്കുക.

www.malankaralibrary.com

ബോധനസ്സുവേണ്ടിയല്ല, അവരുടെ വീക്ഷണമനുസരിച്ചു് പേരു് ഒരാളുടെ വ്യക്തിത്വത്തിൻെറ ആകെത്തുകയാണു്. അതു് അയാളെ മററുള്ളവരിൽനിന്നു വിഭിന്നനാക്കുന്നു. 'ദൈവമേ' എന്ന വിളിയിൽ ദൈവത്തിൻെറ എല്ലാ സ്വഭാവവിശേഷങ്ങളും അവിടത്തേക്കു് അർത്ഥിയോടുള്ള ബന്ധവും അന്തർലീനമായിരുന്നു. ആ വിളിവഴി താൻ ദൈവവുമായി വ്യക്തിഗതസമ്പർക്കത്തിലാണെന്നും ദൈവനാമത്തിനു തന്നെ രക്ഷിക്കാൻ ശക്തിയുണ്ടെന്നും അയാറം വിശ്വസിക്കുന്നു.[1] വിളിയോടൊപ്പംതന്നെ തൻെറ അടിയന്തിരാവശ്യത്തെ രോദനരൂപത്തിൽ അവതരിപ്പിക്കുകയായി: "എന്നെ രക്ഷിക്കു, എന്നോടു ദയ കാണിക്കു, എന്നെ സുഖപ്പെടുത്തു, എനിക്കു് വേഗം ഉത്തരമേകു, എത്രനാറം എന്നിൽനിന്നു മുഖം മറച്ചുവയ്ക്കും...."

## 2. ദുരന്തവിവരണം

ദൈവത്തിൻെറ ദയയും കാരുണ്യവും തട്ടിയുണർത്താൻ അയാറം തൻെറ കഷ്ടസ്ഥിതിയെ കഴിയുന്നത്ര വർണ്ണിക്കാൻ ശ്രമിക്കുന്നു.[2] മിക്കപ്പോഴും അമിതഭാവനയും അതിശയോക്തികളുമാണു ഫലം. അർത്ഥനാഗാനത്തിൻെറ ഏറിയപങ്കും ഇതിനായി നീക്കിവച്ചിരിക്കുന്നു. തന്മൂലം ഇതിനെ അർത്ഥനാഗാനമെന്നതിനുപകരം 'വിലാപകീർത്തനങ്ങറം' എന്നു വിളിക്കാനാണു് പല പണ്ഡിതന്മാരും ഇഷ്ടപ്പെടുക.

## 3. അർത്ഥന

തൻെറ ദുർഭഗസ്ഥിതി വ്യക്തമാക്കിയശേഷം അയാറം ദൈവത്തോടു സഹായാഭ്യർത്ഥന നടത്തുന്നു. വളരെ ലളിതവും സ്വാഭാവികവും മമതാപൂർണ്ണവുമായ രീതിയി

1 124/8, 20/8, 33/4, 51/4
2 22/12, 31/13, 69/3, 109/8

www.malankaralibrary.com

ലാണതു്. എന്നെ ശ്രുവിക്കണമേ, എന്നെ രക്ഷിക്കണമേ, എൻെറമേൽ കരുണയുണ്ടാകണമേ.... ദൈവം എന്നെ കേദംക്കമാറാകട്ടെ, സഹായിക്കമാറാകട്ടെ എന്നൊക്കെ പ്രാത്ഥിക്കുന്നു. ചിലപ്പോഠം ഉണരു, എഴുന്നേൽക്കു, എൻെറ സഹായത്തിനെത്തു, എന്നെ നോക്കു, ഞാൻ പറയുന്നതു കേദംക്കു....എന്നിങ്ങനെ അതിമമതയോടെ ദൈവത്തെ കുലുക്കിയുണർത്താനെന്നപോലെയും വിളിച്ചപേക്ഷിക്കുന്നു. സമന്മാരോടെന്നപോലെ, നേരിട്ടു വന്നു് രക്ഷിക്കു, എഴുന്നേററു് എന്നെ ഉയർത്തുക...., വേഗം വരിക....എന്നൊക്കെപ്പോലും അയാഠം ആവശ്യപ്പെടുന്നു. എത്രനാഠം അങ്ങെന്നെ വിസ്മരിക്കും? എന്തുകൊണ്ടു് അങ്ങെന്നെ കൈവെടിഞ്ഞു? എന്നിനി എന്നെ കടാക്ഷിക്കും? എന്തേ എന്നിൽനിന്നും അകന്നുനില്ക്കുന്നു? എന്നിത്യാദി ദൈന്യം സ്ഫുരിക്കുന്ന ചോദ്യങ്ങളും കേദംക്കാം.ഇസ്രായേൽക്കാരനു ദൈവവുമായുണ്ടായിരുന്ന ബന്ധവും അതിൽ അധിഷ്ഠിതമായ പ്രാത്ഥനയുടെ വ്യക്തിഗത സ്വഭാവവുമാണു് ഇതിൽനിന്നും വ്യക്തമാവുക.

## 4. കാരണ വിശകലനം

ദൈവം തന്നെ രക്ഷിക്കുന്നതു് എന്തിനാണെന്നു് അയാഠം അടുത്തതായി വിവരിക്കുന്നു. ആദ്യമായി ദൈവത്തിൻെറ നന്മയും കാരുണ്യവും നീതിയുമാണു്. രണ്ടാമതായി ദൈവത്തിൽ തനിക്കുള്ള അചഞ്ചലമായ ശരണമാണു്; ദൈവത്തിൻെറ ഉടമ്പടിയും വാഗ്ദാനങ്ങളുമാണു് ഈ ശരണത്തിനു നിദാനം. തന്നിൽ ആശ്രയിക്കുന്ന വിശ്വാസിയെ ദൈവത്തിനു നിരസിക്കാനാവില്ലെന്നു് അയാഠം വാദിക്കുന്നു. ഇതിനും പുറമേ, തൻെറ അനുതാപം, പ്രായശ്ചിത്ത പ്രകടനങ്ങദം, ജീവിതത്തിൻെറ ക്ഷണികത, ദൈവീകപ്രമാണങ്ങളിൽ തനിക്കുള്ള ശരണം, തൻെറ നിരപരാധിത്വം, ദൈവത്തിനു പരസ്യമായി ബലിയർപ്പിക്കാമെന്ന വാഗ്ദാനം എന്നിവയൊക്കെ മററുകാരണങ്ങളായി സമർപ്പിക്കപ്പെടുന്നു.

www.malankaralibrary.com

## 5. ഉപസംഹാരം

അർത്ഥനാഗാനങ്ങളുടെ ഉപസംഹാരത്തിനു നിശ്ചിത രൂപമില്ല. ചിലപ്പോൾ യാചനയോടെതന്നെ അവ അവസാനിക്കുന്നു. ഭൂരിഭാഗം സങ്കീർത്തനങ്ങളും പ്രതീക്ഷയുടെ രജതരേഖയുമായാണ് പര്യവസാനിക്കുക (5/12). ദൈവം തൻെറ പ്രാർത്ഥന കേട്ടുകഴിഞ്ഞെന്നും, ആവശ്യപ്പെട്ട അനുഗ്രഹം തനിക്കു ലഭിച്ചെന്നുപോലും അർത്ഥിക്കു തോന്നുന്നു (6/9). സ്തുതിസ്തോത്രങ്ങളും യാഗബലികളും വാഗ്ദാനം ചെയ്തുകൊണ്ട് നിറുത്തുന്നവയും ഇല്ലാതില്ല.

അർത്ഥനാഗാനങ്ങളുടെ പൊതുവായ ഘടന ഇതാണെങ്കിലും, അർത്ഥിയുടെ ദുരന്തസ്ഥിതിയനുസരിച്ച് അവയെ രോഗീവിലാപം, മരണാപകടത്തിൽപ്പെട്ടവൻെറ പ്രാർത്ഥന, നീതിമാൻെറ വിലാപം എന്നിങ്ങനെ അവയെ തരംതിരിക്കാം. ഓരോന്നിനേയും അതാതിൻെറ പ്രത്യേക സാഹചര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടു വിലയിരുത്തിയേ മതിയാവൂ.

## i മരണഭീതി

സുഖഭോഗങ്ങളിൽ മദിച്ചുല്ലസിക്കുന്ന, ദൈവത്തേയും മനുഷ്യനേയും ഭയപ്പെടാത്ത വമ്പന്മാർപോലും മരണത്തിൻെറ മണിമുഴക്കം ശ്രവിക്കുമ്പോൾ ഭയംനിറഞ്ഞവരാവാറുണ്ട്. മരണാനന്തരസൗഭാഗ്യത്തെക്കുറിച്ച് വ്യക്തമായ ചിത്രം ആധുനികമതങ്ങൾ നല്കിയിട്ടുണ്ടെങ്കിലും, വളരെ നല്ല മനുഷ്യർപോലും മരണത്തിൽനിന്നും ഓടിയകലാൻ ശ്രമിക്കുന്നു. വെളിപാടിൻെറ പൂർണ്ണതയിൽ, ക്രിസ്തു തൻെറ ഉത്ഥാനംവഴി ഉദ്ഘാടനംചെയ്ത ഈ അന്തിമകാലഘട്ടത്തിലെ ക്രൈസ്തവൻെറപോലും മനോഭാവം ഇതാണെങ്കിൽ, മരണത്തിനപ്പുറം ദുഃഖനിർഭരമായ ജീവിതം സ്വപ്നം കണ്ടിരുന്ന യഹൂദർ മരണത്തെ കണക്കററു ഭയപ്പെട്ടതിൽ അതിശയത്തിനു വകയില്ലല്ലോ.

മരണകരമായ അപകടങ്ങളിൽനിന്നു വിമോചനം

www.malankaralibrary.com

അഭ്യൎത്ഥിക്കുന്നവയാണു് അർത്ഥനാസങ്കീർത്തനങ്ങളുടെ ചില ഭാഗങ്ങൾ. മരണശേഷം ഭൂമിക്കുകീഴേയുള്ള പാതാളത്തിൽ[1] എല്ലാ മനുഷ്യരും എത്തുന്നു എന്നായിരുന്നു യഹൂദവിശ്വാസം. അവിടെ അവർ 'പ്രേത'ങ്ങളായി[2] കഴിയുന്നു. അവരുടെ വ്യക്തിത്വം പഴയപടി നിലനിന്നിരുന്നെങ്കിലും ഓജസ്സും കർമ്മവീര്യവും ജീവശ്ശക്തിയുമൊക്കെ നഷ്ടപ്പെട്ടു് വെറും നിഴലുകൾക്കു തുല്യമായി മാറുന്നു. അന്ധകാരവും പൊടിപടലവും അതിനെ ആവരണം ചെയ്യുന്നു. ഉച്ചത്തിലുള്ള സംസാരമോ ദൈവസ്തുതിയോ കേൾക്കാനില്ല. ആഹ്ളാദത്തിന്റെ കണികപോലുമില്ലാത്ത ശോകപൂർണ്ണമായ ജീവിതമാണു് അവിടുള്ളതു്. അവിടെ എല്ലാവരും ബലഹീനരും നിഷ്ക്രിയരുമാണു്. വിജ്ഞാനത്തിന്റെ യാതൊരു ലക്ഷണവും ഇല്ല; ഭൂമിയിലെ കാര്യങ്ങൾ ഒന്നുംതന്നെ അവർ അറിയുന്നില്ല. എന്തിനേറെ യാഹ്‌വെയെ ഓർമ്മിക്കാൻപോലും ആ 'വിസ്മൃതിയുടെ നാട്ടിലെ' പൗരന്മാർക്കു കഴിയുന്നില്ല. ദുഷ്ടനും ശിഷ്ടനുമെല്ലാം ഇതേ വിധിയാണു് മരണാനന്തരം. തന്നെ പാതാളത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെടുത്താൻ സങ്കീർത്തകൻ മനംനൊന്തു പ്രാർത്ഥിക്കുന്നു. കാരണം:

''അവരെ (മൃതർ) പിന്നീടു് അങ്ങു് സ്മരിക്കുന്നില്ല.
അവർ അങ്ങയുടെ കരങ്ങളിൽനിന്നു് അകന്നുപോയിരിക്കുന്നു.'' (88/5)

വിസ്മൃതിയുടെ നാട്ടിൽ ദൈവത്തിന്റെ മഹൽകൃത്യങ്ങൾ അനുസ്മരിക്കാനോ അവിടത്തേ പുകഴ്ത്തുവാനോ ആരുമില്ലെന്ന സത്യവും അയാൾ ചൂണ്ടിക്കാണിക്കുന്നു.[3]

''....അവർ എഴുന്നേററു് അങ്ങയെ സ്തുതിക്കുമോ?
ശവകുടീരത്തിൽ അങ്ങയുടെ നന്മ പ്രകീർത്തിക്കപ്പെടുമോ?

1. 'ഷെയോൾ' (sheol) എന്ന ഹീബ്രു നാമത്തെ 'പാതാളം' എന്നു ഭാഷാന്തരം ചെയ്യുകയാണു്.

2. റെഫായിം (Rephaim)

3. 6/5, 30/5,, 115/17.

www.malankaralibrary.com

പാതാളത്തിൽ അങ്ങയുടെ വിശ്വസ്തത വർണ്ണി
ക്കപ്പെടുമോ?

അന്ധകാരത്തിൽ അങ്ങയുടെ അത്ഭുതങ്ങളും
വിസ്മൃതിയുടെ ദേശത്ത് അങ്ങയുടെ നീതിയും
വെളിവാക്കപ്പെടുമോ?'' (88/10–12)

മനുഷ്യനെ വിഴുങ്ങാൻ വായും പിളർന്ന് നില്ക്കുകയാണു പാതാളം (141/7). അതിലൂടെ വീഴുന്നവർ വെള്ളവും പൊടിയും ഇരുട്ടുംനിറഞ്ഞ, മതിലുകളും അഴികളുംകൊണ്ടു ചുററപ്പെട്ട അഗാധഗർത്തത്തിൽ നിപതിക്കുന്നു (69/14–15). അവിടെനിന്നും വിമോചനം സാദ്ധ്യമല്ല.

വലയും കയറുമായി എത്തുന്ന വേട്ടക്കാരനോടും (116/3,18/5) പാതാളത്തിലേക്ക് ആടുകളെയെന്നപോലെ മനുഷ്യനെ അടിച്ചുകൊണ്ടുപോകുന്ന ഇടയനോടും (49/14) മരണത്തെ താരതമ്യപ്പെടുത്തുന്നു. മരണകരമായ അപകടത്തിൽ പെടുന്നയാൾ താൻ മൃതനായി പാതാളത്തിൽ എത്തിയാലെന്നപോലെ സ്വയം ചിത്രീകരിക്കുന്നു. ''അഗാധജലാശയത്തിൽനിന്ന് എന്നെ രക്ഷിക്കു'' (69/14), ''മരണത്തിൻെറ പടിവാതില്ക്കൽനിന്ന് അങ്ങെന്നെ ഉയർത്തുന്നു'' (9/13) മുതലായ പ്രസ്താവനകളുടെ അർത്ഥം അതാണ്. രക്ഷപ്പെടുന്നയാൾക്കു തോന്നുക താൻ പാതാളത്തിൽനിന്ന് തിരിച്ചുകൊണ്ടുവരപ്പെട്ടതായിട്ടാണ്:'

''അങ്ങ് എന്നെ പാതാളത്തിൽനിന്ന് കരേററി
(30/3)

നാശത്തിൻെറ കുഴിയിൽനിന്നും കുഴഞ്ഞ ചേ
ററിൽനിന്നും അവിടന്ന് എന്നെ രക്ഷിച്ചു'' (40/1)

ഇസ്രായേല്യർ ഇത്രയേറെ ഭയപ്പെട്ടിരുന്ന മരണത്തിൻെറ മുഖ്യഹേതു രോഗപീഡയും, കള്ളക്കേസ്സുകൾ മൂലമുള്ള വധശിക്ഷയുമാണ്. അവയിൽനിന്നും, മററു മരണകരമായ അപകടങ്ങളിൽനിന്നും രക്ഷ യാചിക്കുന്നവയാണ് ഇതര അർത്ഥനാഗാനങ്ങൾ.

www.malankaralibrary.com

## ii രോഗീവിലാപം

മാനവദുരന്തങ്ങളുടെ മുഖ്യരൂപങ്ങളിലൊന്നു് രോഗപീഡയാണല്ലോ. ശരീരത്തേയും മനസ്സിനേയും ഒന്നുപോലെ തളർത്താൻ അതിനു കഴിയും. വൈദ്യശാസ്ത്രം അത്ഭുതാവഹമായ നിലയിൽ മുന്നേറുന്ന ഈ ശാസ്ത്രയുഗത്തിലും രോഗം നമ്മുടെ മുഖ്യദുരിതമായ സ്ഥിതിക്കു്, ആയിരത്താണ്ടുകൾക്കപ്പുറം, ചികിത്സാസമ്പ്രദായങ്ങൾ ശൈശവാവസ്ഥയിലായിരുന്ന യുഗത്തിൽ, രോഗഹേതു പാപമാണെന്നു വിശ്വസിച്ചിരുന്ന സമുദായത്തിൽ, അതു് എത്രമാത്രം ദുസ്സഹമായിരുന്നിരിക്കണം!

### രോഗം: ദൈവം അയയ്ക്കുന്ന ശിക്ഷ

മാദ്ധ്യമഹേതുക്കൾക്കു യഹൂദർ അധികം വില കല്പിച്ചിരുന്നില്ല. എല്ലാം ദൈവത്തിൽനിന്നോ ദുഷ്ടാത്മാക്കളിൽനിന്നോ നേരിട്ടു വരുന്നതാണെന്നു അവർ വിശ്വസിച്ചു. ദൈവം അയയ്ക്കുന്ന രോഗത്തെ നീക്കം ചെയ്യേണ്ടതും അവിടുന്നുതന്നെ. ഭിഷഗ്വരന്മാരിലും ഔഷധങ്ങളിലും ആശ്രയിക്കാതെ ദൈവത്തോടു പ്രാത്ഥിച്ചു വിമുക്തിനേടുകയാണു് ഉത്തമം: ചികിത്സയിലൂടെ സുഖപ്രാപ്തിക്കു ശ്രമിക്കുക അനഭിലഷണീയമായിപ്പോലും ചിലർ കണക്കാക്കിയിരുന്നു (2 ദിനവൃത്താന്തം:16/12). ദൈവസഹായം തേടാതെ മരുന്നിൽ മാത്രം ആശ്രയിക്കുന്നതിനെപ്പററിയാണു വിവക്ഷ. കൂടാതെ അന്നു് മരുന്നും മന്ത്രവാദവും കൂടിക്കലൎന്ന ചികിത്സാവിധികളാണു കൂടുതലും. അതിനെ പ്രോത്സാഹിപ്പിക്കാൻ ഭക്തരായ യഹൂദർ വിസമ്മതിച്ചിരുന്നു. എങ്കിലും ദൈവസഹായം തേടുന്നതോടൊപ്പം ഔഷധങ്ങൾ ഉപയോഗിക്കുന്നതു തികച്ചും അനുവദനീയമായിരുന്നു. (പ്രഭാഷകൻ: 38/9—14).

പാപത്തിനുള്ള ശിക്ഷയായോ, അതിന്റെ അനന്തരഫലമായോ ആണു് രോഗം കണക്കാക്കപ്പെട്ടുക. ചില പാപങ്ങൾ ലജ്ജാകരമായ രോഗങ്ങൾക്കു കാരണമാവു

www.malankaralibrary.com

ന്നതു് അവർ അനുഭവത്തിൽനിന്നു കണ്ടു. ദൈവഹിത മനുസരിച്ചു ജീവിക്കുന്നവനു ആയുരാരോഗ്യങ്ങരം ലഭി ക്കാതിരിക്കില്ല. തന്മൂലം ഒരാരം രോഗബാധിതനാ യാൽ അതിനർത്ഥം അയാരം രഹസ്യമായ ഏതെങ്കിലും പാപം ചെയ്തെന്നും, അതിനു ദൈവം അയച്ച ശിക്ഷയാ ണിതെന്നുമാണു്. പുതിയ നിയമകാലത്തും ഈ വി ശ്വാസം പ്രബലമായിരുന്നു. ജന്മനാ അന്ധനായ മനു ഷ്യനെക്കണ്ടു് ശിഷ്യന്മാർ ക്രിസ്തുവിനോടു ചോദിക്കുന്നു: ഇവൻ ആരുടെ പാപംകൊണ്ടാണു് കുരുടനായി ജനി ച്ചതെന്നു്. അവിടുന്നു മറുപടിയേകി: അവൻെറയോ മാതാപിതാക്കന്മാരുടെയോ പാപം കൊണ്ടല്ലെന്നു് (യോഹ: 9/1–2)[1]. എന്നാൽ ചിലപ്പോഴെങ്കിലും രോഗം പാപഫലമാകാം. അതുകൊണ്ടാണല്ലോ ചില രോഗിക ളെ സുഖപ്പെടുത്താൻ അവിടുന്നു പാപമോചനം മാത്രം നൽകുന്നതു് (മർക്കോ: 2/1–12).

ഈ സങ്കീർത്തനങ്ങളിലെ വിവരണങ്ങളിൽ പ്രത്യക്ഷ പ്പെടുന്നവരെല്ലാം രോഗികളാണോ എന്നു സംശയമുണ്ടു്. കാരണം മർദ്ദിതരും പീഡിതരും തങ്ങളുടെ ദുരിതങ്ങരം വർണ്ണിക്കുവാൻ രോഗലക്ഷണങ്ങരം ഉപയോഗിക്കുന്നു. യ ഥാർത്ഥരോഗികളുടെ ദുരിതവിവരണത്തിൽ തങ്ങളെ മർ ദ്ദിതരായും ചിത്രീകരിക്കുന്നു. ഏതായാലും ഇവരിൽ ഭൂ രിഭാഗവും യഥാർത്ഥരോഗികളാണെന്നു അനുമാനിക്കാം.

ഇസ്രായേലിൽ ഒരാരം രോഗബാധിതനായാലുടൻ രോമവസ്ത്രമോ ചാക്കുവസ്ത്രമോ ധരിച്ചു് (30/12) ഉപവാ സവും പ്രാർത്ഥനയും വിലാപവും വഴി (35/13–14) ദൈവത്തോടു പൊറുതി യാചിക്കുന്നു. കഴിയുമെങ്കിൽ ദേവാലയത്തിൽ പോവുകയും, അല്ലാത്തപ്പോരം 'വിശു ദ്ധിയുടെ സ്ഥല'ത്തിൻെറ നേരെ തിരിഞ്ഞുനിന്നുകൊ ണ്ടു് യാചനാരൂപത്തിൽ മുകളിലേക്കു കൈകളുയർത്തി (28/2) പ്രാർത്ഥിക്കും. ദേവാലയത്തിലെത്തുന്നയാരം ദൈവസന്നിധിയിൽ അഭിമുഖമായിനിന്നു് അർഥന

1 ലൂക്കാ 13/1–5 ഇതേ ചിന്താഗതി കാണാം.

www.malankaralibrary.com

സമർപ്പിക്കുകയും (102/1—2) തൻെറ പാപങ്ങൾ ഏററു പറയുകയും ചെയ്യുന്നു (32/5). പുരോഹിതർ പാപവിമോചനത്തിൻെറ അടയാളമായ വിശുദ്ധജലംകൊണ്ടു് അയാളെ തളിച്ചശേഷം (51/9) തങ്ങളുടെ അനുഗ്രഹവും നൽകി മടക്കി അയയ്ക്കുന്നു. ദേവാലയത്തിൽ വച്ച നടക്കുന്ന ഈ ചടങ്ങുകളുടെ പശ്ചാത്തലത്തിൽനിന്നും ഉയിർകൊണ്ടവയാണു് മിക്ക രോഗീവിലാപങ്ങളും.

## രോഗിയുടെ ദുരിതങ്ങൾ

അവയിലെ ഏററവും ഹൃദയസ്പൃശിയായ ഭാഗം രോഗിയുടെ അത്ഥനയായിരുന്നു. തികഞ്ഞ മമതയോടെ അയാൾ തൻെറ രക്ഷകനെ അടിയന്തിരമായി വിളിച്ചപേക്ഷിക്കുന്നു: 'യാഹ്വേ, എന്നെ സുഖപ്പെടുത്തു' എന്നു്. തുടന്നു്, ദൈവത്തിൻെറ ഹൃദയത്തെ പിടിച്ചുകലുക്കുമാറു് തൻെറ ദുരിതങ്ങൾ അയാൾ വണ്ണിക്കുന്നു. തനിക്കു വന്നുഭവിച്ചിരിക്കുന്ന ശാരീരികവും മാനസികവും ധാമ്മികവും സാമൂഹ്യവുമായ തകർച്ചയെ വാങ്മയ ചിത്രങ്ങളിലൂടെ അയാൾ വരച്ചുകാട്ടുന്നു. ശാരീരികപീഡകളായിരുന്നു അയാളുടെ വലിയൊരു ദുരിതം. തന്മൂലം ശരീരഭാഗങ്ങൾ ഇളകുന്നതായി തോന്നുകയും വിശപ്പില്ലായ്മ, ക്ഷീണം, നിദ്രാരാഹിത്യം, വിയർപ്പു്, അകാലവാർദ്ധക്യം എന്നിവയൊക്കെ അനുഭവപ്പെടുകയും ചെയ്യുന്നു.

എൻെറ അസ്ഥികൾ അഗ്നിപോലെ എരിയുന്നു
എൻെറ ഹൃദയം പുല്ലുപോലെ വാടിക്കരിഞ്ഞു പോകുന്നു
ഞാൻ ഭക്ഷണം കഴിക്കാൻ മറന്നുപോകുന്നു.
എൻെറ ഞെരുക്കത്തിൻെറ ആധിക്യത്താൽ
എൻെറ ചമ്മം അസ്ഥികളോടു പററിപ്പിടിച്ചു പോകുന്നു....
ഞാൻ നിദ്രയില്ലാതെ നെടുവീർപ്പിടുന്നു.
(102/4b—6, 9b.)

www.malankaralibrary.com

ഞാൻ ഇപ്പോഠം വളഞ്ഞുകൂനിയായിരിക്കുന്നു....
എന്റെ ശരീരം ആരോഗ്യരഹിതമായിരിക്കുന്നു.
ഞാൻ തകന്നു മരവിച്ചിരിക്കുന്നു,
എന്റെ ഹൃദയവേദന നിമിത്തം ഞാൻ
നിലവിളിക്കുന്നു.
എന്റെ ഹൃദയം തുടിക്കുന്നു, എന്റെ ശക്തി എന്നെ
കൈവിട്ടിരിക്കുന്നു.
എന്റെ കണ്ണിനു വെളിച്ചവും ഇല്ലാതായി....
(38/6–11)

ഞാൻ വെള്ളംപോലെ തൂകിപ്പോകുന്നു:
എന്റെ അസ്ഥികളെല്ലാം ബന്ധംവിട്ടിരിക്കുന്നു.
എന്റെ ഹൃദയം മെഴുകുപോലെയായി:
എന്റെ കുടൽ ഉരുകിത്തുടങ്ങിയിരിക്കുന്നു,
എന്റെ തൊണ്ട ഓട്ടുകഷണംപോലെ
വരണ്ടിരിക്കുന്നു;
എന്റെ നാവു തൊണ്ടയിൽ പററിയിരിക്കുന്നു.
(22/14–15)

മാനസികമായും അയാഠം വളരെ തളന്നിരുന്നു. തന്റെ ദൗർഭാഗ്യത്തെക്കുറിച്ചുള്ള ഓമ്മതന്നെ അയാളുടെ ആത്മധൈര്യത്തെ ഉലയ്ക്കുന്നു. രോഗംമൂലം മററുള്ളവക്കും തനിക്കു തന്നേയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും കഷ്ടനഷ്ടങ്ങളും അയാളെ നൊമ്പരപ്പെടുത്തുന്നു. മതചടങ്ങുകളിൽ പങ്കെടുത്തു ദൈവാരാധന നടത്താൻ കഴിയാത്തതിലും കനത്ത ഇച്ഛാഭംഗമുണ്ട്. മാത്രമല്ല നിരാശയുടെ അഗാധഗത്തത്തിലേക്ക് ഊന്നുവീഴുന്ന താൻ ദൈവത്തെ മറക്കുകയും എതിക്കുകയും വെറുക്കുകയും ചെയ്യാൻ സാദ്ധ്യതയുണ്ടെന്ന ഭീതിയും അയാഠംക്കുണ്ട്.

ശാരീരികവും മാനസികവുമായ ഈ ക്ലേശത്തേക്കാളേറെ ദുസ്സഹം സമൂഹത്തിൽ അയാഠംക്കു ഭവിക്കുന്ന തകർച്ചയാണ്. പലപ്പോഴും രോഗികഠം സമുദായഭ്രഷ്ടരാക്കപ്പെട്ടിരുന്നു. ചിലരെ തടവിലും ബന്തവസ്സിലും പാപ്പിച്ചിരുന്നു (87/9). ഏകാന്തത വളരെ വിരസമായി

www.malankaralibrary.com

രുന്നു (69/21). ഇഷ്ടജനങ്ങളുടെ അവഗണനയും അപഹാസവും ആർദ്രരഹിതമായ പെരുമാററവും അസഹനീയംതന്നെ.[1] രോഗം പാപ ശിക്ഷയാണെന്ന് അവർ ആരോപിക്കുന്നു (69/9). രോഗിയെ സന്ദർശിക്കാനെത്തുന്ന അയൽക്കാരുടേയും സ്നേഹിതരുടേയും പ്രതികരണവും ഏറെക്കുറെ ഇതുതന്നെ (41/7, 9–10.).

തങ്ങളെ പരിഹസിക്കയും പീഡിപ്പിക്കയും ചെയ്യുന്ന ശത്രുക്കളെപ്പററി രോഗീവിലാപങ്ങരം മിക്കപ്പോഴും പരാമർശിക്കുന്നതു കാണാം.[2] ഇവരെല്ലാം യഥാർത്ഥ വൈരികളാണെന്നു തോന്നുന്നില്ല. പ്രധാനമായും മൂന്നു വിഭാഗക്കാരെ ഇക്കൂട്ടരിൽ കാണാം. രോഗബാധയ്ക്കുമുമ്പുവരെ അടുത്തുകഴിഞ്ഞിട്ട് ഇപ്പോരം അയാളെ നിന്ദിക്കയും സംശയിക്കയും അയാളിൽനിന്നും അകന്നുമാറുകയും ചെയ്യുന്ന പഴയ സുഹൃത്തുക്കരംതന്നെയാണ് ആദ്യഗണം.[3] ജോബിൻെറ പുസ്തകത്തിൽ ഇക്കൂട്ടരുടെ മനോഭാവത്തെ വിശദമായി വിവരിച്ചിരിക്കുന്നു. ദൈവത്തിൽ വിശ്വാസമപ്പിക്കുന്ന രോഗിയെ പരിഹസിക്കുന്ന വിശ്വാസരഹിതരായ മനുഷ്യരാണ് മറെറാരു വിഭാഗം.

> എന്നെ കാണുന്നവർ കൊഞ്ഞനം കാണിക്കുന്നു;
> തലകുലുക്കുന്നു.
> അവർ എന്നെ പുച്ഛിക്കുന്നു.
> അവൻ കത്താവിൽ ശരണം വച്ചല്ലോ;
> അവിടന്ന് അവനെ മോചിക്കട്ടെ.
> അവിടന്ന് അവനെ സ്നേഹിക്കുന്നെങ്കിൽ,
> അവനെ രക്ഷിക്കട്ടെ 22/7–8 [4]

യഥാർത്ഥശത്രുക്കളും ധാരാളമുണ്ട് (69/5). രോഗിയെ പണ്ടേ വെറുക്കുകയും ദ്രോഹിക്കുകയും ചെയ്തിരുന്നവർ അയാളുടെ ഈ ദുരവസ്ഥയിൽനിന്നു കഴിയുന്നത്ര

1. 88/9: 31/12–13: 38/12
2. 69/4, 31/11, 38/12
3. 31/12–13, 38/12, 41/10, 88/10 ; 39/12, 41/6, 107/17
4. 69/10–13 ; 38/23.

www.malankaralibrary.com

മുതലെടുക്കാൻ ശ്രമിക്കുന്നു. അയാൾ പാപിയാണെന്നും തന്മൂലം ദൈവത്താൽ ശിക്ഷിക്കപ്പെട്ടിരിക്കയാണെന്നും അവർ പറഞ്ഞു പരത്തുന്നു.[1] ''ദൈവം അവനെ ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങൾ പിന്തുടന്നു് അവനെ പിടികൂടുക, അവനെ രക്ഷിക്കാൻ ആരുമില്ല'' (71/11) എന്നു് അവർ ആർത്തട്ടഹസിക്കുന്നു. അയാളെ ഒററപ്പെടുത്താനും സമൂഹത്തിൽനിന്നു പുറന്തള്ളാനും അവർ ശ്രമിക്കുകയാണു്. പടയാളികൾ (109/3), കെണിയും വലയും ഇണക്കുന്ന നായാട്ടുകാർ (38/18), രക്തദാഹികളായ വന്യമൃഗങ്ങൾ, സിംഹം, മൂരിക്കുട്ടന്മാർ, കാള, നായ്ക്കൾ (22/14: 33/22) എന്നിവയോടു് സങ്കീർത്തകൻ അവരെ ഉപമിക്കുന്നു. വാസ്തവത്തിൽ അത്രമാത്രം ദ്രോഹം അവർ ചെയ്യുമായിരുന്നുതാനും. ചിലപ്പോൾ രോഗം അവരുടെ മന്ത്രവാദത്തിൻെറ ഫലമാണെന്നു സൂചനകൾ പോലുമുണ്ടു്.[2] ശാപങ്ങൾ ഫലിക്കുമെന്നു വിശ്വാസമുള്ള സങ്കീർത്തകൻ അവ തിരിച്ചു പ്രയോഗിക്കുന്നതു കാണാം. (110/17–19, 102/9)

ശത്രുവിൻെറ വാദഗതിയെ സ്ഥിരീകരിക്കുമാറു് ദൈവം നിശബ്ദത പാലിക്കുന്നതു് അയാൾക്കു സഹിക്കാനാവുന്നില്ല. അവർ പറയുംപോലെ ദൈവവും തന്നെ കൈവെടിഞ്ഞോ എന്നു് അയാൾ സംശയിക്കുന്നു. അപ്പോൾ അയാളുടെ സ്ഥിതി എത്ര പരിതാപകരമാണെന്നു നോക്കൂ:

''എൻെറ ദൈവമേ എൻെറ ദൈവമേ എന്തുകൊണ്ടു്
അങ്ങു് എന്നെ ഉപേക്ഷിച്ചു?
എൻെറ പ്രലപനത്തിലും അപേക്ഷകളിലുംനിന്നു്
അങ്ങു് അകന്നുപോയിരിക്കുന്നു.
എൻെറ ദൈവമേ പകൽ ഞാൻ അങ്ങയെ വിളിച്ചു;
അങ്ങു് ഉത്തരമരുളിയില്ല;
രാത്രിയിലും ഞാൻ നിലവിളിച്ചു; എനിക്കു്
ഒരാശ്വാസവും ലഭിച്ചില്ല. (22/1–2)

3. 35/11, 69/10–13.
4. 13/5 28/3–5 31/18–19 41/6--9.

www.malankaralibrary.com

മരണത്തിൻെറ വക്കിലാണു താനെന്നു് അയാൾക്കുതോന്നുന്നു:

‘‘എൻെറ ആത്മാവു കഷ്ടപ്പാടുകൾകൊണ്ടു
നിറഞ്ഞിരിക്കുന്നു:
എൻെറ പ്രാണൻ പാതാളത്തോടു
സമീപിച്ചിരിക്കുന്നു.
കുഴിയിലേക്കു് ഇറങ്ങുന്നവരുടെ ഗണത്തിൽ
ഞാൻ എണ്ണപ്പെട്ടിരിക്കുന്നു...
മൃതരുടെ ഇടയിലാണു് എൻെറ ശയ്യ;
ശവകുടീരത്തിലെ മൃതരെപ്പോലെയാണു്
എൻെറ സ്ഥിതി...
അങ്ങു് എന്നെ ഇരുട്ടിലും ആഴത്തിലും അഗാധമായ
കുഴിയിലുമാക്കി.’’ 88/5—7

രോഗവിമോചനം പ്രാപിക്കുക എന്നുവച്ചാൽ മരണത്തിൽനിന്നു കരേറുക എന്നാണൎത്ഥം. നഷ്ടപ്പെട്ട ജീവൻ തിരിച്ചു കിട്ടുന്ന പ്രതീതിയാണു് അപ്പോൾ.

## അൎത്ഥനയുടെ കാരണങ്ങൾ

ഇങ്ങനെ തൻെറ നാനാവിധ ദുരിതങ്ങൾ വൎണ്ണിച്ചശേഷം രോഗി ദൈവസഹായം അപേക്ഷിക്കുന്നു. കഴിയുന്നതും വേഗം തന്നെ സുഖപ്പെടുത്താൻ അയാൾ കരഞ്ഞപേക്ഷിക്കുന്നു. [1] ദൈവത്തിനു തന്നെ നിഷ്പ്രയാസം സുഖപ്പെടുത്താനാവുമെന്ന വിശ്വാസം അയാൾ ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നു. ഈ ബോദ്ധ്യത്തിനു നിദാനം ദൈവത്തിൻെറ പൂൎവ്വകാല വാഗ്ദാനങ്ങളും പ്രവൃത്തികളുമാണു്. തൻെറ ഹിതം ചെയ്യുന്നവനെ താൻ സുഖപ്പെടുത്തുമെന്നും ജീവൻേറയും മരണത്തിൻേറയും അധിനാഥനായ തനിക്കേ ക്ഷതപ്പെടുത്താനും സുഖപ്പെടുത്താനും കഴിയുകയുള്ളെന്നും അവിടന്നു് അരുൾചെയ്തിരുന്നു. [2] ദൈവം അയച്ച

1. 6/5, 13/4, 41/11, 69/15—16, 71/20, 102/5 ,28/3.
2. പുറ: 15/16; ആവൎത്തനം. 32/39 സങ്കീ: 10/33.

www.malankaralibrary.com

രോഗത്തെ അവിടന്നുതന്നെ നീക്കണമെന്ന് സങ്കീർത്ത കൻ ആഗ്രഹിക്കുന്നു. തന്നെ 'പ്രഹരിക്കയും' 'ക്ഷതപ്പെ ടുത്തുകയും' 'അമ്പുകൊണ്ടു് കുത്തിമുറിവേല്പിക്കയും' ചെയ്ത അതേ കരങ്ങൾ സുഖപ്പെടുത്തണം.

തൻെറ യാചനയുടെ മറെറാരു കാരണമായി അ യാൾ ചൂണ്ടിക്കാണിക്കുക, തൻെറ സുഖപ്രാപ്തി ദൈവ ത്തിനുകൂടി വേണ്ടിയാണെന്ന വസ്തുതയാണ്. ദൈവ ത്തെ തട്ടിയുണർത്താനുള്ള നല്ലൊരുപായമാണതു്. സ്തുതി പാടാൻ ആരാധകരില്ലാത്ത ദൈവത്തിനു് എന്തു മഹത്വ മാണു്? തന്മൂലം തൻെറ ആശ്രിതനെ സുഖപ്പെടുത്തി ആരാധനയ്ക്കു യോഗ്യനാക്കി സ്വമഹത്വം വർദ്ധിപ്പി ക്കാൻ, സങ്കീർത്തകൻ അവിടത്തോടു് അഭ്യർത്ഥിക്കു ന്നു. മരണാവസ്ഥയിൽ ആരും അവിടത്തേ സ്തുതിക്കയി ല്ലല്ലോ. (6/6; 21/10; 88/11–13).

മാത്രമല്ല, ദൈവനീതി അതാവശ്യപ്പെടുന്നു. ഉടമ്പ ടിയിലെ കക്ഷിയെന്ന നിലയിൽ ഓരോ ഇസ്രായേൽ ക്കാരനും സുഖവും സമാധാനവും നൽകാൻ യാവേ ബാ ദ്ധ്യസ്ഥനാണല്ലോ. തങ്ങളുടെ കടമകൾ വിസ്മരിച്ചാലും ദൈവത്തിൻെറ കർത്തവ്യത്തെപ്പററി അവർ അതീവ ശ്ര ദ്ധാലുക്കളായിരുന്നു. അഥവാ പാപശിക്ഷയായി ദൈവം തൻെറ സഹായഹസ്തം പിൻവലിച്ചെങ്കിൽത്തന്നെ ഇ പ്പോൾ താൻ മാനസാന്തരത്താൽ ഉരുകിയൊലിക്കുന്ന ഹൃദയവുമായി അപേക്ഷിക്കുമ്പോൾ ശ്രവിക്കാൻ അവിട ന്നു ബാദ്ധ്യസ്ഥനാണെന്നു് അയാൾ വാദിക്കുന്നു. വിശി ഷ്യ, താൻ തെററുകാരനല്ലാത്തപ്പോൾ ഇപ്രകാരം ശി ക്ഷിക്കപ്പെടുക നീതിയല്ലെന്നും അതു നല്ല മനുഷ്യരുടെ പോലും ദൈവവിശ്വാസത്തെ ഇളക്കുമെന്നും (39/8,10) ദുഷ്ടർക്കു് ഒരു പ്രോത്സാഹനവും നിന്ദാഹേതുവും ആകു മെന്നും (39/9) അയാൾക്കു തോന്നുന്നു. അതിനാൽ ദുഷ്ട നേയും തന്നേയും ഒരുപോലെ കരുതാതെ (28/3, 55/24) നീതിമാനു വാഗ്ദാനം ചെയ്ത കാരുണ്യം (41/2–4) തന്നോ ടു കാണിക്കാൻ അയാൾ യാചിക്കുന്നു. (41/2–4).

www.malankaralibrary.com

ദൈവസന്നിധിയിൽ നിൽക്കുമ്പോരാ പല രോഗി കളും തൻെറ പാപത്തെക്കുറിച്ചു ബോധവാനാകുന്നു. സ്വയം നീതീകരിക്കാൻ ശ്രമിക്കാതെ അയാരാ തെററുകരാ ഏററുപറഞ്ഞിരുന്നു.

''ദൈവമേ എൻെറ മേൽ കരുണയുണ്ടാകണമെ;
എന്നെ സുഖപ്പെടുത്തണമെ
ഞാൻ അങ്ങേ സന്നിധിയിൽ പാപം ചെയ്തുപോയി. (41/5)

എൻെറ പാപം ഞാൻ ഏററുപറയുന്നു
എൻെറ പാപത്തെപ്പററി ഞാൻ സന്തപിക്കുന്നു. (38/19)

ഞാൻ മിണ്ടാതിരുന്നപ്പോരാ അനസ്യൂതമായ ഞെരുക്കം നിമിത്തം
എൻെറ അസ്ഥികരാ ക്ഷയിച്ചു പോയി;
എന്തെന്നാൽ രാവും പകലും അങ്ങയുടെ കരം
എൻെറ മേൽ ആഞ്ഞുപതിച്ചിരുന്നു,
എൻെറ ശക്തി വേനൽക്കാലത്തെ ചൂടാലെന്നപോലെ ക്ഷയിച്ചുപോയി.
ഞാൻ എൻെറ പാപം അങ്ങയോട്
ഏററുപറഞ്ഞു....
അപ്പോരാ അങ്ങ് എൻെറ അപരാധങ്ങരാ ക്ഷമിച്ചു. (31/3–5)

ജീവിതത്തിൻെറ ക്ഷണികതയെപ്പററിയുള്ള ഉൽക്കടമായ അവബോധവും അയാളെ അലട്ടുന്നുണ്ട്. കഴിയുന്നത്രവേഗം സുഖം പ്രാപിച്ചില്ലെങ്കിൽ ജീവിതത്തിൻെറ ആനന്ദാനുഭൂതികരാ നുകരാൻ സാദ്ധ്യമല്ല. മരണാനന്തര ജീവിതം ഒട്ടും ശോഭനമല്ലതാനും. തന്മൂലം ജീവിതശിഷ്ടം നഷ്ടപ്പെടുത്താനാവില്ല. അതുകൊണ്ട് തന്നെ വേഗം സുഖപ്പെടുത്തി ജീവിതസായാഹ്നം സന്തോഷപ്രദമാക്കാൻ അയാരാ ദൈവത്തെ പ്രാത്ഥിക്കുന്നു (88/ 16; 39/6–7, 11–13).

www.malankaralibrary.com

## പ്രത്യാശ

പ്രതീക്ഷയുടെ പരിവേഷവുമണിഞ്ഞാണ് രോഗി വിലാപങ്ങൾ സമാപിക്കുക. തൻെറ പ്രാർത്ഥന നിരസിക്കാൻ കാരുണ്യവാരിധിയായ ദൈവത്തിനു കഴിവില്ലെന്ന ദൃഢപ്രതീക്ഷ ഓരോ രോഗിക്കുമുണ്ട്. ദൈവം തൻെറ പ്രാർത്ഥന കേട്ടു തന്നെ സുഖപ്പെടുത്തിക്കഴിഞ്ഞതായി അയാൾക്കു തോന്നുന്നു[1]. അപ്പോൾ അർത്ഥന കൃതജ്ഞതാ പ്രകടനമായി മാറുന്നു. ചില സങ്കീർത്തനങ്ങൾ ചെറുസ്തോത്രങ്ങളോടെ സമാപിക്കുന്നതു കാണാം.[2]

അങ്ങനെ വേദനാതപ്തമായ ഹൃദയത്തോടെ ദൈവസന്നിധിയിലെത്തിയ രോഗി മനശാന്തിയും സഹനശക്തിയും സമാജ്ജിച്ചുകൊണ്ടു മടങ്ങിപ്പോകുന്നു. ക്ഷണേന രോഗവിമുക്തി ലഭിച്ചില്ലെങ്കിൽത്തന്നെ കദന നിർഭരമായ ആത്മാവിൻെറ അന്തരാളങ്ങളിൽനിന്നു ഉയർന്നുപൊന്തിയ ഈ ഗാനങ്ങളുടെ ഈരടികൾക്ക് വ്രണിത ഹൃദയങ്ങൾക്കു കുളിർമ്മ പകരാനെങ്കിലും കഴിഞ്ഞിരുന്നു. ഉള്ളിൽ തളം കെട്ടിനിൽക്കുന്ന നൊമ്പരങ്ങൾ വാക്കുകളുടെ ഓവുചാലിലൂടെ വാർന്നൊഴുകുമ്പോൾ അവർക്കു വലിയൊരാശ്വാസം അനുഭവപ്പെട്ടിരിക്കണം.

രോഗപീഡകൾക്ക് ഇരയാവുമ്പോൾ നമ്മെ ആശ്വസിപ്പിക്കാൻ ഈ ഗാനങ്ങൾക്കു കഴിയില്ലേ? സഹനത്തെ ശരിയായ അരൂപിയിൽ സ്വീകരിക്കാൻ അവ നമ്മെ പഠിപ്പിക്കുന്നു. അനുതാപവും പ്രതീക്ഷയും വിശ്വാസവും വഴി ദൈവകാരുണ്യം തേടേണ്ടതെങ്ങിനെയെന്ന് അവ നമുക്കു കാണിച്ചുതരുന്നു.

---

1. 6/9–10; 14/2—3.

1. 28/6 22/23ff, 31/20ff.

www.malankaralibrary.com

# VII

# അർത്ഥനാഗാനങ്ങൾ (തുടർച്ച)

## iii കള്ളക്കേസുകൾ

നീതിന്യായ നിർവ്വഹണത്തിലുള്ള അതീവ ശ്രുഷ്ഠാന്തിയോടൊപ്പംതന്നെ കേസ്സുകളിക്കാനുള്ള അനിയന്ത്രിതമായ ആസക്തിയുണ്ടായിരുന്നു ഇസ്രായേൽക്കാർക്ക്. അവികലമായ നീതിയെ ലക്ഷ്യമാക്കി നിർമ്മിക്കപ്പെട്ട വിശദമായ ഒരു നിയമസംഹിത അവർക്കുണ്ടായിരുന്നെങ്കിലും, അഴിമതികൾ കർശനമായി വിലക്കപ്പെട്ടിരുന്നെങ്കിലും (പുറ: 23/6–8) നീതിനിർവ്വഹണത്തിന്റെ പ്രായോഗികതലത്തിൽ അഴിമതി സർവ്വസാധാരണമായിരുന്നു. ധനികന്മാരാൽ ഞെരുക്കപ്പെട്ടിരുന്ന പാവങ്ങൾക്കും, ഇടത്തരക്കാർക്കും നീതി ലഭിച്ചിരുന്നില്ലെന്നു് ഉറിയാ, നാബോത്തു്, സൂസന്ന മുതലായവരുടെ കണ്ണീരിൻകഥിന്നു കഥകൾ വ്യക്തമാക്കുന്നു. പ്രവാചകന്മാർ ഈ അനീതിക്കെതിരായി സുധീരം സ്വരമുയർത്തി. 'കുററവാളിയെ കൈക്കൂലിവാങ്ങി മോചിപ്പിക്കയും നിരപരാധിയുടെ അവകാശം നിഷേധിക്കയുംചെയ്യുന്ന' ന്യായാധിപരെ ആമോസു് കടന്നാക്രമിക്കുന്നു. (ആമോസു് 5/13) [1]

ക്രിസ്തുവിന്റെ കാലത്തുപോലും ഈ സ്ഥിതിവിശേഷംനിലവിലിരുന്നതായി 'ന്യായാധിപന്റേയും വിധവയുടേയും' ഉപമയിൽനിന്നു് (ലൂക്കാ 18/5) അനുമാനിക്കാം. ക്രിസ്തുവും വി. എസ്തപ്പാനോസും മരണത്തിനു വിധിക്കപ്പെട്ടതും നിയമാനുസൃത വിചാരണകൾക്കു ശേഷമല്ല.

---

1. ജെറ: 21/13. ഏശയ്യ: 1/23,5/7.

www.malankaralibrary.com

അന്നത്തെ നീതിന്യായ നടപടികളേക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ബൈബിളിൽനിന്നു ലഭിക്കുന്നില്ലെങ്കിലും പ്രാസംഗികമായ പരാമർശനങ്ങളും സൂചനകളും അതിൻെറ ഏകദേശരൂപം നൽകുന്നുണ്ട്. പൊതുസ്ഥലത്ത് (സാധാരണയായി നഗരവാതില്ക്കലും (127/5) ചുരുക്കമായി രാജകൊട്ടാരത്തിലും) വെച്ചാണ് വിചാരണ നടക്കുക. സമയം പ്രഭാതം. (ജെറ: 21/13) കുററവാളികൾ രാത്രി മുഴുവൻ ആകാംക്ഷാഭരിതരായി കഴിയുകയും കണ്ണീരോടെ ദൈവസഹായം പ്രാത്ഥിക്കയും ചെയ്യും.

''കർത്താവേ പ്രഭാതത്തിൽ എൻെറ സ്വരം കേൾക്കേണമേ;
രാവിലേതന്നെ ഞാൻ അങ്ങേക്കായി കാത്തിരിക്കും.'' (5/3– 17/15; 59/16.)

ന്യായാസനത്തിൽ ഉപവിഷ്ടനായ ന്യായാധിപൻെറ (ന്യായാധിപരുടെ) മുമ്പിൽ വാദി കുററാരോപണം നടത്തും. അടക്കം ചിട്ടയുമില്ലാതെ അയാൾ വികാരാവേശത്തോടേ ആരോപണങ്ങൾ വിളിച്ചു കൂവുന്നു (52/3–5).

പ്രതിയെ പിന്താങ്ങുന്നവർ അയാളുടെ വലതുഭാഗത്തുനിന്ന് അയാൾക്കുവേണ്ടി വാദിച്ചിരുന്നു. അന്നു വക്കീലന്മാരുടെ ജോലി ഇത്തരം സാക്ഷികളാണു നിവ്വഹിക്കുക. കൂടുതൽ സന്താനങ്ങൾ ഉള്ളവൻ ഭാഗ്യവാനായി കരുതപ്പെട്ടതന്നിൻെറ ഒരു കാരണം, വിസ്താരവേളയിൽ അവർ അയാൾക്കുവേണ്ടി സ്വരമുയർത്തി വാദിക്കുമെന്നതാണ് (127/5). പ്രതിക്കു സ്വയം നീതീകരിക്കാൻ അവസരം ലഭിച്ചിരുന്നു. ന്യായാധിപൻെറ നീതിബോധത്തെ പ്രശംസിച്ചുകൊണ്ടാണ് അയാൾ ആരംഭിക്കുക (7/9; 5/5–7, 13). ന്യായാസനത്തിൽ അദൃശ്യനായി സന്നിഹിതനായിരിക്കുന്ന ദൈവത്തിൻെറ മുമ്പിൽ അയാൾ സ്വന്തം നിരപരാധിത്വം പ്രഖ്യാപിക്കുന്നു (26/10). ഇരുകക്ഷികളുടേയും വാദമുഖങ്ങൾ പരിശോധിച്ചശേഷം ന്യായാധിപൻ വിധിത്തീപ്പു കല്പിക്കും.

www.malankaralibrary.com

## ദൈവത്തിൻെറ ന്യായവിധി

കേസു തെളിയാതിരിക്കയോ, സാക്ഷിവഴി പ്രതിക്ക തൻെറ നിരപരാധിത്വം തെളിയിക്കാൻ കഴിയാതെ വരികയോ ചെയ്യുമ്പോൾ, ചില കേസുകളിൽ വിമോചനത്തിനുള്ള ഏകമാർഗ്ഗം 'ദൈവത്തിൻെറ ന്യായവിധി' തേടുകയാണ്. ദൈവകല്പനയനുസരിച്ച് (പുറ:22/6–11) പ്രതി ദൈവസന്നിധിയിൽ സത്യം ചെയ്യണം. അതിനു പ്രാരംഭമായി ശുദ്ധീകരണ ക്രിയകളും, പ്രക്ഷാളനവും പ്രാർത്ഥനകളും ഉണ്ട്.[1] ദൈവനാമത്തിലുള്ള 'ആണ' സത്യമാണെങ്കിൽ പ്രതിക്ക് ഒന്നും പററുകയില്ലെന്നും, വ്യാജമെങ്കിൽ ദൈവം അയാളെ കഠിനമായി ശിക്ഷിക്കുമെന്നും ഇസ്രായേൻ വിശ്വസിച്ചു. പ്രാരംഭകർമ്മങ്ങൾക്കുശേഷം പ്രതി ദൈവസഹായം അപേക്ഷിക്കുന്നു. തന്നെ ദൈവം നേരിട്ടു വിധിക്കണമെന്നാണ് അയാളുടെ ആഗ്രഹം.

> ''എനിക്കുള്ള വിധി അങ്ങിൽനിന്നു പുറപ്പെടട്ടെ
> അങ്ങയുടെ നയനങ്ങൾ യാഥാർത്ഥ്യം ദർശിക്കുമാറാകട്ടെ'' (17/2)

താൻ നിരപരാധിയാണെന്നു അയാൾ ഏററുപറയുന്നു:

> ''എൻെറ കർത്താവേ, ഞാൻ ഈ തെററു ചെയ്തിട്ടുണ്ടെങ്കിൽ,
> എൻെറ കരങ്ങൾ കുററംകൊണ്ടു മലീമസമാണെങ്കിൽ
> കാരണം കൂടാതെ എൻെറ സ്നേഹിതനെ ദ്രോഹിക്കയും
> ശത്രുവിനെ കൊള്ളയടിക്കയും ചെയ്തിട്ടുണ്ടെങ്കിൽ
> ശത്രു എന്നെ പിന്തുടന്നു പിടിച്ചുകൊള്ളട്ടെ
> അവർ എൻെറ ജീവനെ നിലത്തിട്ടു ചവിട്ടട്ടെ (7/4–6).

ബാബിലോണിയക്കാരുടെ നിഷേധാത്മകമായ പാപസങ്കീർത്തനം പോലെയല്ല ഇസ്രായേല്യരുടെ നിരപരാധിത്വപ്രഖ്യാപനം. ബാബിലോണിയാക്കാർ ഓരോ പാപവും എടുത്തുപറഞ്ഞശേഷം തങ്ങൾ അതു ചെയ്തി

1. ആവത്തനം 21/1—9, സംഖ്യ 5/11f.

www.malankaralibrary.com

ട്ടില്ലെന്നു പ്രഖ്യാപിച്ചിരുന്നു. ഇസ്രായേൽക്കാരനു അതിനുള്ള ധൈര്യമോ കാപട്യമോ ഇല്ല. പക്ഷേ ഈ പ്രത്യേക ആരോപണത്തിൽ താൻ നിഷ്കളങ്കനാണെന്നു മാത്രം അയാറം അവകാശപ്പെടുന്നു. ദൈവം ഇടപെട്ട് തന്റെ നിരപരാധിത്വം പ്രഖ്യാപിക്കാനുള്ള യാചനയോടെ[1] ഈ ചടങ്ങു കഴിയുന്നു.

## കള്ളസാക്ഷികൾ

കള്ളസാക്ഷികളുടെ ക്രൂരതയെ വർണ്ണിക്കാനും അവക്കെതിരായി ദൈവശിക്ഷ അഭ്യർത്ഥിക്കാനും സങ്കീർത്തകൻ വ്യഗ്രതകാണിക്കുന്നു. കള്ളക്കേസുകൾ കെട്ടിച്ചമയ്ക്കുന്നതും, കള്ളസാക്ഷിപറയുന്നതും ദൈവപ്രമാണത്തിനു കടകവിരുദ്ധമായിരുന്നു (പുറ: 20/16; 23/1). ''അതിസൂക്ഷ്മമായ പരിശോധനയ്ക്കുശേഷം സാക്ഷി തന്റെ സഹോദരനെതിരായി വ്യാജം പറഞ്ഞുവെന്നുകണ്ടാൽ അവൻ തന്റെ സഹോദരനോടു ചെയ്യാനുദ്ദേശിച്ചതു് അവർ ഇവനോടു ചെയ്യണം'' എന്നു് നിയമം അനുശാസിച്ചിരുന്നെങ്കിലും (ആവ: 19/19–20) കള്ളസാക്ഷികൾ ധാരാളമുണ്ടായിരുന്നു. പൂർവ്വവിരോധത്തിനു പ്രതികാരമായി കള്ളക്കേസുചമയ്ക്കലും കള്ളസാക്ഷിയും ഉപയോഗിക്കപ്പെട്ടിരുന്നു. സങ്കീർത്തകൻ അവരിൽനിന്നു് ധാരാളം സഹിക്കേണ്ടിയിരുന്നു.

> ''കള്ളസാക്ഷികളും ക്രൂരത ശ്വസിക്കുന്നവരും എനിക്കെതിരേ നില്ക്കുന്നു (27/12)
> കള്ളസാക്ഷികൾ എഴുന്നേററു് എനിക്കു മനസ്സറിവില്ലാത്ത കാര്യങ്ങൾ ആരോപിച്ചു. (35/11)
> ആർത്തിയോടെ മനുഷ്യരെ വിഴുങ്ങുന്ന സിംഹങ്ങളുടെ ഇടയിൽ ഞാൻ ഇരിക്കുന്നു
> അവരുടെ പല്ലുകൾ കുന്തങ്ങളും അസ്ത്രങ്ങളുമാണു്
> അവരുടെ നാവുകൾ മൂർച്ചയേറിയതത്രേ.''
> (57/5)

1. 17/1-5, 26/2; 139/23; 7/9; 16/12.

www.malankaralibrary.com

''നിർദ്ദോഷിയെ ഒളിസ്ഥലത്തുനിന്നു ആക്രമിക്കുവാൻ
വിഷലിപ്തമായ വാക്കുകൾ അസ്ത്രംപോലെ പ്രയോഗിക്കുന്നു
ഭയലേശമന്യേ അവർ അവന്റെ നേരേ അസ്ത്രമയയ്ക്കുന്നു'' (64/5)

കുരയ്ക്കുന്ന നായ്ക്കൾ, (59/4–5) പതിയിരിക്കുന്ന സിംഹം (17/11–12), ഉഗ്രവിഷസർപ്പങ്ങൾ (58/4–5) എന്നിവയോടും അയാൾ അവരെ താരതമ്യപ്പെടുത്തുന്നു. അവരിൽ നിന്നു തന്നെ രക്ഷിക്കാനും അവർ വച്ച വലയിൽ അവരെത്തന്നെ വീഴ്ത്താനും ദൈവത്തോടു പ്രാർത്ഥിക്കുന്നു. (5/11; 7/15, 27/12, 35/7–8, 14/8).

വിചാരണയ്ക്കു ശേഷം വിമോചിതനായി പുറത്തു വരുമ്പോൾ ദൈവത്തെ പുകഴ്ത്താൻ അയാൾ മറക്കുന്നില്ല.

'' ഞാൻ എന്റെ അധരങ്ങളാൽ കർത്താവിനെ നിർലോഭം സ്തുതിക്കും,
പുരുഷാരത്തിന്റെ നടുവിൽ അവിടത്തെ പ്രകീർത്തിക്കും
എന്തെന്നാൽ സാധുവിനെ ശിക്ഷയ്ക്കു വിധിക്കുന്നവരിൽനിന്നു രക്ഷിക്കുവാൻ
അവിടന്ന് എന്റെ വലതു വശത്തു നിന്നു.''
(109/30–31)

മാനവചരിത്രം ദർശിച്ചിട്ടുള്ളതിലേക്കും വെച്ച നിഷ്കളങ്കനായ വ്യക്തി –ക്രിസ്തു, നിരപരാധിയെന്നു തെളിഞ്ഞിട്ടും കഠോരമായ മരണ ശിക്ഷയ്ക്കു വിധിക്കപ്പെട്ടു. കള്ള സാക്ഷികളും നിയമം വളച്ചൊടിച്ച അധികാരികളും ദൈവ പുത്രനെപ്പോലും വെറുതേ വിട്ടില്ല. യഹൂദ നിയമത്തിന്റെ പല നിബന്ധനകളും കാററിൽപ്പറത്തിക്കൊണ്ടാണ് അവർ അദ്ദേഹത്തെ വിധിച്ചത്. കൊലക്കളത്തിലേക്കു ആനയിക്കപ്പെടുന്ന ആട്ടിൻകുട്ടിയെപ്പോലെ അവിടന്ന് നിശബ്ദനായി എല്ലാം സഹിച്ചു.

www.malankaralibrary.com

നമുക്കും നീതി ലഭിക്കാത്ത ഒട്ടനേകം സന്ദർഭങ്ങൾ ഉണ്ടായേക്കാം. ക്രിസ്തുവിൻെറ നാമത്തെപ്രതി ന്യായാസന പീഠങ്ങളിൽ നിന്നു അന്യായ പീഡകൾ നാം സഹിക്കേണ്ടി വന്നേക്കാം. മാത്രമല്ല അനുദിന ജീവിതത്തിൽ, അഴിമതിക്കാരായ അധികാരികളും, അസൂയാ കലുഷിതരായ അയൽക്കാരും നമ്മെ കള്ള ക്കേസ്സുകൾ വഴി നശിപ്പിക്കാൻ ശ്രമിക്കും. തന്മൂലം സാമ്പത്തിക നഷ്ടവും, തെററിധാരണകളും, അപവാദങ്ങളും, മാനഹാനിയുമൊക്കെ നമുക്കു സഹിക്കേണ്ടതായി വരും. ഈ ദുരിതങ്ങളിലെല്ലാം നമ്മെ സമാശ്വസിപ്പിക്കുന്ന ഒരു വസ്തുതയുണ്ട്: ഹൃദയാന്തരാളങ്ങളോളം കടന്നുചെല്ലുന്ന ദൈവ നയനങ്ങൾ സത്യം ദർശിക്കുന്നു. അവിടത്തെ മുമ്പിൽ നീതിമാന്മാരായിരുന്നാൽ, അന്തിമദിവസം കൈക്കൂലി വാങ്ങാത്ത, മുഖം നോക്കാത്ത ആ ദിവ്യ ന്യായാധിപൻ നമുക്കു നീതി നൽകും. അവിടത്തെ മാതൃകയെ അനുകരിച്ചു അനീതികൾ ക്ഷമയോടെ സഹിക്കുകയേ പലപ്പോഴും നമ്മുക്കു കരണീയമായിട്ടുള്ളു.

## പരദേശവാസം

പ്രവാസം, നാടുകടത്തൽ, കുടിയേററം മുതലായ വിവിധകാരണങ്ങളാൽ ജെറുസലെമിൽനിന്നും വാഗ്ദാന ദേശത്തുനിന്നും അകലെയായിരുന്ന ഹതഭാഗ്യരുടെ വിലാപവും പ്രാർത്ഥനയുമാണ് മറേറതാനും അത്ഥനാ ഗാനങ്ങളുടെ പ്രമേയം. പരദേശത്തു പാക്കേണ്ടിവരുമ്പോഴാണ് മാതൃഭൂമിയുടെ മഹത്വം മനുഷ്യൻ മനസ്സിലാക്കുക. എന്തൊക്കെ പരാധീനതകളുണ്ടെങ്കിലും അതു തന്നെയാണ് സ്വർഗ്ഗമെന്നു ഓരോരുത്തക്കും ബോദ്ധ്യമാവുന്നു. ഒരു സാധാരണ പൗരനു മാതൃഭൂമിയോടുള്ള നൈസർഗ്ഗിക സ്നേഹത്തിലും ഉപരിയായ ഒരാന്തരികബന്ധം വാഗ്ദാനദേശത്തോട് ഇസ്രായേൽക്കാരനുണ്ടായിരുന്നു. ദൈവം സ്വജനത്തിനേകിയ പുണ്യഭൂമിയും, ദൈവത്തിൻെറ പരിപാവനമായ വാസസ്ഥലവും അയാൾക്കു സ്വന്തം ഭവനത്തേക്കാൾ പ്രിയങ്കരമാണ്. സ്വജനങ്ങളിലും മാതൃ

www.malankaralibrary.com

ഭൂമിയിലും നിന്നുള്ള വേർപാട്ട് കനത്ത നിർഭാഗ്യമായി ഇസ്രായേൽക്കാർ കണക്കാക്കുന്നു; നാടുകടത്തപ്പെട്ടവർ പ്രത്യേകിച്ചും.

താൻ എത്തിയിരിക്കുന്ന സ്ഥലത്തെക്കാരം എത്രയോ സുന്ദരവും സമ്മോഹനവുമാണ് സ്വദേശമെന്ന് സങ്കീർത്തകന മനസ്സിലാകുന്നു. ''മേശെകോശിലെ പ്രവാസത്താലും കേദാർ കൂടാരങ്ങളിലും പാർക്കുന്നതിനാൽ എനിക്കു കഷ്ടം.'' എന്നു അയാരം നെടുവീർപ്പിടുന്നു (120/5). താൻ വിശുദ്ധനഗരത്തിലായിരുന്നെങ്കിൽ നന്നായിരുന്നെന്ന് അയാരം വിവരിക്കുന്നു (61). ദേവാലയത്തിൽനിന്ന് അകന്നിരിക്കയാണ് ഏററം ദുസ്സഹം.

''ഉത്സവം കൊണ്ടാടുന്ന പുരുഷാരത്തിന്റെ ആഹ്ളാദ സ്തുതി പ്രകടനങ്ങളുടെ ഇടയിലേക്ക്
ജനസമൂഹത്തിൽ ഞാൻ കടന്നുചെന്ന് അവരുടെ
മുമ്പേ ദേവാലയത്തിലേക്കു നടന്നതു ഞാൻ ഓർമ്മിക്കുന്നു.
എന്റെ ഹൃദയം എന്നിൽത്തന്നെ കവിഞ്ഞൊഴുകുകയാണ്.' (42/5;' 63/2)

ദേവാലയത്തിൽ യാഹ്വെയുടെ ചിറകിൽ കീഴിൽ അഭയം പ്രാപിക്കാൻ അയാരം ഉൽക്കടമായി ആഗ്രഹിക്കുന്നു (61/5 63/7). തന്റെ എല്ലാമായ ദൈവത്തിൽനിന്നും താൻ അകററി നിറുത്തപ്പെട്ടിരിക്കുന്നു എന്ന ചിന്ത അസഹനീയമാണ്. സാമൂഹ്യസമ്മർദ്ദംകൊണ്ടു യാന്ത്രികമായി മാത്രം മതകർമ്മങ്ങരം അനുഷ്ഠിക്കുന്നവർ, ദുരിതങ്ങളിൽപ്പെട്ടു ഉഴലുമ്പോരം ഈശ്വരനേയും മതത്തേയും ശരിയായ ദർശനകോണത്തിലൂടെ വീക്ഷിക്കാൻ തുടങ്ങുന്നു. യാന്ത്രികഭക്തി, ഉത്തമബോദ്ധ്യത്തിൽനിന്നു നാമ്പെടുക്കുന്ന വ്യക്തിഗതമായ മതവികാരത്തിനു വഴിമാറിക്കൊടുക്കുന്നു. ബാഹ്യാനുഷ്ഠാനങ്ങരം അസാദ്ധ്യമായതുകൊണ്ടു ആന്തരിക ഭക്തിക്കു തീക്ഷ്ണതയേറുന്നു. ഇതാണു സങ്കീർത്തകനിലും സംഭവിക്കുക.

www.malankaralibrary.com

''മാൻപേട നീർച്ചാലുകളെയെന്നപോലെ
ദൈവമേ എൻെറ ആത്മാവു അങ്ങയെ
ആഗ്രഹിക്കുന്നു.
എൻെറ ആത്മാവു ദൈവത്തിനായി, ജീവനുള്ള
ദൈവത്തിനായി ദാഹിക്കുന്നു. (42/1)
ദൈവമേ, അങ്ങ് എൻെറ ദൈവമാകുന്നു;
അതിതീക്ഷ്ണമായി ഞാൻ അങ്ങയെ
അന്വേഷിക്കുന്നു;
എൻെറ ആത്മാവ് അങ്ങയെ ദാഹിക്കുന്നു;
വെള്ളമില്ലാത്ത വരണ്ട ഭൂമി ദാഹിക്കുന്നതുപോ
ലെ.''(63/2)

അയാളെ ദുഖിതനാക്കുന്ന മറെറാരു വസ്തുത വിദേശികളുടെ കാലുഷ്യപൂർണ്ണമായ പെരുമാററവും നിന്ദനവുമാണ്:

''നിൻെറ ദൈവം എവിടെ എന്ന് അവർ ദിനം
പ്രതി ചോദിക്കുന്നതിനാൽ
പകലും രാത്രിയും കണ്ണീർ എനിക്ക് ആഹാരമായി
ത്തീർന്നു.
ആ നിന്ദനം എൻെറ അസ്ഥികളെ തകക്കുകയാണ്''
(42/4; 11)

ഇക്കാരണങ്ങരംകൊണ്ട്, തന്നെ മോചിപ്പിക്കാൻ അയാരം അഭ്യർത്ഥിക്കുന്നു (43/3; 62/1). താൻ അനതിവിദൂരഭാവിയിൽ ദൈവസന്നിധിയിൽ സ്തുതിഗീതങ്ങളുമായി പ്രവേശിക്കുന്ന സുന്ദരദൃശ്യം മുമ്പിൽ കണ്ടുകൊണ്ട് അയാരം തൻെറ പ്രാർത്ഥന അവസാനിപ്പിക്കുന്നു.

''ഞാൻ ദൈവത്തിൻെറ പീഠത്തിലേക്കു
പ്രവേശിക്കും
എൻെറ പരമാനന്ദമായ ദൈവത്തിങ്കലേക്കു
ഞാൻ ചെല്ലും
ദൈവമേ, എൻെറ ദൈവമേ കിന്നരംകൊണ്ടു
ഞാൻ അങ്ങയെ പാടിസ്തുതിക്കും'' (43/4).

www.malankaralibrary.com

## ലോകം എന്ന വഴിയമ്പലം

ക്രിസ്തു ഗത്സമനിയിൽ വച്ച് തന്റെ കദനം പ്രകടിപ്പിക്കാൻ 42—ാം സങ്കീർത്തനത്തിലെ വാക്കുകളാണു തെരഞ്ഞെടുത്തതു് (മത്താ: 26/38; സങ്കീ 42/5–6). ഇഹത്തിൽ അവിടന്നു് ഒരു പരദേശിയായിരുന്നു. തന്റെ ദൗത്യം പൂർത്തിയാക്കി പിതാവിൻെറ പക്കലേക്കു മടങ്ങാൻ അവിടന്നു വന്നു. സ്വജനത്താൽ പരിത്യക്തനായപ്പോൾ അവിടന്നു് പ്രവാസിയുടെ ഗാനം ആലപിക്കുന്നതു് സ്വാഭാവികമാണല്ലോ.

നാമെല്ലാം ഭൂമിയിൽ വെറും പഥികരാണു്. ഈ വഴിയമ്പലത്തിലെ കദനഭരിതമായ പ്രവാസം, സ്വർഗ്ഗഭവനത്തിലെ സൗഭാഗ്യദിനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, എത്ര ദുരിതപൂർണ്ണമാണു്! മാതൃഭൂമിയായ ദൈവരാജ്യത്തെ ലക്ഷ്യമാക്കി ഈ കണ്ണീരിൻെറ താഴ്‌വരയിലൂടെ നടന്നു നീങ്ങുന്ന നമുക്കു് അങ്ങേയററം അനുയോജ്യമായ പ്രാർത്ഥനകളാണവ. സങ്കീർത്തകനെപ്പോലെ നാമും ദൈവത്തിനായി ദാഹിക്കണം. അവിടത്തേ കമനീയമായ ആലയത്തിലേക്കു കാലെടുത്തുകുത്താനുള്ള സുന്ദരമുഹൂർത്തവും ആ ചിറകുകളുടെ കീഴിലെ ആനന്ദനിർവൃതിയും കാത്തു് ദാഹിക്കുന്ന മാൻപേടയെപ്പോലെ നമുക്കു കാത്തിരിക്കാം.

www.malankaralibrary.com

## അനുബന്ധം[1]

## ഏ) ദുഷ്ടരേയും നീതിമാന്മാരേയും പററിയുള്ള സങ്കീർത്തനങ്ങൾ.

മാനവസമുദായത്തിൽ എക്കാലവും കാണപ്പെടുന്ന രണ്ടു വിഭാഗങ്ങളാണു്, ദുഷ്ടരും ശിഷ്ടരും. ഇസ്രായേലിൽ 'നീതിമാൻ' എന്നപേരിലാണു് നല്ല മനുഷ്യൻ അറിയപ്പെട്ടുക. ദൈവപ്രമാണങ്ങൾക്കനുസൃതം ജീവിക്കയും സമസൃഷ്ടങ്ങളോടു സഹാനുഭൂതിയോടെ പെരുമാറുകയും ചെയ്യുന്നവനാണു് നീതിമാൻ; ദൈവനിയമത്തെ നിരാകരിക്കയോ അയൽക്കാരനെ ദ്രോഹിക്കയോ ചെയ്യുന്നയാൾ ദുഷ്ടനും.

മതവികാരങ്ങളും മാനുഷിക മൂല്യങ്ങളും മനസാക്ഷിയും പണയമെഴുതിയ മനുഷ്യാധമന്മാരുടെ ഇടയിലെ ജീവിതം നീതിമാന്മാൎക്കു ദുസ്സഹമായിരുന്നു, അവർ ദുഷ്ടന്റെ അനീതിക്കും മർദ്ദനത്തിനും സദാ പാത്രമായി. തന്മൂലം തങ്ങളെ അവരുടെ ഇടയിൽനിന്നു മോചിപ്പിക്കാൻ അവർ പ്രാർത്ഥിച്ചിരുന്നു. സമുദായത്തിന്റെ ശോചനീയസ്ഥിതി സങ്കീർത്തകൻ വിവരിക്കുന്നതു നോക്കു:

---

1. ഇനിയുള്ള മൂന്നുകൂട്ടം സങ്കീർത്തനങ്ങൾ നിശിതാർത്ഥത്തിൽ അർത്ഥനാഗാനങ്ങളല്ല. 'നീതിമാനേയും ദുഷ്ടനേയും പററിയുള്ള സങ്കീർത്തനങ്ങൾ' (നീതിമാന്റെ വിലാപം) അഥവാ ജ്ഞാനോപദേശ സങ്കീർത്തനങ്ങൾ എന്നു് അവയെ വിളിക്കുന്നു. നന്മയേയും തിന്മയേയുംപററിയുള്ള സാരോപദേശ ചർച്ചകളാണു് അവയിൽ കൂടുതലും. എങ്കിലും അർത്ഥന, പ്രതീക്ഷ, നല്ലജീവിതം കഴിക്കാമെന്നുള്ള ദൃഢപ്രതിജ്ഞ എന്നിവയൊക്കെ ഈ ഗാനങ്ങളിലുമുണ്ടു്. പ്രവാചകന്മാരുടേയും വിജ്ഞാനികളുടേയും സ്വാധീനം ഇവയിൽ പ്രകടമാണു്, അർത്ഥനാഗാനങ്ങളുടെ മുഖ്യഘടകങ്ങളിൽ പലതും ഇവയിലുള്ളതിനാൽ ഇവയെപ്പററി ഇവിടെ പ്രതിപാദിക്കുന്നു.

www.malankaralibrary.com

''കലഹവും അക്രമവും ഞാൻ നഗരത്തിൽ ദൎശിക്കുന്നു
അനീതിയും മർദ്ദനവും അതിൻെറ മദ്ധ്യേയുണ്ടു്.
അതിൻെറ ഉള്ളിൽ കെണികളിരിക്കുന്നു
ചതിയും ദ്രോഹവും തെരുവീഥികളിൽനിന്നു
വിട്ടുമാറുന്നില്ല (55/10–12)
അവർ എൻെറ പ്രാണനുവേണ്ടി പതിയിരിക്കുന്നു.
ബലവാന്മാർ എനിക്കെതിരായി സംഘടിക്കുന്നു.
സന്ധ്യാസമയത്തു് അവർ മടങ്ങുന്നു
നായ്ക്കളെപ്പോലെ കുരച്ചുകൊണ്ടു് അവർ
നഗരത്തിനു ചുററും നടക്കുന്നു. (59/4; 7)
വാളിനെന്നപോലെ അവർ നാവിനു മൂർച്ചകൂട്ടുന്നു
നിർദ്ദോഷിയെ ഒളിസ്ഥലത്തുനിന്നു ആക്രമിക്കാൻ
വിഷലിപ്തമായ വാക്കുകൾ അസ്ത്രംപോലെ
അവർ പ്രയോഗിക്കുന്നു.
ഭയലേശമെന്യേ അവർ അവൻെറനേരെ
അസ്ത്രമയയ്ക്കുന്നു.'' (64/4–5)[1]

തങ്ങളും ഇവരുടെ സംസർഗ്ഗംമൂലം ദൈവവിരോധികളായി മാറുമോ എന്ന ആശങ്കയും നീതിമാന്മാൎക്കുണ്ടു്.

സമുദായത്തിൻെറ ഈ ദുരന്താവസ്ഥയുടെ പരിണിതഫലത്തെപ്പററി അവർ വളരെ ഭയപ്പെട്ടിരുന്നു. ഇക്കണക്കിനു തിന്മകൾ പെരുകുന്നപക്ഷം ദൈവം ജനത്തെയൊന്നാകെ ശിക്ഷിക്കും. അങ്ങനെ ദൈവകോപത്തിൽപ്പെട്ടു് നിരപരാധികളായ തങ്ങളും നശിക്കുമോ എന്നു് അവർ ഭയപ്പെട്ടു. തന്മൂലം ദൈവം നേരിട്ടു് ഇടപെട്ടു് ദുഷ്ടന്മാരെ ശിക്ഷിക്കയും നശിപ്പിക്കയും ചെയ്യണമെന്നു സങ്കീൎത്തകർ യാചിക്കുന്നു. ചിലപ്പോൾ ഈ അഭ്യർത്ഥന കണക്കിലേറെ വൈരാഗ്യകലുഷിതമാണു്.

ദൈവം തൻെറ ഉടമ്പടി പാലിക്കുമെന്നും തന്മൂലം നല്ലവനു് എന്തൊക്കെയായാലും സൗഭാഗ്യം നൽകുമെന്നും അവർ പ്രതീക്ഷിച്ചു. ധാൎമ്മികമായി അധഃപതിച്ച സമുദായത്തിൽ നല്ല ഇസ്രായേൽക്കാരൻെറ ഏക രക്ഷാ

1. 141,4, 64/6, 57/5 കാണുക,

www.malankaralibrary.com

മാർഗ്ഗം നിയമമമാണ്. ദേവാലയനാശത്തിനും രാജഭരണത്തിന്റെ തകർച്ചക്കശേഷം പ്രത്യേക രക്ഷയ്ക്കുള്ള മറെറാരു വഴിയും അവർ ദർശിച്ചില്ല. നിയമം അനുസരിക്കുന്നവക്ക് ദൈവം നൽകുന്ന ഭാഗ്യങ്ങരം ചില സങ്കീർത്തനങ്ങരം വിവരിക്കുന്നു.

നല്ല മനുഷ്യനെ ദുരിതമനുഭവിക്കാനും ദുഷ്ടനെ സുഖിച്ചുവാഴാനും ദൈവം അനുവദിക്കുന്നു എന്ന പ്രശ്നം ചർച്ച ചെയ്യുന്നവയാണ് 37, 49, 73 എന്നീ സങ്കീർത്തനങ്ങരം. അതിനു ശരിയായ ഉത്തരം കാണാൻ കഴിയുന്നില്ലെങ്കിലും നീതിമാനായ ദൈവം എന്തെങ്കിലും പ്രതിഫലം നൽകുമെന്ന നിഗമനത്തിൽ എത്തുന്നു, 73-ാം സങ്കീർത്തനം. 49, 37 എന്നിവ മരണാനന്തരജീവിതത്തേയും ഷെയോളിൽനിന്നുള്ള മോചനത്തേയും പററി അവ്യക്തമായ പ്രതീക്ഷാകണികകരം കാഴ്ചവയ്ക്കുന്നു.

## ബി) അനീതിക്കാരായ ന്യായാധിപർ

58, 82 എന്നിവ അഴിമതിക്കാരായ ന്യായാധിപന്മാരെപ്പററിയാണ്. അവരുടെ ദുഷ്കൃത്യങ്ങളും, അതിനു ദൈവം നൽകാനിരിക്കുന്ന ശിക്ഷകളും 58 വർണ്ണിക്കുന്നു. ദൈവം നേരിട്ട് അവരെ കുററപ്പെടുത്തുന്നതായിട്ടാണ് ചിത്രീകരിക്കുക. അവക്കെതിരെ ദൈവത്തിന്റെ കഠിനശിക്ഷകരം സങ്കീർത്തകൻ യാചിക്കുന്നു.

## സി) പ്രതീക്ഷാഗാനങ്ങരം

ഭക്തനായ വിശ്വാസി ദൈവത്തിൽ അപ്പിക്കുന്ന അചഞ്ചലവും അഗാധവുമായ വിശ്വാസമാണ് 4, 16, 62, 131 എന്നീ സങ്കീർത്തനങ്ങളിൽ തുടിച്ചുനിൽക്കുക. അർത്ഥനാ ഗാനങ്ങളിലെ ഒരു പ്രധാന അംശമാണല്ലോ സജീവവിശ്വാസത്തിൽ നിന്നും ഉയിരെടുക്കുന്ന ഈ ദൃഢപ്രതീക്ഷ. ഈ ഗാനങ്ങരം ദുരന്തവിവരണം ഉപേക്ഷിച്ചിട്ട്, പ്രതീക്ഷകരംക്ക സമ്പൂർണ്ണമായ ആവിഷ്കരണം നൽകിയിരിക്കുന്നു. അവയിലെ ഉദാത്ത വിശ്വാസവും അഗാധപ്രതീക്ഷയും അല്പവിശ്വാസികളായ നമ്മെ ലജ്ജിപ്പിക്കത്തക്കതാണ്.

www.malankaralibrary.com

# ii സമൂഹത്തിൻെറ അർത്ഥനകൾ

വ്യക്തിയുടെ അർത്ഥനാഗാനങ്ങൾക്കു പുറമെ സമൂഹത്തിൻെറ അൎത്ഥനാഗാനങ്ങളും സങ്കീർത്തന സമാഹാരത്തിൽ കാണാം. രാഷ്ട്രത്തെയൊന്നാകെ എന്തെങ്കിലും പ്രതിസന്ധി പിടിച്ചു കുലുക്കുമ്പോൾ ജനം ഒന്നാകെ ദേവാലയത്തിലെത്തി യാഹ്വെയുടെ കാരുണ്യത്തിനായി കേഴുന്ന അപൂർവ്വസന്ദർഭങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്നവയാണ് അവ. അവർ ചാക്കുവസ്ത്രവും ചാരവും അണിഞ്ഞ് ഉപവസിച്ചുകൊണ്ട് ദൈവസഹായം അഭ്യർത്ഥിച്ചു.[1] ഇത്തരമൊരു പൊതു പ്രായശ്ചിത്തമാണ് ജോയേൽ പ്രവാചകൻ വെട്ടുക്കിളിബാധയുടെ അവസരത്തിൽ നിർദ്ദേശിക്കുക (ജോയേൽ. 1/13—2/17). പുരോഹിതർ ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം യാചിച്ചു. തൻെറ അവകാശമായ ജനത്തെ, പുറജാതികൾക്കൊരു പരിഹാസവിഷയമാവാൻ തക്കവിധം ശിക്ഷിക്കല്ലേ എന്ന് ജനം കമഴ്ന്നുവീണ് അപേക്ഷിക്കുന്നു. യുദ്ധകാലം, പരാജയങ്ങൾ, വരൾച്ച, ക്ഷാമം, വെട്ടിക്കിളിശല്യം, പകർച്ചവ്യാധികൾ മുതലായ ആപൽസന്ദർഭങ്ങളിലും, പൊതു പാപപരിഹാരദിനങ്ങളിലുമാണ് ഈ ചടങ്ങുകൾ നടക്കുക.[2]

ഞങ്ങൾ അവിടത്തെ സ്വന്തമാണെന്ന സത്യമാണ് അവർ ആദ്യമായി അനുസ്മരിപ്പിക്കുക. 'നിൻെറ ജനം,' 'നിൻെറ അവകാശം' (79/1) 'നിൻെറ സമൂഹം,' 'നിൻെറ മേച്ചിൽസ്ഥലത്തെ അജഗണം' (74/2) 'അങ്ങു നട്ട

---

1. III രാജാ: 8/33 ff 2 ദിന: 20/9, I മക്കാ: 4/37 ജൂദി: 4/8ff.

2. 44, 74, 79 എന്നീ സങ്കീർത്തനങ്ങൾ ജെറുസലേമിൻെറ നാശത്തെപ്പററി പ്രതിപാദിക്കുന്നു; 60, 85 എന്നിവ പ്രവാസത്തിൽ നിന്നു മടങ്ങിവന്നവരുടെ വിലാപമാണ്. 80/13—14 കൃഷിനാശവും 44/11—12, 60/3—6 എന്നിവ യുദ്ധപരാജയവും വിവരിക്കുന്നു.

www.malankaralibrary.com

മുന്തിരി (80/10) എന്നിങ്ങനെ അവർ സ്വയം വിശേഷിപ്പിക്കുന്നു. തങ്ങൾ പരാജയപ്പെടുക എന്നുവെച്ചാൽ യാഹ്വെ ശത്രുദൃഷ്ടിയിൽ ദുർബ്ബലനായ ദൈവമാവുകയാണ്. യാഹ്വെ അപഹാസ്യനും അശക്തനുമാവുക അവർക്ക് അചിന്ത്യമാണ്. തങ്ങളുടെ കഷ്ടപ്പാടിനേക്കാൾ അസഹനീയം ആ ദൂഷണമാണ്.

''ദൈവമേ, അവർ എത്രനാൾ ഇങ്ങനെ
നിന്ദിക്കും?
ശത്രു അങ്ങയുടെ തിരുനാമത്തിനെതിരായി എന്നും
ദൂഷണം പറയുമോ? 74/10
അവരുടെ ദൈവമെവിടെ എന്നു വിജാതീയർ
ചോദിക്കുന്നതിനു് എന്തിനിടയാക്കുന്നു?'' (79/10)

അതോടൊപ്പംതന്നെ തങ്ങളുടെ ദയനീയ സ്ഥിതിയും അവർ വിവരിക്കുന്നു.

''ശത്രുക്കൾക്കു തങ്ങൾ കീഴടങ്ങുന്നതിനു്
അങ്ങിടയാക്കി;
ഞങ്ങളെ ദ്വേഷിക്കുന്നവർ ഞങ്ങളെ
കൊള്ളയടിക്കുന്നു.
കൊല്ലാനുള്ള ആടുകളെപ്പോലെ ഞങ്ങൾ അവർക്കു്
ഏല്പിക്കപ്പെട്ടു;
വിജാതീയരുടെ ഇടയിൽ ഞങ്ങൾ
ചിന്നിച്ചിതറാൻ അങ്ങിടയാക്കി.
അങ്ങയുടെ ജനങ്ങൾ വിലകൂടാതെ
വിൽക്കപ്പെട്ടിരിക്കുന്നു
അതിൽനിന്നു് അങ്ങേയ്ക്കു ലാഭമൊന്നും
കിട്ടിയതുമില്ല.
ഞങ്ങളുടെ അയൽക്കാർക്കും ചുററുമുള്ളവർക്കും
അവമാനത്തിനും നിന്ദയ്ക്കും പരിഹാസത്തിനും
പാത്രമാക്കി.'' (44/ 11–14.)

ദൈവം കഴിഞ്ഞ കാലത്തു തങ്ങൾക്കായി ചെയ്ത അവിസ്മരണീയ കൃത്യങ്ങളും അത്ഭുതങ്ങളും വിവരിച്ചു് അനു

www.malankaralibrary.com

ഭാവവും കാരുണ്യവും കിളളിയുണർത്താനും ശ്രമമുണ്ട് (44/1–8). എന്നാൽ ഇന്നു അവിടന്നു തങ്ങളെ കൈവെടിഞ്ഞിരിക്കുന്നു എന്നു് സന്താപപൂർവ്വം യാഹ്‌വെയെ അനുസ്മരിപ്പിക്കുന്നു.

ഈ ദുരവസ്ഥയിൽ, നിഷ്ക്രിയനായിരിക്കാതെ എഴുന്നേററു് (74/22) ജനത്തിൻെറ രക്ഷയ്ക്കെത്തുവാൻ സൈന്യങ്ങളുടെ കർത്താവിനോടു് (80/8) അവർ യാചിക്കുന്നു. 'അങ്ങയുടെ കൃത്യം നിർവ്വഹിക്കുക' (74/22) എന്ന അഭ്യർത്ഥന വളരെ അർത്ഥഗർഭംതന്നെ. ഉടമ്പടിയുടെ ദൈവത്തിനു സ്വജനപരിപാലനത്തിനു കടമയുണ്ടെന്നാണു വിവക്ഷ (89/50). തങ്ങളെ മർദ്ദിക്കയും പരിഹസിക്കയും ചെയ്ത ശത്രുവിനോടു് ഏഴുമടങ്ങു് (79/17) പ്രതികാരം ചെയ്യാനും അവർ പ്രാർത്ഥിക്കുന്നു.

ദൈവജനത്തിൻെറ തുടർച്ചയാണു സഭ. ക്രിസ്തുവിൻെറ ശരീരമായ അതു് അഭംഗുരം വളർന്നുവികസിക്കേണ്ടതാണു്. പക്ഷേ, അതു കൊടുങ്കാററുകളിൽപ്പെട്ടു നട്ടംതിരിയാറുണ്ടു്; അപ്പോൾ നാം സജീവ പ്രതീക്ഷയോടെ ദൈവസഹായം തേടാറുണ്ടു്. തദവസരങ്ങളിൽ ഈ സങ്കീർത്തനങ്ങൾ വളരെ അർത്ഥഗർഭമായി നമുക്കു് അനുഭവപ്പെടും. ശത്രുക്കൾ അതിനെ പലപ്പോഴും കീഴടക്കിയതായി തോന്നുമെങ്കിലും, നിരാശരാകാതെ, ദൈവവാഗ്ദാനങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു പ്രാർത്ഥിക്കാൻ ഇവ നമ്മെ പഠിപ്പിക്കുന്നു. എന്നത്തേക്കാളുമേറെ സഭയുടെ നിലനില്പും വളർച്ചയും അപകടത്തിലായ ഈ കാലസന്ധിയിൽ ഈ ഗാനങ്ങൾക്കു നമ്മുടെ പ്രാർത്ഥനകളിൽ ഗണ്യമായ സ്ഥാനം നൽകേണ്ടതാണു്.

## എന്തിനീ നൊമ്പരങ്ങൾ?

നൂററാണ്ടുകൾതന്നെ, ഇസ്രായേലിൻെറ മനസാക്ഷിയെ അലട്ടിക്കൊണ്ടിരുന്ന പ്രശ്നമായിരുന്നു നല്ല മനുഷ്യരുടെ യാതനകളും ദുഷ്ടൻെറ വളർച്ചയും. ദൈവനീതി, മരണാനന്തരജീവിതം എന്നീ പ്രശ്നങ്ങൾ ഇതി

www.malankaralibrary.com

നോട് അവഗാഢം ബന്ധപ്പെട്ടിരുന്നു. ഇന്നും നമ്മുടെ നാവിൽനിന്നും ഉതിർന്നു വീഴാറുള്ള ചോദ്യമാണിത്: ‘‘കാരുണ്യവാനായ ദൈവം എന്തിനു് മനുഷ്യനെ വിശിഷ്യ നല്ല മനുഷ്യനെ ദുരിതമനുഭവിക്കാൻ അനുവദിക്കുന്നു?’’ ഇതേ ചോദ്യമാണു് സങ്കീർത്തനങ്ങളും ഉയർത്തുക. മരണാനന്തരജീവിതത്തെപ്പററിയും അപ്പോഴുള്ള പ്രതിസമ്മാനത്തെപ്പററിയും അവർ അജ്ഞരായിരുന്ന സ്ഥിതിയ്ക്കു് ആ പ്രശ്നം എത്രയോ രൂക്ഷമായിരുന്നു!

ഇസ്രായേലിലെ ആദ്യ തലമുറകൾ കണ്ണുമടച്ചു വിശ്വസിച്ചിരുന്ന ഒരു തത്ത്വമുണ്ടായിരുന്നു: ദൈവം ഇഹത്തിൽവച്ചുതന്നെ ദുഷ്ടനെ ശിക്ഷിക്കയും ശിഷ്ടനെ സമ്മാനിക്കയും ചെയ്യുമെന്നു് (ആവ. 7/12–15). ദൈവനീതിയും നന്മയുമായിരുന്നു ഈ വിശ്വാസത്തിനു് അടിസ്ഥാനം. ആ തലമുറകൾക്കു് ഇതിലപ്പുറമൊരു വിശദീകരണം വേണ്ടിയിരുന്നില്ല. മാത്രമല്ല അക്കാലത്തു് വ്യക്തിയ്ക്കു വേണ്ടത്ര വില കല്പിക്കപ്പെട്ടാതിരുന്നതിനാൽ നല്ല വ്യക്തികൾ ദുരിതമനുഭവിച്ചാൽത്തന്നെ അതാരും കാര്യമായി എടുത്തിരുന്നില്ല. ദൈവജനമായ സമൂഹത്തിനായിരുന്നു പ്രാധാന്യം. ദേശീയതാൽപര്യങ്ങൾക്കു മുമ്പിൽ വ്യക്തിയുടെ സുഖദു:ഖങ്ങൾ നിസ്സാരമായിരുന്നു. അതിനാൽ, ദൈവനീതിയെപ്പററിയുള്ള ഈ പൊതുതത്ത്വം രാഷ്ട്രത്തിൻെറ കാര്യത്തിൽ നിറവേറുന്നതും കാത്തിരിക്കുകയായിരുന്നു അവർ. കാലക്രമേണ രാഷ്ട്രത്തിൻെറ ഭാവി കൂടുതൽ ഇരുളടഞ്ഞതാവുകയും ശത്രുക്കൾ ജയിച്ചുമുന്നേറുകയും ചെയ്യുന്നതു് ഇസ്രായേൽ ദർശിച്ചു. വ്യക്തിയ്ക്കുള്ള പ്രാധാന്യം താരതമ്യേന വർദ്ധിക്കയും ചെയ്തു. അയാളുടെ യാതനകൾ ഒരു ഉഗ്രപ്രശ്നമായി മാറി. പ്രവാചകന്മാരുടെ കാലംമുതൽ അതു തുറന്നു പ്രഖ്യാപിക്കപ്പെടാൻ തുടങ്ങി. അന്നുവരെ ദൈവത്തിനെതിരായുള്ള ഈ ചോദ്യം, ഉള്ളിൽ പൊന്തിവന്നാൽത്തന്നെ, അടക്കിവയ്ക്കുമായിരുന്നു ഇസ്രായേൽ. ദൈവത്തെ ചോദ്യം ചെയ്യാനുള്ള തൻെറ അനർഹതയെ ഏററുപറഞ്ഞുകൊണ്ടു് ജെറമിയാസു് പ്രവാചകൻ ഭയഭക്തികളോടെ

www.malankaralibrary.com

അതുന്നയിച്ചു: ''കത്താവേ ഞാൻ അങ്ങയോടു തർക്കിക്കുമ്പോരം അങ്ങയുടെ പക്ഷമായിരിക്കും ശരി എങ്കിലും ന്യായമായവ ഞാൻ അങ്ങയോടു ചോദിക്കയാണു്. ദുഷ്ടരുടെ മാർഗ്ഗം അഭിവൃദ്ധിപ്പെടുന്നതിനും അകൃത്യം പ്രവത്തിക്കയും അനീതിയായി വ്യാപരിക്കയും ചെയ്യുന്നവക്കു് എല്ലാം ശുഭമായി പരിണമിക്കുന്നതിനും എന്താണു കാരണം? (ജെറ: 12/1)''

സാമ്രാജ്യത്തിൻെറ സമ്പൂർണ്ണനാശവും ജെറുസലേമിൻെറ ദയനീയമായ തകർച്ചയും ദേശീയ വിമോചന പ്രതീക്ഷകളെ ഭസ്മമാക്കിക്കളഞ്ഞു. ഭഗ്നാശരായ പ്രവാസികരം ചോദിച്ചുതുടങ്ങി: പിതാക്കന്മാർ പച്ചമുന്തിരിങ്ങാ തിന്നു; മക്കളുടെ പല്ലുകരം പുളിച്ചു, എന്ന പഴമൊഴി തങ്ങളിൽ നിറവേറുകയല്ലേ എന്നു്. യാഹ്വേ മറുപടിയേകി: ''പാപം ചെയ്യുന്ന ആത്മാവു നിശ്ചയമായും നശിക്കും. പുത്രൻ പിതാവിൻെറ കുററവും പിതാവു് പുത്രൻെറ കുററവും വഹിക്കേണ്ട. നീതി നീതിമാനിലും ദുഷ്ടത ദുഷ്ടനിലും മാത്രം സ്ഥിതി ചെയ്യും. (എസക്കി: 18/1;20)

## വീക്ഷണങ്ങരം

ഇതോടെ ശിഷ്ടരുടെ യാതന എന്ന പ്രശ്നം കൂടുതൽ രൂക്ഷമായി. രോഗവും നാടുകടത്തലും പരാജയവുമൊക്കെ പാപശിക്ഷയാണെന്ന പരമ്പരാഗതവിശ്വാസം തകർന്നടഞ്ഞു. നീതിമാനായ മനുഷ്യൻ ഇവയ്ക്കു് ഇരയാകുന്നതെന്തുകൊണ്ടാണെന്നു് അവർ ചോദിച്ചുതുടങ്ങി. 'ജോബ്'' ഇതിനുത്തരം കാണാൻ ശ്രമിച്ചു, പക്ഷേ പരാജയപ്പെട്ടു. മരണാനന്തരജീവിതത്തെപ്പററി വ്യക്തമായ അറിവില്ലാതിരുന്ന സങ്കീത്തകരും ഇതേ പ്രശ്നത്തിനു ഉത്തരം അന്വേഷിച്ചുതുടങ്ങി; പല ആശയഗതികളും പൊന്തിവന്നു. പീഡകരംക്കു ശുദ്ധീകരിക്കാൻ കഴിവുണ്ടെന്നും, യാഹ്വെ ഇസ്രായേലിനെ അടിമത്വത്തിനും ആക്രമണത്തിനും ഇരയാക്കിയതു് അവർ നല്ല

www.malankaralibrary.com

വരാവാൻ വേണ്ടിയാണെന്നും ചിലർ പറഞ്ഞുതുടങ്ങി (ആമോസ്: 4/6—11; ഓസി: 11/5). അവർ മാനസാന്തരപ്പെട്ട് ഒരു നവ്യജനതയായിത്തീരാൻ വേണ്ടിയാണ് ശിക്ഷിക്കപ്പെടുക. അപ്പോൾ വ്യക്തിയുടെ ദുരിതങ്ങൾ ഇതിന്റെ ഒരു ഭാഗമായി കണക്കാക്കാം. ദൈവത്തിന്റെ ഭാവിസാമ്രാജ്യം പടുത്തുയർത്താനായി ചെത്തി മിനുക്കപ്പെടുന്ന കല്ലാണ് അയാൾ. അയാളുടെ കഷ്ടപ്പാടുകൾ രാഷ്ട്രത്തിന്റെ ശോഭനഭാവിക്ക് അനിവാര്യമാണ്. അതിനാൽ സ്വവേദനകൾ വിസ്മരിച്ച് ആ ഭാസുരസൗഭാഗ്യം സ്വപ്നം കാണുകയാണ് സങ്കീർത്തകൻ. (22/27--30).

ദുഷ്ടൻ എത്രമാത്രം സമ്പന്നനും പ്രതാപവാനുമായാലും അവന്റെ സ്ഥിതി ദുർഭഗമാണ്; കാരണം അവൻ ദൈവത്തിൽ നിന്നും അകലെയാണ്. ദൈവശിക്ഷ വാൾ പോലെ അവന്റെ തലയ്ക്കുമുകളിൽത്തൂങ്ങുമ്പോൾ എങ്ങനെ സമാധാനിക്കാനാണ്? അവന്റെ ഐശ്വര്യത്തെപ്പററി അസൂയപ്പെട്ടിരുന്ന സങ്കീർത്തകൻ (76/3), കഷ്ടപ്പാടുകളുണ്ടെങ്കിലും തന്റെ സ്ഥിതിയാണു മെച്ചമെന്നു സമാധാനിക്കുന്നു. ദൈവസാമിപ്യം പ്രദാനം ചെയ്യുന്ന ശാന്തിയും സമാധാനവും, പണത്തിനും പ്രശസ്തിക്കും നൽകാനാവില്ലല്ലോ. ഇങ്ങനെയായിരുന്നു ചിലർ സമാശ്വസിച്ചത്.

പീഡകൾ ആനന്ദത്തിലേക്കുള്ള പാതയാണെന്നും ദൈവം അയയ്ക്കുന്നതു മനുഷ്യന്റെ ഉപരിനന്മയ്ക്കാണെന്നും മററു ചിലർ അഭിപ്രായപ്പെട്ടു:

''കണ്ണീരോടെ വിതയ്ക്കുന്നവർ ജയഘോഷത്തോടെ കൊയ്യുന്നു
കരഞ്ഞുകൊണ്ട് അവർ വിതയ്ക്കാനുള്ള വിത്തുമായി പോകുന്നു
ആനന്ദവായ്പോടെ അവർ കററ ചുമന്നു തിരികെ വരുന്നു'' 126/5—6.

www.malankaralibrary.com

പാപപങ്കില ഹൃദയങ്ങളെ പവിത്രീകരിക്കാനും, പരിഹാരമേകാനും, പാപിയെ ദൈവത്തിലേക്കു പിന്തിരിപ്പിക്കാനും പീഡകൾക്കു കഴിയുമെന്ന സാൎവ്വത്രിക സത്യം ഇസ്രായേൽ സമൂഹത്തിനും വ്യക്തികൾക്കും അനുഭവവേദ്യമായി. വളരെപ്പേൎക്ക് ഈ വീക്ഷണം സ്വീകാൎയ്യമായിത്തോന്നി. വാസ്തവത്തിൽ പാപം ചെയ്യാത്ത മനുഷ്യൻ ആരാണ്? അപ്പോൾ എല്ലാവൎക്കും പീഡകൾ നേരിടുന്നതിൽ ദൈവനീതിയെ പഴിക്കാനില്ലല്ലോ.

ദുരിതങ്ങൾ, നന്മയിലേക്കു മനുഷ്യനെ നയിക്കുന്ന മാൎഗ്ഗം മാത്രമല്ല, ദൈവം മനുഷ്യനു പ്രദാനംചെയ്യുന്ന ഒരു നന്മ അഥവാ വരപ്രസാദംകൂടിയാണെന്ന് ക്രമേണ അവൎക്കു മനസ്സിലായി. സമുദായത്തിലെ ഇടത്തരക്കാരായ ആളുകളാണ് ഈ വിശ്വാസത്തിനു വിത്തുപാകിയതു്. 'യാഹ്‌വെയുടെ പാവങ്ങൾ'[1] എന്നറിയപ്പെടുന്ന ഇക്കൂട്ടർ തീരെ ദരിദ്രരായിരുന്നില്ല; കഷ്ടിച്ചു കാലയാപനത്തിനു വകയുള്ള അഷ്ടിപ്പട്ടിണിക്കാരായിരുന്നു ഭൂരിഭാഗവും. ധനവും സുഖവും ഏറിയാൽ തങ്ങളും ധനികന്മാരെപ്പോലെ ദൈവത്തെമറന്നു ജീവിക്കുമെന്നും, തന്മൂലം അപ്പോഴത്തെ നില തുടരണമെന്നും അവർ ആഗ്രഹിച്ചു. ദൈവത്തെ കണ്ടെത്താനും അവിടുന്നുമായി വ്യക്തിഗതബന്ധത്തിൽ ഏർപ്പെടാനും അവൎക്കു സാധിച്ചതിന്റെ രഹസ്യം ദുഃഖനിർഭരമായ ജീവിതാവസ്ഥയാണ്. ആ നില തുടൎന്നാലേ ദൈവത്തിന്റെ ആശ്രിതനായി തുടരാനാവൂ. ദുരിതങ്ങൾ തങ്ങളെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുമെന്നും അവയെ ഒരു നാൾ അവിടുന്നു തുടച്ചുമാററുമെന്നും അവർ വിശ്വസിച്ചു.

''കൎത്താവിന്റെ കണ്ണു നീതിമാന്മാരുടെ നേൎക്കു
തിരിഞ്ഞിരിക്കുന്നു.
അവിടത്തെ ശ്രോതമാവട്ടെ അവരുടെ നിലവിളി
കേൾക്കാൻ തുറന്നിരിക്കുന്നു.
ദുഷ്‌പ്രവൎത്തിക്കാരുടെ ഓൎമ്മ ഭൂമിയിൽ നിന്നു മാ
യിച്ചുകളയാൻ

1. Cfr. A. Gelin: The poor of Yahweh.

www.malankaralibrary.com

കർത്താവിൻെറ മുഖം അവർക്കെതിരെ തിരിഞ്ഞിരിക്കുന്നു.
നീതിമാന്മാർ നിലവിളിച്ചു; കർത്താവു് അവരെ ശ്രവിച്ചു.
സകലകഷ്ടതകളിലും നിന്നു് അവിടുന്നു് അവരെ മോചിച്ചു.....
നീതിമാനു് അനവധി അനർത്ഥങ്ങളുണ്ടെങ്കിലും
അവയിൽ നിന്നെല്ലാം കർത്താവു് അവരെ മോചിക്കുന്നു.'' (34/15–18; 20.) [1]

ദുരിതങ്ങൾ ഏറുംതോറും ദൈവിക സാമീപ്യവും ആന്തരിക ശാന്തിയും വാസ്തവത്തിൽ വർദ്ധിക്കയാണെന്നു് അവർ അനുഭവിച്ചറിഞ്ഞു.

''എൻെറ ഹൃദയം ഉൽക്കണ്ഠാകുലമാകുമ്പോൾ
അങ്ങയുടെ ആശ്വാസം എൻെറ ആത്മാവിനെ ആഹ്ളാദിപ്പിക്കുന്നു. (94/19)
ഹൃദയം നുറുങ്ങിയവർക്കു് കർത്താവു സമീപസ്ഥനാണു്
മനം നുറുങ്ങിയവർക്കു് അവിടുന്നാണു രക്ഷകൻ'' (34/18)

അങ്ങനെ മരണാനന്തര ജീവിതത്തെ മുമ്പിൽക്കാണാതെ തന്നെ, ജീവിതക്ലേശങ്ങൾ ദൈവം തൻെറ പ്രിയപ്പെട്ടവർക്കു് അയക്കുന്ന പ്രസാദവരധാരകളാണെന്ന ഉദാത്ത ചിന്തയിലാണു് അവർ ചെന്നു നില്ക്കുക. പരലോകജീവിതത്തെപ്പററി ചിന്തിക്കാതെതന്നെ ഇഹലോകജീവിതത്തിലെ ക്ലേശങ്ങൾക്കു രക്ഷാകരമൂല്യം കല്പിക്കാനും, അങ്ങനെ ആ പ്രശ്നത്തിനു സാമാന്യം തൃപ്തികരമായ ഉത്തരം കണ്ടെത്താനും കഴിഞ്ഞു എന്നതു ശ്രദ്ധേയമാണു്.

1. 26/2, 109/21–22, 139/23.

www.malankaralibrary.com

## സഹനം, രക്ഷയുടെ ഏകമാർഗ്ഗം

ഇതിനു സമ്പൂർണ്ണമായ ഉത്തരമേകിയതു ക്രിസ്തുവാണ്. മരണത്തിന്റെ മൺഭിത്തികൾക്കപ്പുറം നിത്യാനന്ദത്തിന്റെ സ്വർഗ്ഗീയാനുഭൂതികളും ശിക്ഷയുടെ നരകയാതനകളും മനുഷ്യനെ കാത്തു നില്ക്കുന്നുണ്ടെന്ന സത്യം അവിടന്നു വെളിപ്പെടുത്തി. നിരപരാധിയുടെ സഹനം അസ്ഥാനത്തല്ലെന്ന് അവിടത്തെ കദനപൂർണ്ണമായ ജീവിതം തെളിയിച്ചു. 'യാഹ്വെയുടെ പാവങ്ങളു'ടെ ഉത്തമോദാഹരണവും പ്രോജ്ജ്വലപ്രതീകവുമാണ് ക്രിസ്തു. പീഡാനുഭവസമയത്ത് അർത്ഥനാസങ്കീർത്തനങ്ങളിലെ (22, 31, 38, 39, 69, 88) ഈരടികളിലൂടെ അവിടന്ന് പിതാവിനോട് പ്രാർത്ഥിക്കുന്നതു ആകസ്മികമല്ല. നമ്മെ രക്ഷിക്കാനായി സ്വമനസ്സാലെ സഹനത്തിന്റെ കയ്പുനിറഞ്ഞ കാസാ അവിടന്നു സ്വീകരിച്ചു. മഹത്വത്തിലേക്കുള്ള രാജവീഥിയായിരുന്നു ദുരിതപൂർണ്ണമായ ജീവിതവും പീഡാനുഭവവും മരണവും. നീതിമാനായ വ്യക്തിയുടെ സഹനത്തിനു സമൂഹത്തെ രക്ഷിക്കാനാവുമെന്ന സത്യം അസന്നിഗ്ദ്ധമായി അവിടന്നു തെളിയിച്ചു (ലൂക്കാ: 24/26, ഫിലി: 2/2–11).

ക്രിസ്തുവിന്റെ കാലടിപ്പാടുകളിലൂടെ നടന്നു നീങ്ങുന്ന ദൈവജനമാണു നാം. മരണത്തിനപ്പുറമേ മഹത്വമുള്ളു എന്ന സത്യം നമുക്കറിയാം. ഇസ്രായേലിനെ അലട്ടിയിരുന്ന ആ കുഴഞ്ഞ ചോദ്യം നമ്മേ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. പക്ഷേ ഇതൊക്കെ അറിയാമായിരുന്നിട്ടും നാം ദൈവത്തെ പ്രതിക്കൂട്ടിൽ നിറുത്താറുണ്ട് അതേ ചോദ്യവുമായി. സഹനമില്ലാതെ ക്രിസ്തീയ ജീവിതമില്ല. ക്രിസ്തുവിനെപ്പോലെ 'അനേകം കഷ്ടപ്പാടുകളിലൂടെ' വേണം നാമും ദൈവരാജ്യത്തിലേക്കു പ്രവേശിക്കാൻ. നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷയോ, ആദ്ധ്യാത്മിക ശക്തി നേടിത്തരുന്ന ഔഷധമോ മാത്രമല്ല സഹനം. ക്രിസ്തീയജീവിതത്തിന്റെ സാരസർവ്വസ്വവും മുഖ്യനിദാനവുമാണത്. കുരിശുമേന്തി

www.malankaralibrary.com

ക്രിസ്തുവിനെ അനുഗമിക്കാത്തവന് 'ക്രിസ്ത്യാനി' എന്ന പേരിന് അർഹതയില്ല. (യോഹ: 15/19; 17/16). പീഡകളാണ് മഹത്വത്തിലേക്കുള്ള നമ്മുടെ ഏകമാർഗ്ഗം മാനവ സമുദായത്തെ പാപപങ്കിലസ്ഥിതിയിൽനിന്നു സമുദ്ധരിക്കാൻ ക്രിസ്തു സഹനത്തിൻെറ മാർഗ്ഗം സ്വീകരിച്ചു. നമ്മുടെ പീഡകൾ ക്രിസ്തുവിൻേറതിനോടു ചേർക്കുമ്പോൾ അവയ്ക്കും രക്ഷാകരമൂല്യം ലഭിക്കുന്നു. അപ്പോൾ നമ്മുടെ അശ്രുകണങ്ങളോരോന്നും രക്ഷയുടെ ജീവജലമായി പകരുന്നതു കാണാം. ക്രിസ്തുവിൻെറ പീഡാനുഭവം നമ്മിൽ ഓരോരുത്തരിലും പൂർത്തിയാക്കുകയാണു നാം വി. പൌലോസിനെപ്പോലെ.

അവസാനകാലത്തെ ഞെരുക്കങ്ങളേയും പീഡകളേയുംപററി ക്രിസ്തു പ്രവചിച്ചിട്ടുണ്ട്. ലോകാവസാനത്തിൽ കഠിന പരീക്ഷകളിലും യാതനകളിലും കൂടെ പരീക്ഷിക്കപ്പെട്ടശേഷമേ ദൈവജനം വിമോചിക്കപ്പെട്ടു. ആ അന്തിമപീഡയുടെ ആരംഭമാണ് ക്രൈസ്തവൻെറ അനുദിന ക്ലേശങ്ങൾ. തന്മൂലം അവയ്ക്ക് വലിയൊരു രക്ഷണീയമൂല്യമുണ്ട്. ദൈവത്തോട് ഐക്യപ്പെടുവാൻ പീഡകൾ നമ്മെ സഹായിക്കുന്നു. നാം ചെയ്യേണ്ടതു് ഒന്നുമാത്രമേയുള്ളു: അവയെ ശരിയായ അർത്ഥത്തിൽ സ്വീകരിച്ച് ദൈവത്തിനു സമർപ്പിക്കുക. അങ്ങനെ 'കഠിനപീഡകളിലൂടെ, കുഞ്ഞാടിൻെറ രക്തത്തിൽ കഴുകിവെളുപ്പിച്ച വസ്ത്രങ്ങളുമായി' (വെളി: 7/14) മാത്രമേ നമുക്കു സ്വർഗ്ഗകവാടങ്ങൾ കടക്കാനാവൂ. അവയ്ക്കപ്പുറം നിർവൃതിദായകമായ ഒരു കാഴ്ച നാം കാണും; കർണ്ണപീയൂഷമായ ഈ വാക്കുകൾ നാം കേൾക്കും:

''ഇതാ മനുഷ്യരോടുകൂടി ദൈവത്തിൻെറ കൂടാരം
അവിടന്നു അവരുടെകൂടെ വസിക്കും; അവർ അവിടത്തെ ജനതയായിരിക്കും.
ദൈവം അവരോടുകൂടെ അവരുടെ ദൈവമായി വർത്തിക്കും

www.malankaralibrary.com

അവരുടെ കണ്ണിൽനിന്നു കണ്ണീരെല്ലാം ദൈവം തുടച്ചുമാററും
മേലിൽ മരണമോ ദുഃഖമോ വിലാപമോ കഷ്ടതയോ ഉണ്ടാകയില്ല.'' (വെളി. 21/3–4)

അർത്ഥനാ സങ്കീർത്തനങ്ങൾ ആലപിക്കുമ്പോൾ ദൈവജനമായിരുന്ന ഇസ്രായേലിൻേറയും അതിലേ വ്യക്തികളുടേയും സഹനത്തെ അനുസ്മരിക്കുന്നതോടൊപ്പം, പുതിയ ദൈവജനമായ സഭയുടേയും അതിലെ അംഗങ്ങളായ നമ്മുടേയും ദുരിതങ്ങളുടെ അർത്ഥവും മൂല്യവും ഗ്രഹിക്കയുമാണു നാം. വെറും വിലാപങ്ങളല്ല വിശ്വാസവും, പ്രതീക്ഷയും, ദൈവതിരുമനസ്സിനോടുള്ള സ്നേഹനിർഭരമായ കീഴ്‌വഴക്കവും കതിരിട്ടു നില്ക്കുന്ന ആത്മഗാനങ്ങളാണ് ഈ സങ്കീർത്തനങ്ങൾ. ക്രിസ്തീയ വെളിപാടിൻെറ വെളിച്ചത്തിൽ നാം അവയെ ആലപിക്കുമെങ്കിൽ ജീവിത ക്ലേശങ്ങളോട് നാം അനുവർത്തിക്കേണ്ട മനോഭാവം എന്തെന്ന് അവ കാണിച്ചുതരും. ക്രിസ്തു തൻെറ പീഡകളിലൂടെ ഒരുക്കിയിരിക്കുന്ന സ്വർഗ്ഗസൗഭാഗ്യത്തിൻെറ സുന്ദര ദൃശ്യം നാം മനസ്സിൽ വയ്ക്കുക. അപ്പോൾ നൊമ്പരങ്ങളുടെ നീററലിനുപകരം ശാന്തിയുടെ കുളിർമ്മയാവും ഹൃദയത്തിൽ പടർന്നു പൊന്തുക.

www.malankaralibrary.com

# VIII

# കൃതജ്ഞതാസ്തോത്രങ്ങൾ

യാഹ്‌വെ തങ്ങൾക്കു ചെയ്ത സഹായങ്ങൾക്ക് വ്യക്തിപരമായും, സമൂഹമായും ഇസ്രായേല്യർ നന്ദിയേകുക പതിവായിരുന്നു. ഈ ചടങ്ങുകളിൽ ഉപയോഗിച്ചിരുന്ന സങ്കീർത്തനങ്ങളെ വ്യക്തിയുടെ കൃതജ്ഞതാസ്തോത്രം, ദേശീയ (പൊതു) കൃതജ്ഞതാസ്തോത്രം എന്നിങ്ങനെ രണ്ടായി വിഭജിക്കാം.

ബൈബിളിൽ കൃതജ്ഞതാസ്തോത്രങ്ങൾ താരതമ്യേന കുറവാണ്. മനുഷ്യനിൽ പൊതുവെ കാണാറുള്ള കൃതഘ്നതാമനോഭാവം മാത്രമാണ് ഇതിനു കാരണമെന്നു പറയാൻവയ്യാ. കൃതജ്ഞതാചടങ്ങുകളിൽ 'സ്തോത്ര'ഗീതങ്ങൾ പാടുകയും, അർത്ഥനാഗാനങ്ങളുടെ അവസാനം തന്നെ, ലഭ്യമാകാൻ പോകുന്ന അനുഗ്രഹത്തിനു നന്ദി രേഖപ്പെടുത്തുകയും ചെയ്യുക സാധാരണമായിരുന്നു.[1] അങ്ങനെ കൃതജ്ഞതാഗാനത്തിന്റെ സ്ഥാനം അവ ഏറ്റെടുത്തിരുന്നു. കൃതജ്ഞതാസ്തോത്രങ്ങൾ മിക്കവയും വികാരനിർഭരവും വ്യക്തിഗതാനുഭവങ്ങളുടെ ഊഷ്മളതയുള്ളവയുമാണ്. നന്ദിയുടെ നനവാർന്നകണ്ണുകളോടെ ദൈവസന്നിധിയിൽ നില്ക്കുന്ന ഭക്തന്റെ ദൃഢവിശ്വാസവും അചഞ്ചല പ്രതീക്ഷയും അവയിൽ ഓളം വെട്ടുന്നു.

രോഗവിമുക്തിയും മറ്റ് അനുഗ്രഹങ്ങളും ലഭിക്കുന്ന ഇസ്രായേൽക്കാർ കൃതജ്ഞതാപ്രകടനം നടത്തുന്നത് ദേവാലയത്തിൽ വച്ചാണ്. അതിനു ചില പ്രത്യേകചട

1. 22/26; 56/14; 61/9.. കൃതജ്ഞതാപ്രകടനം ഉൾക്കൊള്ളുന്ന മറ്റു സങ്കീർത്തനങ്ങൾ: 3, 6, 13, 26, 28, 31, 53-54; 57, 69, 71, 86, 109.

www.malankaralibrary.com

ങ്ങുകളെല്ലാമുണ്ടായിരുന്നു. ആ സമയത്തു് ആലപിക്കപ്പെട്ടിരുന്നവയാണു് കൃതജ്ഞതാഗാനങ്ങരം. ഇതര സങ്കീർത്തനങ്ങളെപ്പോലെ ആരാധനക്രമത്തിൻെറ പശ്ചാത്തലത്തിലാണു് അവയും ജനിച്ചുവളർന്നതു്. എന്നു വേണമെങ്കിലും കൃതജ്ഞതാചടങ്ങുകരം നിർവ്വഹിക്കാമായിരുന്നെങ്കിലും സൗകര്യത്തെ പരിഗണിച്ചു് മിക്കവരും തിരുനാരം ദിനങ്ങളിലേക്കു് അതു മാററിവച്ചിരുന്നു. ദേവാലയത്തിൽ വച്ചാണു് നന്ദിപ്രകടനം നടന്നിരുന്നതെന്നു് അനേകം സങ്കീർത്തനങ്ങരം അസന്നിഗ്ദ്ധമായി സൂചിപ്പിക്കുന്നു.

''എൻെറ ദൈവത്തിൻെറ പീഠത്തിലേക്കു ഞാൻ പ്രവേശിക്കും
എൻെറ പരമാനന്ദമായ ദൈവത്തിങ്കലേക്കു ഞാൻ ചെല്ലും
ദൈവമേ എൻെറ ദൈവമേ കിന്നരംകൊണ്ടു ഞാൻ അങ്ങയെ പാടിസ്തുതിക്കും'' (43/4).

(9/14, 63/2, 66/13, 41/12, 116/18 എന്നിവയും കാണുക.)

ദൈവത്തിൻെറ കാരുണ്യത്തിനു പാത്രവാനായ വ്യക്തി കാഴ്ചവസ്തുക്കളും ബലിമൃഗവുംകൊണ്ടു്, ബന്ധുമിത്രാദികളോടൊത്തു് ദേവാലയത്തിൽ എത്തുന്നു.

''ഹോമയാഗങ്ങളോടുകൂടെ ഞാൻ അങ്ങയുടെ ആലയത്തിൽവരും നേർച്ചകരം നിറവേററും;
അവ കഷ്ടതകളുടെ കാലത്തു് എൻെറ അധരങ്ങരം ഉച്ചരിച്ചതും വാഗ്ദാനം ചെയ്തതുമാണല്ലോ.
മുട്ടാടുകളുടെ മേദസ്സോടുകൂടെ, തടിച്ച ചെമ്മരിയാടുകളെ ഞാൻ അങ്ങേയ്ക്കു സമർപ്പിക്കും.
കോലാടു കൊററന്മാരേയും കാളകളേയും ഞാൻ ബലികഴിക്കാം.'' (66/13–15)

ദേവാലയ കവാടത്തിൽവച്ചു് പുരോഹിതനും ജനങ്ങളും ചേർന്നു് അവരെ സ്വീകരിക്കുന്നു. തദവസരത്തിൽ പുരോഹിതൻ പറയുന്നു:

www.malankaralibrary.com

''പാപമോചനം പ്രാപിച്ചവനും
തെററുകറം ആവരണം ചെയ്യുകിട്ടിയവനും ഭാഗ്യവാൻ
കർത്താവു് കുററം ആരോപിക്കാത്തവനും
ആത്മാവിൽ കളങ്കമില്ലാത്തവനും ഭാഗ്യവാൻ''
(32/1-2)

ദൈവസന്നിധിയിൽ പ്രവേശിക്കുമ്പോറം അയാറം കരങ്ങറം ഉയർത്തി ദൈവത്തിനു നന്ദിപറയുന്നു. (63/4). തന്റെ കൃതജ്ഞതാഗാനത്തിൽ പങ്കുചേരാൻ ബന്ധുക്കളേയും, ദൈവാലയത്തിൽ സന്നിഹിതരായ എല്ലാവരേയും അയാറം ക്ഷണിക്കുന്നു. (22/4; 30/4).

പ്രാർത്ഥനയ്ക്കുശേഷം കാഴ്ചകളും ബലികളും സമർപ്പിക്കുകയായി. ബലിമൃഗത്തിന്റെ മേൽ കൈവച്ചു് അതിനെ അയാറം വധിക്കുന്നു. വൈദികൻ രക്തമെടുത്തു് അറംത്താരയിൽ തളിക്കുന്നു. ജീവന്റെ പ്രതീകമായ രക്തം ദൈവത്തിനുമാത്രമുള്ളതാണു്. ബലിമൃഗത്തിന്റെ തെരഞ്ഞെടുത്ത ഭാഗങ്ങറം ബലിപീഠത്തിൽ ദഹിപ്പിക്കുന്നു. ശേഷിക്കുന്ന മാംസത്തിൽ ഒരു ഭാഗം വൈദികനും ബാക്കി അയാറംക്കും ലഭിക്കുന്നു. ദേവാലയാങ്കണത്തിലെ ബ്രഹ്മാണ്ഡമായ ബലിപീഠത്തിൽ വച്ചാണു് യാഗങ്ങറം നടത്തപ്പെട്ടുക.

''കർത്താവിനു സകല ജനങ്ങളുടേയും മുമ്പാകെ
ഞാൻ എന്റെ നേർച്ചകറം അവിടത്തേക്കു സമർപ്പിക്കും. (116/23)
ദൈവമേ എന്റെ വാഗ്ദാനങ്ങളാൽ ഞാൻ ബന്ധിതനാണു്
ഞാൻ അങ്ങേക്കു സ്തോത്രയാഗങ്ങറം സമർപ്പിക്കും.''
(56/12.) (54/8; 22/5 കാണുക)

ബലിവസ്തുവുമായി ബലിപീഠത്തിനുചുററും പ്രദക്ഷിണം വയ്ക്കുന്ന ചടങ്ങിനെപ്പററിയും സൂചനയുണ്ടു്.

www.malankaralibrary.com

''കർത്താവേ, ഞാൻ എൻെറ കൈകൾ കഴുകി
നിർമ്മലമാക്കുകയും
അങ്ങേ ബലിപീഠത്തെ പ്രദക്ഷിണം വയ്ക്കുകയും
ചെയ്യുന്നു.'' (26/6–7)

ബലിയർപ്പണത്തിനുശേഷം ലഭിക്കുന്ന നിവേദ്യം ഉപയോഗിച്ച് സദ്യ തയ്യാറാക്കി സുഹൃത്തുക്കൾക്കും സാധുക്കൾക്കും നല്കിയിരുന്നു (22/26). തൽസമയം ദേവാലയാങ്കണത്തിൽ സന്നിഹിതരായിരുന്ന, അയാളുടെ ശത്രുക്കൾ കാൺകെ തലയിൽ സുഗന്ധതൈലവും പൂശി[1] അവർ വിരുന്നുണ്ണുന്നു. അയാളുടെ ദുരന്തത്തിൽ ആഹ്ളാദിക്കയും അത് അയാളുടെ പാപഫലമാണെന്ന് കൊട്ടിഘോഷിക്കയും ചെയ്ത എതിരാളികൾ ഇപ്പോൾ നിശബ്ദരാണ്.

''എൻെറ ശത്രുക്കൾ കാൺകെ അങ്ങ് എനിക്കു വിരുന്നൊരുക്കുന്നു;
അങ്ങ് എൻെറ ശിരസ്സ് തൈലംകൊണ്ട് അഭിഷേചിക്കുന്നു.
എൻെറ പാനപാത്രം കവിഞ്ഞൊഴുകുകയുമാണ്.''
(23/5)

മേൽ വിവരിച്ച ചടങ്ങുകളുടെ സമയത്ത് ആലപിക്കപ്പെട്ടുന്ന ഗാനങ്ങളിൽ, ഉപക്രമം, അനുഭവവിവരണം, സന്നിഹിതർക്കുള്ള ഉപദേശം എന്നിങ്ങനെ മൂന്നു പ്രധാന ഘടകങ്ങൾ കാണാം.

## ഉപക്രമം

ആമുഖത്തിൽത്തന്നെ മൂന്ന് ഉൾപ്പിരിവുകൾ ഉണ്ടാവാം. 1) ദൈവത്തിനു താൻ നന്ദിപറയുന്നു എന്ന പ്രഖ്യാപനം: കൃതജ്ഞത പ്രകടിപ്പിക്കാൻ അക്ഷമനായി കാത്തിരിക്കുന്ന തീർത്ഥകൻ വികാരഭരിതമായ വാക്കുകളിൽ തൻെറ കൃതജ്ഞത പ്രകടിപ്പിക്കുന്നു.

---

1. ഭക്ഷണസമയത്തു വിശേഷതൈലവും എണ്ണയും തലയിൽ പൂശുക പാലസ്തീന, ഈജിപ്ത് മുതലായ ദേശങ്ങളിലെ പതിവായിരുന്നു.

www.malankaralibrary.com

2) അതിനു കാരണം ദൈവം തൻെറ തുണയ്ക്കെത്തിയ താണെന്ന പ്രസ്താവന.

''കർത്താവേ അങ്ങേ ഞാൻ സ്തുതിക്കും
എന്തെന്നാൽ അങ്ങ് എന്നെ സമുദ്ധരിച്ചിരി
ക്കുന്നു.'' (30/1)
''ഞാൻ കർത്താവിനെ സ്നേഹിക്കുന്നു
എന്തെന്നാൽ അവിടന്ന് എൻെറ പ്രാർത്ഥനാ
സ്വരം കേട്ടു'' (34/1)
''കർത്താവേ പൂർണ്ണഹൃദയത്തോടെ ഞാൻ അങ്ങയെ
പ്രകീർത്തിക്കുന്നു
എന്തെന്നാൽ അങ്ങ് എൻെറ വചനങ്ങൾ ചെവി
ക്കൊണ്ടു'' (138/1). [1]

3 തൻെറ കൃതജ്ഞതാപ്രകടനത്തിൽ പങ്കുചേരാൻ, അടുത്തു നില്ക്കുന്നവർക്ക് അയാൾ നല്കുന്ന ഉൽബോധനം:

''കർത്താവിനെ ഭയപ്പെടുന്നവരേ അവിടത്തേ സ്തുതി
ക്കുവിൻ
യാക്കോബിൻെറ സകല സന്തതികളേ അവിടത്തെ
വാഴ്ത്തുവിൻ (22/24)
കർത്താവിൻെറ വിശുദ്ധരേ അവിടത്തേക്കു സ്തുതി
പാടുവിൻ;
അവിടത്തെ, വിശുദ്ധ നാമത്തിനു സ്തോത്രം
ചെയ്യുവിൻ'' (30/4). [2]

ചില സങ്കീർത്തനങ്ങളിൽ ഇതിനും പുറമേ തൻെറ രക്ഷയുടെ കഥ കേൾക്കുവാൻ അയാൾ അടുത്തു സന്നിഹിതരായിരിക്കുന്നവരെ ക്ഷണിക്കുന്നുണ്ട്.

''ദൈവത്തെ ഭയപ്പെടുന്നവരേ,
നിങ്ങളെല്ലാവരും വന്നു ശ്രവിക്കുവിൻ
അവിടന്ന് എനിക്കുവേണ്ടി ചെയ്തിട്ടുള്ളതെല്ലാം
ഞാൻ വിവരിക്കാം'' (66/16)[3]

---

1. 66/1—5ൽ ഒരു ചെറിയ സ്തോത്രഗീതമാണ് മുഖവുരയായി ഉപയോഗിച്ചിരിക്കുക.
2. 138/4 കാണുക.
2. ചില സങ്കീർത്തനങ്ങളിൽ ആമുഖമില്ല— ഉദാ: 37.

www.malankaralibrary.com

## അനുഭവ വിവരണം

കൃതജ്ഞതാഗാനങ്ങളുടെ ഏറിയ പങ്കും ആത്മകഥാവിവരണത്തിനായി നീക്കിവച്ചിരിക്കുന്നു. ഇതിലും മൂന്നു ഘട്ടങ്ങൾ ദൃശ്യമാണ്; സങ്കീർത്തകൻെറ ദുരന്തം; അയാളുടെ പ്രാർത്ഥന; ദൈവസഹായം.

അർത്ഥനാഗാനങ്ങളെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ളവയാണ് ദുരന്തവിവരണങ്ങൾ. താൻ സഹിക്കേണ്ടിവരുന്ന മാനസികവും ശാരീരികവുമായ പീഡകൾ, അപവാദങ്ങൾ, ശകാരങ്ങൾ, സ്നേഹിതരുടേയും ബന്ധുക്കളുടേയും വെറുപ്പും അവഗണനയും, ശത്രുക്കളുടെ പരിഹാസങ്ങളുമെല്ലാം അയാൾ സജീവമായി ചിത്രീകരിക്കുന്നു. ശാരീരിക പീഡകൾ (30;32), വിശ്വാസത്തിനെതിരായുള്ള പരീക്ഷ (73), രാഷ്ട്രീയ പ്രതിസന്ധികൾ (18, 138), കാരഗൃഹവാസം, കപ്പലപകടം (107) മുതലായ കഷ്ടതകളും വർണ്ണനാ വൈഭവത്തോടെ വിവരിക്കപ്പെടുന്നു.

''മരണത്തിൻെറ തരംഗങ്ങൾ എന്നെ വലയംചെയ്തു:
വിനാശകരമായ പ്രവാഹങ്ങൾ എന്നെ ഭയപ്പെടുത്തി
പാതാള ശാപങ്ങൾ എന്നെ വരിഞ്ഞുകെട്ടി;
മരണത്തിൻെറ കെണികൾ എന്നെ പിടികൂടി (18/5--6)

മരണ പാശങ്ങൾ എന്നെ ചുററി,
പാതാള വേദനകൾ എന്നെ പിടിച്ചു
ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു.'' (116/3)

ഏതാനും സങ്കീർത്തനങ്ങളിൽ ദുരന്തവിവരണം താരതമ്യേന ഹ്രസ്വവും പൊതു സ്വഭാവത്തോടു കൂടിയതുമാണ്.

തൻെറ ദയനീയ സ്ഥിതിയിൽ താൻ ദൈവത്തിൽ ശരണമർപ്പിച്ചതെങ്ങിനെയെന്ന് അയാൾ അടുത്തതായി വിവരിക്കുന്നു. താൻ തെററുകാരനായിരുന്നപ്പോൾ ആ വസ്തുത സവിനയം ഏററുപറഞ്ഞു് അവിടത്തെ ശിക്ഷ ന്യായയുക്തമാണെന്നു് അംഗീകരിക്കയും പാപത്തെപ്പററി പശ്ചാത്തപിക്കയും ചെയ്തു.

www.malankaralibrary.com

''എൻെറ പാപം ഞാൻ അങ്ങയോടു് ഏററു പറഞ്ഞു;
എൻെറ കുററങ്ങരം മറച്ചുവച്ചില്ല.
'എൻെറ അകൃത്യങ്ങരം കർത്താവിനോടു് ഏററുപറയും' എന്നു് ഞാൻ പറഞ്ഞു
അപ്പോരം അങ്ങു് എൻെറ പാപാപരാധം ക്ഷമിച്ചു.'' (32/5–6)

നിരപരാധിയായിരുന്നപ്പോരം ആ വസ്തുത ഓർമ്മിപ്പിച്ചു കൊണ്ടു് യാഹ്‌വെയെ വിളിച്ചു.

''എൻെറ കഷ്ടപ്പാടുകളുടെ ഇടയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു;
എൻെറ ദൈവത്തിങ്കലേക്കു ഞാൻ നിലവിളിച്ചു. (18/6.)
'എൻെറ കർത്താവേ, എൻെറ ജീവൻ രക്ഷിക്കണമേ'
എന്നു ഞാൻ അവിടത്തെ നാമം വിളിച്ചപേക്ഷിച്ചു.'' (116/4.)

കരുണാനിധിയും സ്നേഹസമ്പന്നനുമായ ദൈവം ആ വിളി ശ്രവിച്ചു; അവിടന്നു് അയാളുടെ സഹായത്തിനെത്തി. അനുതപിക്കുന്ന ഹൃദയത്തെ അവിടത്തേക്കു നിരസിക്കാനാവില്ല; തന്നിൽ ആശ്രയിക്കുന്നവരെ ലജ്ജിപ്പിക്കുകയുമില്ല.

''അവിടന്നു് തൻെറ മന്ദിരത്തിൽ നിന്നു് എൻെറ അപേക്ഷ ശ്രവിച്ചു;
എൻെറ നിലവിളി അവിടത്തെ ചെവികളിലെത്തി (18/7) [1]
എൻെറ കർത്താവേ പാതാളത്തിൽ നിന്നു് എൻെറ ആത്മാവിനെ അങ്ങു സമാനയിച്ചു;
കുഴിയിൽ പോകുന്നവരിൽ നിന്നു് അങ്ങെന്നെ സംരക്ഷിച്ചു.'' (30/3)

1. 22/5, 34/5, 40/2, 116/1, 138/3, 118/5.

www.malankaralibrary.com

അവസാനമായി ഈ അനുഭവങ്ങളെ അടിസ്ഥാനമാക്കി അടുത്തുനില്ക്കുന്ന ജനസമൂഹത്തിന് ചില ഉപദേശങ്ങളും പ്രബോധനങ്ങളും നല്കുകയാണ് സങ്കീർത്തകൻ (22/23)[1]. ദൈവത്തിൻെറ കാരുണ്യത്തേയും പരിപാലനാ വൈഭവത്തേയും അവർക്ക് മനസ്സിലാക്കിക്കൊടുക്കുകയും, തന്നെപ്പോലെ അവിടത്തെ അഭയം പ്രാപിക്കാനും അയാൾ ഉൽബോധിപ്പിക്കുന്നു.

> ''കർത്താവ് കരുണാനിധിയും ദയാലുവുമാണ്
> നമ്മുടെ കർത്താവ് ദയാനിധിയാണ്
> കർത്താവ് എളിയവരെ സംരക്ഷിക്കുന്നു. (116/5–6)[2]

## ഉപസംഹാരം

കൃതജ്ഞതാസ്തോത്രങ്ങൾക്ക് നിശ്ചിതരൂപത്തിലുള്ള ഉപസംഹാരമില്ല. ചിലത് പ്രേക്ഷകർക്കുള്ള ഉപദേശത്തോടെയും (32, 34, 76, 129, 138.), മററുചിലത് ശരണപ്രകടനത്തോടെയും (23, 63) സമാപിക്കുന്നു. ഭാവിശ്രേയസ്സിനായുള്ള അർത്ഥനയോടെ അവസാനിക്കുന്നവയും (9) ഇല്ലാതില്ല. സ്തുതിയോടെ അവസാനിക്കുന്നവ നിരവധിയാണ്. (18, 42, 66, 67, 103, 116....). ഏതാനും സങ്കീർത്തനങ്ങൾ നന്ദിവാക്കുകൾ ആവർത്തിച്ചുകൊണ്ട് (30, 118) ഉപസംഹരിക്കുന്നു.

മേൽവിവരിച്ച ആരാധനക്രമപശ്ചാത്തലവും രചനാരീതിയും മനസ്സിൽവച്ചുകൊണ്ട് 118–ാം സങ്കീർത്തനം വായിക്കുമ്പോൾ കൃതജ്ഞതാചടങ്ങുകളുടെ സുവ്യക്തമായ ചിത്രം നമുക്കു ലഭിക്കുന്നു. സമുദായത്തിലെ ഒരു പ്രമുഖ വ്യക്തി (ഒരു പക്ഷേ രാജാവു തന്നെ) പരിവാരങ്ങളുമൊത്ത് ദേവാലയകവാടത്തിൽ എത്തുന്നു.

| | | |
|---|---|---|
| 1–4 | : | കർത്താവിനു നന്ദിപാടാൻ എല്ലാവർക്കും ക്ഷണം |
| 5–18 | : | ആത്മകഥാ വിവരണം. |
| 19 | : | ദൈവാലയകവാടം തുറക്കാൻ അപേക്ഷ. |

1. 40/10–12, 32/8.
2. 32/8–11, 34/5–10, 40/4, 41/1–3, 118/8, 9, 15.

www.malankaralibrary.com

20 : പുരോഹിതരുടെ മറുപടി; (കതകു തുറക്കുന്നു.)
21 : അവർ അകത്തുകടക്കുന്നു; നേതാവു നന്ദിപറയുന്നു.
22–25: അവിടെ സന്നിഹിതരായവരുടെ സമീക്ഷ; ദൈവം ആശ്രിതരെ എങ്ങനെ സഹായിക്കുന്നു എന്നു് അവർ സസന്തോഷം അനുസ്മരിക്കുന്നു.
26 : പുരോഹിതൻ പ്രദക്ഷിണത്തെ അനുഗ്രഹിക്കുന്നു.
27a : യാഹ്‌വെയാണു് ദൈവമെന്നു് ജനം ഉൽഘോഷിക്കുന്നു.
27b : പുരോഹിതൻ ബലിയർപ്പണത്തിനു നിർദ്ദേശങ്ങൾ നല്കുന്നു.
28 : നേതാവു് ബലിപീഠത്തിനുമുമ്പിൽ പ്രാർത്ഥിക്കുന്നു.
29 : ദൈവത്തിനു നന്ദിപറയാൻ പുരോഹിതൻ അവരെ ആഹ്വാനം ചെയ്യുന്നു.

തിരുനാൾ ദിവസം അനേകം തീർത്ഥകർ കൃതജ്ഞതാപ്രകടനത്തിനെത്തുമ്പോൾ പുരോഹിതൻ അവരെ പലഗണമായി തിരിച്ചു് ചടങ്ങുകൾ പൊതുവായി നടത്തുന്നു. 107–ാം സങ്കീർത്തനത്തിൽ നാലു വിഭാഗക്കാരെ കാണാം:

4–9 ദൂരയാത്ര കഴിച്ചവർ
10–16 കാരാഗൃഹമോചിതർ
17–22 രോഗവിമുക്തർ
22–32 കപ്പൽയാത്രകഴിച്ചവർ

പുരോഹിതൻ ഓരോവിഭാഗക്കാരെയും വിളിച്ചു് കൃതജ്ഞത പ്രകാശിപ്പിക്കാൻ ഉൽബോധിപ്പിക്കയും അവരുടെ ദുരന്താനുഭവങ്ങളും രക്ഷയുടെ കഥയും വിവരിക്കയും ചെയ്യുന്നു. ഓരോരുത്തരായി അങ്ങനെ ചെയ്താൽ സമയം നഷ്ടപ്പെടുമല്ലോ; അതുകൊണ്ടു് എല്ലാവരുടേയും നാമത്തിൽ വൈദികൻ അതു നിർവ്വഹിക്കുന്നു.

www.malankaralibrary.com

കാലക്രമേണ യാഗങ്ങൾക്കും ബലികൾക്കും പ്രാധാന്യം കുറയുകയും ആന്തരികമായ കൃതജ്ഞതയ്ക്കു പ്രാമാണ്യം ലഭിക്കയുംചെയ്തു. ബലികളിലുള്ള അതിശ്രദ്ധ അവരുടെ ആന്തരിക ഭക്തിയേയും കൃതജ്ഞതാവികാരങ്ങളേയും പിൻനിരയിലേക്കു തള്ളുമെന്ന നിലവന്നു. അതു ദൈവത്തിനു് ഒട്ടും പ്രീതികരമല്ല. കാളയുടെ കൊഴുപ്പിനേക്കാൾ കൃതജ്ഞതാനിർഭര ഹൃദയങ്ങളുടെ അശ്രുബിന്ദുക്കളാണു് അവിടത്തേക്കു സ്വീകാര്യം.

''ഹോമയാഗവും ഭോജനയാഗവും അങ്ങേയ്ക്കു് ഇഷ്ടപ്പെട്ടില്ല....
ഹോമയാഗവും പരിഹാരബലിയും അങ്ങു് ആവശ്യപ്പെട്ടതുമില്ല. (39/7)
ഞാൻ ദൈവനാമത്തെ കീർത്തനംകൊണ്ടു സ്തുതിക്കും;
കൃതജ്ഞതാ സ്തോത്രംകൊണ്ടു് ഞാൻ അവിടത്തെ പ്രകീർത്തിക്കും.

അതു കർത്താവിനു കാളയേക്കാളും
കൊമ്പും കുളമ്പുമുള്ള കന്നുകാലിയേക്കാളും സംപ്രീതമായിരിക്കും.'' (69/31–32.)

ബലികൾ കുറയുന്നതോടെ കൃതജ്ഞതാ സങ്കീർത്തനങ്ങൾ ആരാധന ക്രമത്തിന്റെ ചട്ടക്കൂട്ടിൽനിന്നു് കുറേയൊക്കെ വിമുക്തമാവും. ദേവാലയ നാശത്തിനുശേഷം എവിടെ വച്ചും അവ രചിക്കപ്പെട്ടിരുന്നു. എന്നിരുന്നാലും ആരാധനക്രമം വാർത്തെടുത്ത ചട്ടക്കൂടു് പൂർണ്ണമായും തകർക്കപ്പെടുന്നില്ല. പില്ക്കാല കവികളും ആ മാതൃക തുടരാൻ നിർബ്ബദ്ധരാവുന്നു. തന്മൂലം കൃതജ്ഞതാഗാനങ്ങളിൽ പൊതുവേ ഒരു കൃത്രിമത്വം ദൃശ്യമാണു്. അവയിലെ അനുഭവ വിവരണങ്ങൾക്കു വേണ്ടത്ര വികാരോഷ്മളതയും വ്യക്തിഗത ചൈതന്യവുമില്ല. ഹന്നാ, ഹെസക്കിയാസ്സ്, ജോനാസ്, സഖറിയാസ്സ്, പരിശുദ്ധ കന്യകാമറിയം [1] എന്നിവരുടെ സ്തോത്രങ്ങളും ഈ സങ്കീർത്തനങ്ങളുടെ മൂശയിൽ വാർത്തെടുക്കപ്പെട്ടിരിക്കുന്നു.

1. സാമുവൽ: 2/1–10; എശയ്യാ: 38/10–20; ജോനാ: 2/2–4; ലൂക്കാ 1/68–79; ലൂക്കാ: 1/46–56.

www.malankaralibrary.com

## പൊതുകൃതജ്ഞത

സമൂഹത്തിനു പൊതുവിൽ യാഹ്വെ നല്കുന്ന അനുഗ്രഹങ്ങൾക്കു സമൂഹകൃതജ്ഞതാ പ്രകടനം നടത്തുക പതിവായിരുന്നു ഇസ്രായേലിൽ. പ്രധാനതിരുനാളുകളിലും, സമൃദ്ധമായ കൊയ്ത്തുകാലം യുദ്ധവിജയം എന്നിവയ്ക്കുശേഷം ജനം ഒന്നാകെ ദേവാലയത്തിലെത്തി പ്രാർത്ഥനകളും ബലികളും അർപ്പിച്ച് തങ്ങളുടെ നന്ദി പ്രകടിപ്പിക്കുന്നു. ജെറുസലേമിനെ ശത്രുക്കളിൽ നിന്നു വിമോചിപ്പിച്ചതിനെപ്പററിയാണ് 46, 48, 75 എന്നീ സങ്കീർത്തനങ്ങൾ.[1] 65–ഉം 67–ഉം സമ്പുഷ്ടമായ വിളവിനു ശേഷം ആലപിക്കപ്പെട്ടവയാണ്. 124–ൻേറയും 129–ൻേറയും പശ്ചാത്തലം അത്രവ്യക്തമല്ല; എങ്കിലും ശത്രുക്കളുടെ ആക്രമണത്തിൽനിന്നുള്ള മോചനമാണ് പ്രതിപാദ്യം.

ദൈവാനുഗ്രഹത്തിൻെറ വർണ്ണനയാണ് ആദ്യം. ശത്രുക്കളുടെ ആക്രമണത്തിൽ നിന്നു രക്ഷിച്ചതും (48/4), നല്ല വിളവു നല്കിയതുമൊക്കെ (67/6) അവർ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. തുടന്ന് ആഘോഷ പരിപാടികളായ യാഗവും സദ്യയും (ചിലപ്പോൾ പ്രദക്ഷിണവും) നടക്കും (48/9, 65/4). ഭാവിയിലെ ഭാസുരമായവിശ്വസാമ്രാജ്യത്തെപ്പററിയുള്ള ഭാവനാസ്പൃഷ്ടമായ വർണ്ണനയോടെയാണ് അവർ തങ്ങളുടെ കൃതജ്ഞതാ സ്തോത്രം അവസാനിപ്പിക്കുക (65/8, 66/1).

### കൃതജ്ഞത, ഒരു കടമ.

ദൈവത്തെ സ്തുതിക്കുക ഓരോ ഇസ്രായേൽക്കാരൻെറയും മൗലികമായ കടമയായിരുന്നു. ദൈവം തൻെറ ദാസരെ പരിപാലിക്കുന്നതു് തനിക്കു സ്തുതിയും ബലികളും അർപ്പിക്കാനാണെന്ന പ്രാചീന വിശ്വാസത്തിൽ

1. 701–ൽ ഹെസക്കിയാസ്സ് രാജാവിൻെറ കാലത്തു നടന്ന 46; 48ലെ പ്രതിപാദ്യം.

www.malankaralibrary.com

ഇസ്രായേലും ഭാഗഭാക്കായിരുന്നു. സൃഷ്ടികർമ്മത്തിൻെറ ഉദ്ദേശ്യംതന്നെ ദൈവസ്തുതിയാണെന്ന് അവർ വിശ്വസിച്ചു. ആരാധകരില്ലാത്ത ദൈവത്തെപ്പററി അന്നത്തെ മനുഷ്യനു ചിന്തിക്കാനേ കഴിയുമായിരുന്നില്ല. മരണകരമായ അപകടങ്ങളിൽനിന്നു തങ്ങളെ രക്ഷിച്ചില്ലെങ്കിൽ അവിടത്തെ പുകഴ്ത്താൻ തങ്ങൾക്കു കഴിയില്ലെന്ന് അവർ ദൈവത്തെ ഓർമ്മിപ്പിച്ചു.

> "മരിച്ചവർക്കുവേണ്ടി അങ്ങ് അത്ഭുതം ചെയ്യുമോ?
> അവർ എഴുന്നേററ് അങ്ങയെ സ്തുതിക്കുമോ?
> ശവകുടീരത്തിൽ അങ്ങയുടെ നാമം പ്രകീർത്തിക്കുമോ?
> പാതാളത്തിൽ അങ്ങയുടെ വിശ്വസ്തത വർണ്ണിക്കപ്പെടുമോ?" (88/10—12) (6/5—ഉം കാണുക)

ഹെസക്കിയാസ് രാജാവ് മരണാപകടത്തിൽ യാഹ്വെയെ വിളിച്ചപേക്ഷിക്കുമ്പോൾ ഇക്കാര്യം അനുസ്മരിപ്പിച്ചിട്ടു പറയുകയാണ്: "ഇന്നു ഞാൻ ചെയ്യുന്നതുപോലെ ജീവനുള്ളവൻ, അതേ ജീവനുള്ളവൻ മാത്രം അങ്ങയെ സ്തുതിക്കുന്നു." (ഏശയ്യാ: 38/19).

ദൈവസ്തുതിയ്ക്കായുള്ള ഈ ആകാംക്ഷ കൃതജ്ഞതാഗാനങ്ങളിലും മുന്നിട്ടു നില്ക്കുന്നു. അവിടത്തെ സ്തുതിക്കാനായി അപകട വിമുക്തിനേടിയ സങ്കീർത്തകൻ രക്ഷപ്പെട്ടയുടൻ തൻെറ വാഗ്ദാനം നിറവേററാൻ തുടങ്ങുകയാണ്. സമൂഹമദ്ധ്യത്തിൽവെച്ച് അയാൾ ദൈവത്തിൻെറ കാരുണ്യാതിരേകത്തേയും മഹത്വത്തേയും വാഴ്ത്തുന്നു. തന്നെ മാത്രം ബാധിക്കുന്ന ഒരനുഭവമായിട്ടല്ല അയാൾ ദൈവാനുഗ്രഹത്തിൻെറ കഥ വിവരിക്കുക. ദൈവജനത്തിൻെറ ഒരംഗമെന്ന നിലയിലാണ് അയാൾ അനുഗ്രഹിക്കപ്പെട്ടത്. സമൂഹത്തിനു ദൈവം നല്കുന്ന രക്ഷയുടെ ഭാഗമായേ അതിനെ ഇസ്രായേൽക്കാർ വീക്ഷിക്കൂ. താൻ സ്വജനത്തിൻെറ മദ്ധ്യേ രക്ഷകനും പരിപാലകനുമായി സന്നിഹിതനാണെന്ന യാഹ്വേ

www.malankaralibrary.com

തെളിയിക്കുകയാണ് ആ സംഭവത്തിലൂടെ. ഈ സാമൂഹ്യ മനോഭാവത്തെപ്പററി അവിടെ സന്നിഹിതരായവക്ക് ബോധമുണ്ട്. തന്മൂലം അവരും നന്ദിപ്രകടനത്തിൽ പങ്കുചേരുന്നു. പൊതുരക്ഷയുടെ ഭാഗമെന്നനിലയിൽ തനിക്കു ലഭിച്ച ദാനത്തെ പരസ്യമായി പ്രഖ്യാപിക്കാൻ അയാംക്കു കടമയുണ്ട്. കൃതജ്ഞതാ സ്തോത്രത്തിനിടയിൽ സങ്കീത്തകൻ ജനങ്ങളെ ഉപദേശിക്കാനും അവക്കു പ്രബോധനങ്ങൾ നല്കാനും ശ്രമിക്കുന്നതു് ഇക്കാരണം കൊണ്ടാണ്. (ഉദാ: 92/5–6; 22/30–31; 109/27; 22/22). ദൈവത്തിൻെറ അനന്തമായ സ്നേഹത്തെപ്പററി അവരെ ബോദ്ധ്യപ്പെടുത്തി അവരുടെ വിശ്വാസവും പ്രതീക്ഷയും ദൈവസ്നേഹവും ഉദ്ദീപിപ്പിക്കാൻ അയാം ശ്രമിക്കുന്നു. (31/24; 32/11; 34/11.)

## ദിവ്യബലി; സമ്പൂർണ്ണമായ കൃതജ്ഞതായാഗം.

ദൈവം മാനവകുലത്തിനു നല്കിയ ദാനങ്ങൾക്ക് ഏററവും നല്ല സാക്ഷ്യമേകിയതു് ക്രിസ്തുവായിരുന്നു (വെളി. 1/5; 3/14, I തിമോ: 6/13). പിതാവിൻെറ കാരുണ്യവും നന്മയും നീതിയും അവിടന്നു സ്വജീവിതത്തിലൂടെ വിളംബരം ചെയ്തു. ദൈവരാജ്യത്തിൻെറ രഹസ്യം സാധുക്കൾക്കു വെളിപ്പെടുത്തിയതിന് അവിടന്നു് പിതാവിനു നന്ദിപ്രകടിപ്പിച്ചു.

ക്രൈസ്തവർ ദൈവത്തിനു നന്ദിയേകുന്നതു മുഖ്യമായും ദിവ്യബലിയിലൂടെയാണ്. യഹൂദരുടെ കൃതജ്ഞതാബലികളുടെ പൂർത്തീകരണമാണതു്. 'യൂക്കരിസ്റ്റിയാ' എന്ന ഗ്രീക്കു പദത്തിൻെറ അർത്ഥം 'കൃതജ്ഞതായാഗം' എന്നാണ്. ഇസ്രായേലിൻെറ കൃതജ്ഞതാ തിരുനാളായ പെസഹായുടെ ചട്ടക്കൂട്ടിലാണ് ക്രിസ്തു ദിവ്യബലി അർപ്പിച്ചതു്. ദൈവത്തിൻെറ കാരുണ്യം വർണ്ണിക്കുകയാണല്ലോ കൃതജ്ഞതാചടങ്ങിലും പെസഹാ ഭോജനത്തിലും ആദ്യം ചെയ്യുക. ദിവ്യബലിയുടെ ആദ്യഭാഗം

www.malankaralibrary.com

ഇതിനായി നീക്കി വച്ചിരിക്കുന്നു. ദൈവത്തിനു നന്ദിയും സ്തുതിയും അർപ്പിക്കാൻ കൃതജ്ഞതാസങ്കീർത്തനങ്ങൾ ക്ഷണിക്കുന്നതുപോലെതന്നെ ദിവ്യപൂജയിൽ വൈദികൻ സമൂഹത്തെ ക്ഷണിക്കുന്നു. സങ്കീർത്തകൻ ദൈവം ചെയ്ത രക്ഷാകര വൃത്തി അനുസ്മരിക്കുന്നു; നാം മഹത്തായ വിമോചനത്തിന്റെ (ക്രിസ്തുവിന്റെ മരണത്തിന്റേയും ഉത്ഥാനത്തിന്റേയും) കഥ അനുസ്മരിക്കുന്നു. നമുക്കു വേണ്ടി ബലിമൃഗമായ ക്രിസ്തുവിന്റെ മാംസരക്തങ്ങൾകൊണ്ടുള്ള യാഗഭോജനത്തിൽ നാം പങ്കെടുക്കുന്നു. അവസാനമായി ദൈവത്തിനു സ്തുതിയേകി നാം ദിവ്യബലി സമാപിപ്പിക്കുന്നു.

വ്യക്തിഗതമായ നേട്ടങ്ങൾക്കു വേണ്ടി മാത്രമല്ല ക്രൈസ്തവൻ നന്ദി പറയേണ്ടതു്. ക്രിസ്തുവിന്റെ ഉത്ഥാനത്തിനും അതുവഴി മനുജകുലത്തിനൊന്നാകെ കരഗതമായ രക്ഷയ്ക്കും നാം കൃതജ്ഞതയേകണം. അതിന്റെ ഭാഗമായി മാത്രം നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ കണക്കാക്കുക.

ഈ യാഗം പൂർത്തിയാവുക സ്വർഗ്ഗരാജ്യത്തിൽ വച്ചു് ദൈവപിതാവിനു നാം അനന്തമായ കൃതജ്ഞതയും സ്തുതിയും അർപ്പിക്കുമ്പോഴാണു്. അന്നു നാം ആലപിക്കുന്ന സ്തോത്രം ഇതായിരിക്കും:

''മുമ്പു് ഉണ്ടായിരുന്നവനും, ഇപ്പോൾ ഉള്ളവനും,
ഇനി ഉണ്ടായിരിക്കുന്നവനും,
കർത്താവുമായ ദൈവമേ അങ്ങേ ഞങ്ങൾ വാഴ്ത്തി
സ്തുതിക്കുന്നു.
എന്തെന്നാൽ അങ്ങു പ്രതാപവും ശക്തിയും ധരിച്ചു വാഴുന്നു.'' (വെളി: 11/17.)

www.malankaralibrary.com

# IX

# തീർത്ഥകഗാനങ്ങൾ

മത വിശ്വാസികളുടെ ഒരു മുഖ്യ ഭക്തിപ്രകടനമാണ് തീർത്ഥാടനങ്ങൾ. ഭൗതികാത്മകത നിറഞ്ഞ ഈ ശാസ്ത്രയുഗത്തിലും പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ തടിച്ചുകൂടുന്ന നാനാജാതിമതസ്ഥരുടെ സംഖ്യ നിർണ്ണയാതീതമാണ്. നമ്മുടെ നാട്ടിലെ ചില ദേവാലയങ്ങളിൽ തിരുനാളാഘോഷത്തിനായി ലക്ഷക്കണക്കിനു ഭക്തജനങ്ങൾ എത്താറുണ്ടല്ലോ. ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം തീർത്ഥാടനം ഒരാവശ്യമായിരുന്നു. ജെറുസലേമിലല്ലാതെ മറെറാരിടത്തും ദൈവാരാധന നടത്താൻ അവർക്കു് അനുവാദമില്ലായിരുന്നു. അവിടെ ആണ്ടുവട്ടത്തിൽ മൂന്നു തവണ ആരാധന നടത്താൻ ഓരോ ഇസ്രായേൽക്കാരനും കടമയുണ്ടായിരുന്നു. ''നിൻെറ ദൈവമായ കർത്താവു തെരഞ്ഞെടുക്കുന്ന സ്ഥലത്തു് പുരുഷന്മാരെല്ലാവരും ആണ്ടിൽ മൂന്നു പ്രാവശ്യം, പുളിപ്പില്ലാത്ത അപ്പത്തിൻെറ തിരുനാളിലും, കൂടാരത്തിരുനാളിലും ആഴ്ചവട്ടത്തിൻെറ തിരുനാളിലും അവിടത്തെ സന്നിധിയിൽ ചെല്ലണം'' (ആവ: 16/16) എന്നു് മോശയുടെ നിയമം അനുശാസിച്ചിരുന്നു. ദൈവം ജെറുസലേമിനെയാണു തൻെറ വാസസ്ഥലമായി തെരഞ്ഞെടുത്തതു്. തന്മൂലം അവിടേക്കു് തീർത്ഥാടനം നടത്താൻ അവർ ബാദ്ധ്യസ്ഥരായിരുന്നു.

## ദൈവത്തിൻെറ കൂടാരം

ജെറുസലേമിൻെറ ഹൃദയസ്ഥാനം ദേവാലയമായിരുന്നു. സോളമൻ യാഹ്‌വെയ്ക്കു വസിക്കുവാനായി, സിയോൻ മലയുടെ മുകളിൽ, ജെറുസലേമിൻെറ ഹൃദയഭാഗത്തായി ദേവാലയം പണികഴിപ്പിച്ചു. നഗരത്തിൻെറ

www.malankaralibrary.com

ഇതരഭാഗങ്ങളിൽനിന്നും ദേവാലയ പരിസരങ്ങളെ വേർതിരിക്കാൻ കനത്ത മതിലുകളും പടിവാതിലുകളും നിർമ്മിയ്ക്കപ്പെട്ടു. ഇസ്രായേൽക്കാരനു മാത്രമേ അതിനുള്ളിൽ കയറാൻ അനുവാദമുള്ളു.

ദേവാലയം മൂന്നു ഭാഗങ്ങളായി വിഭജിയ്ക്കപ്പെട്ടിരുന്നു.[1]

1) ഉളാം: പൂമുഖം (15 അടി നീളം×
30 അടി വീതി.)

2) ഹെയ്ക്കാൽ: ഉൾഭാഗം (60'×
30'×45' [ഉയരം])

3) ദെബീർ: ശ്രീകോവിൽ (30'×30'×30')

പൂമുഖത്തു നിന്നു മാത്രമേ സാധാരണക്കാർക്കു പ്രാർത്ഥന നടത്താൻ അനുവാദമുള്ളു. അതിനെ ദേവാലയത്തിന്റെ ഭാഗമായി കണക്കാക്കിയിരുന്നില്ല എന്നു പറയാം. ഹെയ്ക്കാലിൽ പുരോഹിതർ ധൂപാർപ്പണവും പ്രാർത്ഥനകളും നടത്തുന്നു. അതിനകത്ത് ധൂപാർപ്പണത്തിനുള്ള ഒരു ബലിപീഠവും, വിശുദ്ധ അപ്പം (നിവേദ്യം) സൂക്ഷിക്കുന്ന മേശയും പത്തു മെഴുകുതിരിക്കാലുകളും ഉണ്ട്. 'വിശുദ്ധ സ്ഥല'മെന്നാണ്[2] അതിനെ വിളിച്ചിരുന്നത്. അവിടെ നിശബ്ദത തളംകെട്ടി നിന്നിരുന്നു.

അതിനുമപ്പുറം ദെബീർ അഥവാ വിശുദ്ധിയുടെ സ്ഥലം സ്ഥിതിചെയ്യുന്നു. അതിനെ ഹെയ്ക്കാലിൽ നിന്നും ഒരു മറകൊണ്ടു വേർതിരിച്ചിരുന്നു. അവിടെ അന്ധകാരത്തിൽ വാഗ്ദാന പേടകവും (4'×2'.6''×2.'6'') അതിനു മുകളിൽ രണ്ടു ക്രോബേം[3] മാലാഖകളുടെ പ്രതി

1. Ulam, Heikal
2. The Holy. Debir = Holy of Holies.
3. Cherubim.

www.malankaralibrary.com

രൂപവും ഉണ്ടു്. പേടകത്തിനു മുകളിൽ മാലാഖകളുടെ മദ്ധ്യേ യാഹ്വെ ആസനസ്ഥനാണെന്നു് ഇസ്രായേൽ വിശ്വസിച്ചു. വർഷത്തിലൊരിക്കൽ, പാപപരിഹാര ദിനത്തിൽ മാത്രം മഹാപുരോഹിതൻ മറ നീക്കി അകത്തു കടന്നു് അതിന്മേൽ ബലിമൃഗങ്ങളുടെ രക്തം തളിച്ചിരുന്നു.[1]

ദേവാലയത്തിന്നു വെളിയിൽ, കവാടത്തിനു സമീപം രണ്ടു തൂണുകളും, മുമ്പിലായി വലിയൊരു ബലിപീഠവും സ്ഥിതിചെയ്തിരുന്നു. ബലിപീഠം ഓടു കൊണ്ടാണു് നിർമ്മിക്കപ്പെട്ടതു്. അതിനു് ദെബീറിൻെറ വലിപ്പം ഉണ്ടായിരുന്നതിനാൽ (30'×30'×15') അനേകം യാഗങ്ങൾ ഒരേസമയത്തു നടത്താനാവും. ബലിപീഠം കഴുകി വെടിപ്പാക്കാനുള്ള വെള്ളം ശേഖരിച്ചിരുന്ന ഒരു ബ്രഹ്മാണ്ഡമായ പാത്രവും അടുത്തുണ്ടായിരുന്നു. തിരുനാൾ ദിവസങ്ങളിൽ അവിടെ നൂറു കണക്കിനു മൃഗങ്ങളെ ബലിയർപ്പിച്ചിരുന്നു. ഹെയ്ക്കാലിനോടും ദെബീറിനോടും ചേർത്തു മൂന്നു വശത്തും പുറത്തേയ്ക്കു് ചായിച്ചു പണിതിരുന്ന കൊച്ചു മുറികളിൽ പുരോഹിതർ താമസിച്ചിരുന്നു. വിലയേറിയ തടികൾ കൊണ്ടു് നിർമ്മിച്ചു്, ധാരാളം ചിത്രവേലകൾ ചെയ്തു സ്വർണ്ണവും വെള്ളിയും പതിച്ച സുന്ദരഹർമ്മ്യമായിരുന്നു ദേവാലയം. എട്ടു വർഷത്തോളം, ആയിരക്കണക്കിനു ജോലിക്കാർ അതിനായി പണിയെടുത്തു. കലാവേലകൾ മിക്കവയും ഫിനീഷ്യൻ ശില്പികളാണു നിർവ്വഹിച്ചതു്. ഇങ്ങനെ പ്രൗഢിയുടേയും പാവനതയുടേയും കേദാരമായ വിശുദ്ധ ഭവനത്തെ ലക്ഷ്യമാക്കിയാണു തീർത്ഥകർ നീങ്ങുക. ചുരുക്കത്തിൽ ഇസ്രായേലിൻെറ ഹൃദയമായിരുന്നു ദേവാലയമന്ദിരം. അവിടെ പ്രധാന തിരുനാളുകളുടെ അവസരത്തിൽ ഇസ്രായേൽ സമ്മേളിച്ചിരുന്നു.

---

1. പ്രദക്ഷിണത്തിനായി പേടകം വെളിയിൽ എടുക്കപ്പെട്ടിരുന്നു എന്നു് സങ്കീർത്തനങ്ങൾ സൂചിപ്പിക്കുന്നു. അതിനാൽ ഈ നിയമത്തിനു അപവാദങ്ങൾ ഉണ്ടെന്നു വേണമല്ലോ അനുമാനിക്കാൻ.

www.malankaralibrary.com

## തിരുനാളുകൾ

ഈജിപ്തിൽ നിന്നുള്ള വിമോചനത്തെ അനുസ്മരിക്കുന്ന കൃതജ്ഞതാതിരുനാളാണ് 'പുളിപ്പില്ലാത്ത അപ്പത്തിന്റെ' പെസഹാ. ഈജിപ്തിലെ ആദ്യജാതരേ സംഹരിച്ചപ്പോൾ ഇസ്രായേലിനെ ആ ശിക്ഷയിൽ നിന്നും ഒഴിവാക്കാൻ പെസഹാകുഞ്ഞാടിന്റെ രക്തം അടയാളമായി. ആ കുഞ്ഞാടിന്റെ മാംസത്തോടൊപ്പം വിമോചനത്തിന്റെ പ്രതീകമായ പുതിയ പുളിപ്പില്ലാത്ത അപ്പവും അവർ ഭക്ഷിച്ചു. ഈ പതിവ് എല്ലാ വർഷവും ബാർലി കൊയ്ത്തിന്റെ കാലത്തു് തുടർന്നു കൊണ്ടിരുന്നു. ആണ്ടുവട്ടത്തിലെ ഒന്നാം മാസത്തിലെ വെളുത്ത വാവു മുതൽ ഒരാഴ്ചത്തേയ്ക്കു് ഈ ആഘോഷം നീണ്ടു നിൽക്കുന്നു. ആഴ്ചകളുടെ തിരുനാൾ അഥവാ പന്തക്കുസ്താ ഇസ്രായേലിലെ വിളവെടുപ്പു തിരുനാളാണ് (ലേവ്യർ. 23/15—21). ഗോതമ്പുകൊയ്ത്തിന്റെ കാലത്താണ് ഇതു് ആഘോഷിക്കപ്പെടുക. കൊയ്ത്തു് ആരംഭിച്ചശേഷം ഏഴാഴ്ചക്കാലം ഇതു നീണ്ടു നിൽക്കുന്നതിനാൽ 'ആഴ്ചകളുടെ തിരുനാൾ' എന്ന പേരും ലഭിച്ചു.[1] സാധാരണയായി മൂന്നാം മാസത്തിലെ പതിനഞ്ചാം തീയതിയാണ് ഇതു് ആചരിക്കപ്പെടുക. പിൽക്കാലത്തു് സീനായ് ഉടമ്പടിയുടെ ഓർമ്മയായിട്ടാണ് ഇതു് പരിഗണിക്കപ്പെട്ടിരുന്നതു്.

മരുഭൂമിയിലെ പ്രയാണത്തേയും പ്രവാസത്തേയും അനുസ്മരിക്കാൻ കൂടാരത്തിരുനാൾ[2] ആഘോഷിക്കപ്പെടുന്നു. ഇസ്രായേലിലെ ഏററവും ആർഭാട പൂർണ്ണമായ തിരുനാളാണിതു്. 'യാഹ്‌വെയുടെ തിരുനാൾ' എന്ന

1. ഗ്രീക്കിൽ 'പെന്തക്കൊസ്തേ' എന്ന പേരിനർത്ഥം '50 ദിവസം' എന്നാണ്.

2. 'കുടിലുകളുടെ തിരുനാൾ' എന്നതാണു ശരി തർജ്ജമ. മുന്തിരി വിളവെടുപ്പുകാലത്തു മുന്തിരിത്തോപ്പുകളിൽ കൊച്ചു കുടിലുകൾ കെട്ടുന്ന പതിവിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. ഇതിനെ മരുഭൂമിയിലെ വാസവുമായി ബന്ധപ്പെടുത്തിയതു പില്ക്കാലത്താണ്.

www.malankaralibrary.com

അപരനാമത്തിൽ നിന്നും (ലേവ്യർ 23/39) ഇതിൻെറ പ്രാധാന്യം അനുമാനിക്കാമല്ലോ. ഏഴാം മാസം പതിനഞ്ചാം തീയതി മുതൽ ഏഴ ദിവസത്തേക്കു് ഇതു നീണ്ടു നിൽക്കും. വിളവെടുപ്പു കഴിയുന്ന സമയമായതിനാൽ നാട്ടുമ്പുറങ്ങളിൽ നിന്നു് ആയിരക്കണക്കിനു തീത്ഥകർ വിശുദ്ധ നഗരത്തിൽ എത്തിയിരുന്നു. അവിടെ കൊച്ചു കുടിലുകളിൽ അവർ പാർക്കുന്നു. ആ ദിവസങ്ങളിൽ ആരും വീട്ടിനുള്ളിൽ ഉറങ്ങാറില്ല. മരുഭൂമിയിലെ പ്രവാസകാലത്തെ ഇതു് ഓർമ്മിപ്പിക്കുന്നു.

ഈ മൂന്നു തിരുനാളുകളുടെ അവസരത്തിലാണു് മിക്ക തീത്ഥയാത്രകളും നടക്കുക. തീർത്ഥാടകർ യാത്രാമദ്ധ്യേ ഉപയോഗിച്ചിരുന്ന ഗാനങ്ങളുടെ പരമ്പരാഗതമായ ഒരു ശേഖരം തന്നെ ഉണ്ടായിരുന്നു.(120–134 സങ്കീർത്തനങ്ങൾ). ഇവയെക്കൂടാതെ, തീർത്ഥാടന വേളയിലെ ഭക്തിവികാരങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ഗാനങ്ങളാണു് നാം ഇവിടെ പ്രതിപാദിക്കുന്ന തീർത്ഥാടന ഗാനങ്ങൾ.

തീർത്ഥാടനത്തിനുള്ള സമയം സമാഗതമായെന്ന സദ്വാർത്ത നാട്ടിൻപുറങ്ങളിലൂടെ ദൂതന്മാർ വിളമ്പരം ചെയ്തിരുന്നു: ''എഴുന്നേൽക്കുവിൻ സിയോനിൽ നമ്മുടെ ദൈവമായ കർത്താവിൻെറ പക്കലേയ്ക്കു നമുക്കു പോകാം.'' (ജെറ:31/6). ആ വാർത്ത'' ശ്രവിക്കുന്നമാത്രയിൽ ഭക്തജനഹൃദയങ്ങളിൽ അവർണ്ണനീയമായ ആമോദം അലയടിച്ചുയരുന്നു.

> ''കർത്താവിൻെറ ഭവനത്തിലേയ്ക്കു് നമുക്കു പോകാം എന്നു്
> അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.'' (122/1)

ഇഷ്ടകാര്യസാദ്ധ്യത്തിനായി തീർത്ഥാടനം കഴിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയുടെ മുമ്പിൽ തൊട്ടടുത്തുള്ള ഗിരിശൃംഗങ്ങളിലെ കാനാനായ അമ്പലങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും ഉയർന്നു നിൽക്കുന്നു. അവി

www.malankaralibrary.com

ടേക്കോ അതോ വിദൂരസ്ഥമായ ജെറുസലേമിലേക്കോ സഹായം തേടി പോകേണ്ടതെന്ന് അയാൾ ഒരു നിമിഷം ശങ്കിച്ചു നിൽക്കുന്നു (121/1). എന്നാൽ ഉടൻ തന്നെ, യാഹ്വെയ്ക്കേ തന്നെ രക്ഷിക്കാനാവൂ എന്ന സത്യം അയാൾക്ക് ഓർമ്മ വരുന്നു (128/2–8). അയാൾ വിനാവിളംബം തീർത്ഥക സംഘത്തിൽ ചേർന്നു കഴിഞ്ഞു.

സംഘം ചേർന്ന്, കുഴലൂതി, ഗാനങ്ങൾ ആലപിച്ചുകൊണ്ട് അവർ മുമ്പോട്ടു നീങ്ങുന്നു. 120–134 സങ്കീർത്തനങ്ങൾ അതിനായി ഉപയോഗിക്കപ്പെടുന്നു. ജെറുസലേം നഗരം, സീയോൻ മല, ഇസ്രായേൽ സമൂഹം എന്നിവയുടെ അപദാനങ്ങളാണ് പ്രധാന പ്രതിപാദ്യം. ഉണങ്ങി വരണ്ട വയലുകളിലെ വിണ്ട മണ്ണിലൂടെ അടിവച്ചു നീങ്ങുമ്പോൾ അവർ മഴ ലഭിക്കാൻ പ്രാർത്ഥിക്കുന്നു. എന്തിനേറെ ആ പ്രാർത്ഥന തൽക്ഷണം സഫലമായി. തങ്ങളുടെ പാദാന്തികത്തിലൂടെ ജലധാര ഒഴുകുന്നതായി ആ ഭക്തർക്കു തോന്നിയിരുന്നു: ''അവർ കടന്നുപോകുമ്പോൾ

വരണ്ട താഴ്‌വര ജലാശയമായി മാറുന്നു
പുതുമഴയാൽ അതു് അനുഗ്രഹപൂർണ്ണമായിത്തീരുന്നു'' (84/6)

നാടിന്റെ നാനാഭാഗത്തു നിന്നും തീൎത്ഥകർ ജെറുസലേമിലേയ്ക്കു് ഒഴുകുന്നതു് നയനാനന്ദകരമായ കാഴ്ചയായിരുന്നു. തീർത്ഥകസംഘങ്ങൾ നഗരപ്രാന്തങ്ങളിൽ വച്ചു കൂടിക്കാണുമ്പോൾ അതിയായി ആഹ്ലാദിച്ചിരുന്നു. നഗരവാതിൽ കടന്നു് വിശ്വതലസ്ഥാനമാകേണ്ട, പ്രപഞ്ചത്തിന്റെ ഹൃദയസ്ഥാനമായ, കർത്താവിന്റെ നഗരത്തിലേയ്ക്കു കാൽ കുത്തുമ്പോഴത്തെ ആമോദം ഗാനധാരയിലൂടെ കരകവിയാറുണ്ടു്:

''ജെറുസലേമേ, ശക്തിയായി സംയോജിപ്പിച്ചു
പണി തീർത്തിരിയ്ക്കുന്ന നഗരമായ ജെറുസലേമേ

www.malankaralibrary.com

ഞങ്ങളുടെ കാലുകറം നിൻെറ പടിവാതിലിനകത്തു് ഊന്നിയിരിക്കുന്നു.
ഗോത്രങ്ങറം, അതേ കർത്താവിൻെറ ഗോത്രങ്ങറം അവിടേക്കു കയറുന്നു.'' (122/2–3)

## ദേവാലയത്തിലേക്കു്

അവർ നഗരത്തിൽ എത്തിയാലുടൻ നേരേ യാഹ്‌വെയുടെ സന്നിധിയിലേക്കാണു പോവുക. ദേവാലയത്തിനു മുമ്പിലുള്ള പടിപ്പുരയുടെ മുമ്പിൽ വച്ചു് പുരോഹിതരും ലേവ്യരും ചേർന്നു് അവരെ സ്വീകരിക്കുന്നു. ആചാരക്രമങ്ങളനുസരിച്ചു് ശുദ്ധരായവരേ മാത്രമേ ദേവാലയപരിസരത്തേക്കു കടക്കാൻ അനുവദിക്കു. പുരോഹിതൻ അവരെ അനുഗ്രഹിച്ച ശേഷം അകത്തു കടക്കാൻ അനുവദിക്കുന്നു. അപ്പോറം തീർത്ഥകർ പാടുന്നു:

''സൈന്യങ്ങളുടെ കർത്താവേ അങ്ങേ വാസസ്ഥലം എത്ര മനോഹരമായിരിക്കുന്നു!
കർത്താവിൻെറ അങ്കണങ്ങറം എൻെറ ആത്മാവു് അത്യാശാപൂർവ്വം പാർത്തിരിക്കുന്നു.
എൻെറ ഹൃദയവും ശരീരവും ജീവനുള്ള ദൈവത്തെ പുകഴ്ത്തുന്നു....'' (84/1–2).

എന്നാൽ ഉടൻതന്നെ, ദൈവത്തിൻെറ പരിശുദ്ധമായ ആലയത്തിലേക്കു പ്രവേശിക്കാൻ തങ്ങറം യോഗ്യരാണോ എന്നു് അവർ ന്യായമായും സംശയിച്ചു പോകുന്നു:

''കർത്താവിൻെറ മലയിൽ ആരു പ്രവേശിക്കും?
അവിടത്തെ വിശുദ്ധ സ്ഥലത്തു് ആരു നില്ക്കും?''
(24/2–15/1)

ഇതിനു മറുപടിയായി ഏതെല്ലാം തരക്കാരാണു് അർഹരെന്നു് പുരോഹിതൻ വിവരിക്കുന്നു.

''വെടിപ്പുള്ളകരങ്ങളും നിർമ്മല ഹൃദയവുമുള്ളവർ;
വ്യർത്ഥതയിലേക്കു മനസ്സു തിരിച്ചു വിടാതെയും,

www.malankaralibrary.com

തന്റെ അയല്ക്കാരനോടു കള്ളസത്യം ചെയ്യാതെയു
മിരിക്കുന്നവൻ; (24/3)
കറ കൂടാതെ വ്യാപരിക്കുന്നവനും നീതി പ്രവ
ർത്തിക്കുന്നവനും.
ഹൃദയത്തിൽ സത്യം വിചാരിക്കുന്നവനും.
നാവു കൊണ്ടു വഞ്ചന പറയാത്തവനും.
കൂട്ടുകാരനോടു തിന്മ ചെയ്യാത്തവനും.
അയൽക്കാരന് അപമാനം വരുത്താത്തവനും.
ദുഷ്ടനെ പരിഹാസ്യനായി പരിഗണിക്കുന്നവനും,
കർത്താവിനെ ഭയപ്പെടുന്നവരെ ബഹുമാനിക്കുന്ന
വനും,
സത്യപ്രതിജ്ഞ ലംഘിക്കാത്തവനും,
പണം അന്യായ പലിശയ്ക്കു കൊടുക്കാത്തവനും....
(15/2–5.)
അവനു കർത്താവിന്റെ പക്കൽ നിന്നു് അനുഗ്രഹം
ലഭിക്കും.....''(24/5)

ഇതു കേൾക്കുമ്പോൾ തീർത്ഥകർക്കു് ആശ്വാസമായി. തങ്ങൾ അത്തരക്കാരാണെന്നു് അവർ പ്രതിവചിക്കുന്നു:

''അവിടത്തെ അന്വേഷിക്കുന്നവരുടെ തലമുറ ഇ
ത്തരത്തിലുള്ളതാണു്.
യാക്കോബിന്റെ ദൈവമേ, അങ്ങയുടെ തിരുമു
ഖം അന്വേഷിക്കുന്നവർ ഇതു തന്നെ.''
(24/6)

ദൈവത്തെ അഭിമുഖമായി ദർശിക്കാനുള്ള ഏക യോഗ്യത ഹൃദയത്തിന്റെ പരിശുദ്ധിയാണു്. ഹൃദയത്തിൽ ദുഷ്ടതയും കാപട്യവും കൊടികുത്തി വാഴുമ്പോൾ, ഭക്തിയുടെ പൊയ്മുഖങ്ങൾ കൊണ്ടു് ദൈവത്തെ കബളിപ്പിക്കാനാവില്ല. ഭക്തിയുടെ പേരിൽ കാട്ടിക്കൂട്ടുന്ന കർമ്മാനുഷ്ഠാനങ്ങളെക്കാൾ പ്രമാണാനുസൃതമായ ജീവിതമാണു് ദൈവം വിലമതിക്കുക. അനുദിന ജീവിതമാണു് ഭക്തിയുടെ ഏററവും നല്ല ഉരകല്ലു്. തീർത്ഥാടനത്തിന്റെ ബാഹ്യാഡംബരങ്ങളിൽ മതിമറന്നു്, അതിന്റെ യഥാർത്ഥ ആദ്ധ്യാത്മിക ലക്ഷ്യം

www.malankaralibrary.com

വിസ്മരിക്കാതിരിക്കാൻ ഈ ചോദ്യോത്തരം സഹായിച്ചിരിക്കണം. ആന്തരിക വിശുദ്ധിയില്ലാതെ തനിക്കു് അർപ്പിക്കപ്പെടുന്ന നേർച്ചകാഴ്ചകളെ താൻ വെറുക്കുന്നെന്നു് യാഹ്വെ പ്രവാചകരിലൂടെ അരുളിയിരുന്നു:

''നിങ്ങളുടെ ഉത്സവങ്ങൾ ഞാൻ വെറുക്കുകയും
നിരാകരിക്കുകയും ചെയ്യുന്നു
നിങ്ങളുടെ സഭായോഗങ്ങളിൽ ഞാൻ പ്രസാദി
ക്കുകയില്ല.'' (ആമോ. 5/21)

എൻെറ അങ്കണത്തെ ചവിട്ടിമെതിച്ചു്, എൻെറ സന്നിധിയിൽ വരാൻ ആരു നിങ്ങളോടു് ആവശ്യപ്പെട്ടു? മേലിൽ നിങ്ങൾ വ്യർത്ഥമായ കാഴ്ചകൾകൊണ്ടു വരരുതു്. ധൂപം എനിക്കു വെറുപ്പാണു്. അമാവാസിയും സാബത്തും മററുത്സവങ്ങളും എനിക്കു സഹിക്ക വയ്യാ. നിങ്ങളുടെ സമ്മേളനങ്ങൾ അധാർമ്മികമാണു്. നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ ദുസ്സഹമായിത്തീർന്നിരിക്കുന്നു. ഞാൻ അവ കൊണ്ടു മുഷിഞ്ഞിരിക്കയാണു്. നിങ്ങൾ കൈയുയർത്തുമ്പോൾ എൻെറ കണ്ണുകൾ ഞാൻ നിങ്ങളിൽ നിന്നു തിരിച്ചുകളയും. നിങ്ങൾ എത്രമാത്രം പ്രാർത്ഥിച്ചാലും ഞാൻ ശ്രവിക്കയില്ല. എന്തെന്നാൽ നിങ്ങളുടെ കൈകൾ രക്തപങ്കിലമാണു്.'' (ഏശ:1/12–15.)

ദേവാലയത്തിലേക്കു കടക്കുന്നതിനു മുമ്പായി, പ്രവാചകരോ പുരോഹിതരോ, ദൈവത്തെ സ്തുതിക്കാനും ആരാധിക്കാനുംഅവരെ അവസാനമായി ഉദ്ബോധിപ്പിക്കുന്നു: ''വരുവിൻ നമുക്കു കർത്താവിനെ വാഴ്ത്താം; നമുക്കു നന്ദി പാടാം; അവിടത്തെ മുമ്പിൽ ആരാധിക്കാം....'' എന്നിങ്ങനെ ജനം പാടിക്കൊണ്ടു നീങ്ങുന്ന അവസരത്തിലാണു് പെട്ടന്നുള്ള ഈ ഉപദേശം. മിക്കപ്പോഴും യാഹ്വെ തന്നെ അവരെ അഭിസംബോധന ചെയ്യുന്ന രൂപത്തിലാണിതു്. പൂർവ്വികർ ചെയ്തതുപോലെ അവരും സ്വഹൃദയങ്ങളെ കഠിനമാക്കരുതെന്നും, അവരെ (പൂർവ്വികരെ) തൻെറ വാസസ്ഥലത്തു പ്രവേശി

www.malankaralibrary.com

ക്കാൻ അനുവദിച്ചില്ലെന്നും ജനത്തെ ഓർമ്മിപ്പിക്കുന്നു (95/7–10). അവസരോചിതമായ ഇത്തരം പ്രബോധനങ്ങൾ തീർത്ഥകരുടെ ഭക്തിതീക്ഷ്ണതയെ ഉജ്ജ്വലിപ്പിക്കയും, പൂർവ്വീകരുടെ തെററുകൾ ആവർത്തിക്കാതെ ഹൃദയ വിശുദ്ധിയോടെ യാഹ്വെയെ തേടാൻ പ്രചോദിപ്പിക്കയും ചെയ്യുന്നു.

അവസാനമിതാ, ദീർഘനാൾ കാത്തിരുന്ന ആ സമ്മോഹന നിമിഷം ആഗതമായിരിക്കുന്നു. അങ്കണം വിട്ട് ദേവാലയത്തിനകത്തേക്ക് പ്രവേശിക്കുമ്പോൾ അവർ അകം നിറഞ്ഞ ആമോദത്തോടെ പാടുന്നു:

''ഭൂമി മുഴവനുമേ കർത്താവിനെ സ്തുതിക്കുവിൻ....
സന്തോഷസമേതം അവിടത്തെ സന്നിധിയിൽ
പ്രവേശിക്കുവിൻ....
അവിടന്നാണു ദൈവമെന്നു ഗ്രഹിക്കുവിൻ.
സ്തോത്രങ്ങളോടുകൂടെ അവിടത്തേ പടിവാതിലുകൾ കടക്കുവിൻ.
സ്തുതികളോടെ അവിടത്തേ ആലയത്തിൽ പ്രവേശിക്കുവിൻ....'' (100/1–4)

ദൈവസന്നിധിയിൽ പ്രവേശിക്കുന്ന ഇസ്രായേൽക്കാരൻെറ ഹൃദയ വികാരങ്ങൾ അവർണ്ണനീയമാണ്. അത്ഭുതവും ഭയവും നന്ദിയും ബഹുമാനവുമെല്ലാം അയാളുടെ മനസ്സിൽ തിരയടിച്ചുയരുന്നു. ദൈവ ഭവനത്തിൻെറ മഹത്വവും മനോഹാര്യതയും അയാളെ സ്തബ്ധനാക്കുന്നു.

''സൈന്യങ്ങളുടെ കർത്താവേ അങ്ങയുടെ വാസസ്ഥലം എത്ര മനോഹരമായിരിക്കുന്നു!
കർത്താവിൻെറ അങ്കണങ്ങൾ എൻെറ ആത്മാവ്
അത്യാശാപൂർവ്വം പാർത്തിരിക്കുന്നു.
അങ്ങയുടെ അങ്കണത്തിലെ ഒരു ദിവസം
ആയിരം നാളുകളെക്കാൾ ഉത്തമമാണ്.
ദുഷ്ടന്മാരുടെ കൂടാരത്തിൽ പാർക്കുന്നതിനേക്കാൾ നല്ലത്

www.malankaralibrary.com

എൻെറ ദൈവത്തിൻെറ ആലയകവാടത്തിൽ നില്ക്കുന്നതാണ്....'' (84/1–2; 10–11.)

തിരുനാൾ ദിവസങ്ങളിൽ ധാരാളം ക്രയവിക്രയങ്ങളും നടന്നിരുന്നു. നാട്ടുമ്പുറത്തുകാർക്ക് പട്ടണത്തിൽനിന്നു കച്ചവടം നടത്താനുള്ള അസുലഭ സന്ദർഭങ്ങളിലൊന്ന് ഇതാണ്. ഇന്നും നമ്മുടെ ദേവാലയ പരിസരങ്ങൾ തിരുനാളവസരത്തിൽ ചന്തകളായി അധഃപതിക്കുന്നുണ്ടല്ലോ. ഏതാണ്ട് അതുപോലെയായി കാലക്രമേണ ജറുസലേം ദേവാലയ പരിസരവും. ദേവാലയ മതില്ക്കെട്ടിനുള്ളിൽ സാധാരണയായി ബലിമൃഗങ്ങൾ മാത്രമേ വിൽക്കപ്പെട്ടിരുന്നുള്ളു എന്ന മെച്ചമെങ്കിലും അവിടെ ഉണ്ടായിരുന്നു. കേസുകൾ നടത്താനുള്ളവരും ഈ സമയം ഉപയോഗപ്പെടുത്തിയിരുന്നു. വാദിപ്രതികളും സാക്ഷികളുമൊക്കെ എത്തുന്ന സമയമായതിനാൽ എളുപ്പത്തിൽ അതെല്ലാം നിർവ്വഹിക്കാമല്ലോ.

ഭക്തജനങ്ങൾ നേർന്നിരുന്ന വഴിപാടുകളും ബലികളും നിറവേററാനും പററിയ അവസരമാണ് തിരുനാൾ ദിനങ്ങൾ. കൃതജ്ഞതാചടങ്ങുകൾ, പരിഹാരബലികൾ, സ്തോത്രയാഗങ്ങൾ എന്നിവ അനുസ്യൂതം നടത്തപ്പെട്ടിരുന്നു (65/2). കൂടാതെ ഈ ദിവസങ്ങളിൽ അവർ പല പ്രദക്ഷിണങ്ങളും നടത്തിയിരുന്നു. യാഹ്‌വെയെ രാജാവായി ബഹുമാനിക്കുവാൻ പേടകവുമായി ഘോഷയാത്രകൾ സംഘടിപ്പിച്ചിരിക്കാൻ സാദ്ധ്യത ഏറെയുണ്ട്. 'പ്രദക്ഷിണ സങ്കീർത്തനങ്ങൾ' അത്തരം അവസരങ്ങളിൽ പൊട്ടിമുളച്ചവയാവണം.

വിശുദ്ധ നഗരത്തെ ചുററിനടന്നു കാണാനും ഭക്തന്മാർ ഈ അവസരം ഉപയോഗിക്കുന്നു. വെറുമൊരു വിനോദ സഞ്ചാരിയുടേയോ കാഴ്ചക്കാരൻേറയോ കണ്ണുകളിലൂടെയല്ല അവർ വിശുദ്ധ നഗരത്തെ വീക്ഷിക്കുക. ദൈവപരിപാലനയുടെ മകുടോദാഹരണമാണ് അവർ മുമ്പിൽ ദർശിക്കുന്നത്.

www.malankaralibrary.com

''നിങ്ങൾ സിയോന്റെ ചുററും നടന്നു്, അ
തിന്റെ ഗോപുരങ്ങൾ എണ്ണി
തിട്ടപ്പെടുത്തുവിൻ.
ഭാവി തലമുറയെ അറിയിക്കുവാൻ, അതിന്റെ
കൊത്തളങ്ങൾ ശ്രദ്ധിക്കുവിൻ
അതിലെ കോട്ടകൾ പരിശോധിക്കുവിൻ.''
(48/13–15.)

ശത്രുക്കളുടെ ആക്രമണത്തെ ചിതറിച്ചു ദൈവം പരിപാലിക്കുന്ന നഗരിയെ ദർശിക്കുന്നതു് ആ രക്ഷയുടെ കഥ വരുംതലമുറകളെ പഠിപ്പിക്കാനാണു്. യുദ്ധകാലത്തു് നടന്നതായി തങ്ങൾ കേട്ട അത്ഭുത സംഭവങ്ങൾ ശരിയാണെന്നു് അവർക്കു ബോദ്ധ്യപ്പെടുന്നു (48/8).

## മതാദ്ധ്യയനം

ദേവാലയത്തിൽ വച്ചു് പുരോഹിതരും മതപണ്ഡിതരും തീർത്ഥകർക്കു് മതാഭ്യസനം നൽകിയിരുന്നു. നിയമം പഠിപ്പിക്കുക പുരോഹിതന്റേയും, ശിക്ഷണം തേടുക ജനങ്ങളുടേയും കർത്തവ്യമാണു്. ''പുരോഹിതന്റെ അധരങ്ങൾ വിജ്ഞാന നിഷ്യന്ദികളായിരിക്കണം; ജനങ്ങൾ അയാളിൽ നിന്നു് ഉപദേശം തേടുകയും വേണം. കാരണം അയാൾ ദൈവത്തിന്റെ സന്ദേശ വാഹകനാണല്ലോ (മലാ:2/7). സമ്മേളന കൂടാരത്തിൽ പ്രവേശിക്കുമ്പോൾ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കാൻ പുരോഹിതർക്കു് അനുവാദമില്ല. കാരണം അവർ ജനത്തെ ദൈവനിയമം പഠിപ്പിക്കേണ്ടിയിരുന്നു. (ലേവ്യർ 10/11).

സാരോപദേശസങ്കീർത്തനങ്ങൾക്കു പലതിനും[1] ആരാധനാപശ്ചാത്തലം ലഭിക്കുന്നതിനു കാരണം ഇതു തന്നെ. ഇസ്രായേലിന്റെ പൂർവ്വകാല ചരിത്രവും നിയ

1. 50, 78, 81, 115,134... ഇവയെ പ്രബോധന പരമായ ആവശ്യത്തിനു പുരോഹിതരും മതാദ്ധ്യാപകരും രചിച്ചതാവണം.

www.malankaralibrary.com

മവുമാണ് പ്രബോധന വിഷയം. പൂർവ്വപിതാക്കന്മാരുടെ കാലം മുതൽ ദൈവം പ്രവർത്തിച്ച അത്ഭുതങ്ങൾ വർണ്ണനാഭംഗിയോടെ ചില സങ്കീർത്തനങ്ങൾ വിവരിക്കുന്നു (ഉദാ: 105).

വാഗ്ദാനവും ഉടമ്പടിയുമാണ് പ്രബോധന സങ്കീർത്തനങ്ങളുടെ മുഖ്യ പ്രമേയം. പുറപ്പാട്, മരുഭൂമിയിലെ പ്രവാസം, സീനായ് ഉടമ്പടി എന്നിവയെ 78, 105, 106 മുതലായ സങ്കീർത്തനങ്ങൾ സുന്ദരമായി ചിത്രീകരിക്കുന്നു. ദൈവം അന്ന് ഇസ്രായേലിനോട്ട് അരുൾ ചെയ്ത വാക്കുകൾ സങ്കീർത്തകൻ ആവർത്തിക്കുന്നു.

''എൻെറ ജനമേ എൻെറ ഉപദേശം ശ്രവിക്കുവിൻ
എൻെറ വാമൊഴികൾക്ക് നിങ്ങൾ ചെവി ചായ്ക്കുവിൻ
അന്യാപദേശങ്ങൾ പറയാൻ ഞാൻ വായ് തുറക്കും
പുരാതന കാലത്തെ രഹസ്യങ്ങൾ ഞാൻ വിവരിക്കും.''
(78/1—3)

മററു ചില സങ്കീർത്തനങ്ങളിൽ ദൈവം തന്നെ നേരിട്ടു പ്രസ്തുത അത്ഭുതങ്ങൾ വിവരിക്കുന്ന രൂപമാണു പ്രത്യക്ഷപ്പെടുക (50/7;81/5—7).

ചരിത്രസംഭവങ്ങളുടെ വെറും വിവരണമായിരുന്നില്ല ഈ ഗാനങ്ങൾ. അവയിൽ വർണ്ണിക്കപ്പെടുന്ന സംഭവങ്ങളെ ദൈവ മഹത്വത്തിൻേറയും (78/4) അവിടത്തെ അനന്ത കാരുണ്യത്തിൻേറയും (136) വിശ്വസ്തതയുടേയും(105/8) സ്നേഹത്തിൻേറയും സാക്ഷ്യങ്ങളായി ചൂണ്ടിക്കാണിക്കയാണവ. കഴിഞ്ഞ കാലത്തിലേയ്ക്കുള്ള ഈ തിരിഞ്ഞു നോട്ടം തീർത്ഥകരിൽ കൃതജ്ഞത, സ്തുതി, അനുതാപം, പ്രായശ്ചിത്തം എന്നീ വികാരങ്ങൾ ഉദ്ദീപിപ്പിക്കാൻ പര്യാപ്തമായിരുന്നു (105;106). ഈ വി

www.malankaralibrary.com

ജ്ഞാനത്തെ അവർ വരും തലമുറകൾക്ക പകർന്നു കൊടുക്കണമെന്നു് നിർദ്ദേശിക്കുന്നു.
(ഭാവി തലമുറ):

''അവർ തങ്ങളുടെ ശരണം ദൈവത്തിൽ വയ്ക്കണമെന്നും
ദൈവത്തിന്റെ' പ്രവൃത്തികൾ വിസ്മരിക്കരുതെന്നും
അവിടത്തെ ആജ്ഞകൾ അനുസരിക്കണമെന്നും
അവരുടെ പിതാക്കന്മാരെപ്പോലെ ശാഠ്യവും
മത്സരവുമുള്ള തലമുറയാകരുതെന്നും
മര്യാദയില്ലാത്തതും, ദൈവത്തോ ടുവിശ്വാസമില്ലാത്തതുമായ
തലമുറയായി ഭവിക്കരുതെന്നും
അവരുടെ മക്കൾക്ക് അവർ വെളിപ്പെടുത്തിക്കൊടുക്കണം''.
(78/6–8)

പൂർവ്വീകരുടെ തെററുകൾ ആവർത്തിക്കാതെ ഭാവി തലമുറയെ ദൈവഭയത്തിൽ വളർത്താനുള്ള പ്രായോഗിക ഉപദേശമാണ് ഈ പ്രബോധനങ്ങളുടെ അന്തിമലക്ഷ്യം.

## നിയമം

ഇന്നലെയുടെ ചരിത്രത്തിന്റെ ചുരുൾ വിടർക്കുന്നതോടൊപ്പംതന്നെ ഇന്നിന്റെ ജീവിതമാനദണ്ഡമായ 'നിയമം' വിശദീകരിച്ച് അവരുടെ കർത്തവ്യത്തെപ്പററി ഉൽബോധിപ്പിക്കേണ്ടിയിരുന്നു. പൂർവ്വീകർക്ക ദൈവം നൽകിയ അതേ നിയമമാണ് ഇന്നത്തെ ഇസ്രായേൽക്കാരനും രക്ഷയ്ക്കുള്ള ഏക മാർഗ്ഗം. അവർക്ക ലഭിച്ച അത്ഭുതകരമായ അനുഗ്രഹങ്ങൾ അയാൾക്കും നേടാം നിയമം അനുഷ്ഠിക്കുന്ന പക്ഷം. ഈ ഓർമ്മ മതബോധമുള്ള യഹൂദന്മാർക്കെല്ലാം വലിയൊരു ആശ്വാസമായിരുന്നു. നിയമത്തെപ്പററി നമുക്ക് ഇന്നുള്ള വീക്ഷണത്തിനു കടകവിരുദ്ധമായിരുന്നു അവരുടേതു്.

www.malankaralibrary.com

''കർത്താവിൻെറ നിയമങ്ങളിൽ ആനന്ദംകൊണ്ടു്
രാവും പകലും അവിടുത്തെ നിയമം ധ്യാനിക്കു
ന്നവൻ ഭാഗ്യവാൻ (1/2)
കർത്താവിൻെറ നിയമം പൂർണ്ണമാണു്; അതു ജീവ
നെ ശക്തിപ്പെടുത്തുന്നു.
കർത്താവിൻെറ ആജ്ഞകൾ അഭേദ്യങ്ങളാകുന്നു;
അതു അജ്ഞരെ വിജ്ഞരാക്കുന്നു.
കർത്താവിൻെറ ആജ്ഞകൾ ശരിയായവയാണു്;
അവ ഹൃദയത്തിനു് ആഹ്ലാദം നൽകുന്നു.
കർത്താവിൻെറ കല്പന നിർമ്മലമാണു്, അതു
കണ്ണുകൾക്കു പ്രകാശമേകുന്നു.'' (19/7–8.)

176 വാക്യങ്ങളിലായി പരന്നു കിടക്കുന്ന 119–ാം സങ്കീർത്തനം നിയമത്തോടു് ഇസ്രായേല്യർക്കുണ്ടായിരുന്ന അവഗാഢമായ സ്നേഹവും ബഹുമാനവും വിവരിക്കുന്നു. ദൈവീക നിയമങ്ങളെ ഭാരമായി കണക്കാക്കുന്ന നാം ആ ഗാനം മനസ്സിരുത്തി വായിക്കേണ്ടതാണു്. ഇസ്രായേലിൻെറ ജീവിതത്തിൻെറ ഏക നിദാനവും അളവുകോലും 'നിയമ'മായിരുന്നു. കാരണം അതു ദൈവത്തിൻെറ ഹിതമാണു്.[1]

മതപരമായ വിഷയങ്ങളെപ്പററി ജനങ്ങൾക്കുള്ള സംശയങ്ങളും ഈ സമയത്താണു് തീർത്തുകൊണ്ടിരുന്നതു്. പണ്ഡിതന്മാർ തമ്മിൽ വിവാദപരമായ വിഷയങ്ങളെപ്പററി വാദപ്രതിവാദങ്ങൾ നടത്തിയിരുന്നു. ബാലനായ യേശു വേദപണ്ഡിതന്മാരുമായി തർക്കിച്ചതു് ഇത്തരമൊരു തിരുനാളിൻെറ അവസരത്തിലാണല്ലോ.

1. നിയമത്തിലുള്ള അഗാധ വിശ്വാസം കാലക്രമേണ അന്ധവിശ്വാസമായി മാറിയെന്നു നാമോർക്കണം. ഏതാനും ബാഹ്യാനുഷ്ഠാനങ്ങൾവഴി നിയമത്തെ അക്ഷരശ്ശ നിറവേററിയാൽ രക്ഷപെടാമെന്നു് അവർ തെററിദ്ധരിച്ചു. കൂടാതെ ഒരു 'ഫരിശേയ' മനോഭാവം (ഞാൻ നിയമം അനുസരിക്കുന്നു; മററുള്ളവരെപ്പോലെയല്ല....) ഈ കീർത്തനങ്ങളിൽത്തന്നെ അന്തർലീനമായി കാണാം. അതു വല്ലാത്തൊരു കുറവുതന്നെ.

www.malankaralibrary.com

## വിടവാങ്ങൽ

ദൈവ ഭവനത്തിൽ നിന്നു പിരിയാൻ അതിരററ മടിയും അവിടെ സ്ഥിരം വസിക്കുന്ന ശുശ്രൂഷികളുടെ ഭാഗ്യത്തിൽ അസൂയയും ഉണ്ടെങ്കിലും, അകം നിറഞ്ഞ ആഹ്ലാദത്തോടെയാണ് തീർത്ഥകർ മടക്കയാത്ര ആരംഭിക്കുക. ആ സന്ദർശനത്തിൻെറ അവിസ്മരണീയമായ സ്വർഗ്ഗീയാനുഭൂതികൾ അവരുടെ ഹൃദയങ്ങളിൽ അധിക നാൾ മിഴിവോടെ തങ്ങി നിൽക്കും. ദൈവ ഭവനത്തിൽ അവിടത്തെ അഭിമുഖമായി ദർശിച്ച അമൂല്യ നിമിഷങ്ങൾ എങ്ങനെ മറക്കാനാവും! ഒററ ആഗ്രഹം മാത്രമേ അപ്പോൾ അവർക്കുള്ളു:ദൈവാലയത്തിൽ വസിക്കുക.

''കർത്താവേ അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാരാണ്
അവർ നിരന്തരം അങ്ങയെ പുകഴ്ത്തുന്നു.....
ദുഷ്ടന്മാരുടെ കൂടാരത്തിൽ പാർക്കുന്നതിനേക്കാൾ നല്ലതു്
എൻെറ ദൈവത്തിൻെറ ആലയ കവാടത്തിൽ നില്ക്കുന്നതാണ്''
(84/4;11)

''കർത്താവിനോടു ഒരു കാര്യം ഞാൻ ചോദിക്കുന്നു,
അവിടത്തേ മാധുര്യം ആസ്വദിക്കാനും, അവിടത്തേ ഭവനം കാണാനും
എൻെറ ജീവിതകാലം മുഴുവൻ കർത്താവിൻെറ ഭവനത്തിൽ വസിക്കാൻ ഞാനാഗ്രഹിക്കുന്നു.''
(27/4)

ദൈവത്തിൻെറ നഗരിയിൽ കഴിച്ച ആ അനർഘ ദിനങ്ങളുടെ ഓർമ്മ പ്രവാസ കാലത്തു്, ബാബിലോണിലെ നദീതീരങ്ങളിൽ വച്ച് അവരെ ശോകാകുലരാക്കിയതിൽ അത്ഭുതത്തിനു വകയില്ല. അവിടെ സീയോൻെറ ഗാനങ്ങൾ പാടാൻ അവർക്കു കഴിഞ്ഞില്ല.

www.malankaralibrary.com

''ജെറുസലേമേ, നിന്നെ ഞാൻ മറക്കുന്നുവെ
ങ്കിൽ, ഞാൻ എൻെറ വലംകൈയെത്തന്നെ
മറക്കട്ടെ
നിന്നെ ഞാൻ അനുസ്മരിക്കുന്നില്ലെങ്കിൽ,
എൻെറ സകല സന്തോഷത്തേക്കാളും ഉപരിയാ
യി നിന്നെ കരുതുന്നില്ലെങ്കിൽ
എൻെറ നാവു കണ്ഠത്തിൽ ഒട്ടിച്ചേരട്ടെ........''
(137/5–6)

ദൈവഭവനത്തോടും വിശുദ്ധ നഗരിയോടും ഓരോ തീർത്ഥകനും ഉണ്ടായിരുന്ന അഗാധ സ്നേഹത്തെ ഈ വാക്കുകൾ വിളിച്ചോതുന്നു.

## ദൈവത്തിൻെറ നഗരം

വിശുദ്ധ നഗരിയായ ജെറുസലേമാണ് തീർത്ഥക ഗാനങ്ങളുടെ കേന്ദ്രബിന്ദു. ഇസ്രായേലിൻെറ പ്രതീക്ഷ കളുടെ കേദാരമാണത്. അവരുടെ ചരിത്രം അതിനെ വട്ടമിട്ടു വളന്നു. ജെബുസൈററു് തലസ്ഥാനമായിരുന്ന ആ നഗരത്തെ ദാവീദുരാജാവു പിടിച്ചടക്കി തൻെറ രാഷ്ട്രീയ തലസ്ഥാനമാക്കി (122–5). സിയോൻ കു ന്നിലാണ് അതു സ്ഥിതി ചെയ്തിരുന്നതു്. വാഗ്ദാന പേടകം അങ്ങോട്ടു മാററി സ്ഥാപിക്കപ്പെട്ടതോടെ അ തു് ഇസ്രായേലിൻെറ മത കേന്ദ്രവുമായിത്തീർന്നു (122/4). സോളമൻ അവിടെ ദേവാലയം പണികഴി പ്പിച്ചതോടെ അതിൻെറ പ്രാധാന്യം ശതഗുണീഭ വിച്ചു.

''അവിടത്തെ വിശുദ്ധ പർവ്വതമാണ് കുന്നുകളിൽ
ഏററവും മനോഹരവും
ഭൂമിയുടെ ആനന്ദവും ഉത്തരഗിരിയുമായ സി
യോൻ.
പ്രസ്തുത നഗരത്തിലെ പ്രാസാദങ്ങളിൽ ദൈവ
മുണ്ടു്

www.malankaralibrary.com

അവിടന്നു് ഒരു ദുർഗ്ഗം പോലെ പ്രശസ്തനാണു്
(48/4–5)
സൗന്ദര്യപൂർണ്ണമായ സിയോനിൽ നിന്നു ദൈവം
പ്രകാശം വീശുന്നു. (50/7)
അവിടത്തെ കൂടാരം സലോമിലും, (ജെറു
സലേം)
അവിടത്തെ വാസം സിയോനിലുമാകുന്നു.''
(76/3)

സ്വവാസസ്ഥലമായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടതാണു് ഈ മഹത്വത്തിനും പ്രാധാന്യത്തിനും കാരണം. അവിടെ ദൈവം വസിക്കുന്നതു കൊണ്ടാണു് അതിനു് ഈ അനുഗ്രഹങ്ങരം ലഭിക്കുക.

''കർത്താവു സിയോനെ തെരഞ്ഞെടുത്തു;
അതു തൻെറ വാസസ്ഥലമാക്കാൻ തിരുമന
സ്സായി.
അതു് എന്നന്നേക്കും തൻെറ വിശ്രമ സ്ഥലമാ
യിരിക്കും.''
(132/13–14—76/68–69; 68/16)

പുതിയ പറുദീസായാണു് ജെറുസലേം. അതിലുമുണ്ടു് ജീവ ജലത്തിൻെറ ഒരു നീരുറവ.

''ഒരു നദിയിൽ നിന്നുള്ള ചാലുകരം ദൈവ
നഗരത്തെ
അത്യുന്നതൻെറ ദിവ്യ നിവാസത്തെ സന്തുഷ്ടമാ
ക്കുന്നു'' (46/5)

അവിടെ വച്ചു് ദൈവവും ഇസ്രായേലും തമ്മിൽ കൂട്ടിമുട്ടുന്നു. സീനായിലെ അനുഭൂതികരം അവിടെയും അനുദിനം ആവർത്തിക്കപ്പെടുന്നു. ഇസ്രായേൽക്കാരുടെ സാഹോദര്യ ബന്ധത്തെ പ്രചോദിപ്പിച്ചു നിലനിറുത്തിയതും ജെറുസലേമായിരുന്നു. ദൈവസാന്നിദ്ധ്യം ജെറുസലേമിനും അവിടത്തെ നിവാസികരംക്കും ശാശ്വതസമാധാനവും ഐശ്വര്യവും പ്രദാനം ചെയ്യുകയും (132/15); ശത്രുക്കളിൽ നിന്നു് അതിനെ പരിരക്ഷിക്കുകയും ചെയ്യുന്നു (46/12).

www.malankaralibrary.com

പക്ഷേ ഈ സാന്നിദ്ധ്യത്തെ അടിസ്ഥാനമാക്കി ഭൗതിക പ്രതീക്ഷകളാണ് ഇസ്രായേൽ താലോലിച്ചു വളർത്തിയതു്. ഇതു തിരുത്താൻ പ്രവാചകർ ഭഗീരഥ യത്നം ചെയ്തിരുന്നു. ജനത്തിന്റെ ജീവിതരീതി ദൈവത്തിന് ഇഷ്ടകരമാണെങ്കിൽ മാത്രമേ അവിടന്ന് അവരുടെ മദ്ധ്യേ വസിക്കൂ എന്ന് അവർ വ്യക്തമാക്കി. ആ സാന്നിദ്ധ്യം ദേവാലയത്തിലെ പേടകത്തിലേക്കാരം, അവരുടെ ഹൃദയങ്ങളിലാണ് ഉള്ളതെന്ന് ജെറമിയാസ് പ്രവാചകൻ ഉൽബോധിപ്പിച്ചു: ''ഇതാ കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം, കർത്താവിന്റെ ആലയം എന്നിങ്ങനെയുള്ള വ്യാജ വചനങ്ങളിൽ ആശ്രയിക്കാതിരിക്കുവിൻ; നിങ്ങളുടെ വ്യാപാരങ്ങളും പ്രവൃത്തികളും നന്നായി ക്രമപ്പെടുത്തുകയും പരസ്പരം നീതി പ്രവർത്തിക്കയും....ചെയ്താൽ ഞാൻ നിങ്ങളുടെ മദ്ധ്യേ വസിക്കും''. (ജെറ: 7/4–7).

യാഹ്‌വെയുടെ ഈ സന്ദേശം അവർ ചെവിക്കൊണ്ടില്ല. എന്തൊക്കെയായാലും ദൈവം സ്വനഗരിയെ ഉപേക്ഷിക്കയില്ലെന്ന് അവർ വ്യാമോഹിച്ചു. പക്ഷേ ദൈവം പാപപങ്കിലമായ ആ സമൂഹത്തിൽ നിന്നു വിടവാങ്ങി. 587–ൽ ദേവാലയം നശിച്ചു; ജെറുസലേം തകർക്കപ്പെട്ടു. അതു വിശ്വതലസ്ഥാനമാകുമെന്ന പ്രതീക്ഷകരം കരിഞ്ഞു ചാമ്പലായി. ക്രമേണ അതൊരു ആദ്ധ്യാത്മിക കേന്ദ്രമാകുമെന്ന മെസയാനിക പ്രതീക്ഷ വിടർന്നുകൊണ്ടിരുന്നു. പില്ക്കാല പ്രവാചകർ ആ ഭാഗ്യ ദിനത്തെ സ്വപ്നം കണ്ടു. (ഏശ: 60,66, മിക്ക:4, സക്ക:8,14). അന്ന് ജെറുസലേം വിശ്വതലസ്ഥാനമാകും. ലോകത്തിന്റെ നാലു കോണുകളിൽ നിന്ന് ജനപദങ്ങരം അവിടേക്കു പ്രവഹിക്കും.

അന്നു സിയോനിലൂടെ ജീവജലത്തിന്റെ നദി കുതിച്ചുപായും (എസക്കി: 47, സഖ: 14, ജോയേൽ 4). തകർന്നടിഞ്ഞ മനുഷ്യനിർമ്മിതമായ മണിമന്ദിരത്തിനു പകരം സ്വദാസരെ ദൈവം തന്റെ ആലയമായി

www.malankaralibrary.com

രൂപാന്തരപ്പെടുത്തും. അവരുടെ ഹൃദയമാകുന്ന ശ്രീകോവിലുകളിൽ അവിടന്നു കുടികൊള്ളും.

## 'ദൈവം നമ്മോടു കൂടെ'

ആ സ്വപ്നങ്ങൾ പൂവണിഞ്ഞതു ക്രിസ്തുവിലാണ്. അവിടത്തെ മനുഷ്യാവതാരത്തോടെ ദൈവം നമ്മോടു കൂടെ വാസമുറപ്പിച്ചു (മത്താ: 1/23). എമ്മാനുവേൽ (ദൈവം നമ്മോടു കൂടെ) എന്ന നാമധേയമാണ് അവിടന്നു സ്വീകരിച്ചതു്. ദൈവത്തിന്റെ ആലയമാണു ക്രിസ്തു (യോഹ: 2/21). സ്വശരീരത്തെ അവിടന്നു ദേവാലയവുമായി താരതമ്യപ്പെടുത്തിയപ്പോൾ അതു ജെറുസലേം ദേവാലയത്തെപ്പററിയാണെന്നു യഹൂദർ തെററിദ്ധരിച്ചു (മർക്കോ: 14/58).

ആ ദേവാലയം തകർന്നപ്പോൾ മൂന്നു ദിവസം കൊണ്ടു് അവിടന്നു അതു പടുത്തുയർത്തി. അവിടത്തെ ശരീരമായ സഭയാണ് ആ പുതിയ ദൈവാലയം. ''ദൈവം നിർമ്മിച്ച, അടിസ്ഥാനങ്ങളുള്ള (എബ്രാ: 11/10) നവ്യവും വിശുദ്ധവുമായ[1] ഉന്നത ജെറുസലേമാണതു്. ആ ദേവാലയത്തിൽ വിവരിക്കപ്പെടുക ഒരു പുതിയ രക്ഷാചരിത്രമാണ്. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ നവ്യ നിയമമാണ്, അവിടെ പ്രഖ്യാപിക്കപ്പെടുക; അതിന്റെ കാതൽ സ്നേഹവും (റോമ: 8/2, ജെറ: 31/33).

ആ ദേവാലയത്തിൽ ക്രിസ്തു അധിവസിക്കുന്നു. അതിലെ ഓരോ അംഗത്തിലും അവിടന്നു സന്നിഹിതനാണ്. ആ സാന്നിദ്ധ്യത്തിന്റെ പ്രതീകമായി അവിടന്നു ദിവ്യകാരുണ്യത്തിൽ, നമ്മുടെ ദേവാലയങ്ങളിൽ വസിക്കുന്നു. ജെറുസലേം ദേവാലയത്തിലെ ദൈവസാന്നിദ്ധ്യം ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ എന്താണ്? ആ ദേവാലയത്തേക്കാൾ എത്രയോ പരിപാവന

1. എബ്ര: 12/22 വെളി: 3/12; 10.

www.malankaralibrary.com

മാണ്ട് നമ്മുടെ ദേവാലയങ്ങൾ! എങ്കിലും നമുക്ക് അവയോട്ട് വേണ്ടത്ര സ്നേഹ ബഹുമാനാദരങ്ങൾ ഇല്ലാത്തതെന്താണ്? നാട്ട നീളെ ദേവാലയങ്ങൾ ഉള്ളതുകൊണ്ടാവാം. ദേവാലയ സന്ദർശനത്തിന് ഇസ്രായേല്യക്ക് ഉണ്ടായിരുന്ന താൽപര്യത്തിൻെറ ഒരു കണികനമുക്ക് ഉണ്ടായിരുന്നെങ്കിൽ.... നമ്മുടെ ദേവാലയങ്ങളെ ഭംഗിയായി സൂക്ഷിക്കാനും അവയിൽ പ്രവേശിക്കുമ്പോൾ ബാഹ്യവും ആന്തരികവുമായ വിശുദ്ധി പാലിക്കാനും ഇസ്രായേലിൻെറ മാതൃക നമ്മെ പ്രേരിപ്പിക്കട്ടെ.

സഭയാകുന്ന ഭൗമിക ജെറുസലേം വരാനിരിക്കുന്ന സ്വർഗ്ഗീയ ജെറുസലേമിൻെറ ഛായ മാത്രമാണ്. അതിനെ ലക്ഷ്യമാക്കി തീർത്ഥാടനം നടത്തുന്ന ദൈവജനമാണു നാം (വെളി: 3/12). ആ യാത്രയിൽ ഉപയോഗിക്കാൻ പററിയവയാണ് ഇസ്രായേൽ നമുക്കു നൽകുന്ന തീർത്ഥക ഗാനങ്ങൾ. സ്വർഗ്ഗീയ ജെറുസലേമിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു അവയെ ആലപിക്കുമ്പോൾ അവയുടെ അർത്ഥഗാംഭീര്യവും ആദ്ധ്യാത്മിക സമ്പത്തും നമുക്ക് മനസ്സിലാക്കാനാവും. സ്വർഗ്ഗത്തിലെ ആ ദർശനം വരെ ദൈവത്തെ അഭിമുഖമായി കാണുക വിശ്വാസത്തിലും ദൈവവചനത്തിലും കൂദാശകളിലും കൂടിയാണ്. ഇസ്രായേൽ ദൈവത്തെ കണ്ടുമുട്ടിയതിനേക്കാൾ എത്രയോ അടുത്ത കൂടിക്കാഴ്ചയും സമ്പർക്കവുമാണു നമ്മുടേത്! വിശ്വാസത്തിൻെറ ആദ്യാനുഭൂതികൾ ജനിപ്പിച്ച ഈ സുന്ദര ഗാനങ്ങളെ വിശ്വാസത്തിൻെറ പൂർണ്ണതയിലെത്തിയ നാം അത്യഗാധമായ ആദ്ധ്യാത്മികാനുഭൂതികളോടെ അയവിറക്കേണ്ടതാണ്.

www.malankaralibrary.com

# X

# യാഹ്‌വെയുടെ രാജത്വ ഗീതങ്ങൾ

## (പ്രദക്ഷിണ ഗാനങ്ങളും സിംഹാസനാ വരോധന ഗീതങ്ങളും)

ഇസ്രായേലിന്റെ രാജാവായ യാഹ്‌വെയുടെ സിംഹാസനം വാഗ്ദാനപേടകമാണെന്ന് ഇസ്രായേൽ വിശ്വസിച്ചിരുന്നതായി നാം കണ്ടു. പേടകമിരുന്ന 'വിശുദ്ധിയുടെ സ്ഥലത്തു'' ആണ്ടിൽ ഒരിക്കൽ മാത്രം മഹാപുരോഹിതൻ പ്രവേശിച്ച് കർമ്മങ്ങൾ നടത്തുന്നു. അതു് ഒരിക്കലും പുറത്തിരുന്നില്ല എന്നാണ് പൊതുവേയുള്ള ധാരണ. പക്ഷേ സങ്കീർത്തനങ്ങൾ നൽകുന്ന വ്യക്തമായ സൂചനകളനുസരിച്ച്, ചില പൊതു ചടങ്ങുകൾക്കും പ്രദക്ഷിണങ്ങൾക്കും അതിനെ പുറത്ത് എടുത്തിരുന്നു എന്നു വേണം അനുമാനിക്കാൻ. യാഹ്‌വെയുടെ രാജത്വത്തെ പ്രഖ്യാപിക്കുന്ന പ്രദക്ഷിണങ്ങളിലും അവിടത്തെ സിംഹാസനാവരോധന ചടങ്ങുകളിലും ഉപയോഗിച്ചിരുന്ന ഏതാനും സങ്കീർത്തനങ്ങളാണ് ഇവിടത്തെ ചർച്ചാവിഷയം. ഇവയുടെ മുഖ്യ ലക്ഷ്യം യാഹ്‌വെയെ ഇസ്രായേലിന്റേയും പ്രപഞ്ചത്തിന്റേയും രാജാവായി പ്രഖ്യാപിക്കയും പുകഴ്ത്തുകയുമാണ്.

## യാഹ്‌വെയുടെ സിംഹാസനം

താൻ സിംഹാസനത്തിൽ സന്നിഹിതനാണെന്നു അവിടന്നു തന്നെ പ്രഖ്യാപിച്ചിരുന്നു. ''കൃപാസനത്തിനു മുമ്പിൽ വാഗ്ദാന പേടകത്തിന്മേൽ നിൽക്കുന്ന

www.malankaralibrary.com

കെറൂബുകളുടെ മദ്ധ്യേ നിന്നു് ഇസ്രായേലിനു വേണ്ടി നിന്നോടു കൽപ്പിക്കാനിരിക്കുന്ന സകലത്തും ഞാൻ പറയും.'' (പുറ: 25/22; സങ്കീ:80/1, സംഖ്യ 7/89.) സീനായു് ഉടമ്പടിയുടെ കൽപലകകഠം പേടകത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നു. ദൈവത്തിന്റെ പാദപീഠമാണു പേടകം (132/7). ഈ ദൈവീകസാന്നിദ്ധ്യത്തെപ്പററിയുള്ള ബോധ്യം കൊണ്ടാണു് 'അവിടത്തെ ചിറകിൻ കീഴിൽ' അഭയം തേടുവാൻ സങ്കീർത്തകർ ആഗ്രഹിക്കുക. (57/1; 61/4; 91/4). ഓരോ തവണയും പേടകം എടുക്കുമ്പോഠം ഈ സാന്നിദ്ധ്യ ബോധം കൊണ്ടു്, ഒരു വ്യക്തിയോടെന്നപോലെ, ''കർത്താവേ ഉയന്നാലും'' (സംഖ്യ 10/35; സങ്കീ: 68/1) എന്നും താഴെ വയ്ക്കുമ്പോഠം 'കർത്താവേ വിശ്രമിച്ചാലും' എന്നു് അവർ പറഞ്ഞിരുന്നു.

ഇസ്രായേൽ അതിനെ മരുഭൂമിയിലൂടെ സംവഹിച്ചു. അവർ വാഗ്ദാനദേശത്തു് എത്തിയപ്പോഠം അതു സിലോയിൽ സൂക്ഷിക്കപ്പെട്ടു. പിൽക്കാലത്തു ശത്രുക്കളുമായി യുദ്ധത്തിനിറങ്ങുമ്പോഠം അതിനെ മുന്നിൽ വഹിച്ചിരുന്നു. സൈന്യങ്ങളുടെ നാഥനായ യാഹ്വെ സ്വജനത്തെ പോരിനു നയിക്കുന്നതു് അങ്ങനെയാണു്. സിലോയിലെ യുദ്ധത്തിൽ വച്ചു് ഫിലിസ്ത്യർ അതു് പിടിച്ചെടുത്തെങ്കിലും (I രാജാ:4/3–10; 5/1–3) തുടർന്നുണ്ടായ ശിക്ഷകഠം മൂലം തിരിച്ചു കൊടുത്തു (സങ്കീ: 78/60–65). അവർ അതിനെ തല്ക്കാലത്തേയ്ക്കു് കിരിയാത്ത്–യരിമിൽ സൂക്ഷിച്ചു.

## 1) പ്രദക്ഷിണ ഗാനങ്ങഠം

അവിടെ നിന്നു് ദാവീദു് അതിനെ ആഘോഷപൂർവ്വം ജറുസലേമിലേയ്ക്കു കൊണ്ടുപോയി. തദവസരത്തിൽ ദാവീദു തന്നെ പ്രദക്ഷിണത്തിനു മുമ്പിൽ പാടുകയും നൃത്തമാടുകയും ചെയ്തു. സോളമൻ പേടകത്തെ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചപ്പോഠം അതിലും ആർ

www.malankaralibrary.com

ഭാടപൂർവ്വമായ പ്രദക്ഷിണം നടത്തപ്പെട്ടു. 587—ൽ ദേവാലയം നശിച്ചതോടെ പേടകവും അപ്രത്യക്ഷമായി. മേൽ വിവരിച്ച പ്രദക്ഷിണങ്ങളുടെ സമയത്തു പാടിയിരുന്ന പല സങ്കീർത്തനങ്ങളും ബൈബിളിലെ സങ്കീർത്തന സമാഹാരത്തിലുണ്ട്. 132—ാം സങ്കീർത്തനം, ദാവീദു പേടകം കൊണ്ടുപോയപ്പോൾ രചിച്ചതാണെന്നു അനുമാനിക്കാം.

''എഫ്രാത്തായിൽ വച്ച് ഞങ്ങൾ അതിനേപ്പറ്റികേട്ടു;
യാആറിൻെറ വയലുകളിൽ ഞങ്ങൾ അതു കണ്ടെത്തി.
അവിടത്തേ വാസസ്ഥലത്തു നമുക്കു പ്രവേശിച്ച്
ആ പാദപീഠത്തിൽ നമുക്കു നമിക്കാം.
കർത്താവേ അങ്ങേ മഹത്വമേറിയ പേടകത്തോടൊപ്പം
അങ്ങേ വിശ്രമ സ്ഥലത്തേയ്ക്കു എഴുന്നള്ളേണമേ....''

പേടകം ദേവാലയത്തിൽ സ്ഥാപിതമായതിനു ശേഷവും അതിനെ സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണങ്ങൾ തുടർന്നിരുന്നു എന്നു തീർച്ചയാണ്. തത്സമയം ആലപിക്കപ്പെടുകയും രചിക്കപ്പെടുകയും ചെയ്ത ഗാനങ്ങളാണ് പ്രദക്ഷിണ ഗാനങ്ങൾ. തിരുനാൾ അവസരങ്ങളിലാണ് ഇവ നടന്നിരിക്കാൻ സാദ്ധ്യത. ജനങ്ങൾ വാദ്യഘോഷങ്ങളോടെ പേടകവും സംവഹിച്ചുകൊണ്ട് സിയോൻ ഗിരിയിലേയ്ക്കു കയറുന്ന രംഗം നോക്കൂ:

''ദൈവത്തിനു സ്തുതി പാടുവിൻ; അവിടത്തെ തിരുനാമത്തെ പ്രകീർത്തിക്കുവിൻ.
മരുഭൂമിയിലൂടെ വാഹനമേറി വരുന്നവനെ, വഴി നിരപ്പാക്കിക്കൊടുക്കുവിൻ. (68/4)
ദൈവമേ അവർ അങ്ങയുടെ എഴുന്നള്ളത്തു കണ്ടു;

www.malankaralibrary.com

എൻെറ ദൈവവും രാജാവുമായ അങ്ങയുടെ വി
ശുദ്ധ മന്ദിരത്തിലേക്കുള്ള പ്രദക്ഷിണം,
ഗായകർ മുമ്പേ നടന്നു; വീണക്കാർ പിന്നണി
യിലും;
കന്യകമാർ മദ്ധ്യേ നിന്നു തപ്പു കൊട്ടി. (68/
25–26)[1]
ദൈവം ജയഘോഷത്തോടെ ആരോഹണം ചെ
യ്യുന്നു.
കിന്നരനാദത്തിൻെറ അകമ്പടിയോടെ കർത്താവു
കയറിപ്പോകുന്നു..... (47/5–6)
സ്തുതി പാടുവിൻ കർത്താവിനു സ്തുതി പാടുവിൻ....''

149–ാം സങ്കീർത്തനത്തിൽ പേടകത്തെപ്പററി സൂച
നയില്ല. പ്രവാസശേഷം നിർമ്മിച്ച ദേവാലയത്തിൻെറ കാലഘട്ടത്തിൽ നടന്ന പ്രദക്ഷിണമായിരിക്കാം അതിൻെറ പശ്ചാത്തലം. അതും രാജാവായ ദൈവത്തിൻെറ ബഹുമാനാർത്ഥം നടത്തപ്പെട്ടുന്ന പ്രദക്ഷിണം തന്നെ.

പ്രദക്ഷിണം ദേവാലയ കവാടത്തിൽ എത്തുന്ന രംഗം വളരെ ഹൃദയാവർജ്ജകമാണ്. പ്രദക്ഷിണത്തെ നയിക്കുന്നയാൾ വിളിച്ചു പറയുന്നു:

''മഹത്വത്തിൻെറ രാജാവ് പ്രവേശിക്കുവാ
നായി,
വാതിലുകളേ, നിങ്ങൾ തല ഉയർത്തുവിൻ;
നിത്യകവാടങ്ങളേ, ഉയർന്നിരിക്കുവിൻ.''

പുരോഹിതൻ അകത്തു നിന്നു ചോദിക്കുന്നു:

''മഹത്വത്തിൻെറ ഈ രാജാവ് ആരാണ്?''

നേതാവ്: ''പ്രബലനും ശക്തനുമായ കർത്താവാണ്;
സമരവീരനായ കർത്താവു തന്നെ.'' (23/7–8)

നേതാവു വീണ്ടും തൻെറ അഭ്യർത്ഥന ആവർത്തിക്കുമ്പോൾ പുരോഹിതൻെറ ചോദ്യവും പഴയ മറുപടിയും ആവർത്തിക്കപ്പെട്ടുന്നു.

1. ഈ സങ്കീർത്തനം പല നൂററാണ്ടുകൾകൊണ്ടാണ് ഇന്നു കാണുന്ന രൂപത്തിലെത്തിയത്, രചനാകാലം വളരെ വിവാദപരമാണ്.

www.malankaralibrary.com

## 2) സിംഹാസനാവരോധന ഗീതങ്ങൾ

യാഹ്വെയുടെ രാജത്വത്തെ അനുസ്മരിച്ചാഘോഷിക്കാൻ ഇത്തരം പ്രദക്ഷിണങ്ങൾക്കു പുറമേ ചില ചടങ്ങുകളും നടന്നിരുന്നു. അവയിൽ പ്രമുഖം യാഹ്വെയുടെ 'സിംഹാസനാവരോധന'മാണ്.[1] രാജാക്കന്മാരുടെ സിംഹാസനാരോഹണത്തിന്റെ വാർഷിക ദിനത്തിൽ ആ ചടങ്ങ് ആവർത്തിക്കുന്ന പതിവ് അക്കാലങ്ങളിൽ നിലവിലിരുന്നു. യാഹ്വെയുടെ ബഹുമാനാർത്ഥം ഇത്തരമൊരു ചടങ്ങ് നടന്നിരുന്നതായി ചില സങ്കീർത്തനങ്ങളിൽനിന്ന് അനുമാനിക്കാം. ഇവയെ 'യാഹ്വെയുടെ സിംഹാസനാവരോധന ഗാനങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്നു.

രാജാക്കന്മാരുടെ കിരീടധാരണ സമയത്ത് അഭിഷേകം കഴിഞ്ഞാലുടൻ ''.... (പേര്) രാജാവായിരിക്കുന്നു'' എന്ന് ജനം ആർത്തട്ടഹസിച്ചിരുന്നു. (2 രാജാ: 15/10;4 രാജാ: 9/13). ഇതിനു തുല്യമായി 'യാഹ്വെ രാജാവായിരിക്കുന്നു' എന്ന പ്രഖ്യാപനം ഈ സങ്കീർത്തനങ്ങളിൽ കാണാം.[2] 'യാഹ്വെ രാജാവാണ്' എന്നല്ല, 'യാഹ്വെഇതാരാജാവായിക്കഴിഞ്ഞിരിക്കുന്നു' എന്നാണ്ഇതിന്റെഅർത്ഥം. യാഹ്വെയുടെ സിംഹാസനാരോഹണത്തെപ്രതീകാത്മകമായി ആവർത്തിക്കുമ്പോൾ ജനം മുഴക്കിയിരുന്ന വിളിയാവും ഇത്. ഇതിനും പുറമേ, രാജകീയ ആഘോഷങ്ങളിലെ ഇതര അംശങ്ങളും ഇവിടെ പ്രത്യക്ഷപ്പെടുന്നു. ദേവാലയത്തിലേയ്ക്ക് പരിവാരസമേതമുള്ള എഴുന്നള്ളത്ത്, കാഹള ശബ്ദം, ആശംസകൾ, പ്രജകളുടെ അനുസരണാവാഗ്ദാനം, ഈ മംഗളവാർത്തയുടെ വിളംബരം മുതലായവ യാഹ്വെയുടെ സിംഹാസനാരോഹണച്ചടങ്ങിലും കാണാം.

---

1. Enthronement of Yahweh.
2. 93/1, 96/10, 47/1; 5/3– 44/5, 84/4.

www.malankaralibrary.com

ഇതിൽനിന്നെല്ലാം ഈ ചടങ്ങിൻെറ ചരിത്രപശ്ചാത്തലത്തേപ്പററി പല അനുമാനങ്ങളും പണ്ഡിതന്മാർ നടത്തുന്നുണ്ട്. ഇതിൽ ഏററവും ശ്രദ്ധേയം സിഗ്മണ്ട് മൊവിൻകലിൻെറ അഭിപ്രായമാണ്.[1] നവവത്സര ദിനം യാഹ്‌വെയുടെ സിംഹാസനാരോഹണ തിരുനാളായി കൊണ്ടാടപ്പെട്ടിരുന്നു. ഈ സങ്കീർത്തനങ്ങൾ രാജകീയത്വം, ഇസ്രായേലിലെ ചരിത്ര പുരുഷന്മാരായ രാജാക്കന്മാരിൽ ആരെയെങ്കിലും പററിയോ, ഭാവിയിലെ മെസയാനിക സാമ്രാജ്യത്തിലെ യാഹ്‌വെയുടെ സാർവ്വത്രിക രാജത്വത്തെപ്പററിയോ അല്ല, പ്രത്യുത വർത്തമാനകാലത്തു് ആരാധനക്രമ പശ്ചാത്തലത്തിൽ നടക്കുന്ന സിംഹാസനാവരോധന ചടങ്ങിനെയാണ് വിവരിക്കുന്നതെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു.

സമകാലിക പേഗൻ ജനതയുടെ നവ വത്സര ഉത്സവങ്ങളിൽ ഇതിൻെറ പ്രാഗ്‌രൂപം മൊവിൻകൽ കാണുന്നു. ഉദാഹരണമായി ബാബിലോണിയയിൽ പന്ത്രണ്ടു ദിവസത്തെ ഉത്സവമുണ്ടായിരുന്നു. ആദ്യത്തെ ഏഴ് ദിവസം ദുഃഖാചരണമാണ്. കാരണം വർഷാവസാനം പ്രകൃതി മരിച്ചിരിക്കയാണല്ലോ. പ്രധാന ദേവനായ മർദ്ദുക്കിൻെറ മരണവും ഉത്ഥാനവും അഭിനയിക്കപ്പെടും. ദുഃഖദിനങ്ങളിൽ വിലാപയാത്രകൾ നടക്കുന്നു. അഞ്ചാം ദിവസം ദേവൻെറ പ്രതിനിധിയായ രാജാവിനെ, രാജകീയ ചിഹ്നങ്ങൾ ഉരിഞ്ഞു് നിലത്തു കിടത്തുകയും ചെകിടത്തു് അടിക്കയും മററും ചെയ്തിരുന്നു. അദ്ദേഹം തൻെറ നിരപരാധിത്വം പ്രഖ്യാപിക്കുമ്പോൾ തിരികെ സിംഹാസനാരൂഢനാക്കപ്പെടും. എട്ടാം ദിവസം ദേവൻ ഉയത്തെഴുന്നേൽക്കുമ്പോൾ, അദ്ദേഹത്തിൻെറ വിധവ താമസിക്കുന്ന അമ്പലത്തിൽ അദ്ദേഹത്തെ കൊണ്ടുപോകയും പതിനൊന്നാം ദിവസം അവരുടെ വിശുദ്ധ വിവാഹം ആഘോഷിക്കയും ചെയ്യുന്നു. തുടർന്നു് മുഷ്ടാന്ന സദ്യയുമുണ്ട്. രാജ്യത്തിനു മുഴുവൻ പുതു

1. CFR. Mowinckal: Op cit. Vol I. Pp. 106-192
Osterly: Op. cit Pp. 44-55

www.malankaralibrary.com

വത്സരത്തിൽ ഫലപുഷ്ടി ലഭിക്കാനുള്ള പ്രകൃതിയാരാധനച്ചടങ്ങാണിതു്. ദേവീദേവന്മാരുടെ ഫലപുഷ്ടിയെ ആശ്രയിച്ചിരിക്കും പ്രകൃതിയുടേതെന്നു് അവർ വിശ്വസിച്ചിരുന്നു. പുത്തനാണ്ടിനു വേണ്ട അനുഗ്രഹങ്ങൾ ലഭിക്കണമെങ്കിൽ ദേവന്മാരെ ഇങ്ങനെ പ്രസാദിപ്പിച്ചേതീരൂ.

പ്രാചീനവർഗ്ഗക്കാരുടെ ഇടയിൽ സർവ്വസാധാരണമായ നവവത്സര പൂജകൾ ഇസ്രായേലിലും ഉണ്ടായിരുന്നു. പക്ഷേ അവർ അവയെ തങ്ങളുടെ വിശ്വാസ പ്രമാണങ്ങൾക്കു് അനുരൂപപ്പെടുത്തിയിരുന്നു. ദൈവത്തിൻെറ മരണവും ഉത്ഥാനവും വിവാഹവും അവക്കു് അചിന്ത്യമായിരുന്നു. യാഹ്‌വെ ഒരു പ്രകൃതി ദേവനല്ല. അവിടത്തേ പ്രതിമകൾ നിർമ്മിക്കാൻ വയ്യാ. രാജാവിൻെറ കർമ്മാനുഷ്ഠാനങ്ങൾ വഴി ദൈവത്തെ ഉയിർപ്പിക്കുന്ന ചടങ്ങു് അവക്കു് അപഹാസ്യമായി തോന്നിയിരിക്കണം. മാത്രമല്ല അവിടന്നു് ഏകനാണു്. എന്നിരുന്നാലും നവവത്സരദിനത്തിൽ യാഹ്‌വെയെ പ്രസാദിപ്പിക്കാനായി അവർ ഒരുത്സവം കൊണ്ടാടിയിരുന്നു. തദവസരത്തിൽ രാജാവായ യാഹ്‌വെയുടെ മഹത്വത്തെ പുകഴ്ത്താനും ഭാവി ശ്രേയസ്സു യാചിക്കാനുമായി രക്ഷാകര സംഭവങ്ങൾ അഭിനയിക്കയും ഉടമ്പടി നവീകരിക്കയും പ്രദക്ഷിണങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഈ 'നാടകത്തിൽ' യാഹ്‌വെയുടെ സ്ഥാനം വാഗ്ദാനപേടകവും ദാവീദിൻെറ സ്ഥാനം രാജാവും അഭിനയിച്ചിരുന്നുപോലും. രക്ഷാചരിത്രത്തിനു ശേഷം, യാഹ്‌വെയുടെ സിംഹാസനാരോഹണവും അഭിനയിക്കപ്പെട്ടിരുന്നു. അപ്പോൾ പാടുന്നവയാണു് ഈ സങ്കീർത്തനങ്ങൾ.

ഈ അഭിപ്രായത്തിൽ, അതിഭാവനയുടെ നിഴലാട്ടം നമുക്കു എളുപ്പം ദർശിക്കാനാവും. ഇസ്രായേലിൽ ഇത്തരമൊരു തിരുനാൾ ഉണ്ടായിരുന്നെങ്കിൽ ബൈബിൾ അതിനെപ്പററി പരാമർശിക്കാതിരിക്കില്ല; യാഹ്‌വെയുടെ രാജത്വവും നവവത്സര ദിനവും പ്രധാനമായതുകൊണ്ടു് പ്രത്യേകിച്ചും.

www.malankaralibrary.com

സീയോനെ തൻെറ ആസ്ഥാനമായും ദാവീദിൻെറ കുടുംബത്തെ രാജവംശമായും തെരഞ്ഞെടുത്തതിൻെറ അനുസ്മരണത്തിരുനാളായിരുന്നു ഇതെന്നും പ്രവാസത്തിനു ശേഷം സാമ്രാജ്യ പ്രതീക്ഷകഠം തകർന്നതോടെ യാഹ്‌വെയുടെ രാജത്വതിരുനാള് രൂപാന്തരപ്പെട്ടെന്നും ക്റൗസ് (Krauss) അഭിപ്രായപ്പെടുന്നു. ഗുങ്കൽ, ഫയ്യേ തുടങ്ങിയ പ്രശസ്ത പണ്ഡിതന്മാരുടെ വീക്ഷണത്തിൽ, ആഗതമാവാനിരിക്കുന്ന ദൈവരാജ്യത്തെപ്പററി പരാമർശിക്കുന്ന സ്തോത്രഗീതങ്ങളാണിവ. ഇവ വർണ്ണിക്കുന്ന രംഗങ്ങഠം മെസയാനിക കാലത്തേതാണ്. ഈ രണ്ടു് അഭിപ്രായങ്ങഠംക്കും ഉപോൽബലകമായ തെളിവുകഠം ബൈബിളിൽ കാണുന്നില്ല.

മൊവിൻകലിൻെറ അഭിപ്രായത്തെ വൈസർ (Weiser) നിർദ്ദേശിക്കുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു. 'യാഹ്‌വെയുടെ രാജത്വതിരുനാഠം' എന്ന ഒരു പ്രത്യേക തിരുനാഠം ഉണ്ടായിരുന്നില്ല. 'ഉടമ്പടി നവീകരണ'തിരുനാളായിരുന്നു അതു്. ആ സമയം രാജത്വം ആഘോഷിക്കപ്പെട്ടിരുന്നു. പെസഹാതിരുനാളിൻെറ പത്തുദിവസത്തെ ആഘോഷങ്ങഠംക്കിടയിൽ ഒരു ദിവസം 'ഉടമ്പടി നവീകരണ' ദിനമായി കൊണ്ടാടപ്പെട്ടിരുന്നു. സീനായ് ഉടമ്പടിയുടെ അനുസ്മരണവും ആവർത്തനവുമായിരുന്നു അതു്. തദവസരത്തിൽ യാഹ്‌വെയുടെ രാജത്വത്തെ അനുസ്മരിക്കുന്ന ചടങ്ങുകഠം നടന്നിരിക്കാം. ഈ നിഗമനവും ബൈബിളിൽനിന്നുള്ള തെളിവിൻെറ അഭാവത്തിൽ നമുക്കു സ്വീകരിക്കാനാവില്ല.

എങ്കിലും ഈ സങ്കീർത്തനങ്ങളുടെ അസ്തിത്വം ന്യായമായ ചില നിഗമനങ്ങളിലേക്കു നമ്മെ നയിക്കുന്നു. 'യാഹ്‌വെയുടെ രാജത്വതിരുനാഠം' എന്നൊരു പ്രത്യേക ഉത്സവം ഉണ്ടായിരുന്നില്ല എന്നു പറയാം. പക്ഷേ അവിടത്തെ രാജത്വത്തെ അനുസ്മരിക്കുകയും പ്രതീകാത്മകമായി ആവിഷ്കരിക്കുകയും ചെയ്യുന്ന ചടങ്ങുകളും പ്രദക്ഷിണങ്ങളും നടന്നിരിക്കാൻ വളരെ സാദ്ധ്യതയുണ്ടു്. അവ ജനത്തിൻെറ ഭക്തിയെ ഉദ്ദീപിപ്പി

www.malankaralibrary.com

ക്കാനും പേഗൻ ദേവന്മാരുടെ എഴുന്നള്ളത്തിനു് ഒരു എതിർ ആഘോഷമാകാനും ഉദ്ദേശിച്ചുള്ളതാണു്. ഇസ്രായേലിലെ പ്രമുഖ തിരുനാളുകളുടെ സമയത്തു് ധാരാളം തീർത്ഥകർ ദേവാലയത്തിൽ എത്തുമ്പോൾ ആയിരിക്കും ഇവ നടത്തപ്പെടുക. ഇങ്ങനെ മററു തിരുനാളുകളുടെ ഒരു പ്രധാന ഭാഗമായി ഈ ചടങ്ങുകൾ അനുഷ്ഠിക്കപ്പെടുന്നു. ഇതിൽ കവിഞ്ഞ ഒരു നിഗമനത്തിനു് ബൈബിൾ അവലംഭമേകുന്നില്ല.

പ്രസ്തുത ചടങ്ങുകളുടെ സമയത്തു് ആലപിക്കപ്പെടുന്ന ഈ സിംഹാസനാവരോധന ഗാനങ്ങളുടെ മുഖ്യ പ്രമേയം രാജാവായ ദൈവമാണു്. അവിടത്തെ രാജകീയ പ്രതാപത്തെ വർണ്ണിക്കയും സ്തുതിക്കയും ചെയ്യുന്ന ഇവയിൽ നാലു ഭാഗങ്ങൾ കാണാം.

ഒന്നു്: രാജാവായ ദൈവത്തെ പുകഴ്ത്താനുള്ള ക്ഷണം. ഇസ്രായേലിനോടൊപ്പം ലോകം മുഴുവൻ ക്ഷണിക്കപ്പെടുന്നു.

''സകല ജനങ്ങളേ, ഹസ്തഘോഷം ചെയ്യുവിൻ;
ആഹ്ലാദസ്വരത്തോടെ കർത്താവിനെ പുകഴ്ത്തുവിൻ''. (47/1)
''കർത്താവു വാഴുന്നു; ഭൂമി ആഹ്ലാദിക്കട്ടെ
ബഹുലങ്ങളായ ദ്വീപുകളും ആനന്ദിക്കട്ടെ (97/1).[1]

രണ്ടു്: രാജാവായ ദൈവത്തിൻെറ വിവരണം: മനുഷ്യരായ രാജാക്കന്മാരെ വർണ്ണിക്കുന്നതുപോലെയാണു് യാഹ്വെയെ വിവരിക്കുക. മഹത്വം ധരിച്ചു് (93/1) ഭീതിജനകമായ പ്രാഭവത്തോടെ തൻെറ നിത്യസിംഹാസനത്തിൽ അവിടന്നു് എഴുന്നള്ളിയിരിക്കുന്നു.

''മേഘങ്ങളും അന്ധകാരവും അവിടത്തെ ചൂഴ്ന്നിരിക്കുന്നു.
അവിടത്തെ മുമ്പിൽ അഗ്നി സഞ്ചരിക്കുന്നു.

1. 47/6, 96/11–12, 68/4–6; 98/5–6 എന്നിവയും കാണുക.

www.malankaralibrary.com

അവിടത്തെ മിന്നൽ പിണറുകൾ ഭൂഗോളത്തെ
പ്രകാശിപ്പിക്കുന്നു....
അവ കണ്ടു ഭൂമി വിറയ്ക്കുന്നു.
കർത്താവിൻെറ സന്നിധിയിൽ പർവ്വതങ്ങൾ മെഴു
കു പോലെ ഉരുകുന്നു.
സകല ദേവന്മാരും അവിടത്തെ സാഷ്ടാംഗം
നമസ്കരിക്കുന്നു. (97/2–8)
എന്തെന്നാൽ ദൈവം ഭൂമിയുടെ മുഴുവൻ രാജാ
വാകുന്നു;
ദൈവം രാജ്യങ്ങളെ ഭരിക്കുന്നു.
അവിടന്നു തൻെറ സിംഹാസനത്തിൽ ഇരിക്കുന്നു.
ജനപദങ്ങളുടെ പ്രഭുക്കന്മാർ അബ്രാഹത്തിൻെറ
ജനത്തോട് ഒന്നിച്ചു ചേരുന്നു.
ഭൂമിയിലെ പരിചകളെല്ലാം ദൈവത്തിൻേറ
താണ്....'' (47/7–9)

മൂന്ന്: രാജാവിൻെറ മഹൽകൃത്യങ്ങൾ: ദൈവം സ്വമ ഹത്വം വെളിപ്പെടുത്തിയതു് രക്ഷാപദ്ധതിയും സൃഷ്ടികർമ്മവും വഴിയാണല്ലോ. സ്തോത്രഗീതങ്ങളിലെ ന്നപോലെ ഇവിടേയും അവയാണു മുഖ്യ പ്രതിപാദ്യം.

''അവിടന്നു ജാതികളെ നമ്മുടെ അധീനതയിലും
രാജ്യങ്ങളെ നമ്മുടെ പാദങ്ങൾക്കു കീഴിലും
ആക്കുന്നു.
അവിടന്നു നമുക്കു നമ്മുടെ അവകാശം തെര
ഞ്ഞെടുത്തുതന്നു. (47/3–4)
എന്തെന്നാൽ അവിടന്നു അത്ഭുതങ്ങൾ ചെയ്തു.
അവിടത്തെ വലതു കരവും വിശുദ്ധ ഭുജവും വി
ജയം നേടി
കർത്താവു തൻെറ രക്ഷ വെളിപ്പെടുത്തി.
വിജാതിയരുടെ മുമ്പിൽ തൻെറ നീതി അവിട
ന്നു പ്രദർശിപ്പിച്ചു (98/1–1).

അവിടന്നു ഭൂമിയെ ഇളകാതെ ഉറപ്പിക്കുകയും (93/2) പ്ര പഞ്ചത്തെയൊന്നാകെ അടക്കിവാഴുകയും ചെയ്യുന്നു. പ്ര പഞ്ചംമുഴുവൻ അവിടത്തേ മഹത്വം വിളംബരം ചെയ്യു

www.malankaralibrary.com

കയാണ് (97/1–6). വിജാതിയരെ കീഴടക്കി ഇസ്രായേലിനു രക്ഷ പ്രദാനം ചെയ്തു് അവിടന്നു വാണരുളുന്നു.

നാലു്: വിശ്വത്തിൻെറ വിധാതാവു്: ഇസ്രായേലിൻെറ രാജാവായ യാഹ്‌വെ സ്വജനതയെ മാത്രമല്ല ലോകത്തെ മുഴുവൻ കീഴടക്കി വിധികർത്താവായി വാഴുന്നു എന്ന ആശയം പ്രവാസകാലംമുതൽ നാമ്പെടുക്കുന്നതായി കാണാം. യാഹ്‌വെ വിജാതിയരുടെമേൽ നേടിയ വിജയങ്ങളായിരുന്നു ഈ വിശ്വാസത്തിനു നിദാനം. മററു ദേവന്മാർ അവിടത്തേമുമ്പിൽ തലകുനിക്കുകയും എല്ലാ ജനങ്ങളും അവിടത്തെ മഹത്വം ദർശിക്കുകയും ചെയ്യുന്നു (97/6–7). അഖിലലോകവും സകല ജാതികളും അവിടത്തെ ആരാധിക്കണം (96/8–12). കാരണം അവിടന്നു പ്രപഞ്ചത്തെ മുഴുവൻ വിധിക്കാൻ വരുന്നു എന്നതുതന്നെ.

> ''ആകാശം ആനന്ദിക്കട്ടെ, ഭൂമി ആഹ്ളാദിക്കട്ടെ,
> സമുദ്രവും അതിലുള്ള സകലതും പ്രതിധ്വനിക്കട്ടെ
> എന്തെന്നാൽ അവിടന്നു വരുന്നു; ഭൂമിയെ വിധിക്കാൻ വരുന്നു.
> ഭൂഗോളത്തെ അവിടന്നു നീതിയോടും ജനങ്ങളെ വിശ്വസ്തയോടും കൂടെ ഭരിക്കും (96/12–13).[1]

## ദൈവരാജ്യം

ദൈവവും മനുഷ്യനും തമ്മിലുള്ള സമാഗമമാണല്ലോ രക്ഷാചരിത്രത്തിൻെറ കാതൽ. തന്നിൽനിന്നും അകന്ന മനുഷ്യരെ മെല്ലെ തന്നിലേക്കു വീണ്ടും വലിച്ചടുപ്പിക്കാനായി ദൈവം അവരുടെ മദ്ധ്യേ സന്നിഹിതനാകുന്നു. ആദ്യം ഇസ്രായേലിനേയും അതിലൂടെ മാനവകുലത്തെ മുഴുവനും അവിടന്നു് തന്നിലേക്കു് ആകർഷിക്കുന്നു.

---

1. 96/11, 97/8, 98/9, 99/4.

www.malankaralibrary.com

ഇസ്രായേലിന്റെ ഏററവും വലിയ അഭിമാനം തങ്ങളുടെ ഇടയിലെ ദൈവസാന്നിദ്ധ്യമാണു്. തങ്ങളെ കാത്തു പരിപാലിച്ചുകൊണ്ടു്, രാഷ്ട്രത്തിന്റെ ഹൃദയ സ്ഥാനത്തു് അവിടന്നു് വസിച്ചു. ഈ പരിപാലനയെ യാഹ്വെയുടെ ഭരണമായി അവർ കാണുന്നു. ഒരു ആദർശയോഗ്യനായ സാമ്രാട്ടു നൽകുന്ന ശ്രേയസ്സും ഐശ്വര്യവുമെല്ലാം യാഹ്വെ അവർക്കു പ്രദാനം ചെയ്തു. അവിടന്നാണു് ഇസ്രായേലിന്റെ ഏക ഭരണാധികാരി. അവിടന്നു ലോകത്തെ മുഴുവൻ കീഴടക്കി വാണരുളുന്ന സുദിനം അവർ സ്വപ്നം കണ്ടു. പുറജാതികളേയും ഇസ്രായേലിനേയും നീതിയോടെ വിധിച്ചുകൊണ്ടു് ദൈവരാജ്യം സ്ഥാപിക്കുമെന്നു് ആദ്യകാല പ്രവാചകർ കരുതി; വിധി മാത്രമല്ല ഒരു പുത്തൻ സൃഷ്ടികർമ്മം തന്നെ വേണ്ടിവരുമെന്നു് പിൽക്കാല പ്രവാചകന്മാർ പ്രഖ്യാപിച്ചു.

യാഹ്വെയുടെ സാന്നിദ്ധ്യം ഇസ്രായേലിനു പ്രത്യേക പരിരക്ഷ നൽകി. അവിടന്നു സമസ്ത ലോകത്തിന്റേയും രാജാവാണെങ്കിലും, ഇസ്രായേലിനു മാത്രമേ നേരിട്ടുള്ള ഭരണവും അനുഗ്രഹവർഷവും ലഭിക്കു. അതുകൊണ്ടാണല്ലോ അവിടന്നു് പുറജാതികളെ അവക്കു വേണ്ടി പിടിച്ചടക്കുക (10/16). അവിടന്നു് ദേവാലയത്തിൽ നിന്നു് വേർപെട്ടതോടെ (ഐസ:10/18) ദേവാലയവും പേടകവും നശിച്ചുപോയി.

അങ്ങനെ ഭൗതികസാമ്രാജ്യത്തെപ്പററിയുള്ള സ്വപ്നങ്ങൾ കൊഴിഞ്ഞുവീണു. ആ നാശക്കൂമ്പാരത്തിൽ നിന്നുകൊണ്ടു് ഇസ്രായേൽ ഭാവിയിലേയ്ക്കു കണ്ണയച്ചപ്പോൾ ദൃശ്യമാവുക ഒരു ആദ്ധ്യാത്മിക സാമ്രാജ്യമാണു്. പ്രവാചകർ അതിനെപ്പററി പ്രസംഗിച്ചു. പക്ഷേ ചുരുക്കം പേരേ അതിന്റെ അർത്ഥം ഗ്രഹിച്ചുള്ളു. ആ സാമ്രാജ്യത്തിൽ ദൈവം സന്നിഹിതനാവുക, ഓരോ വ്യക്തിയുടെയും ഹൃദയത്തിലാണു്. ഇസ്രായേലിനു് അതിൽ പ്രത്യേക പരിഗണനയൊന്നുമില്ല. ലോകത്തെമ്പാടുമുള്ള മനുഷ്യരെല്ലാം തുല്യ രീതിയിൽ അവിടത്തേ

www.malankaralibrary.com

പ്രജകളായിരിക്കും. ജെറുസലേം ലോകത്തിന്റെ മുഴുവൻ ആദ്ധ്യാത്മിക കേന്ദ്രമായി മാറും.

''ജെറുസലേമേ ഉണർന്നു പ്രകാശിക്കുക; നിന്റെ
പ്രകാശം വന്നു ചേർന്നിരിക്കുന്നു.
കർത്താവിന്റെ തേജസ്സു നിന്നിൽ ഉദയം ചെയ്തി
രിക്കുന്നു.
അന്ധകാരം ഭൂമിയേയും കൂരിരുട്ട് ജനതകളേയും
മൂടിക്കളയും;
എന്നാൽ കർത്താവു നിന്റെ മേൽ ഉദിച്ചുയരും.
അവിടത്തെ തേജസ്സു നിന്റെമേൽ പ്രത്യക്ഷ
മാകും.
വിജാതീയർ നിന്റെ പ്രകാശത്തിലും രാജാക്ക
ന്മാർ
നിന്റെ ഉജ്ജ്വല ശോഭയിലും നടക്കും.
(ഏശ: 60/1–3).[1]

സങ്കീർത്തനങ്ങളും ഇതേ വിശ്വ സാമ്രാജ്യം സ്വപ്നം കാണുന്നു:

''ഫിലിസ്ത്യരും ടൈർ നിവാസികളും അവിടെ
ജനിച്ചവരാണ്
എല്ലാവരും അവിടെ ജനിച്ചവരാണ്
അത്യുന്നതനാണ് അതു സ്ഥാപിച്ചതെന്നു സീ
യോനെപ്പററിപറയും''. (സങ്കീ: 87/4–5)
ഭൂമിയുടെ അതൃത്തികളെല്ലാം കർത്താവിനെ അനു
സ്മരിക്കും,
അവിടത്തെ പക്കലേക്കു പിന്തിരിയും
സമസ്ത രാജ്യത്തിലേയും കുടുംബങ്ങൾ അവിട
ത്തേ സന്നിധിയിൽ നമിക്കും'' (22/27–28)

ഈ സാമ്രാജ്യത്തിലെ ഭരണാധിപൻ യാഹ്വെ തന്നെയാണ്.[2] അവിടത്തെ ഭരണം നീതിനിഷ്ഠവും പ്രതാപപൂർണ്ണവും അതിശ്രേയസ്കരവും സമാധാനപരവുമാണ്.

---

1. ജെറ: 31/33: സങ്കീ: 87/4. ഏശ: 60/4–22
2. മെസയാസല്ല എന്നു സാരം.

www.malankaralibrary.com

പ്രഭൃക്കാം മുതൽ പുൽക്കൊടികാം വരെ അതിൽ മതി മറന്നു് ആഹ്ലാദിക്കുന്നു. സാർവ്വത്രിക ശാന്തിയും സമാധാനവും അവിടെ കളിയാടുന്നു.

## ദൈവരാജ്യം സമാഗതമായിരിക്കുന്നു

ദൈവരാജ്യം ആഗതമായതു ക്രിസ്തുവിലൂടെയാണു്. അവിടുന്നു നമ്മുടെ മദ്ധ്യേ സന്നിഹിതനായി (എമ്മാനുവേൽ=ദൈവം നമ്മോടു കൂടെ). ''ദൈവരാജ്യം സമാഗതമായിരിക്കുന്നു'' എന്ന പ്രഖ്യാപനത്തോടെയാണു് (മത്താ:4/17) ക്രിസ്തു തന്റെ പരസ്യജീവിതം ആരംഭിക്കുക. അവിടത്തേക്കു് ലോകത്തിനു നൽകാനുള്ള ഏക സന്ദേശവും അതു തന്നെ. ക്രിസ്തുവിലൂടെയാണു് പിതാവായ ദൈവം തന്റെ സാമ്രാജ്യം സ്ഥാപിക്കുക. എല്ലാ അധികാരങ്ങളും പുത്രനു നൽകപ്പെട്ടു (1കോറി: 15/24–27). അവിടുന്നു സകല ശത്രുക്കളേയും, വിശിഷ്യ മരണത്തേയും പാപത്തേയും കീഴടക്കി. തന്റെ പിതാവിന്റെ സാമ്രാജ്യം സ്ഥാപിച്ചു. സ്വജീവൻ ബലികഴിച്ചുകൊണ്ടാണു് ആ നല്ല രാജാവു് തന്റെ പ്രജകൾക്കു സ്വാതന്ത്ര്യം നേടിക്കൊടുക്കുക.

പക്ഷേ ആ സാമ്രാജ്യം ഭൗതികമല്ല. ദൈവരാജ്യം ഓരോ മനുഷ്യന്റേയും ഹൃദയത്തിലാണു സ്ഥിതി ചെയ്യുന്നതെന്നു് അവിടുന്നു പഠിപ്പിച്ചു. സ്നേഹവും കരുണയും അവിടത്തെ ഭരണത്തിന്റെ കാതലായ അംശങ്ങളാം. ഇതാണു് ഓരോക്രൈസ്തവനും ഏററവും അഭിമാനകരമായ ബഹുമതി. നാം പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണു്. അവിടുന്നു നമ്മിൽ വസിക്കുന്നു. ആ രാജാവിനു് ചെങ്കോലും കനകകിരീടവുമല്ല, പശ്ചാത്താപനിർഭരമായ മാനവഹൃദയങ്ങളാണു വേണ്ടതു്.

രാജത്വത്തിന്റെ അവസാനത്തെ കൃത്യം ന്യായവിധിയാണു്. അതിനുള്ള അധികാരവും പിതാവായ ദൈവം അവിടത്തേക്കു നൽകിയിരിക്കുന്നു. അന്ത്യ ദിനത്തിൽ

www.malankaralibrary.com

അവിടന്നു ലോകത്തെ മുഴുവൻ വിധിക്കാനെത്തും. അന്നാണു് ദൈവരാജ്യം സമ്പൂർണ്ണമായും സ്ഥാപിക്കപ്പെടുക. ആ സുദിനവും കാത്തു് സൃഷ്ടിജാലമെല്ലാം നൊമ്പരത്തോടെ (റോമ: 8/21) കാത്തിരിക്കുന്നു. സ്വർഗ്ഗീയ സാമ്രാജ്യത്തിലേക്കു നമ്മെ ആനയിക്കുവാൻ അവിടന്നു ക്ഷണം വന്നെത്തണമെന്നു് നമുക്കു് അനുദിനം പ്രാർത്ഥിക്കാം: ''മാറാനാത്താ''—കർത്താവേ വന്നാലും.

# XI

# രാജകീയ കീർത്തനങ്ങൾ

കാനാൻ ദേശം പിടിച്ചടക്കി അതിൽ വാസമുറപ്പിച്ച ശേഷവും ശത്രുക്കളുടെ നിരന്തരമായ ആക്രമണം ഇസ്രായേലിനെ ശല്യപ്പെടുത്തിയിരുന്നു. പന്ത്രണ്ടു ഗോത്രങ്ങളും സ്വയംഭരണാവകാശം ഉപയോഗിക്കുക മൂലം ജോഷ്വയുടെ മരണ ശേഷം ഒരു ഏകീകൃത നേതൃത്വമില്ലാത്തതുകൊണ്ടു് വലിയ പരാധീനതകൾ വന്നു ഭവിച്ചു. അവ പരിഹരിക്കാൻ ന്യായധിപന്മാരുടെ താൽക്കാലിക നേതൃത്വം പര്യാപ്തമായിരുന്നില്ലതാനും. അതിനാൽ ഇസ്രായേൽ യാഹ്‌വെയോടു് ഒരു രാജാവിനെ ആവശ്യപ്പെട്ടു. വിസമ്മതത്തോടെയെങ്കിലും അവിടന്നു സാവുളിനെ രാജാവാക്കി. പക്ഷേ അദ്ദേഹം തിരസ്കൃതനായി. പകരം ദാവീദു് അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ സന്തതി പരമ്പര നാലു് നൂററാണ്ടു് ഇസ്രായേൽ ജനത്തെ ഭരിച്ചു. ഈ ഭൗതികഭരണാധികാരികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഏതാനും ഗാനങ്ങളാണു് 'രാജ

www.malankaralibrary.com

കീയ സങ്കീർത്തനങ്ങൾ'.[1] അവയിൽ മിക്കവയ്ക്കും ആരാധനാ പശ്ചാത്തലം ഇല്ലാത്തതു് ഇക്കാരണം കൊണ്ടു തന്നെ. രാജകൊട്ടാരങ്ങളിൽ മൊട്ടിട്ടു വിരിഞ്ഞവയെങ്കിലും ഇസ്രായേലിൽ രാജത്വവും മതവും തമ്മിലുള്ള അഭേദ്യബന്ധംമൂലം ഈ ഗാനങ്ങളും ദൈവ ജനത്തിൻെറ പ്രാർത്ഥനാസമാഹാരത്തിൽ സ്ഥലം പിടിച്ചു.

## ദൈവത്തിൻെറ ദാസൻ

അയൽ രാജ്യങ്ങളിൽ രാജാവിനു് ദൈവ തുല്യമായ പദവി കല്പിക്കപ്പെട്ടിരുന്നു, അക്കാലത്തു്. ഈജിപ്തിലെ ഫറോ[2], ദൈവ പുത്രനായ ഹോറസിൻെറ അവതാരമാണെന്നും, ദൈവത്തിനു രാജ്ഞിയിൽ നിന്നും ജനിച്ച പുത്രനാണെന്നും തദ്ദേശവാസികൾ വിശ്വസിച്ചിരുന്നു. മെസപ്പട്ടോമിയയിൽ രാജാവു് ദൈവമായി കരുതപ്പെട്ടിരുന്നില്ലെങ്കിലും, ദിവ്യ പുരുഷനായി പരിഗണിക്കപ്പെട്ടിരുന്നു. ദൈവം, അദ്ദേഹത്തെ അമ്മയുടെ ഉദരത്തിൽ നിന്നു തന്നെ തെരഞ്ഞെടുത്തു് തൻെറ ദത്തുപുത്രനായി പ്രതിഷ്ഠിക്കുന്നെന്നും, തന്മൂലം ദൈവീക പ്രാഭവവും വിശുദ്ധിയും അദ്ദേഹത്തിനു ജന്മസിദ്ധമാണെന്നും അവർ വിശ്വസിച്ചു. ഇരു രാജ്യങ്ങളിലും രാജാവു തന്നെ ആയിരുന്നു മുഖ്യപുരോഹിതൻ. ഈ ജന പദങ്ങളുടെ ആരംഭം മുതൽ തന്നെ രാജഭരണം നിലവിൽ വന്നിരുന്നു. ഇസ്രായേലിലാവട്ടേ ഏകദേശം ബി. സി 1025–നു ശേഷം മാത്രമാണു് രാജഭരണമെന്ന ആശയം പരിഗണനാർഹമാവുക. ഈ രാജഭരണത്തെപ്പററി അവർ അജ്ഞരായിരുന്നതു കൊണ്ടല്ല, പ്രത്യുത അവർ അതു് ഒഴിവാക്കുകയാണുണ്ടായതു്. കാരണം യാഹ്വെ മാത്രമാണു് തങ്ങളുടെ രാജാവെന്നു് അവർ വിശ്വസിച്ചു.

ഇസ്രായേലിൽ രാജഭരണം നടപ്പിലായതിനു ശേഷവും തികച്ചും വിഭിന്നമായ ഒരു ചിത്രമാണു നാം ദർശിക്കുക. രാജകീയ പദവി ദൈവത്തിൻെറ ഒരു ദാനം മാത്രമാണു്.

1. Royal psalms.
2. ഈജിപ്ഷ്യൻ രാജാവിൻെറ ഔദ്യോഗിക നാമം.

www.malankaralibrary.com

ദൈവം സ്വമനസ്സാ സ്വജനത്തിനു രാജാവിനെ നൽകുന്നെന്നുമാത്രം. ആ രാജാവ്, അയൽ രാജ്യങ്ങളിലെ ഭരണാധികാരികളെപ്പോലെ, ഒരു സ്വേഛാധിപതിയോ ദേവനോ അല്ല. മററു പൗരന്മാരെപ്പോലെ ദൈവത്തിൻെറ ഒരു വിനീത ദാസൻ. ദൈവത്തിൻെറ തെരഞ്ഞെടുപ്പും അനുഗ്രഹവും മൂലം പ്രത്യേക സ്ഥാനവും അധികാരവും അദ്ദേഹത്തിനു ലഭിക്കുന്നെന്നു മാത്രം. (I രാജാ: 10/24, സങ്കീ: 45/8, 89/21, 135/11–12, 2/6).

"ഞാൻ എൻെറ വിശുദ്ധ പർവ്വതമായ സിയോനിൽ
എൻെറ രാജാവിനെ വാഴിച്ചിരിക്കുന്നു. (2/6)
അങ്ങു നന്മയെ സ്നേഹിക്കുന്നു, തിന്മയെ ദ്വേഷിക്കുന്നു.
തന്നിമിത്തം, ദൈവം, അങ്ങയുടെ ദൈവം, ആനന്ദ തൈലം കൊണ്ടു്
അങ്ങേ സഹജരിലും ഉപരിയായി അങ്ങയെ അഭിഷേചിച്ചിരിക്കുന്നു." (45/8)

ദൈവം തൻെറ ദത്തു പുത്രനായി അദ്ദേഹത്തെ സ്വീകരിക്കയും, അവകാശം നൽകുകയും, വിദ്യ അഭ്യസിപ്പിച്ച് പരിപാലിച്ചു വളർത്തുകയും ചെയ്യുന്നു.

"കർത്താവു് എന്നോടു് അരുളു ചെയ്തു,
നീ എൻെറ മകനാണു്, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു.
എന്നോടു നീ ആവശ്യപ്പെട്ടുകൊള്ളുക,
ഞാൻ നിനക്കു വിജാതീയരെ അവകാശമായി തരാം. (2/7,–110/3)
(യാഹ്‌വേ) പടവെട്ടാൻ എൻെറ കരങ്ങളേയും
വില്ലു കുലയ്ക്കാൻ എൻെറ ഭുജങ്ങളേയും അഭ്യസിപ്പിച്ചു. (18/35)
അങ്ങു് എൻെറ പിതാവും, എൻെറ ദൈവവും,
എൻെറ രക്ഷയുടെ ശിലയുമാണു്." (89/27.

www.malankaralibrary.com

## മദ്ധ്യസ്ഥനും അഭിഷിക്തനും

ജനത്തിൻെറ മദ്ധ്യസ്ഥനാണ് രാജാവ് '' നീ മൽക്കി സദേക്കിൻെറ ക്രമത്തിൽ നിത്യം പുരോഹിതനാകുന്നു'' (110/4) എന്നു് യാഹ്‌വെ സത്യം ചെയ്തിട്ടുള്ളതാണ്. മൽക്കിസദേക്ക് രാജാവും പുരോഹിതനുമായിരുന്നു. ഇസ്രായേലിലെ രാജാക്കന്മാർ പുരോഹിത ഗണത്തിൽ ഉൾപ്പെട്ടിരുന്നില്ലെങ്കിലും വൈദികരെക്കാൾ ഉയന്ന സ്ഥാനം അവക്കുണ്ടായിരുന്നു. ദൈവത്തേയും ജനത്തേയും ബന്ധിപ്പിക്കുന്ന കണ്ണികളാണവർ. ദൈവത്തിൻെറ പ്രതിപുരുഷൻ എന്നതിനേക്കാൾ, ജനത്തിൻെറ പ്രതിനിധിയെന്ന നിലയിലാണ് രാജാവ് കണക്കാക്കപ്പെട്ടിരുന്നത്. അവക്കു വേണ്ടി ബലിയപ്പിക്കാനും മാദ്ധ്യസ്ഥ്യം യാചിക്കാനും അദ്ദേഹത്തിനു ചുമതലയുണ്ട്.

ദൈവാനുഗ്രഹങ്ങളുടെ നീർച്ചാലാണ് അദ്ദേഹം. ദൈവം ജനത്തിനു തൻെറ ദാനങ്ങൾ നൽകുക രാജാവിലൂടെയാണ് (72/1—7). അദ്ദേഹം നല്ലവനായി ജീവിച്ചാൽ ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാവും; ഇല്ലെങ്കിൽ നേരേ മറിച്ചാണ് അനുഭവം. (2 രാജാ;21/1,24/1f).

അദ്ദേഹം ദൈവത്തിൻെറ അഭിഷിക്തനാണ്. (2/2, 132/10). തന്മൂലം ദാവീദിൻെറ സിംഹാസനത്തിൽ, ദൈവജനത്തിൻെറ തലവനായി വാഴാൻ അധികാരം ലഭിക്കുന്നു (110/1). അഭിഷിക്തൻ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവ്യക്തിയാകയാൽഅദ്ദേഹത്തിൻെറമേൽ കൈവയ്ക്കുക മരണാർഹമായ പാപമാണ്. (1 രാജാ:24/42, രാജാ:1/14). അഭിഷേകം വഴി അനന്യ സാധാരണമായ പല അനുഗ്രഹങ്ങളും അദ്ദേഹത്തിനു ലഭിക്കും. അമാനുഷികമായ ജീവശ്ശക്തിയും[1] ദൈവീകമായ സ്വഭാവ വിശേഷങ്ങളും സിദ്ധിക്കുന്നു. അഭിഷേകം വഴി അദ്ദേഹം ഒരു പുതിയ മനുഷ്യനായി മാറുന്നു (I രാജാ:10/6). അന്തസ്സിനടുത്ത

1. 21/5; 45/7; 72/5: അമർത്യത എന്ന പദം ഇവിടെ പ്രയോഗിക്കപ്പെടുക അന്യാദൃശമായ ജീവശക്തിയെ സൂചിപ്പിക്കാനാണ്. മരണമില്ലായ്മ എന്ന അർത്ഥം അതിനില്ല.

www.malankaralibrary.com

വിശുദ്ധിയും ഇതര ദാനങ്ങളും ദൈവം അദ്ദേഹത്തിനു നൽകുന്നു.[1] അന്യാദൃശമായ വിജയത്തിനുള്ള സിദ്ധി, (20/5,72/6) ജയം, മഹത്വം (110/2,45/4–6),നന്മ(72/1;45/7) വിജ്ഞാനം,വിവേകം (2sam:14/7)ഭക്തി (20/4,72/1) മുതലായവയാണ് അവയിൽ ചിലത്.ദൈവത്തിന്റെ ദത്തു പുത്രനെന്ന നിലയിൽ വിശ്വ വിജയത്തിനുള്ള അവകാശവും അദ്ദേഹത്തിനു ലഭിക്കുന്നു. (72/8–11;89/26f).

ജനത്തിന്റെ പ്രാണവായുവും (വിലാ:4/20) ഇടയനും (78/71),ഇസ്രായേലിന്റെ ദീപവും (2 രാജാ;21/7) ജനത്തിലെ പതിനായിരങ്ങൾക്കു തുല്യനുമായ (2 രാജാ: 18/3) അദ്ദേഹത്തെ കൂടാതെ ഇസ്രായേലിനു ജീവിക്കാനാവില്ല (ഓസി:3/4). കാരണം സ്വജനത്തിന്റെ ജീവശ്ശക്തിയും, ആത്മാവുമാണദ്ദേഹം.

## സങ്കീർത്തനങ്ങളിൽ

ഇസ്രായേലിന്റെ ജീവിതവും മതവുമായി ഇത്രയേറെ ബന്ധപ്പെട്ട വ്യക്തികളെപ്പററിയുള്ള ഗാനങ്ങൾ സങ്കീത്തന സമാഹാരത്തിൽ കടന്നുകൂടിയില്ലെങ്കിലാണ് അത്ഭുതം. രാജാവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളായ ജനനം,വിവാഹം, കിരീടധാരണം,യുദ്ധ വിജയം മുതലായ മംഗളാവസരങ്ങളിൽ കൊട്ടാര കവികൾ കാവ്യങ്ങൾ രചിച്ചു ആലപിക്കാറുണ്ടായിരുന്നു. പൗരസ്ത്യർക്കു സഹജമായ അതിഭാവുകത്വം ഇവയിൽ പരക്കെ ദൃശ്യമാണ്. രാജാവ് രചിച്ചതും ഉപയോഗിച്ചിരുന്നതുമായ ചില പ്രാർത്ഥനാഗാനങ്ങളും ഇവയുടെ കൂടെയുണ്ട്.

രാജകീയ കീത്തനങ്ങളിൽ നാലു പ്രധാന ഘടകങ്ങൾ ദൃശ്യമാണ്.

ഒന്ന്: രാജാവിന്റെ പ്രതാപത്തിന്റേയും മഹത്വത്തിന്റേയും ഗുണഗണങ്ങളുടേയും വർണ്ണന (ഉദാ: 45):

---

1. 89/20–30-ൽ ഈ ദാനങ്ങൾ വിശദമായി വിവരിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

രാജകീയ വിവാഹാവസരത്തിലെ ഈ ആശംസാഗാനത്തിൽ രാജകുമാരിയേക്കാറം രാജാവിനെയാണ് വർണ്ണിച്ചിരിക്കുന്നതെന്നു ശ്രദ്ധിക്കുക. അദ്ദേഹത്തിൻെറ സൗന്ദര്യം, സമ്പത്ത്, ബുദ്ധിശക്തി, യുദ്ധവിജയം, എന്നിവയൊക്കെ വിശദമായി വിവരിച്ചിരിക്കുന്നു.

രണ്ട്: ഈ മഹത്വത്തിൻെറ കാരണം : ദൈവത്തിൻെറ കാരുണ്യവും ദയയും മൂലമാണ്, രാജാവ് ഈ നിലയിൽ എത്തുക. അവിടന്ന് അദ്ദേഹത്തെ തെരഞ്ഞെടുത്തു തൻെറ വലത്തു ഭാഗത്ത് ഇരുത്തുന്നു. ഇതര ദാനങ്ങളും അവിടന്നു തന്നെ നൽകുന്നു. (21/3–6).

മൂന്ന്: ആശംസകളും പ്രാത്ഥനകളും: രാജാവിനു വേണ്ടിയുള്ള പ്രാത്ഥനകളും മംഗളാവസരങ്ങളിൽ, അദ്ദേഹത്തിനു സമപ്പിക്കുന്ന ആശംസകളും ഈ ഗാനങ്ങളുടെ ഒരു പ്രധാന ഘടകമാണ്. അവയുടെ ലക്ഷ്യം തന്നെ ആശംസയാണല്ലോ.

''കഷ്ടകാലത്തിൽ കത്താവ് അങ്ങയെ സഹായിക്കട്ടെ,
യാക്കോബിൻെറ ദൈവത്തിൻെറ നാമം അങ്ങയെ രക്ഷിക്കട്ടെ. –(20/2)
കത്താവേ രാജാവിനു വിജയം നൽകേണമേ,.... (20/9)

ദൈവമേ, രാജാവിനു ന്യായബോധവും
രാജകുമാരനു് അങ്ങയുടെ നീതി ബോധവും നൽകേണമേ (72/1–2)
അങ്ങയുടെ ഹൃദയം അഭിലഷിക്കുന്നതു് അവിടന്നു് അങ്ങേക്കു നൽകട്ടെ
അങ്ങയുടെ താൽപര്യങ്ങറം നിറവേറട്ടെ.'' (20/4)

നാലു്: രാജാവിനു് പ്രവചനരൂപത്തിൽ നൽകുന്ന അരുളപ്പാടുകറം: കവി ദൈവ നാമത്തിൽ സംസാരിക്കുകയാണു് ഈ ഘട്ടത്തിൽ. അദ്ദേഹം ഒരു പ്രവാചകനായിരിക്ക

www.malankaralibrary.com

ണമെന്നു നിർബ്ബന്ധമില്ല. രാജാവിനെ പരോക്ഷമായി ഉപദേശിക്കാനും, ദൈവസഹായത്തെപ്പറ്റി അനുസ്മരിപ്പിക്കാനും വേണ്ടിയുള്ളതാണ് ഇവ (2/7–9; 110/4).

## പശ്ചാത്തലങ്ങൾ

### 1) സിംഹാസനാരോഹണം

സിംഹാസനാരോഹണ ചടങ്ങുകൾക്ക് രണ്ടു ഭാഗങ്ങളാണുള്ളത്. ദേവാലയത്തിൽ വച്ചുള്ള അഭിഷേകകർമ്മവും കൊട്ടാരത്തിലെ സിംഹാസനാരോഹണവും. പുരോഹിതനാൽ അഭിഷിക്തനായ പുതിയ രാജാവ് സിംഹാസനത്തിലേക്കു നയിക്കപ്പെട്ടപ്പോൾ കവി പാടുന്നതാണ് 110–ാം സങ്കീർത്തനം. അദ്ദേഹം ഉപവിഷ്ടനായാലുടൻ (110/1) അധികാര ചിഹ്നമായ ചെങ്കോൽ കൈയിൽ സ്വീകരിക്കുന്നു.

''നിന്റെ ശക്തിയുടെ ചെങ്കോൽ കർത്താവു സീയോനിൽ നിന്നു നീട്ടും;
നിന്റെ ശത്രുക്കളുടെ മദ്ധ്യേ നീ വാഴുക'' (101/2).

2–ാം സങ്കീർത്തനം അഭിഷേകത്തിന്റെ സമയത്തു് ആലപിക്കുന്നതാണെന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. അഭിഷേകം (6) ദത്തുപുത്രസ്ഥാനം (7) വിജയവാഗ്ദാനം, പ്രജകളുടെ ആദരങ്ങൾ (8) എന്നിവയെപ്പറ്റിയുള്ള സൂചനകളാണ് ഈ നിഗമനത്തിന് ആധാരം.[1] തദവസരത്തിൽ പ്രഖ്യാപിക്കപ്പെട്ട ഒരു പ്രവാചക അരുളപ്പാടിന്റെ ഉത്തമോദാഹരണം 110–ാം സങ്കീർത്തനത്തിന്റെ ആദ്യഭാഗത്തെ(1–4)വാഗ്ദാനങ്ങളിൽ കാണാം.

സിംഹാസനാരൂഢനായ ശേഷം രാജാവു ചെയ്യുന്ന നയപ്രഖ്യാപന പ്രസംഗത്തിന്റെ ഏകദേശ രൂപം 2/7–13ൽ നിന്നു ലഭിക്കും. ഇവിടെ ദൈവവും താനുമായുള്ള പ്രത്യേക ബന്ധവും, തന്മൂലം തനിക്കു ലഭിച്ചിട്ടുള്ള

1. Hauret.Pp. 130.

www.malankaralibrary.com

പ്രത്യേക അധികാരങ്ങളും അദ്ദേഹം ഏറ്റുതോറുന്നു(2/8; 6–7). താൻ ദൈവസമക്ഷം അനുസരണയോടെ വർത്തിച്ചു കൊള്ളാമെന്നു അദ്ദേഹം വാഗ്ദാനം ചെയ്യുന്നു (101).

''നിർമ്മലമായ മാർഗ്ഗത്തിൽ ഞാൻ സഞ്ചരിക്കാം
എന്റെ ഭവനത്തിൽ ഹൃദയ നൈർമ്മല്യത്തോടെ
ഞാൻ വ്യാപരിക്കാം.
നീചകൃത്യത്തിൽ ഞാൻ ദൃഷ്ടി വയ്ക്കുകയില്ല.
ദുഷ്കർമ്മകാരിയെ ഞാൻ വെറുക്കും....
അയൽക്കാരനെതിരായി ദുഷ്പ്രവാദം ചെയ്യുന്നവനെ ഞാൻ നശിപ്പിക്കും;
ഉദ്ധൃതദൃഷ്ടിയും ഹൃദയ ധാർഷ്ട്യവും ഉള്ളവനോട ഞാൻ ക്ഷമിക്കയില്ല....'' (101/2–5)

ഈ ശുഭ ദിനത്തിൽ ജനം തങ്ങളുടെ രാജാവിനു വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നു. ശ്രേയസ്കരമായ ഭരണത്തിനാവശ്യമായ വിവേകം അദ്ദേഹത്തിനു നൽകാൻ അഭ്യർത്ഥിക്കുന്നതോടൊപ്പം ആ സൗഭാഗ്യദിനങ്ങളെ സ്വപ്നം കാണുകയാണ് അവർ: (72)

''ദൈവമേ, രാജാവിന് അങ്ങയുടെ ന്യായബോധവും
രാജകുമാരന് അവിടത്തെ നീതി ബോധവും
നൽകേണമേ. (72/1)

തുടർന്നുള്ള വാക്യങ്ങളിൽ, തങ്ങൾ പ്രതീക്ഷിക്കുന്ന നല്ല കാര്യങ്ങൾ രാജാവു പ്രവർത്തിക്കുന്നതായി വിവരിച്ചിരിക്കുന്നു. പരോക്ഷമായ ഉപദേശമാണിത്.

## 2) വിവാഹം

രാജാവിന്റെ ജീവിതത്തിലെ മറ്റൊരു അവിസ്മരണീയ അവസരമാണ് വിവാഹദിനം. അന്ന് 'നിറഞ്ഞു കവിഞ്ഞ ഹൃദയത്തോടെ' കവി ആശംസാഗാനം വായിക്കുന്നു (44). അതിശയോക്തി നിറഞ്ഞ ഭാഷയിൽ രാജാവിന്റെ ഗുണഗണങ്ങളും (3–4), ഭരണസാമർത്ഥ്യവും (7–8) വർണ്ണിച്ച ശേഷം, വിദേശത്തു നിന്ന്

www.malankaralibrary.com

എത്തിയ വധുവിന് അയാൾ ഉപദേശങ്ങൾ നൽകുന്നു (11–13). അവളുടെ ആഗമനവും വർണ്ണിക്കപ്പെടുന്നു. അവ ൾക്ക സന്താനഭാഗ്യം ആശംസിച്ചു കൊണ്ടാണ് സങ്കീർത്ത നം സമാപിക്കുക.

## 3) യുദ്ധാവസരത്തിൽ

രാജാവു് യുദ്ധത്തിനു പുറപ്പെടുന്നതിനു മുമ്പായി ദേവാലയത്തിൽ പ്രാർത്ഥിക്കാനെത്തുമ്പോൾ ജനവും അദ്ദേ ഹത്തിനായി പൊതു പ്രാർത്ഥന കഴിക്കുന്നു.

"കർത്താവേ, രാജാവിനു വിജയം നൽകേണമേ,
ഞങ്ങൾ അങ്ങയോടു പ്രാർത്ഥിക്കുമ്പോൾ ഞങ്ങളു
ടെ പ്രാർത്ഥന കേൾക്കണമേ." (20/10)

പുരോഹിതൻ സമൂഹത്തിന്റെ നാമത്തിൽ അദ്ദേഹ ത്തിനു വിജയമാശംസിക്കുന്നു (20/2–6,10). അതു രാജാവിന്റെ ആത്മധൈര്യത്തെ വർദ്ധിപ്പിക്കുന്നു. ദൈ വം സഹായിക്കുമെന്ന ആത്മവിശ്വാസത്തോടെ അദ്ദേ ഹം പടക്കളത്തിലേക്കു നീങ്ങുന്നു (20/7).

യുദ്ധം ജയിച്ചെത്തുന്ന രാജാവു് ദേവാലയത്തിൽ കൃതജ്ഞതാസ്തോത്രവും ബലികളും അർപ്പിക്കുന്നു. ദൈവം തനിക്കു നേടിത്തന്ന വമ്പിച്ച വിജയത്തെ വർണ്ണിച്ചു് അദ്ദേഹം നന്ദി പറയുന്നു (18). ദൈവം രാജാവിനോടു കാണിച്ച കാരുണ്യത്തെ ജനം വിവരിക്കയും അതിനു കൃതജ്ഞത പ്രകാശിപ്പിക്കയും ചെയ്യുന്നു (21/1–8). അ തോടൊപ്പം തന്നെ പുരോഹിതൻ ഭാവിവിജയം ആശം സിക്കയും ചെയ്യുന്നു (21/9–13).[1] ആർഭാടപൂർണ്ണമായ വിജയാഘോഷത്തിന്റെ അവസരത്തിൽ രചിച്ചതാവാം 18–ാം സങ്കീർത്തനം.

---

1. ഇതു കിരീടധാരണ വാർഷികത്തിൽ ആലപിക്കപ്പെട്ടിരുന്ന ഗാനമാകാനും സാദ്ധ്യതയുണ്ടു്. 3–4 വാക്യങ്ങൾ അതിനെപ്പറ്റി പ്രതിപാദിക്കുന്നു; കൂടാതെ 9–13 ലെ ആശംസകളും സന്ദർഭോചി തമാണു്.

www.malankaralibrary.com

യുദ്ധപരാജയം നേരിടുന്ന സന്ദർഭങ്ങളിൽ രാജാവ് ദേവാലയത്തിൽ പരിഹാര കൃത്യങ്ങൾ അനുഷ്ഠിക്കുന്നു. അപ്പോൾ അദ്ദേഹം ഗദ്ഗദകണ്ഠനായി ആലപിച്ചിരുന്ന ഗാനങ്ങളിൽ ഒന്നാണ് 89–ാം സങ്കീർത്തനം. ദൈവം തന്റെ ദാസനോടുള്ള ഉടമ്പടി തിരസ്കരിച്ച് അയാളെ പരാജയത്തിനും കഷ്ടനഷ്ടങ്ങൾക്കും അവമാനത്തിനും ഇരയാക്കി (39–46). എങ്കിലും നഷ്ടധൈര്യനാകാതെ അദ്ദേഹം ദൈവസഹായം അഭ്യർത്ഥിക്കുന്നു.

ഈ ഗാനങ്ങളൊന്നും രാജാവിനായുള്ള സ്തുതിഗീതമല്ലെന്ന വസ്തുത ശ്രദ്ധേയമാണ്. സ്തുതി ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണല്ലോ. 45–ാം സങ്കീർത്തനത്തിലെ ഒരു ഭാഗം മാത്രം (4–7) സ്തോത്രഗീതത്തിന്റെ ചുവയുള്ളതായി കാണാം. ആ സങ്കീർത്തനത്തിൽ ഉടനീളമുള്ള അതിശോക്തിയാണ് ഇതിനു കാരണം; അല്ലാതെ, ഇസ്രായേൽ രാജാവിനെ ദൈവമായി പരിഗണിച്ചുകൊണ്ടല്ല അത്തരം വിശേഷണങ്ങൾ പ്രത്യക്ഷപ്പെടുക. രാജാവിനുള്ള അനന്യാദൃശമായ സ്ഥാനത്തെ സൂചിപ്പിക്കാൻ മാത്രം ഉദ്ദേശിച്ചുള്ളവയാണ് ഇത്തരം അതിശയോക്തികൾ. കൊട്ടാര ഭാഷയിൽ ഇതു സ്വാഭാവികമാണല്ലോ.

## രാജാവ്, ഇസ്രായേലിന്റെ പ്രതീക്ഷകളിൽ

ഇസ്രായേലിൽ രാജാവിനുണ്ടായിരുന്ന സ്ഥാനം എന്തെന്നു നാം കണ്ടുകഴിഞ്ഞു. താനല്ലാതെ മറ്റൊരു രാജാവ് അവർക്ക് ഉണ്ടായിക്കൂടാ എന്ന ദൈവകല്പന ഇസ്രായേൽ രാജാക്കന്മാരുടെ സ്ഥാനത്തെ നിയന്ത്രിച്ചിരുന്നു. ആദ്യകാലത്ത് മനുഷ്യൻ രാജാവാകുക അവർക്ക് അചിന്ത്യമായിരുന്നു. ന്യായാധിപരുടെ കാലത്ത് ഗദയോനെ ജനം രാജാവാക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹം അതു നിരാകരിച്ചു: ''ഞാനോ എന്റെ സന്തതികളോ നിങ്ങളെ ഭരിക്കയില്ല; കർത്താവു നിങ്ങളെ ഭരിക്കും''

www.malankaralibrary.com

(ന്യായാ:8/23). തങ്ങൾക്കും 'വിജാതീയർക്കുള്ളതുപോലെ ഒരു രാജാവിനെ വേണ'മെന്നു് ഇസ്രായേൽ ആവശ്യപ്പെട്ടപ്പോൾ സാമുവലിൻെറ പ്രതികരണവും ഇതുതന്നെയാണു്. ദൈവം അവസാനം ആ അഭ്യർത്ഥന കേട്ടു് അവക്കൊരു രാജാവിനെ നൽകിയതു തന്നെ ശല്യം തീരട്ടെ എന്നു കരുതിയാണു് (ദാസി:13/11). അവരുടെ ഈ നടപടി യാഹ്‌വെയ്ക്കു് ഒട്ടും ഇഷ്ടമായില്ല. 'അവരുടെമേൽ ഭരണം നടത്താതിരിക്കുവാൻ എന്നെയാണു് അവർ പരിത്യജിച്ചിരിക്കുന്നതു്'' (1രാജാ:8/7) എന്നു് അവിടന്നു് ഈ അഭ്യർത്ഥനയെപ്പററി സാമുവലിനോടു കോപത്തോടെ അരുൾ ചെയ്തു. ആ രാജാക്കൾ അവരെ എങ്ങനെ അടക്കി വാഴുമെന്നു മുന്നറിയിപ്പു നൽകിയ ശേഷം(1രാജാ:8/11–18) സാമുവൽ പറഞ്ഞു: ''നിങ്ങൾ തെരഞ്ഞെടുക്കുന്ന രാജാവു നിമിത്തം അന്നു നിങ്ങൾ വിലപിക്കും; അന്നു കർത്താവു് അതു ശ്രവിക്കയില്ല.''[1]

ദൈവം തൻെറ ഇഷ്ടദാസനായ ദാവീദിനോടു വാഗ്ദാനം ചെയ്തു, അയാളുടെ രാജകീയ സിംഹാസനത്തെ താൻ എന്നും സ്ഥാപിതമാക്കുമെന്നു് (2 രാജാ: 7/11–16). നാത്താൻ ദീർഘദർശിയുടെ ഈ പ്രവചനമായിരുന്നു ഇസ്രായേലിലെ രാജത്വത്തിൻെറ അടിത്തറ. ദാവീദിൻെറ സന്തതിപരമ്പര ഇസ്രായേലിനെ വിശ്വസാമ്രാജ്യമാക്കുമെന്നു് ജനം പ്രതീക്ഷിച്ചു. നിർഭാഗ്യവശാൽ ആ പ്രതീക്ഷകൾ തകർന്നു പോയി. യാഹ്‌വെ താക്കീതു ചെയ്തതുപോലെ ആ രാജാക്കന്മാർ പാടേ പരാജയപ്പെട്ടു. ''യൂദായിലെ രാജാക്കന്മാർ അത്യുന്നതൻെറ നിയമങ്ങളെ ലംഘിക്കുകയും അത്യുന്നതൻെറ നിയമത്തെ പുച്ഛിക്കയും ചെയ്തു (സങ്കീ: 49/ 6). ജനത്തെ ദൈവത്തോടു് അടുപ്പിക്കേണ്ട ഇടയന്മാർ വിഗ്രഹാരാധനയിലും അനീതി

---

1. രാജഭരണത്തിൻെറ ഉൽപത്തിയെപ്പററി രണ്ടു പാരമ്പര്യങ്ങൾ ബൈബിളിലുണ്ടു്. ഒന്നു് അതിനു അനുകൂലവും മറേറതു പ്രതികൂലവും. രണ്ടാമത്തേതാണു കൂടുതൽ പ്രബലം. നാമിവിടെ വിശകലനം ചെയ്യുന്നതു് അതാണു്. മറേറ പാരമ്പര്യമനുസരിച്ചു് രാജഭരണം ഏർപ്പെടുത്തുന്നതിൽ യാഹ്‌വെ അസന്തുഷ്ടനായിരുന്നില്ല. ഇതു രാജകീയവൃത്തങ്ങളിൽ നിന്നും ഉത്ഭവിക്കുന്നു.

www.malankaralibrary.com

യിലും ദുഷ്ടതയിലും മുഴുകി ജീവിച്ചു. അവരുടെ ദുർമ്മാതൃകമൂലം ജനവും അധ:പതിച്ചു. യാഹ്വെയുടെ പ്രതിപുരുഷന്മാർ അവിടത്തേ ശത്രുക്കളായി മാറി. അവരിൽ വളരെ കുറച്ചുപേർമാത്രമേ ദൈവഭയത്തോടെ ഭരണം നടത്തിയുള്ളു. ഈ ദുർഭഗാവസ്ഥയുടെ അന്ത്യം സാമ്രാജ്യങ്ങളുടെ തകർച്ചയായിരുന്നു. അങ്ങനെ ഭൗതികമേധാവിത്വത്തെപ്പററിയുള്ള പ്രതീക്ഷകൾക്കു ലഭിച്ച കനത്ത ആഘാതമായിരുന്നു ആ പരാജയം.

പ്രവാചകന്മാർ ആ നാശത്തിൻെറ കൂമ്പാരത്തെ കണ്ടിട്ടും, പ്രതീക്ഷയുടെ സന്ദേശം വിളംബരം ചെയ്തു:

''ജേസേയുടെ വേരിൽനിന്നും ഒരു മുള ഉയർന്നുവരും
അവൻെറ വേരിൽനിന്നും ഒരു പുഷ്പം പുറപ്പെടും.''
(ഏശ: 11/1)

''അവയെ (ഇസ്രായേലിലെ ആടുകളെ) മോചിക്കുവാൻ ഒരു ഇടയനെ ഞാൻ നിയമിക്കും.
എൻെറ ദാസനായ ദാവീദിനെ അവിടെ ഞാൻ നിശ്ചയിക്കും.
അയാൾ തന്നെ അവയെ മോചിക്കും.''
(എസക്കി: 34/23–4)

''ദാവീദിൻെറ വീണുപോയ കൂടാരത്തെ ഞാൻ പുന:സ്ഥാപിക്കും;
അതിൻെറ സുഷിരങ്ങൾ അടയ്ക്കുകയും കേടുപാടുകൾ തീർക്കുകയും ചെയ്യും.'' (ആമോ: 9/11)

ദാവീദിൻെറ രാജവംശത്തെ ഉപരിപ്രതാപത്തോടെ പുന:സ്ഥാപിക്കുന്ന ആ ഭാസുരദിനങ്ങൾ പ്രവാചകർ സ്വപ്നം കണ്ടു. സാർവ്വത്രികമായ ശാന്തിയും ഐശ്വര്യവും വിളയാടുന്ന ഭരണത്തെ ഐസയാസ് പ്രവാചകൻ (25–35 അദ്ധ്യായങ്ങൾ) അതിദീർഘമായി വിവരിക്കുന്നു. അവർ പ്രവചിച്ച സാമ്രാജ്യം ആദ്ധ്യാത്മികമായിരുന്നു.

എന്നാൽ ഈ പ്രവചനങ്ങളെ മുഖവിലക്കെടുത്തജനം വീണ്ടും ഭൗതിക സാമ്രാജ്യത്തെപ്പററിയുള്ള പ്രതീക്ഷകളെ താലോലിച്ചു വളർത്തി. പ്രവാസകാലത്തും അതിനു

www.malankaralibrary.com

ശേഷവും പഴയ രാജകീയസങ്കീർത്തനങ്ങൾ പാടുമ്പോൾ ആഗതമാകാനിരിക്കുന്ന വിശ്വസാമ്രാജ്യത്തെ അവർ ഭാവനയിൽ കാണുന്നു. ഐസയാസിൻെറ പ്രവചനങ്ങൾ (9, 11, 32 അദ്ധ്യായങ്ങൾ) പ്രദാനം ചെയ്ത ഉൾക്കാഴ്ച ഉപയോഗിച്ച് അവർ ഈ പഴയ കീർത്തനങ്ങളെ പ്രതീക്ഷാഗാനങ്ങളായി ഉപയോഗിച്ചു. പൂർവ്വകാലസംഭവങ്ങളെ വിവരിക്കുന്ന പദപ്രയോഗങ്ങൾ നവ്യാർത്ഥം കൈക്കൊണ്ടു. മെക്കബിയരുടെ കാലത്തു മാത്രമല്ല, ക്രിസ്തുവിൻെറ മരണശേഷം റോമിനെതിരായി നടന്ന സമരത്തിൻെറ കാലത്തുപോലും, ഈ ഭൗതിക സാമ്രാജ്യമോഹം നിലനിന്നതായിക്കാണാം. ജെറൂസലേമിൻെറ സമ്പൂർണ്ണനാശത്തിനുമാത്രമേ അതിനു വിരാമമിടാൻ കഴിഞ്ഞുള്ളു.

## ദാവീദിൻെറ നഗരത്തിൽ

ദൈവം വാഗ്ദാനം ചെയ്ത ആ വിമോചകൻ (മെസയാസ്) അവർ പ്രതീക്ഷിച്ചതുപോലെ ഒരു ഭൗതിക നേതാവായിരുന്നില്ല. ചെങ്കോലും, പട്ടുവസ്ത്രങ്ങളും, രത്നഖചിത കിരീടവും, സ്വർണ്ണസിംഹാസനവും നേടിയവർക്കു കീറത്തുണിയിലെ ആ പിഞ്ചുപൈതലിൽ തങ്ങളുടെ മഹാനായ രാജാവിനെ കാണാൻ കഴിഞ്ഞില്ല. താൻ മെസയാസാണെന്ന സത്യം അവരെ ബോദ്ധ്യപ്പെടുത്താൻ ക്രിസ്തു കഴിയുന്നത്ര ശ്രമിച്ചു (മത്താ: 13/41; 25/31–34). തൻെറ രാജത്വത്തെ അടിവരയിട്ടു കാണിക്കാൻ അവിടന്നു ഇഷ്ടപ്പെട്ടില്ല; പകരം, 'യാഹ്‌വേയുടെ ദാസ[1]നാ'യി സ്വയം വെളിപ്പെടുത്തുന്നു. സ്വജനത്തിൻെറ പാപപരിഹാരാർത്ഥം ബലിയാടാകുന്ന ആ ദാസൻ മെസയാസാണെന്ന് ഇസ്രായേൽ മനസ്സിലാക്കിയില്ല. എങ്കിലും തൻെറ രാജത്വത്തെപ്പററി വ്യക്തമായ സൂചനകൾ അവിടന്നു നല്കാതിരുന്നില്ല (മത്താ:22/41–46). യഹൂദർക്കു സുപരിചിതമായിരുന്ന, സഖറിയാസിൻെറ പ്രവചനം നിറവേററി താൻ ആരെന്ന് അവരെ മനസ്സിലാക്കാൻ അവിടന്ന് ഓശാന ഞായറാഴ്ച കഴുതപ്പുറത്ത് ജെറുസലേമിലേക്ക്

1. The Servant of Yahweh.

www.malankaralibrary.com

എഴുന്നെള്ളി. ''ഇതാ നിൻെറ രാജാവു വരുന്നു; വിജയശ്രീലാളിതനെങ്കിലും,വിനീതനായികഴുതയുടെപുറത്തു്, കഴുതക്കുട്ടിയുടെ പുറത്തു് ഏറിവരുന്നു. (മത്താ: 21/5, സഖ: 9/9). താൻ രാജാവാണെന്ന സത്യം വിചാരണവേളയിൽ അവിടന്നു് അംഗീകരിച്ചു (മത്താ: 27/11. യോഹ: 18/36). പക്ഷേ 'തൻെറ രാജ്യം ഭൗമികമല്ല' എന്നു് അവിടന്നു കൂട്ടിച്ചേർത്തു.

ക്രിസ്തുവിൻെറ രാജത്വത്തെ ആദിമ സഭ അംഗീകരിക്കയും ആദരിക്കയും ചെയ്തിരുന്നു. യാഹ്‌വെയ്ക്കു മാത്രമുള്ള ബഹുമാനപദമായ 'കർത്താവു്'' (ക്യൂരിയോസ്)[1] എന്ന നാമം അവിടത്തേക്ക അവർ നൽകി. 'രാജാവു്'' എന്ന സംജ്ഞ ഭൗതികാധികാരികൾ തെറ്റിദ്ധരിക്കാതിരിക്കാനാണു് അതേ അർത്ഥമുള്ള ഈ പദം അവർ ഉപയോഗിക്കുക.[2] എബ്രായക്കുള്ള ലേഖനത്തിൻെറ ആദ്യഭാഗം, രാജകീയ സങ്കീർത്തനങ്ങൾ ഉദ്ധരിച്ചു് ക്രിസ്തുവിൻെറ രാജത്വം തെളിയിക്കുന്നു. ആദിമ ക്രിസ്ത്യാനികളുടെ വീക്ഷണത്തിൽ, രാജാവായ ക്രിസ്തുവിൻെറ ജീവിതം(72),രാജകീയപ്രതാപം(21), മഹത്വം (45),വിജയം (2, 110), അവിടത്തേ മണവാട്ടിയായ സഭയുടെ അപദാനങ്ങൾ എന്നിവയൊക്കെ വർണ്ണിക്കുന്നവയാണു് ഈ രാജകീയ സങ്കീർത്തനങ്ങൾ.

അവിടന്നു് തൻെറ ഉത്ഥാനംവഴി സ്ഥാപിച്ചിരിക്കുന്ന മെസയാനിക സാമ്രാജ്യമായ സഭ, വരാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തിൻെറ പ്രതീകവും പ്രാഗ്‌രൂപവും മാത്രമാണു്. ''പിന്നീടു് അന്ത്യം വരുന്നു; അന്നു് അവിടന്നു് എല്ലാ പ്രഭുത്വത്തിനും അധികാരത്തിനും ശക്തിയ്ക്കും അറുതിവരുത്തി,രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും.'' (1 കൊറി: 15/24). അവിടന്നു 'രാജാധിരാജനും നാഥാ

1. Kurios = 'Lord'.

2. നടപടി 17/7–ൽ ഇത്തരമൊരു തെറ്റിധാരണമൂലം പൗലോസും സീലാസും തെസലോണിക്കയിൽ വച്ചു മർദ്ദിക്കപ്പെട്ടതായി വിവരിച്ചിരിക്കുന്നു.

www.malankaralibrary.com

ധിനാഥൻ'മായി (വെളി. 19/16) വാഴുന്ന നിത്യസാമ്രാജ്യത്തെപ്പററിയുള്ള പ്രതീക്ഷാഗാനങ്ങളായി നമുക്കു ഈ സങ്കീർത്തനങ്ങളെ വീക്ഷിക്കാം.

## മെസയാസും രാജകീയ സങ്കീർത്തനങ്ങളും

അവസാനകാലങ്ങളിൽ യാഹ്വെയുടെ ഭരണം വഴി തങ്ങൾക്കു ശാന്തിയും സമ്പൂർണ്ണ സമാധാനവും, ആദ്ധ്യാത്മികമായ നവോത്ഥാനവും സുഖസന്തോഷങ്ങളും ലഭിക്കുമെന്നും, ലോകത്തിനു മുഴുവൻ തങ്ങളിലൂടെ അതു നല്ലപ്പെടുമെന്നും വെളിപാടിന്റെ വെളിച്ചത്തിൽ ഇസ്രായേൽ വിശ്വസിച്ചു. ഒരു പ്രത്യേക വ്യക്തിയിലൂടെ ദൈവം അതു സാധിക്കും. ദൈവത്തിന്റെ ആ 'അഭിഷിക്തനാണു'' മെസയാ[1]. രാജകീയ സങ്കീർത്തനങ്ങൾ അദ്ദേഹത്തെപ്പററി പരാമർശിക്കുന്നവയാണോ എന്നതാണു പ്രശ്നം.

ഇസ്രായേൽ ദീർഘകാലത്തേക്കു ദാവീദിന്റെ ഗോത്രത്തിലൂടെ തങ്ങളുടെ മെസയാനിക പ്രതീക്ഷകൾ നിറവേറുമെന്നു പ്രതീക്ഷിച്ചു കാത്തിരുന്നു. ഓരോ രാജാവും ദൈവത്തിന്റെ അഭിഷിക്ത(മെസയാസു്)നാണല്ലോ. പുതിയ രാജാവു് ഭരണമേല്ക്കുമ്പോൾ അവർ പ്രതീക്ഷിക്കും, അദ്ദേഹത്തിലൂടെ മെസയാനിക ഭരണം കരഗതമാവുമെന്നു്. രാജഭരണത്തിന്റെ അവസാനഘട്ടംവരെ ഈ ചിന്താഗതിയാണു് പ്രബലമായിരുന്നതു്.

ഇതിൽനിന്നും ന്യായമായും അനുമാനിക്കേണ്ടതു്, രാജകീയ സങ്കീർത്തനങ്ങൾ ഇസ്രായേലിലെ ചരിത്രപുരുഷന്മാരായ രാജാക്കന്മാരെപ്പററി പ്രതിപാദിക്കുന്നവയാണെന്നാണു്. അവ ആദർശയോഗ്യനായ രാജാവിനെ വിവരിക്കുന്നു. കാരണം ഓരോ രാജാവിൽനിന്നും ഇസ്രായേൽ പ്രതീക്ഷിച്ചതു് മെസയാസിനെ ത്തന്നെയാണു്. ഈ പ്രതീക്ഷകൾക്കൊത്തു് ഉയരാൻ അവക്കു കഴിഞ്ഞില്ലെന്നതു സത്യം തന്നെ. 'സാർവ്വത്രികം' 'നിത്യം' മുത

1. Messiah: (മെസയാ, മെസയാസു്) = അഭിഷിക്തൻ. ഗ്രീക്കിൽ Kristos (ക്രിസ്തോസു്) ക്രിസ്തു, Christ എന്ന പദങ്ങൾ അതിൽനിന്നും ഉത്ഭവിക്കുന്നു.

www.malankaralibrary.com

ലായ പദ പ്രയോഗങ്ങരം കണ്ടതുകൊണ്ടുമാത്രം അതെല്ലാം മെസയാസിനെപ്പററിയാണെന്നു് അനുമാനിക്കരുതു്. ദൈവവും രാജാവും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചില 'അതിശയോക്തി'കളാണവ. 20, 21, 101, 144 എന്നീ സങ്കീർത്തനങ്ങരം ദാവീദിൻെറ ഗോത്രക്കാരായ രാജാക്കന്മാരെപ്പററി മാത്രമായിട്ടുള്ളവയാണു്. 2, 45, 72, 110 എന്നിവയും അവരെപ്പററി പ്രതിപാദിക്കുന്നെങ്കിലും ഭാവിയിലെ രാജകീയ മെസയാസിനെപ്പററി സൂചിപ്പിക്കുന്നു.

ഈ ഗാനങ്ങളുടെ രചയിതാക്കരം മെസയാസിനെപ്പററി ചിന്തിച്ചുകൊണ്ടാവില്ല ഇങ്ങനെ സൂചിപ്പിക്കത്തക്ക പദപ്രയോഗങ്ങരം തെരഞ്ഞെടുക്കുക. കൊട്ടാര ശൈലിമൂലം അങ്ങനെ ചെയ്യുന്നുമാത്രം. അവരെ നിവേശിപ്പിച്ച പരിശുദ്ധാത്മാവിനു മാത്രം ഭാവിയിൽ അതിനു സിദ്ധിക്കുന്ന അർത്ഥപൂർണ്ണത അറിയാമായിരുന്നു. കാലക്രമേണ, മെസയാസ് ആരെന്നു് ദൈവം വെളിപ്പെടുത്തി. അപ്പോരം പഴയ രാജകീയ സങ്കീർത്തനങ്ങരം വിഭാവനചെയ്ത ആദർശയോഗ്യമായ ഭരണം സംജാതമായി. അവയിൽ അന്തർലീനമായിരുന്ന അർത്ഥം പുതിയനിയമ സംഭവങ്ങളുടെ വെളിച്ചത്തിൽ പകൽ എന്നപോലെ വ്യക്തമാവുന്നു. ഈ സങ്കീർത്തനങ്ങളെ ഇപ്രകാരം പുന:പാരായണം ചെയ്യുമ്പോരം അവ മെസയാനികമാണു്.

ചുരുക്കത്തിൽ, രാജകീയ ഗീതങ്ങരം ദാവീദിൻെറ വംശജരായ രാജാക്കന്മാരെപ്പററി പ്രതിപാദിക്കുന്നു. അവയുടെ അക്ഷരാർത്ഥത്തിൽ, മൂലപശ്ചാത്തലത്തിൽ മെസയാസിനെപ്പററി നേരിട്ടു പരാമർശിക്കുന്നില്ല.[1] എന്നാൽ ഓരോ രാജാവിൽനിന്നും മെസയാനിക ഭരണം പ്രതീക്ഷിച്ചതുകൊണ്ടു് അതിനെപ്പററി പരാമർശമുണ്ടെന്നു മാത്രം. യഥാർത്ഥ മെസയാസായ ക്രിസ്തുവിൽ പ്രസ്തുത പ്രതീക്ഷകരം നിറവേറിയതുകൊണ്ടു് ആ ഗാനശകലങ്ങരംക്കു നവ്യമായ മെസയാനിക അർത്ഥം സിദ്ധിക്കുന്നു.

1. ഈ അഭിപ്രായത്തോടു പല പണ്ഡിതരും യോജിക്കുന്നില്ല. ചില രാജകീയ സങ്കീർത്തനങ്ങളെങ്കിലും മെസയാസിനെപ്പററി പ്രതിപാദിക്കുന്നുണ്ടെന്നാണു് അവരുടെ വാദം.

www.malankaralibrary.com

**അനുബന്ധം:**

## സങ്കീർത്തനങ്ങൾ മെസയാനികമോ?

അപ്പോരം മററു സങ്കീൎത്തനങ്ങളെപ്പററി എന്തു പറയണം? ഏതാണ്ടു് ഇരുപതോളം സങ്കീർത്തനങ്ങരം, ക്രിസ്തുവിനെപ്പററി പരാമൎശിക്കാൻ സുവിശേഷകർ ഉദ്ധരിക്കുന്നുണ്ടല്ലോ. അവയും മെസയാനികമാണെന്നല്ലേ അതിനൎത്ഥം? ഉത്തരം ഏതാണ്ടു് ഒന്നുതന്നെ. അക്ഷരാൎത്ഥത്തിൽ, സങ്കീൎത്തനങ്ങരം എല്ലാംതന്നെ, ഇസ്രായേലിൽ അന്നന്നു ജീവിച്ചിരുന്ന വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ടവയാണു്. പിൽക്കാലത്തു് വെളിപാടിന്റെ പൂൎണ്ണതയിൽ അവ ക്രിസ്തുവിനെപ്പററിയും വാസ്തവമായിത്തീൎന്നു. വിശുദ്ധ ലിഖിതങ്ങളുടെ ഒരു പ്രത്യേകതയാണു്, ഇങ്ങനെ കാലക്രമേണ ചുരുരം വിടർത്തുന്ന 'സമ്പൂൎണ്ണ അൎത്ഥം'[1]. സങ്കീൎത്തനങ്ങളെ അവയുടെ സമ്പൂൎണ്ണ അൎത്ഥത്തിൽ മെസയാനികമായി കണക്കാക്കാം. കാരണം വിശുദ്ധ ലിഖിതങ്ങളെല്ലാം നിറവേറുന്നതു ക്രിസ്തുവിലാണല്ലോ. ഇതിലപ്പുറം അവയെ മെസയാനികമായി കാണുക അതിഭാവനയാവും.

---

1. Plenary Sense (Sensus Plenior)

www.malankaralibrary.com

# സാഹിത്യരൂപങ്ങളനുസരിച്ചുള്ള വിഭജനം.

സ്തുതിഗീതങ്ങൾ:

8, 19, 29, 33, 104, 105, 111, 113, 114, 117, 135, 136, 145–148, 150.

അൎത്ഥനാഗാനങ്ങൾ:

1) വ്യക്തിയുടെ അർത്ഥന: 3, 5, 6, 13, 17, 22a, 25–28, 31, 35, 36, 38, 39, 40b, 42, 43, 51, 54–57, 59, 61, 64, 69, 70, 71, 86, 88, 102, 108a, 109, 120, 130, 139–143.
2) സമൂഹത്തിൻെറ അൎത്ഥന: 44, 60, 74, 77, 79, 80, 83, 85, 89, 90, 106, 108b, 115, 123, 126, 137.
3) ദുഷ്ടരേയും നീതിമാന്മാരേയും പററിയുള്ള ഗാനങ്ങൾ: 1, 10–12, 14, 37, 49, 52, 53, 73, 75, 94, 112, 119, 125, 127, 128
4) അനീതിക്കാരായ ന്യായാധിപർക്കെതിരായുള്ള ഗാനങ്ങൾ: 52, 82.
5) ശരണ ഗാനങ്ങൾ: 4, 16, 62, 131.

കൃതജ്ഞതാ സ്തോത്രങ്ങൾ:

1) വ്യക്തിയുടെ കൃതജ്ഞത: 9, 18, 22b, 23, 30, 32, 34, 40a, 41, 63, 66b, 92 103, 107, 116, 118, 138.
2) പൊതു കൃതജ്ഞത: 46, 48, 65, 66a, 67, 76, 124, 129.

തീൎത്ഥക ഗാനങ്ങൾ:

15, 24a, 50, 78, 81, 84, 87, 91, 95, 100, 121, 122, 133, 134.

യാഹ്‌വെയുടെ രാജത്വ ഗീതങ്ങൾ:

24b, 47, 68, 93, 96–99, 132, 149.

രാജകീയ കീൎത്തനങ്ങൾ:

2, 20, 21, 45, 72, 101, 110, 144.

www.malankaralibrary.com

# പദസൂചിക

**ഇസ്രായേൽ:** പൂർവ്വ പിതാവായ യാക്കോബിനു ദൈവം നല്കിയ ഈ പേരിൽ അദ്ദേഹത്തിന്റെ സന്തതികളായ യഹൂദജനം അറിയപ്പെടുന്നു. സോളമന്റെ മരണശേഷം സാമ്രാജ്യം രണ്ടായി പിളർന്നപ്പോൾ സമാരിയ തലസ്ഥാനമാക്കിയ വടക്കൻ സാമ്രാജ്യത്തിനു് ഈ പേരു സിദ്ധിച്ചു.

**ഉടമ്പടി** (Covenant): രണ്ടു വ്യക്തികൾ തമ്മിൽ രക്ത ബന്ധത്തിനു തുല്യമായ ബന്ധം സൃഷ്ടിക്കാനുള്ള ഉപാധിയാണു് ഉടമ്പടി. രാജ്യങ്ങൾ തമ്മിലും, രാജാക്കളും പ്രജകളും തമ്മിലും ഉടമ്പടി നടത്താം. രണ്ടു കൂട്ടരും നിശ്ചിത വ്യവസ്ഥകൾ അംഗീകരിച്ചു സത്യം ചെയ്യുകയും, അതിനെ അരക്കിട്ടുറപ്പിക്കാൻ ചില കർമ്മങ്ങൾ (ബലിമൃഗത്തിന്റെ രക്തം തങ്ങളുടെ മേൽ തളിക്കുക, ഒന്നിച്ചു ഭക്ഷിക്കുക....) നടത്തുകയും ചെയ്തിരുന്നു. ഉടമ്പടി ലംഘകരുടെ ശിക്ഷ മരണമായിരുന്നു. അത്രമാത്രം പാവനവും ശക്തവുമായ ബന്ധമായിരുന്നു അതു്. ദൈവം സീനായിൽ വച്ചു ഇസ്രായേലുമായി ഉടമ്പടി നടത്തി, അവരെ സ്വജനമായി തെരഞ്ഞെടുത്തു. അവർ പ്രമാണങ്ങൾ പാലിക്കണമെന്നും ദൈവം അവർക്കു് പരിപാലനമേകണമെന്നുമായിരുന്നു വ്യവസ്ഥ.

**എലോഹിം** (Elohim) = ദേവന്മാരിൽ സമുന്നതൻ. ദൈവത്തിന്റെ ഒരു നാമധേയം.

**കാനാൻ:** പാലസ്തീനായുടെ പഴയ പേരു്. ഇസ്രായേൽ അവിടെ പ്രവേശിക്കുന്നതിനു മുമ്പു് അവിടെ വസിച്ചിരുന്ന ജനതയെ കാനാൻകാർ (Canaanites) എന്നു വിളിക്കുന്നു.

www.malankaralibrary.com

**ഗോത്രം:** യാക്കോബിൻെറ പന്ത്രണ്ടു പുത്രന്മാരുടെയും സന്തതികഠം ചേർന്ന പന്ത്രണ്ടു ഗോത്രങ്ങളാണ്് ബൈബിളിൽ 'ഗോത്രം' എന്ന പദം കൊണ്ടു് അർത്ഥമാക്കുന്നതു്.

**ചെങ്കടൽ** (The Red Sea): ഈജിപ്റ്റിനും സീനായ് വൻ കരയ്ക്കും മദ്ധ്യേ സൂയസ്സ് ഉഠംക്കടലിനും മെഡിററേനിയൻ കടലിനും ഇടയ്ക്കു കിടക്കുന്ന സ്ഥലത്തെ ചതുപ്പു പ്രദേശങ്ങഠം. 'Reed Sea' എന്ന തർജ്ജമയാണ്് 'Red Sea'യെക്കാഠം ശരി. അതു കടന്നാണ്് ഇസ്രായേൽ ഈജിപ്റ്റിൽ നിന്നു രക്ഷപ്പെട്ടതു്.

**ജോർദാൻ:** പാലസ്തീനായിലെ ഏററവും വലിയ നദി. അതു് പാലസ്തീനായെ രണ്ടായി വിഭജിക്കുന്നു. അതു കടന്നാണ്് ഇസ്രായേൽ വാഗ്ദാന ദേശത്തു് പ്രവേശിച്ചതു്. അതു് ഗലീലിയക്കടൽ കടന്നു ചാവുകടലിൽ വന്നു് പതിക്കുന്നു.

**ജെറുസലേം:** ദാവീദിൻെറ കാലം മുതൽ ഇസ്രായേലിൻെറ തലസ്ഥാനം. സാമ്രാജ്യ വിഭജനശേഷം യൂദയാ സാമ്രാജ്യത്തിൻെറ തലസ്ഥാനമായി. 587–ൽ ബാബിലോണിയാക്കാർ അതിനെ നിശ്ശേഷം തകർത്തു. പ്രവാസ ശേഷം അതു വീണ്ടും പണിയപ്പെട്ടു. എ. ഡി 70–ൽ റോമാക്കാർ അതിനെ നിലംപരിശാക്കി.

**ദേവാലയം:** ജെറുസലേമിൽ സോളമൻ (ശ്ലേമോൻ) രാജാവു പണി കഴിപ്പിച്ച ദേവാലയം. അതല്ലാതെ മറെറാരു ഭവനം യാഹ്വേയ്ക്കു ഉണ്ടാകരുതെന്നു നിയമമുണ്ടായിരുന്നു. 587–ൽ തകർന്നെങ്കിലും 515–ൽ വീണ്ടും പണിയപ്പെട്ടു. എ. ഡി. 70–ൽ അതും നശിച്ചു.

**പാതാളം** (Sheol): മരണശേഷം എല്ലാ മനുഷ്യരും എത്തുന്ന, ഇരുഠം നിറഞ്ഞ ഒരു സ്ഥലം. കാരാഗൃഹത്തിനു തുല്യമാണതു്.

www.malankaralibrary.com

**പാലസ്തീന** (കാനാൻ): ഇസ്രായേൽക്കാരുടെ മാതൃരാജ്യം. ഈജിപ്തിനു വടക്കു കിഴക്കായി മെഡിററേനിയൻ കടലിനും, സിറിയയ്ക്കും അറേബ്യയ്ക്കുമിടയ്ക്കു സ്ഥിതി ചെയ്യുന്ന കൊച്ചു രാജ്യം.

**പുരോഹിതൻ:** ഇസ്രായേലിൽ പുരോഹിതരായിരിക്കാൻ അഹറോൻെറ വംശജർക്കേ അനുവാദമുണ്ടായിരുന്നുള്ളു. അവരാണു് ജെറുസലേം ദേവാലയത്തിൻെറ ഭരണം നടത്തിയിരുന്നതു്.

**പുറജാതികൾ** (Gentiles): ഇസ്രായേലിൻെറ ദൃഷ്ടിയിൽ ദൈവത്തിൻെറ 'തെരഞ്ഞെടുക്കപ്പെട്ട ജനമായ' തങ്ങളൊഴികെയുള്ള മറെറല്ലാ ജനതകളും പുറജാതികളാണു്. പ്രധാനമായും ഈജിപ്തു്, കാനാൻ, ഏദോം, മോവാബു്, ഫിലിസ്ത്യാ, മെസപ്പൊട്ടാമിയാ, ബാബിലോണിയ, സിറിയാ എന്നിവയെപ്പററിയാണു ബൈബിൾ ഈ പദം ഉപയോഗിക്കുക.

**പുറപ്പാടു്** (Exodus): മോശയുടെ നേതൃത്വത്തിൽ, ഈജിപ്തിലെ അടിമത്തത്തിൽ നിന്നു വിമോചനം പ്രാപിച്ച ഇസ്രായേൽ പാലസ്തീനായിലേക്കു നടത്തിയ യാത്ര. മരുഭൂമിയിൽ ദീർഘ കാലം അലയുകമൂലം ഇതു 40 വർഷത്തോളം നീണ്ടു നിന്നു.

**പേടകം** (The Ark): പുറ: 25/10ff. ദൈവ നിർദ്ദേശപ്രകാരം നിർമ്മിച്ച ഒരു പേടകം (3'.9''×2'.3''×2'.3'') മുകൾ ഭാഗം സ്വർണ്ണം കൊണ്ടു് പൊതിഞ്ഞിരുന്നു. അവിടെ രണ്ടു കെറുബിം മാലാഖകളുടെ പ്രതിമകളും ഉണ്ടായിരുന്നു. കൃപാസനം എന്നറിയപ്പെടുന്ന ഈ മുകൾ ഭാഗത്തു യാഹ്‌വെ ഉപവിഷ്ടനായിരുന്നു എന്നു് ഇസ്രായേൽ വിശ്വസിച്ചു. പേടകത്തിനകത്തു പ്രമാണത്തിൻെറ കല്പലകകൾ സൂക്ഷിച്ചിരുന്നു. മരുഭൂമി വാസകാലത്തു് ഉണ്ടാക്കിയ ഈ വിശുദ്ധ പേടകം ദേവാലയനാശം വരെ നില നിന്നു.

www.malankaralibrary.com

**പ്രവാസം** (Exile): 587—ൽ ബാബിലോണിയാക്കാർ ഇസ്രായേലിനെ കീഴടക്കി, മിക്കവരെയും തന്നെ അടിമകളായി തങ്ങളുടെനാട്ടിലേക്കു് കൊണ്ടു പോയി. അവിടെ ഇസ്രായേൽ 50 വർഷത്തോളം (587–537) അടിമത്തത്തിൽ കഴിഞ്ഞു. ആ കാലഘട്ടത്തെയാണു് 'പ്രവാസം' എന്നു വിളിക്കുക. പ്രവാസം എന്ന പദത്തിനു നാടുകടത്തൽ മൂലമുള്ള പരദേശ വാസമെന്നേ അർത്ഥമുള്ളൂ.

**ബാൽ** (Baal): കാനാനിലെ ദേവൻ.

**മെസയാസു്** (Messiah) = അഭിഷിക്തൻ. യാഹ്‌വേയുടെ പ്രതിപുരുഷനും തങ്ങളുടെ വിമോചകനുമായ ഈ വ്യക്തി വിദേശാക്രമണത്തെ തുരത്തി ശാശ്വതമായ സമാധാനവും ക്ഷേമവും, സാർവ്വത്രികമായ അധികാരവും തങ്ങൾക്കു നല്കുമെന്നു ഇസ്രായേൽ പ്രതീക്ഷിച്ചു.

**യാഹ്‌വെ** (Yahweh): ദൈവം മോശയ്ക്കു വെളിപ്പെടുത്തിയ, സ്വന്തം നാമധേയം.

**യൂദാ** (യൂദയാ (Judea): തെക്കൻ സാമ്രാജ്യം. തലസ്ഥാനം: ജെറുസലേം.

**ലേവ്യർ** (Levites): പുരോഹിതന്മാരെ സഹായിച്ചിരുന്ന ദേവാലയ ശുശ്രൂഷികൾ. ലെവിയുടെ ഗോത്രക്കാർ.

**വാഗ്ദാന ദേശം:** പാലസ്തീന. ദൈവം എബ്രഹാമിനു വാഗ്ദാനം ചെയ്ത ദേശം.

**സിനഗോഗു്** (Synagogue): യഹൂദരുടെ പ്രാദേശിക പ്രാർത്ഥനാലയം. അവിടെ പ്രാർത്ഥനയോഗങ്ങൾ മാത്രമേ നടത്തിയിരുന്നുള്ളൂ. മററു കർമ്മങ്ങൾ ദേവാലയത്തിൽ മാത്രമേ നടത്താവൂ.

www.malankaralibrary.com

**സീനായ്** (Sinai): ദൈവം ഇസ്രായേലിനു പ്രത്യക്ഷപ്പെട്ട പർവ്വതം.

**സീയോൻ** (Sion): ജെറുസലേം നഗരവും ദേവാലയവും സ്ഥിതി ചെയ്യുന്ന ചെറു പർവ്വതം.

**ഹോറെബ്** (Horeb): സീനായുടെ മറ്റൊരു പേര്.

# BIBLIOGRAPHY


**BIBLES**

ANCHOR BIBLE, THE: Mitchell Dahood. (Doubleday 1966).

LES PSAUMES: Bible de Jerusalem: R. Tourney. O.P. (Paris 1955)

JERUSALEM BIBLE, THE: Darton, Longman Todd, (London 1966)

**ON THE PSALMS**

*BRIGGS, C. A. & E. G.: The Book of Psalms; International critical commentary (Edinburgh 1906)

DRIJVERS, PIUS. O. C. S. O.: The Psalms; their structure and meaning (Herder 1965)

GELIN, ALBERT: Psalms are our prayer. (Liturgical Press, Minnesota)

GEORGE, AGUSTINE: Praying the psalms (Fides, 1962.)

HAURET, CHARLES: Songs of the People of God (Priory Press Chicago, 1965.)

KISSANE, EDWARD: The Book of Psalms; 2 Vol. (Brown & Nolan, Dbplin 1953)

LOUIS, C. S.: Reflections on the Psalms. (Geoeffery, London - 1958.)


www.malankaralibrary.com

MARTINDALE, C. C.: The Sweet Singer of Israel (Sheed & Ward 1940)

MERTON, THOMAS.: Praying the Psalms (Liturgical Press, 1956)

*MOWINCKEL, SIGMUND: The Psalms in Israel's Worship. 2 Vol. (Basil Blackwell 1962)

NORTH, ROBERT & KING, PHILIP: The Book of Psalms 4 Parts. (Paulist Press NY. 1963.)

*OSTERLEY, W. O. E: The Psalms. 2 Vol. (M Cmillan. 1939.)

PODECHARD, E: Le Psautier. 2 Vol. (Lyon, Facultis Cothaliques 1949)

*WEISER, A: The Psalms a Commentary. (E. T., London 1962)

WORDEN: The Psalms are Christian prayer, (Chapman 1964.)

**GENERAL WORKS**

DE VAUX, ROLAND: Ancient Israel. (M'c Graw Hill New York 1961)

ELLIS, J.: The Men and the Message of the OT. (Liturgical Press 1963)

HARRINGTON, WILFRID. O. P.: Record of the Promise. (Helicon, Dublin 1966.)

MCKENZIE, J. L: Dictionary of the Bible. (Chapman, London 1965)

ORCHARD, Dom Bernard: A Catholic Commentary of H. Scripture. (Nelson 1960)

ROBERT- A& FUILLET, A. : Introduction 'a la Bible, (Tourney, Desclee 1957-59.)

*VONRAD. GERHARD: Old Testament Theology Vol. I (Happer & Row, N· Y. 1965)

* അകത്തോലിക്കാ ഗ്രന്ഥകാരന്മാരുടെ കൃതികൾ.

www.malankaralibrary.com